# അല്ലാഹുവിൻെറ ഔലിയാക്കൾ

കെ. കുഞ്ഞീദു മദനീ

## ALLAHUVINTEOULIYAKKAL
**(MALAYALAM)**

Author: **K. KUNHEEDU MADANI**

# പ്രസ്താവന

മുസ്‌ലിം ജനസാമാന്യത്തെ മാത്രമല്ല അൽപസ്വൽപം മതപരിജ്ഞാനമുള്ളവരെപ്പോലും ആശയക്കുഴപ്പത്തിൽ അകപ്പെടുത്തിയ വിഷയങ്ങളിൽ അത്യന്തം ഗൗരവമുള്ള ഒന്നാണ് വിലായത്തിൻെറയും കറാമത്തിൻെറയും പ്രശ്നം. വീരാരാധനയുടെ വിവിധ ചാലുകളിലേക്ക് മനുഷ്യരെ തിരിച്ചു വിടാൻ ശ്രമിച്ചു കൊണ്ടിരിക്കുന്ന എല്ലാശക്തികളും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ അമാനുഷിക സിദ്ധികൾ കൊണ്ട് അമ്മാനമാടുന്ന സിദ്ധന്മാരെയും പുണ്യവാളന്മാരെയും കേന്ദ്രമാക്കി കൊണ്ടാണ് എക്കാലത്തും പ്രവർത്തിച്ചു പോന്നിട്ടുള്ളത്. യഥാർത്ഥ ദൈവികമതം തന്നെയും ഈ 'പുണ്യതീർത്ഥ'ങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്ന ഒരു കടംകഥയാണ് എന്ന് തോന്നിക്കുന്ന വിധത്തിലാണ് പ്രവാചകന്മാരുടെ യഥാർത്ഥ അദ്ധ്യാപനങ്ങൾ വിസ്മരിച്ച അനുയായികൾ പ്രവർത്തിച്ചും പ്രചരിപ്പിച്ചും പോരുന്നത്.

ആദം നബി(അ) മുതൽക്കുള്ള അമ്പിയാക്കളിലൂടെയും സച്ചരിതരായ മനുഷ്യരിലൂടെയും അമാനുഷിക സംഭവങ്ങൾ വെളിപ്പെട്ടിട്ടുള്ളതെല്ലാം ഇസ്‌ലാമിക വിശ്വാസമനുസരിച്ചു അല്ലാഹുവിൻെറ അറിവും കഴിവും പ്രതാപവും തെളിയിച്ചു കാട്ടുവാനും, മനുഷ്യൻെറ അറിവും കഴിവും എത്ര ഉന്നതമെന്നു തോന്നിയാലും ദിവ്യശക്തിക്കു മുമ്പിൽ തൃണസമാനമാണെന്ന് സ്ഥാപിക്കുവാനും വേണ്ടിയാണ്. അതെ, പ്രപഞ്ചത്തിനഖിലം ആശ്രയവും ആലംബവും സൃഷ്ടികർത്താവായ ഏകദൈവം മാത്രമാണ്, അവന്ന് മാത്രമേ ദിവ്യത്വം കൽപിക്കാവൂ, യാതൊരു ഭൗതിക ശക്തിയും വ്യക്തിയും ആരാധിക്കപ്പെടരുത്, പ്രാർത്ഥിക്കപ്പെടരുത്, ഏകദൈവം ഒഴിച്ചുള്ളതെല്ലാം നിസ്സഹായതയുടെ പ്രതീകങ്ങൾ മാത്രമാണ് എന്നൊക്കെ തെളിയിച്ചു കാണിക്കാൻ വേണ്ടിയാണ്. ഇതാണ് സത്യം, ഇതു മാത്രമാണ് സത്യം.

എന്നാൽ ഇന്നത്തെ അവസ്ഥയൊ? ദൈവതുല്യമായ അറിവുകളും കഴിവുകളും ദൈവത്തിൻെറ ഇഷ്ടദാസന്മാർക്കും ഉണ്ടെന്നും, അവർക്കത് സ്വതന്ത്രമായി എടുത്തുപയോഗിക്കാമെന്നും അവരോട് പ്രാർത്ഥിക്കുകയും അവർക്കു നേർച്ച വഴിപാടുകൾ അർപ്പിക്കുകയും ചെയ്താൽ ഇഹപരമോക്ഷങ്ങൾ കരസ്ഥമാക്കാമെന്നും ഇതേ സംഭവങ്ങൾ ചൂണ്ടിക്കാട്ടിക്കൊണ്ട് വലിയൊരു വിഭാഗം ഇന്ന്

ജൽപിച്ചു കൊണ്ടിരിക്കുന്നു. ലോകത്തിൻെറ ഏതുകോണിൽ നിന്ന് ഏതെല്ലാം ഭാഷയിൽ ഏതൊക്കെ സമയങ്ങളിൽ ആരൊക്കെ പ്രാർത്ഥിച്ചാലും അതൊക്കെ കേൾക്കാൻ കഴിയുന്ന, പ്രാർത്ഥിക്കാതെ തന്നെ ലോകത്തിലെ ഭക്തന്മാരും അല്ലാത്തവരുമായ ജനകോടികൾ ചിന്തിക്കുന്നതത്രയും 'കുപ്പിയകത്തുള്ള വസ്തുവെപ്പോലെ' തെളിഞ്ഞു കണ്ടു മനസ്സിലാക്കുന്ന 'ഔലിയാ'ക്കന്മാരിലാണ് അല്ലാഹുവിൽ ഉള്ളതിനെക്കാളേറെ വിശ്വാസം, മുസ്ലിം ജനസാമാന്യത്തിന് ഇപ്പോൾ ഉള്ളത്.

അല്ലാഹുവോട് നേർക്കു നേരെ പ്രാർത്ഥിക്കാൻ സാധാരണക്കാർക്ക് അവകാശമില്ലെന്നും അത്തരം പ്രാർത്ഥനകൾ അല്ലാഹു സ്വീകരിക്കുകയില്ലെന്നും തട്ടിമൂളിക്കുന്ന ഒരുപറ്റം പണ്ഢിതന്മാർ ഒരുപക്ഷെ ഈ കാലത്തിൻെറ മാത്രം പ്രത്യേകതയായിരിക്കും. നമസ്കാരത്തിൽ മുഴുക്കെ നാം അല്ലാഹുവിനോട് നേരിട്ടു പ്രാർത്ഥിക്കുന്നു. നമസ്കാരാനന്തരം നാം പ്രാർത്ഥിക്കുന്നു:

اَللَّهُمَّ لاَ مَانِعَ لِمَا أَعْطَيْتَ وَلاَ مُعْطِيَ لِمَا مَنَعْتَ .....

'അല്ലാഹുവേ നീ തന്നത് തടുക്കുവാനാരുമില്ല, നീ തടഞ്ഞു വച്ചത് തരുവാൻ ആർക്കും കഴിയില്ല...' അതും കഴിഞ്ഞിട്ട് ജനം പോകുന്നത് എങ്ങോട്ടാണ്? അല്ലാഹു എന്തു തീരുമാനിച്ചാലും അതൊരു പ്രശ്നമേ ആകാത്ത, ജനം ആവശ്യപ്പെടുന്നതു പോലെ കാര്യം ശരിപ്പെടുത്തി കൊടുക്കുവാൻ കഴിവുണ്ടെന്ന് പ്രചരിപ്പിക്കപ്പെടുന്ന സിദ്ധന്മാരുടെ സന്നിധിയിലേക്കും ശവകുടീരങ്ങളിലേക്കും. ദൈവവിശ്വാസിയാണെന്ന് അവകാശപ്പെട്ടു കൊണ്ട്; അവൻെറ പരമാധികാരത്തെ പറ്റി അധരസേവ നടത്തിക്കൊണ്ട്, ആവശ്യം നേരിടുമ്പോൾ ദൈവത്തെ 'തോൽപിക്കാൻ' കഴിവുള്ള പരമാധികാര സ്ഥാനങ്ങൾ തേടിപ്പോകുന്നതിനെക്കാൾ കടുത്ത ധിക്കാരം മറ്റെന്താണുള്ളത്?

മനുഷ്യൻെറ വർഗ്ഗശത്രുവായ പിശാച് മുഹമ്മദ് നബി ﷺ യുടെ 'ഉമ്മത്തി'നെ പിഴപ്പിക്കുവാൻ വേണ്ടി ആവിഷ്കരിച്ച, വിലായത്തും കറാമത്തും സംബന്ധിച്ച തലതിരിഞ്ഞ സിദ്ധാന്തം ഒരു സമഗ്ര പരിശോധനക്ക് വിധേയമാക്കപ്പെടുകയാണ് ഈ ഗ്രന്ഥത്തിൽ.

ഒരു എഴുത്തുകാരനെന്ന നിലയിൽ അറിയപ്പെട്ടു കഴിഞ്ഞിട്ടില്ലാത്ത കുഞ്ഞീതു മൗലവി സമഗ്രവും ബൃഹത്തുമായ ഈയൊരു ഗ്രന്ഥം കൊണ്ടുതന്നെ തൻെറ പാണ്ഢിത്യവും പാടവവും തെളിയിച്ചിരിക്ക

യാണ്. ഖുബൂരി പ്രസ്ഥാനത്തിനു പിടിച്ചു തൂങ്ങാൻ ഒരു എട്ടുകാലി വലയുടെ നൂലുപോലും ബാക്കിയാവാത്ത വിധത്തിൽ അവർക്കെതിരെ 'ഹുജ്ജത്ത്' പൂർത്തിയാക്കിയിരിക്കയാണ് പാണ്ഢിത്യത്തിൻെറ പരിവേഷമില്ലാത്ത ആ പ്രഗത്ഭ പണ്ഢിതൻ. മലയാള ഭാഷയിൽ ഈ വിഷയകമായി ഇതിനു പകരം നിൽക്കാവുന്ന മറ്റൊരു ഗ്രന്ഥവും ചൂണ്ടിക്കാണിക്കാനാവില്ല. ഇത്തരമൊരു മഹൽഗ്രന്ഥം പ്രസിദ്ധീകരിക്കുവാൻ അവസരം നൽകിയ സർവ്വശക്തനായ അല്ലാഹുവിന് നന്ദി പ്രകാശിപ്പിച്ചു കൊണ്ട് ഉൽബുദ്ധമായ മുസ്ലിം കേരളത്തിനു മുമ്പാകെ ഞങ്ങളിതു സമർപ്പിക്കുന്നു.

**കേരള നദ്‌വത്തുൽ മുജാഹിദീൻ,**
**പ്രസിദ്ധീകരണ വിഭാഗം**

കോഴിക്കോട്
**25-2-1982.**

# വിഷയവിവരം


**1-മുഅ്ജിസത്** 10

പ്രവാചകൻെറ കഴിവല്ല 11
മൂസാനബി(അ)യുടെ വടി 12
അല്ലാഹുവിൽ മാത്രം നിക്ഷിപ്തം 16
ശാശ്വതമായ മുഅ്ജിസത് 19

**2-വിലായത്**

സൃഷ്ടികളുടെ വിലായത് 21
ആരാണ് ഔലിയാക്കൾ 22
പദവി വ്യത്യാസം 26
ഭയവും ദുഃഖവുമില്ലാത്തവർ 28
അല്ലാഹു അല്ലാതെ വലിയ്യില്ല 30
പരസ്പരമുള്ള വിലായത്ത് 33
സംഗ്രഹം 34

**3-കറാമത്ത്** 35

മരണശേഷം 36
സത്യവിശ്വാസികൾക്ക് 37
മുഅ്ജിസതും കറാമതും 38
സ്വാധീനത്തിനു പങ്കില്ല 39

**4-വ്യതിയാനം** 40

നാരായവേര് 41
കുട്ടകൊണ്ട് വിളമ്പുന്നു 42

**5-അല്ലാഹുവിൻെറ ജ്ഞാനം** 44

സർവ്വജ്ഞനായ മനുഷ്യൻ 51
പണ്ഡിത ധർമ്മം 54
മൂസാ, ഖിദ്ർ സംഭവം 55
സംഭവ കാരണം 55
ശമർത്ഥന രീതി 57
ഖിള്റിൻെറ പ്രത്യേകത 57
അല്ലാഹുവിൻെറ കൽപന പ്രകാരം 58
മൂസാനബി (അ) അറിഞ്ഞില്ല 59
ഗുണപാഠം 61

| | |
|---|---|
| **6-ക്രയവിക്രയം അല്ലാഹുവിന്ന്** | 62 |
| അന്തരം | 68 |
| ഖുത്വ്ബുൽ അഖ്ത്വാബ് | 71 |
| വളരുന്ന കറാമത്തുകൾ | 73 |
| ലാഭവും നഷ്ടവുമില്ല | 75 |
| കുറുക്കു വഴി | 76 |
| പേരുമാറ്റം | 77 |
| തൗഹീദിൻെറ താൽപര്യം | 79 |
| ദുആഅ് | 80 |
| ഇസ്തിഗാഥഃ | 82 |
| മുസ്ലിമും മുശ്രികും | 89 |
| **7-മഖാമുകൾ** | 95 |
| ഖബ്റാരാധന | 98 |
| ബിംബം | 103 |
| **8-നേർച്ചകൾ** | 108 |
| ജാറം മൂടൽ | 110 |
| മൂന്നാംകക്ഷി മരിച്ചവർ | 110 |
| മൃഗബലി | 114 |
| കൊടികുത്ത് നേർച്ച | 120 |
| ഖബ്ർ സന്ദർശനം | 123 |
| അവർ മൃഗതുല്യർ | 128 |
| **9-ഇന്നത്തെ ഔലിയാക്കൾ** | 130 |
| തട്ടിപ്പുകൾ | 131 |
| ഭ്രാന്തന്മാർ | 132 |
| യക്ഷിക്കഥ | 133 |
| നൂറ്റാണ്ടുകളിലൂടെ | 135 |
| **10-രക്ഷാമാർഗ്ഗം** | 140 |
| എട്ടുകാലി വല | 141 |
| ശരിയായ കാഴ്ചപ്പാടുള്ളവർ | 143 |
| സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട | 144 |

# بسم الله الرحمن الرحيم

## أحْمد الله العلي العظيم وأُصَلي وأُسَلِّمُ على رسوله الكريم، وعلى آله وصحبه أجمعين وبعد

നാം ജീവിക്കുന്ന ഈ പ്രപഞ്ചത്തിൽ കാര്യങ്ങളെല്ലാം സംഭവിക്കുന്നത് ചില പ്രകൃതി നിയമങ്ങളുടെയും കാര്യകാരണ ബന്ധങ്ങളുടെയും അടിസ്ഥാനത്തിലാണ്; എന്ന് നമുക്കറിയാം.

﴿...رَبُّنَا الَّذِي أَعْطَى كُلَّ شَيْءٍ خَلْقَهُ ثُمَّ هَدَى ﴾ (طه : ٥٠)

**ഓരോ വസ്തുവിനും അതിൻെറ പ്രകൃതരൂപം നൽകുകയും തുടർന്ന് അതിന് (അതിൻെറ നിലനിൽപിനാവശ്യമായ) മാർഗ്ഗദർശനം നൽകുകയും ചെയ്തവനാണ് ഞങ്ങളുടെ നാഥൻ** [വി.ഖു. 20:50]

നിരന്തരമായ അനുഭവത്തിൻെറയും പരിചിന്തനത്തിൻെറയും അടിസ്ഥാനത്തിലാണ് ഈ പ്രകൃതി നിയമങ്ങളെ നാം തിട്ടപ്പെടുത്തുന്നത്.

പാമ്പ് ഒരു ജീവിയായതു കൊണ്ട്, പാരമ്പര്യ നിയമമനുസരിച്ച് അത് പാമ്പിൽ നിന്നാണുണ്ടാകുക; തീയിൻെറ പ്രകൃതി കത്തിക്കുകയാണ്, സ്ത്രീ പുരുഷ ബന്ധമുണ്ടാകുമ്പോഴാണ് സന്താനം ജനിക്കുക, സഞ്ചരിക്കേണ്ട ദൂരത്തിനനുസരിച്ചു സമയദൈർഘ്യം പിടിക്കും എന്നെല്ലാം നാം പറയുന്നത് ഈ പ്രകൃതി നിയമങ്ങളുടെ അടിസ്ഥാനത്തിലാണ്. ദൃശ്യപ്രപഞ്ചം വിധേയമാക്കപ്പെട്ട ഈ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ തന്നെയാണ് നാം നമ്മുടെ പദ്ധതികളും പരിപാടികളും ആസൂത്രണം ചെയ്തു ജീവിതം നയിച്ചു വരുന്നത്. കർഷകനായ നജീബ് തെങ്ങിൻ തൈകൾക്ക് വേണ്ടി തേങ്ങ തന്നെ പാകുന്നതും, ചായയുണ്ടാക്കാനായി നജീബഃ അടുപ്പിൽ തീപൂട്ടുന്നതും ഈ പ്രകൃതിനിയമങ്ങളെ അവലംബിച്ചു കൊണ്ടാണ്. പ്രപഞ്ചത്തിൻെറ പിന്നിൽ സർവ്വശക്തനും സർവ്വജ്ഞനും യുക്തിമാനുമായ ഒരു സൃഷ്ടികർത്താവുണ്ട് എന്ന പരമാർത്ഥമാണ് ഈ പ്രകൃതി നിയമങ്ങൾ വിളിച്ചോതുന്നത്.

എന്നാൽ ഒരുവസ്തുവിനെ ഒരു പ്രകൃതിക്കു വിധേയമാക്കിയത് സർവ്വശക്തനായ അതിൻെറ സ്രഷ്ടാവാണ്. അവനിച്ഛിക്കുമ്പോ

ൾ ആ വസ്തുവിൻെറ പ്രകൃതിയിൽ മാറ്റം വരുത്താനവന് കഴിയും.

അതൊരിക്കലും അസംഭവ്യമായ കാര്യമല്ല. ഒരു കാര്യത്തെ ചില കാരണങ്ങളോട് ബന്ധിപ്പിക്കാൻ കഴിവുള്ള അല്ലാഹു അതേ കാര്യത്തെ അതിനെക്കാൾ പരിമിതമായ ചില കാരണങ്ങളോട് ബന്ധിപ്പിക്കാനും കഴിവുള്ളവനാണ്. അതിൽ സംശയത്തിനു അവകാശമില്ല. അങ്ങിനെ ലോകപരിപാലകനായ അല്ലാഹു, താൻ സർവ്വശക്തനും സ്വതന്ത്രനുമാണെന്ന് തൻെറ അടിമകളെ മനസ്സിലാക്കാനായി, തൻെറ പ്രകൃതി നിയമങ്ങൾക്കതീതമായ പലകാര്യങ്ങളും ഈ ലോകത്ത് സംഭവിപ്പിച്ചു കൊണ്ടിരിക്കുന്നു എന്നത് ഒരു സത്യമാണ്. തൻെറ ഇച്ഛാശക്തിയും കഴിവും സാധാരണ പ്രകൃതി നിയമങ്ങളുടെ സംവിധാനത്തിൽ മാത്രം പരിമിതമല്ല എന്ന് ഇത്തരം സംഭവങ്ങൾ മുഖേന അവൻ സൃഷ്ടികളെ പഠിപ്പിക്കുന്നു. അൽപജ്ഞനായ മനുഷ്യനെ സംബന്ധിച്ചിടത്തോളം ഇവ്വിധമുള്ള സംഭവങ്ങൾ താൻ ഗ്രഹിച്ചു വച്ച പ്രകൃതി നിയമങ്ങൾക്കതീതമായ കാര്യങ്ങളാണെന്ന് പറയാം. ഈ വകുപ്പിൽ പെട്ടതാണ് മുഅ്ജിസതും കറാമതും. അതെ, നാം മനസ്സിലാക്കിയ പ്രകൃതി നിയമങ്ങൾക്കതീതമായി അല്ലാഹു വെളിപ്പെടുത്തുന്ന അമാനുഷിക സംഭവങ്ങൾ.

എന്നാൽ അത്ഭുത സംഭവങ്ങൾ എക്കാലത്തും എല്ലാ ജനവിഭാഗങ്ങളിൽ നിന്നും ധാരാളമായി ഉദ്ധരിക്കപ്പെട്ടു വരുന്നു. അവയിൽ പലതും സാക്ഷാൽ മുഅ്ജിസത്-കറാമത്തുകളിൽ പെട്ടവയല്ല എന്നതാണ് വാസ്തവം. അവയിൽ ചിലത് അടിസ്ഥാനരഹിതമായ കള്ളക്കഥകളാണ്. മറ്റു ചിലതിൻെറ കാരണം അധികമാളുകൾക്കും അറിഞ്ഞു കൂടെന്നേയുള്ളൂ. ചില പ്രത്യേക ശാരീരിക വ്യായാമം മുഖേനയും മറ്റും മനുഷ്യന് സ്വായത്തമാക്കാവുന്നവയുമുണ്ട്.

അല്ലാഹു വെളിപ്പെടുത്തുന്ന പ്രകൃത്യാതീത സംഭവങ്ങളുടെ നേരെ അധികമാളുകളും തെറ്റായ സമീപനമാണ് കൈക്കൊള്ളുന്നത്. ഒരു വിഭാഗം അവയുടെ സംഭവ്യത പാടെ നിഷേധിക്കുന്നു. പ്രപഞ്ചത്തിൽ നാളിതുവരെ അറിയപ്പെട്ട കീഴ്വഴക്കത്തിനു വിപരീതമായ യാതൊന്നും സംഭവിക്കുക സാധ്യമല്ല എന്നവർ വാദിക്കുകയും ചെയ്യുന്നു. വിശ്വാസ യോഗ്യമായ കേന്ദ്രങ്ങൾ മുഖേന ഉദ്ധരിക്കപ്പെടുന്നതും വേദഗ്രന്ഥങ്ങൾ സാക്ഷ്യം വഹിക്കുന്നതുമായ പ്രകൃത്യാതീത കാര്യങ്ങൾക്കു തന്നെ ഭൗതികമായ കാരണങ്ങൾ കണ്ടുപിടിക്കാൻ അവർ വൃഥാ സമയം പാഴാക്കുന്നു. അത്തരം സംഭവങ്ങൾക്കു പിന്നിൽ

ഭൗതികമായ ഏന്തെങ്കിലും കാരണങ്ങൾ ഉണ്ടായിരിക്കുമെന്ന് അവർ ഊഹിക്കുന്നു. ആ കാരണങ്ങൾ കണ്ടുപിടിക്കാൻ ഇന്നു നമുക്ക് കഴിഞ്ഞിട്ടില്ലെങ്കിൽ തന്നെ നാളെ നമുക്കോ നമ്മുടെ ഇളയ തലമുറക്കോ അവ ഗ്രഹിക്കുവാൻ കഴിയുമെന്നവർആശ്വാസം കൊള്ളുകയും ചെയ്യുന്നു. മറ്റൊരു വിഭാഗം ഇത്തരം സംഭവങ്ങളുടെ പ്രകടനത്തിൽ സ്രഷ്ടാവിനോടൊപ്പം സൃഷ്ടികളെ കൂടി പങ്കുചേർക്കുന്നു. സൃഷ്ടികളിൽ ചിലരെആദരിക്കാനായി, അല്ലാഹു നിശ്ചയിച്ച പ്രകൃതി നിയമത്തിൽ മാറ്റംവരുത്തിക്കൊണ്ട് അത്ഭുതങ്ങൾ കാണിക്കാൻ അവൻ അവർക്ക് അധികാരം നൽകിയിട്ടുണ്ട്. എന്ന് അവർ ജൽപിക്കുന്നു. ഈ രണ്ടു സമീപനങ്ങളും തീർത്തും തെറ്റായതും ജനലക്ഷങ്ങളുടെ ദീനും ദുൻയാവും അപകടപ്പെടുത്തുന്നതുമാണ്. ഈ പരിതസ്ഥിതിയിൽ മുഅ്ജിസത്, കറാമത് എന്നീ വിഷയങ്ങൾ വിശുദ്ധ ഖുർആനും തിരുസുന്നത്തുമാകുന്ന കണ്ണാടിയിലൂടെ കണ്ടു മനസ്സിലാക്കുക എന്നത് ഓരോ സത്യവിശ്വാസിയുടെയും ഒഴിച്ചു കൂടാത്ത കടമയാണ്. അതിന് അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ.

آمين

# മുഅ്ജിസത്

അല്ലാഹു തൻെറ പ്രവാചകന്മാർ മുഖേന വെളിപ്പെടുത്തുന്ന ദൃഷ്ടാന്തങ്ങൾക്കാണ് മുഅ്ജിസതുകൾ എന്നു പറയുന്നത്. പരിശുദ്ധ ഖുർആനിൽ ഈ അർത്ഥത്തിനു സ്വീകരിക്കുന്ന പദം 'ആയത്ത്' എന്നാണ്. ഖുർആനിലുപയോഗിക്കപ്പെട്ട 'ആയത്ത്' എന്നപദം കൂടുതൽ വിപുലാർത്ഥമുൾകൊള്ളുന്നു. അതുകൊണ്ടാണ് ഇസ്ലാമിക സാങ്കേതിക ഭാഷയിൽ ഇതിനു മുഅ്ജിസത് എന്നപദം പിൽകാലത്ത് പ്രചാരത്തിൽ വന്നത്. മുഅ്ജിസത്തിന് അമാനുഷിക ദൃഷ്ടാന്തം (സൃഷ്ടികൾക്ക് പ്രകടിപ്പിക്കാൻ കഴിയാത്ത കാര്യം) എന്ന് അർത്ഥം കൽപിക്കപ്പെടുന്നു.

അല്ലാഹുവിനാൽ നിയുക്തനായി, ഒരു പ്രവാചകൻ തൻെറ സമുദായത്തെ സന്മാർഗ്ഗത്തിലേക്കു ക്ഷണിക്കുമ്പോൾ ആ സമുദായം അദ്ദേഹത്തിൻെറ സത്യസന്ധതയിൽ സംശയിക്കുന്നു. അവർ അദ്ദേഹത്തെ നിഷേധിക്കുകയും തൻെറ വാദത്തിനു തെളിവുകൾ

കാണിക്കുവാൻ അദ്ദേഹത്തോട് ആവശ്യപ്പെടുകയും ചെയ്യുന്നു. ഇത്തരം സന്ദർഭങ്ങളിൽ സത്യനിഷേധികൾക്ക് തെളിവുകളായും സത്യവിശ്വാസികൾക്ക് പ്രോത്സാഹനമായും അല്ലാഹു തൻെറ പ്രവാചകന്മാർ മുഖേന വെളിപ്പെടുത്തുന്ന ദൃഷ്ടാന്തങ്ങളാണ് മുഅ്ജിസത്തുകൾ. ഉദാഹരണമായി മൂസാ ﵇ ഫറോവയെ സമീപിച്ച സന്ദർഭം ഖുർആൻ വിവരിക്കുന്നത് കാണുക:

﴿وَقَالَ مُوسَى يَا فِرْعَوْنُ إِنِّي رَسُولٌ مِنْ رَبِّ الْعَالَمِينَ(١٠٤)حَقِيقٌ عَلَى أَنْ لَا أَقُولَ عَلَى اللَّهِ إِلَّا الْحَقَّ قَدْ جِئْتُكُمْ بِبَيِّنَةٍ مِنْ رَبِّكُمْ فَأَرْسِلْ مَعِيَ بَنِي إِسْرَائِيلَ(١٠٥)قَالَ إِنْ كُنْتَ جِئْتَ بِآيَةٍ فَأْتِ بِهَا إِنْ كُنْتَ مِنَ الصَّادِقِينَ(١٠٦)فَأَلْقَى عَصَاهُ فَإِذَا هِيَ ثُعْبَانٌ مُبِينٌ(١٠٧) ﴾ (الأعراف:١٠٤-١٠٧)

**മൂസാ പറഞ്ഞു: ഫറോവ, നിശ്ചയമായും ഞാൻ സർവ്വലോക രക്ഷിതാവിനാൽ നിയുക്തനായ ഒരു ദൂതനാകുന്നു. അവൻ മറുപടി പറഞ്ഞു: നീ വല്ല ദൃഷ്ടാന്തവും കൊണ്ടാണ് വന്നിട്ടുള്ളതെങ്കിൽ അത് കാണിക്കുക; നീ സത്യവാനാണെങ്കിൽ. അപ്പോൾ അദ്ദേഹം തൻെറ വടി നിലത്തിട്ടു. അപ്പോഴതാ അതൊരു ശരിയായ പാമ്പായി മാറുന്നു.** [വി.ഖു. 7:104-107]

നാം മനസ്സിലാക്കിയ പ്രകൃതി നിയമമനുസരിച്ചു പാമ്പിൽ നിന്നേ പാമ്പ് ജനിക്കുകയുള്ളൂ. പക്ഷെ അചേതന വസ്തുക്കളിൽ നിന്ന് സചേതന വസ്തുക്കളെയും സചേതന വസ്തുക്കളിൽ നിന്ന് അചേതന വസ്തുക്കളെയും ബഹിർഗമിപ്പിച്ചു കൊണ്ടിരിക്കുന്ന സർവ്വശക്തനാണ് അല്ലാഹു. അവന് ഒരു വടി പാമ്പാക്കി മാറ്റുക എന്നത് ഒരിക്കലും അസാധ്യമല്ല തന്നെ. ഇവ്വിധത്തിൽ നംറൂദിൻെറ അഗ്നിയിൽ നിന്നുള്ള ഇബ്റാഹീം ﵇ ൻെറ അത്ഭുതകരമായ മോചനം, മാതാവിൽ നിന്നു മാത്രമുള്ള ഈസാ ﵇ ൻെറ ജനനം, മുഹമ്മദ് മുസ്ത്വഫാ ﷺ യുടെ ഇസ്റാഅ് തുടങ്ങി നിരവധി മുഅ്ജിസതുകൾ അല്ലാഹു അവൻെറ പ്രവാചകന്മാർ മുഖേന വെളിപ്പെടുത്തിയതായി ഖുർആൻ സാക്ഷ്യം വഹിക്കുന്നു.

## പ്രവാചകൻെറ കഴിവല്ല

മുഅ്ജിസത്തിനെ സംബന്ധിച്ച് പ്രതിപാദിക്കുമ്പോൾ നമ്മുടെ സവിശേഷമായ ശ്രദ്ധപതിയേണ്ട ഒരു പരമാർത്ഥമാണിത്. അത്

അല്ലാഹുവിൻെറ മാത്രം കഴിവിലും അറിവിലും യുക്തിയിലും ഉൾ പെട്ട കാര്യമാണ്. അവനുദ്ദേശിക്കുന്ന സന്ദർഭത്തിൽ അവനിച്ഛി ക്കുന്ന മുഅ്ജിസത് പ്രവാചകൻ മുഖേന അവൻ വെളിപ്പെടുത്തു ന്നു. പ്രവാചകന്മാർക്ക് അതിൻെറ യാഥാർത്ഥ്യം മനസ്സിലാകുകയോ അവർ ആഗ്രഹിക്കുന്ന സമയത്ത് അവർ ഇച്ഛിക്കുന്ന മുഅ്ജിസ തുകൾ ഇഷ്ടാനുസരണം പ്രകടിപ്പിക്കുവാൻ അവർക്കു കഴിയുക യോ ഇല്ല. ഖുർആൻ വിവരിച്ച പ്രവാചകന്മാരുടെ ചരിത്രത്തിൽ നി ന്നു തന്നെ ഈ വസ്തുത വളരെ സ്പഷ്ടമായി നമുക്ക് ഗ്രഹിക്കാ വുന്നതാണ്.

## മൂസാനബിയുടെ വടി

ഉദാഹരണമെന്ന നിലക്ക് മൂസാ ﵇ ൻെറ ചരിത്രം തന്നെ പരി ശോധിക്കുക: അദ്ദേഹത്തെ ഫറോവയുടെ അടുത്തേക്ക് പ്രവാചക നായി നിയോഗിച്ചപ്പോൾ സീനാ താഴ്‌വരയിൽ വച്ചു നടന്ന സംഭവം ഖുർആൻ വിശദീകരിക്കുന്നു:

﴿قَالَ أَلْقِهَا يَا مُوسَى ، فَأَلْقَاهَا فَإِذَا هِيَ حَيَّةٌ تَسْعَى﴾ (طه:١٩-٢٠)

**അല്ലാഹു പറഞ്ഞു: മൂസാ ആ വടി (നിലത്ത്) ഇടുക. അപ്പോൾ അദ്ദേഹമതിട്ടു, അപ്പോഴതാ അത് ഓടുന്ന ഒരു പാമ്പായിത്തീരു ന്നു.** [വി.ഖു. 20:19-20]

﴿...فَلَمَّا رَآهَا تَهْتَزُّ كَأَنَّهَا جَانٌّ وَلَّى مُدْبِرًا وَلَمْ يُعَقِّبْ يَا مُوسَى أَقْبِلْ وَلَاتَخَفْ إِنَّكَ مِنَ الآمِنِينَ ﴾ (القصص:٣١)

**അങ്ങിനെ അതൊരു സർപ്പത്തെപ്പോലെ പിടയുന്നത് കണ്ട പ്പോൾ അദ്ദേഹം മറിഞ്ഞു നോക്കാതെ തിരിഞ്ഞു ഓടി. അല്ലാ ഹു വിളിച്ചു, മൂസാ, മുന്നോട്ടു വരിക. പേടിക്കേണ്ടതില്ല. തീർച്ച യായും നീ സുരക്ഷിതനാണ്.** [വി.ഖു. 28:31]

﴿قَالَ خُذْهَا وَلَا تَخَفْ سَنُعِيدُهَا سِيرَتَهَا الأُولَى ﴾ (طه:٢١)

**അതെടുത്തോളൂ, പേടിക്കേണ്ട. നാമതിനെ പൂർവ്വസ്ഥിതിയി ലേക്കു മടക്കും.** [വി.ഖു. 20:21]

ഇവിടെ തൻെറ വടി പാമ്പായി മാറിയത് കണ്ടപ്പോൾ മൂസാ ﷺ ഭയപ്പെട്ട് പിന്നോട്ട് ഓടി. പേടിക്കേണ്ടതില്ലെന്ന് അല്ലാഹു അദ്ദേഹത്തെ സമാധാനിപ്പിച്ചു. മുഅ്ജിസത്ത് കാണിക്കുന്നതിൽ അല്ലാഹുവിൻെറ കൽപന അനുസരിക്കുക എന്നതിൽ കവിഞ്ഞു, പ്രവാചകന്മാർക്ക് അതിൻെറ യാഥാർത്ഥ്യമോ പരിണാമമോ അറിയുകയില്ലെന്ന് ഈ സംഭവം വ്യക്തമാക്കുന്നു.

തുടർന്ന് മൂസാ ﷺ ഈജിപ്തിൽ വെച്ച് ഫറോവയുടെ വെല്ലുവിളി സ്വീകരിച്ച സന്ദർഭം ഖുർആൻ വിവരിക്കുന്നത് കാണുക:

﴿قَالُوا يَا مُوسَى إِمَّا أَنْ تُلْقِيَ وَإِمَّا أَنْ نَكُونَ أَوَّلَ مَنْ أَلْقَى، قَالَ بَلْ أَلْقُوا فَإِذَا حِبَالُهُمْ وَعِصِيُّهُمْ يُخَيَّلُ إِلَيْهِ مِنْ سِحْرِهِمْ أَنَّهَا تَسْعَى، فَأَوْجَسَ فِي نَفْسِهِ خِيفَةً مُوسَى، قُلْنَا لاَ تَخَفْ إِنَّكَ أَنْتَ الأَعْلَى، وَأَلْقِ مَا فِي يَمِينِكَ تَلْقَفْ مَا صَنَعُوا إِنَّمَا صَنَعُوا كَيْدُ سَاحِرٍ وَلاَ يُفْلِحُ السَّاحِرُ حَيْثُ أَتَى﴾ (طه:٦٥-٦٩)

**അവർ (ജാലവിദ്യക്കാർ) പറഞ്ഞു: മൂസാ, ഒന്നുകിൽ താങ്കൾ (ആദ്യം) ഇടുക. അല്ലെങ്കിൽ ഞങ്ങളാകട്ടെ ആദ്യം ഇടുന്നത്. അദ്ദേഹം പറഞ്ഞു: അല്ല, നിങ്ങൾ ഇട്ടുകൊള്ളുക. (അങ്ങിനെ അവർ ആദ്യം പ്രദർശിപ്പിച്ചു) അപ്പോഴതാ അവരുടെ കയറുകളും വടികളും അവരുടെ ജാലവിദ്യ കാരണം, ഓടുകയാണെന്ന് അദ്ദേഹത്തിനു തോന്നിപ്പോകുന്നു. അതുകൊണ്ട് മൂസായുടെ ഉള്ളിൽ ഭയം തോന്നി. നാം പറഞ്ഞു: നീ ഭയപ്പെടേണ്ട, നിശ്ചയമായും നീ തന്നെയാണ് വിജയിക്കുക. നിൻെറ വലങ്കയ്യിലുള്ള വടി (കളത്തിൽ) ഇട്ടു കൊള്ളുക. അവർ ചെയ്തു വച്ചിരിക്കുന്നത് അത് വിഴുങ്ങിക്കൊള്ളും. അവർ ചെയ്തു വച്ചിരിക്കുന്നത് ജാലവിദ്യക്കാരൻെറ കുതന്ത്രം മാത്രമാണ്. ജാലവിദ്യക്കാരൻ ചെന്നേടത്തൊന്നും വിജയിക്കുകയില്ല.** [വി.ഖു. 20:65-69]

ഇവിടെ ഈജിപ്തിലെ പ്രസിദ്ധരായ കൺകെട്ടു വിദഗ്ധരുടെ കയറുകളും വടികളും ഇഴയുന്നതായി തോന്നിയപ്പോൾ മൂസാ ﷺ ഭയപ്പെട്ടു. ആ ഭയം അദ്ദേഹം ഉള്ളിലൊതുക്കി. എന്താണ് അദ്ദേഹത്തിനു ഭയം തോന്നാൻ കാരണം? അല്ലാഹുവിൻെറ ദൃഷ്ടാന്തം വ്യാജ

നിർമ്മിതമായ എല്ലാ കൺകെട്ടു വിദ്യകളെയും വെല്ലാൻ മതിയായ താണെന്ന് ഒരു പ്രവാചകനായ മൂസാ ﷺ ന് അറിയാത്തതാണോ? ഒരിക്കലുമല്ല. മറിച്ചു ഇതേവരെ തൻെറ വടി ഇഴയുന്നതായി മാത്രം കണ്ടിട്ടുള്ള അദ്ദേഹത്തിന്, അവരുടെ കയറുകളും വടികളും ഇഴയുന്നതായി തോന്നിയപ്പോൾ ഇവ രണ്ടും ഒരേ വിധത്തിലുള്ളതാണെന്ന് കരുതി പൊതുജനങ്ങൾ വഞ്ചിതരായിപ്പോകുമല്ലോ എന്നോർത്താണ് അദ്ദേഹം ഭയപ്പെട്ടത്. തുടർന്ന് പാമ്പായി മാറിയ തൻെറ വടി അവരുടെ വ്യാജ നിർമ്മിതികളെ വിഴുങ്ങുന്നത് കണ്ടപ്പോഴാണ് അതിന് അങ്ങിനെയും ഒരു കഴിവുണ്ടെന്ന് അദ്ദേഹം ഗ്രഹിച്ചത്. മുഅ്ജിസത്ത് പ്രകടിപ്പിക്കുന്നതിൽ അല്ലാഹുവിൻെറ കൽപന അപ്പടി പിന്തുടരുക എന്നതിൽ കവിഞ്ഞു ഒരു പ്രവാചകന് അതിൻെറ ശക്തിയോ പരിണാമ രഹസ്യമോ അറിയുകയില്ലെന്ന് ഈ സംഭവം നമ്മെ പഠിപ്പിക്കുന്നു.

പിന്നീടദ്ദേഹം സ്വസമുദായത്തോടൊപ്പം സീനായിലേക്കു പുറപ്പെടുകയും വിവരമറിഞ്ഞ ഫറോവയും സൈന്യവും അവരെ പിന്തുടരുകയും ചെയ്ത സന്ദർഭം ഖുർആൻ വിവരിക്കുന്നത് നോക്കുക:

﴿فَلَمَّا تَرَآءَ الْجَمْعَانِ قَالَ أَصْحَابُ مُوسَى إِنَّا لَمُدْرَكُونَ، قَالَ كَلاَّ إِنَّ مَعِي رَبِّي سَيَهْدِينِ، فَأَوْحَيْنَا إِلَى مُوسَى أَنِ اضْرِبْ بِّعَصَاكَ الْبَحْرَ فَانْفَلَقَ فَكَانَ كُلُّ فِرْقٍ كَالطَّوْدِ الْعَظِيمِ﴾ (الشعراء: ٦١-٦٣)

**അങ്ങിനെ ഇരുവിഭാഗവും പരസ്പരം കണ്ടപ്പോൾ 'നാം (ശത്രുക്കളാൽ) പിടിക്കപ്പെട്ടത് തന്നെ' എന്ന് മൂസായുടെ അനുചരന്മാർ വിളിച്ചു പറഞ്ഞു. 'ഒരിക്കലുമില്ല; എൻെറ കൂടെ തീർച്ചയായും എൻെറ നാഥനുണ്ട്, അവനെനിക്കു മാർഗ്ഗദർശനം നൽകും' മൂസാ മറുപടി പറഞ്ഞു. 'നിൻെറ വടികൊണ്ട് സമുദ്രത്തിലടിക്കുക' എന്ന് തദവസരം മൂസാക്ക് നാം ദിവ്യസന്ദേശം നൽകി. അപ്പോൾ അത് പിളർന്നു. അങ്ങനെ ഓരോ ഭാഗവും വലിയ പർവ്വതം പോലെയായിത്തീർന്നു'.** [വി.ഖു. 26:61-63]

മൂസാ ﷺ മിൻെറയും അനുയായികളുടെയും മുന്നിൽ പരന്നു കിടക്കുന്ന സമുദ്രം! പിന്നിൽ സന്നാഹങ്ങളൊരുക്കി വരുന്ന ശത്രുക്കൾ! ഈ വിധിനിർണ്ണായകമായ ഘട്ടത്തിൽ നാം ശത്രുക്കളുടെ കയ്യിൽ

പെട്ടുപോയി എന്നു സത്യവിശ്വാസികൾ ഭയവിഹ്വലരായി വിളിച്ചു പറഞ്ഞു. അപ്പോൾ, 'പേടിക്കേണ്ടതില്ല, എൻെറ കയ്യിൽ എൻെറ വടിയുണ്ട്, അതുകൊണ്ട് അടിച്ചു ഞാൻ സമുദ്രം പിളർത്തും, ആ വഴിക്കു നമുക്ക് രക്ഷപ്പെടാം' എന്നല്ല മൂസാ ﷺ നൽകിയ മറുപടി. നമ്മുടെ നാഥൻ നമ്മുടെ രക്ഷക്ക് ഒരു മാർഗ്ഗം നിർദ്ദേശിക്കുമെന്നാണ് അദ്ദേഹം പറഞ്ഞത്. ദിവ്യസന്ദേശം ലഭിക്കുന്നതു വരെ അങ്ങിനെ ഒരു മുഅ്ജിസത് വടി കൊണ്ട് പ്രകടിപ്പിക്കാമെന്ന് അദ്ദേഹം ഗ്രഹിച്ചിട്ടില്ല.

ഇനിയും സീനാ മരുഭൂമിയിൽ വെച്ച് അവർക്ക് കുടിനീരിന് ആവശ്യം നേരിട്ടപ്പോൾ അവർ ഈ ആവശ്യം മൂസാ ﷺ മിൻെറ മുന്നിൽ സമർപ്പിച്ച സന്ദർഭം നോക്കുക:

﴿وَإِذِ اسْتَسْقَى مُوسَى لِقَوْمِهِ فَقُلْنَا اضْرِبْ بِعَصَاكَ الْحَجَرَ فَانْفَجَرَتْ مِنْهُ اثْنَتَا عَشْرَةَ عَيْنًا....﴾ (البقرة:٦٠)

**മൂസാ തൻെറ ജനതക്കു വേണ്ടി കുടിനീരിനായി പ്രാർത്ഥിച്ച സന്ദർഭം സ്മരിക്കുക. 'നിൻെറ വടികൊണ്ട് ആ പാറക്കല്ലിൽ അടിക്കുക' എന്ന് അപ്പോൾ നാം കൽപിച്ചു. അങ്ങിനെ അതിൽ നിന്ന് പന്ത്രണ്ട് നീരുറവകൾ പൊട്ടി ഒഴുകി.....**[വി.ഖു. 2:60]

ഇവിടെയും, തൻെറ ജനത കുടിനീരിനായി ആവശ്യപ്പെട്ടപ്പോൾ മൂസാ ﷺ എഴുന്നേറ്റ് തൻെറ വടികൊണ്ട് പാറക്കല്ലിൽ അടിക്കുകയല്ല ചെയ്തത്. മുഅ്ജിസത് പ്രകടിപ്പിക്കൽ പ്രവാചകൻെറ സ്വന്തം കഴിവിൽപെട്ട കാര്യമായിരുന്നെവെങ്കിൽ മൂസാ ﷺ അങ്ങിനെ ചെയ്താൽ മതിയാകുമായിരുന്നു. പലതവണ പാമ്പായി മാറുകയും ഒരുതവണ വ്യാജനിർമ്മിതികളെ വിഴുങ്ങുകയും മറ്റൊരു തവണ സമുദ്രം പിളർക്കുകയും ചെയ്ത തൻെറ വടികൊണ്ട് പാറക്കല്ലിൽ അടിച്ചാൽ പന്ത്രണ്ടു നീരുറവകൾ ഉണ്ടാകുമെന്ന് അദ്ദേഹം ഗ്രഹിച്ചിട്ടില്ല. കുടിനീര് നൽകാനായി അദ്ദേഹം അല്ലാഹുവിനോട് പ്രാർത്ഥിച്ചു. അപ്പോൾ തൻെറ വടികൊണ്ട് പാറക്കല്ലിലടിക്കാൻ അല്ലാഹു അദ്ദേഹത്തോട് കൽപിച്ചു. അങ്ങിനെ ഒരു മുഅ്ജിസത് കൂടി അദ്ദേഹം മുഖേന അല്ലാഹു വെളിപ്പെടുത്തി എന്നു മാത്രം.

# അല്ലാഹുവിൽ മാത്രം നിക്ഷിപ്തം

വിവിധ സമുദായങ്ങൾ തങ്ങൾക്ക് രക്ഷയായും ശിക്ഷയായും പല മുഅ്ജിസതുകളും കാണിക്കാൻ അവരുടെ പ്രവാചകന്മാരോടാവശ്യപ്പെട്ടിരുന്നു. അവർ അങ്ങിനെ ചെയ്യുകയാണെങ്കിൽ തങ്ങൾ വിശ്വസിക്കാമെന്ന് വാഗ്ദാനം നൽകുകയും ചെയ്തിരുന്നു. പ്രവാചകന്മാരാകട്ടെ തങ്ങളുടെ സമുദായങ്ങൾ സത്യവിശ്വാസം സ്വീകരിച്ചു കാണാൻ ഉൽക്കടമായ അഭിവാഞ്ഛയുള്ളവരുമായിരുന്നു. ഇത്തരം സന്ദർഭങ്ങളിൽ അവർ നൽകിയ മറുപടി ഖുർആൻ ഉദ്ധരിക്കുന്നു:

﴿قَالَتْ لَهُمْ رُسُلُهُمْ إِنْ نَّحْنُ إِلاَّ بَشَرٌ مِّثْلُكُمْ وَلَكِنَّ اللَّهَ يَمُنُّ عَلَى مَنْ يَّشَاءُ مِنْ عِبَادِهِ وَمَا كَانَ لَنَا أَنْ نَّأْتِيَكُمْ بِسُلْطَانٍ إِلاَّ بِإِذْنِ اللَّهِ......﴾
(إبراهيم:١١)

**അവരുടെ ദൂതന്മാർ അവരോട് പറഞ്ഞു: ഞങ്ങൾ നിങ്ങളെപ്പോലെയുള്ള മനുഷ്യർ മാത്രമാണ്. പക്ഷെ അല്ലാഹു തൻെറ ദാസന്മാരിൽ താനുദ്ദേശിക്കുന്നവർക്ക് (പ്രവാചകത്വമാകുന്ന) അനുഗ്രഹം നൽകുന്നു. അല്ലാഹുവിൻെറ ഉത്തരവനുസരിച്ചല്ലാതെ, നിങ്ങൾക്കൊരു ദൃഷ്ടാന്തം കൊണ്ടുവന്നു തരിക എന്നത് ഞങ്ങളുടെ അധികാരത്തിൽപെട്ട കാര്യമല്ല...** [വി.ഖു. 14:11]

അതെ, അത്ഭുതങ്ങൾ കാണിക്കാൻ കഴിയുകയില്ലെന്ന വിഷയത്തിൽ, പ്രവാചകന്മാർ സാധാരണ മനുഷ്യരെപ്പോലെ തന്നെയാണെന്നർത്ഥം.

﴿وَأَقْسَمُوا بِاللَّهِ جَهْدَ أَيْمَانِهِمْ لَئِنْ جَاءَتْهُمْ آيَةٌ لَّيُؤْمِنُنَّ بِهَا قُلْ إِنَّمَا الآيَاتُ عِنْدَ اللَّهِ وَمَا يُشْعِرُكُمْ أَنَّهَا إِذَا جَاءَتْ لاَ يُؤْمِنُونَ ﴾
(الأنعام:١٠٩)

**തങ്ങൾക്ക് വല്ല ദിവ്യദൃഷ്ടാന്തവും വന്ന് കിട്ടുന്നപക്ഷം തീർച്ചയായും തങ്ങളതിൽ വിശ്വസിക്കുന്നതാണ്; എന്ന് അവർ അല്ലാഹുവിൻെറ പേരിൽ സത്യം ചെയ്യുകയുണ്ടായി. പറയുക: ദൃഷ്ടാന്തങ്ങൾ (മുഅ്ജിസത്തുകൾ) അല്ലാഹുവിൻെറ പക്കൽ മാ**

**ത്രമാണുള്ളത്. അത് വന്നുകിട്ടിയാൽ അവർ വിശ്വസിക്കുകയി ല്ലെന്ന വസ്തുത നിങ്ങൾക്കറിയാമോ?** [വി.ഖു. 6:109]

മുഹമ്മദ് മുസ്ത്വഫാ ﷺ യോട് അറബികൾ ആവശ്യപ്പെട്ടിരുന്ന ചില മുഅ്ജിസത്തുകൾ ഖുർആൻ ഉദ്ധരിക്കുന്നത് കാണുക:

﴿وَقَالُوا لَنْ نُّؤْمِنَ لَكَ حَتَّى تُفَجِّرَ لَنَا مِنَ الأَرْضِ يَنْبُوعًا، أَوْ تَكُونَ لَكَ جَنَّةٌ مِّنْ نَّخِيلٍ وَّعِنَبٍ فَتُفَجِّرَ الأَنْهَارَ خِلاَلَهَا تَفْجِيرًا، أَوْ تُسْقِطَ السَّمَاءَ كَمَا زَعَمْتَ عَلَيْنَا كِسَفًا أَوْ تَأْتِيَ بِاللَّهِ وَالْمَلاَئِكَةِ قَبِيلاً، أَوْ يَكُونَ لَكَ بَيْتٌ مِّنْ زُخْرُفٍ أَوْ تَرْقَى فِي السَّمَاءِ وَلَنْ نُّؤْمِنَ لِرُقِيِّكَ حَتَّى تُنَزِّلَ عَلَيْنَا كِتَابًا نَّقْرَؤُهُ...﴾ (الإسراء:٩٠-٩٣)

**അവർ പറഞ്ഞു: ഈ നിലത്തു നിന്നും ഒരുറവ് നീ ഒഴുക്കിക്കാണിക്കുന്നതു വരെ നീ പ്രവാചകനാണെന്ന് ഞങ്ങൾ വിശ്വസിക്കുകയില്ല. അല്ലെങ്കിൽ ഈത്തപ്പനയും മുന്തിരിയുമുള്ള ഒരു തോട്ടം നിനക്കുണ്ടാകുക, അതിൽ കൂടി നീ അരുവികളൊഴുക്കുകയും വേണം. അതുമല്ലെങ്കിൽ -നീ വാദിച്ചപോലെ-ആകാശത്തെ കഷ്ണം കഷ്ണങ്ങളായി നീ ഞങ്ങളുടെ മേൽ വീഴ്ത്തിത്തരണം. അല്ലെങ്കിൽ അല്ലാഹുവിനെയും മലക്കുകളെയും നീ കൺമുമ്പിൽ കൊണ്ടുവരണം. അതുമല്ലെങ്കിൽ നിനക്കു സ്വർണ്ണം കൊണ്ടുള്ള ഒരുവീടുണ്ടായിരിക്കണം. അല്ലെങ്കിൽ നീ ആകാശത്തേക്കു കയറിപ്പോകണം; എന്നാൽ ഞങ്ങൾക്കു വായിക്കാവുന്ന ഒരു ഗ്രന്ഥം നീ ഞങ്ങൾക്ക് ഇറക്കിത്തരുന്നതു വരെ നീ കയറിപ്പോയെന്ന് ഞങ്ങൾ വിശ്വസിക്കുകയില്ല.** [വി.ഖു. 17:90-93]

ഈ ആവശ്യങ്ങൾക്കെല്ലാം മറുപടിയായി ഇങ്ങനെ പറയാൻ അല്ലാഹു നബിയോട് കൽപിക്കുന്നു:

﴿... قُلْ سُبْحَانَ رَبِّي هَلْ كُنْتُ إِلاَّ بَشَرًا رَّسُولاً ﴾ (الإسراء:٩٣)

**എൻെറ നാഥന് സ്തോത്രം, ഞാൻ ദൂതനായ ഒരു മനുഷ്യൻ മാത്രമല്ലയോ?** [വി.ഖു. 17:93]

ഈ മറുപടിയെ സംബന്ധിച്ച് ചിന്തിച്ചു നോക്കുക. ആവശ്യപ്പെട്ട മുഅ്ജിസതുകൾ സ്വയം ചെയ്തു കാണിക്കുവാൻ കഴിവുണ്ടാകുന്ന ഒരുപ്രവാചകൻ ഉണ്ടാകുന്നതിൽ നിന്ന് അല്ലാഹു പരിശുദ്ധനാണ് എന്ന് പ്രഖ്യാപിക്കുവാനാണ് അവൻ നബിയോട് കൽപിക്കുന്നത്. മുഹമ്മദ് ﷺ ഒരു പ്രവാചകനായ മനുഷ്യൻ മാത്രമാണ്. നിങ്ങൾ ആവശ്യപ്പെട്ട മുഅ്ജിസതുകൾ കാണിക്കുക എന്നത് അങ്ങനെയുള്ള ഒരു പ്രവാചകൻെറ കഴിവിൽപെട്ട കാര്യമേയല്ല.

മുഅ്ജിസതുകൾ വെളിപ്പെടുത്തുക എന്നത് പ്രവാചകന്മാരുടെ സ്വന്തം കഴിവിനും ഇഷ്ടത്തിനും വിട്ടുകൊടുത്ത കാര്യമായിരുന്നുവെങ്കിൽ നബി ﷺ അവർ ആവശ്യപ്പെട്ട ദൃഷ്ടാന്തങ്ങൾ വെളിപ്പെടുത്തി കാണിച്ചു കൊണ്ട് തീർച്ചയായും അവരെ സത്യവിശ്വാസത്തിലേക്ക് ആകർഷിക്കുമായിരുന്നു. അതേ അവസരത്തിൽ ഒട്ടനവധി ആളുകൾ സത്യത്തിലേക്ക് ആകൃഷ്ടരാകാതെ അറച്ചു നിൽക്കുന്നത് കണ്ടപ്പോൾ നബി ﷺക്ക് വളരെ മനോവിഷമം തോന്നി. അവരെ ദീനിലേക്കാകർഷിക്കുന്ന ഒരുമുഅ്ജിസത് വെളിപ്പെട്ടെങ്കിൽ എന്നദ്ദേഹം അതിയായി ആഗ്രഹിക്കുകയും ചെയ്തു. ഇതിനു മറുപടിയായി ഖുർആൻ പറയുന്നത് നോക്കുക:

﴿وَإِنْ كَانَ كَبُرَ عَلَيْكَ إِعْرَاضُهُمْ فَإِنِ اسْتَطَعْتَ أَنْ تَبْتَغِيَ نَفَقًا فِي الأَرْضِ أَوْ سُلَّمًا فِي السَّمَاءِ فَتَأْتِيَهُمْ بِآيَةٍ وَلَوْ شَاءَ اللَّهُ لَجَمَعَهُمْ عَلَى الْهُدَى فَلاَ تَكُونَنَّ مِنَ الْجَاهِلِينَ﴾ (الأنعام:٣٥)

**അവരുടെ അവഗണന നിനക്ക് അസഹ്യമായി തോന്നുന്നുവെങ്കിൽ, ഭൂമിയിൽ ഒരു തുരങ്കമോ ആകാശത്തേക്ക് ഒരു കോണിയോ കണ്ടെത്താനും അങ്ങനെ അവർക്കൊരു മുഅ്ജിസത് കൊണ്ടുവന്നു കൊടുക്കുവാനും നിനക്ക് കഴിയുമെങ്കിൽ (അതങ്ങു ചെയ്യുക). അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവരെയെല്ലാം അവൻ സൻമാർഗ്ഗത്തിൽ ഏകീകരിക്കുമായിരുന്നു. അതുകൊണ്ട് ഒരിക്കലും നീ അവിവേകികളിൽ പെട്ടുപോകരുത്.** [വി.ഖു. 6:35]

മനുഷ്യരെ ഒന്നടങ്കം സന്മാർഗ്ഗത്തിൽ കൊണ്ടുവരിക എന്നത് മാത്രമായിരുന്നു അല്ലാഹുവിൻെറ ഉദ്ദേശ്യമെങ്കിൽ അതവൻെറ സൃഷ്

ടിശക്തിയുടെ നേരിയ ഒരാംഗ്യം കൊണ്ടുതന്നെ സാധിക്കുമായിരുന്നുവല്ലോ. പക്ഷെ സത്യത്തെ തെളിവുകൾ സഹിതം സമർപ്പിക്കുക, ജനങ്ങൾ വിശേഷബുദ്ധിയും ചിന്താശക്തിയുമുപയോഗിച്ചു അതിനെ തിരിച്ചറിഞ്ഞു സ്വീകരിക്കുക. അല്ലെങ്കിൽ തിരസ്കരിച്ചു തള്ളുക. ഇതാണ്അല്ലാഹുവിൻെറ ഇച്ഛ., അവൻെറ യുക്തി. ഇതിനു വിപരീതമായി ഒരു മുഅ്ജിസത് വെളിപ്പെടുത്തി അവരെ സത്യത്തിലേക്കു ക്ഷണിച്ചു കളയാം, എന്ന മോഹമുണ്ടെങ്കിൽ ഭൂമിയിലേക്ക് ഇഴഞ്ഞിറങ്ങിയോ ആകാശത്തെക്കു വലിഞ്ഞു കയറിയോ ആ മോഹം തീർക്കാൻ ശ്രമിക്കുക, എന്നാൽ

﴿...وَمَا كَانَ لِرَسُولٍ أَنْ يَأْتِيَ بِآيَةٍ إِلاَّ بِإِذْنِ اللَّهِ ...﴾ (الرعد:٣٨)

**...അല്ലാഹുവിൻെറ ഉത്തരവോടെയല്ലാതെ ഒരു റസൂലിനും ഒരു ദൃഷ്ടാന്തവും കൊണ്ടുവരിക സാദ്ധ്യമല്ല...** [വി.ഖു. 13:38]

ബദ്ർ യുദ്ധവേളയിൽ നബി ﷺ ഒരുപിടി മണൽ വാരി ശത്രുക്കളുടെ നേരെ എറിഞ്ഞു. (അതവരുടെ മുഴുവൻ പേരുടെ കണ്ണുകളിൽ വീഴുകയും അവരുടെ പരാജയത്തിനു കാരണമാകുകയും ചെയ്തു- ഇബ്നുജരീർ). നബി ﷺ മുഖേന അല്ലാഹു വെളിപ്പെടുത്തിയ ഒരാസാധാരണ സംഭവമായിരുന്നു അത്. ഈ സംഭവത്തെ ഖുർആൻ വ്യാഖ്യാനിക്കുന്നത്നോക്കുക:

﴿...وَمَا رَمَيْتَ إِذْ رَمَيْتَ وَلَكِنَّ اللَّهَ رَمَى...﴾ (الأنفال:١٧)

**...നീ എറിഞ്ഞപ്പോൾ നീയല്ല എറിഞ്ഞത്, പകരം അല്ലാഹുവാണ് എറിഞ്ഞത്. ..** [വി.ഖു. 8:17]

## ശാശ്വതമായ മുഅ്ജിസത്

ഒരു പ്രവാചകൻ മുഖേന അല്ലാഹു വെളിപ്പെടുത്തുന്ന ഒരു മുഅ്ജിസത്തിന്ദൃക്സാക്ഷികളാകുന്നവർക്കേ അത് നേർക്കു നേരെ തെളിവാകുകയുള്ളൂ എന്നത് ഒരുവസ്തുതയാണ്. തന്നിമിത്തം പിൻതലമുറക്കാർ അതിൻെറ വിശ്വാസ്യതയിൽ സംശയിക്കുക എന്നത് സ്വാഭാവികമാണ്. അതുകൊണ്ട് മനുഷ്യരാശി ബുദ്ധിപരമായി പക്വത പ്രാപിക്കുകയും മുഹമ്മദ്മുസ്ത്വഫ ﷺ യോടുകൂടി പ്രവാചകത്വ ശ്രംഖല അല്ലാഹു പൂർത്തിയാക്കുകയും ചെയ്തപ്പോൾ എക്കാലക്കാർ

ക്കും നോക്കിക്കാണാവുന്നതും ലോകാവസാനം വരെ നിലനിൽക്കുന്നതുമായ ശാശ്വത ദൃഷ്ടാന്തമാണ് അവൻ അദ്ദേഹത്തിനു നൽകിയത്. മനുഷ്യഭാഷയിൽ പാരായണം ചെയ്യപ്പെടുന്ന, അല്ലാഹുവിൻെറ ദിവ്യവചനങ്ങളാകുന്ന പരിശുദ്ധ ഖുർആനാണ് ആ ദൃഷ്ടാന്തം. അല്ലാഹുവിൻെറ ദിവ്യദൗത്യത്തിനു സാക്ഷിയായി, കാലാകാലങ്ങളിൽ ഭൂമുഖത്ത്-കൊട്ടാരത്തിലും കുടിലിലും- പിറന്നു വീഴുന്ന ഓരോ മനുഷ്യനെയും വെല്ലുവിളിച്ചു കൊണ്ട് അത് കാലചക്രത്തോടൊപ്പം കറങ്ങിക്കൊണ്ടിരിക്കുന്നു.

﴿قُلْ لَئِنِ اجْتَمَعَتِ الإِنْسُ وَالْجِنُّ عَلَى أَنْ يَأْتُوا بِمِثْلِ هَذَا الْقُرْآنِ لاَ يَأْتُونَ بِمِثْلِهِ وَلَوْ كَانَ بَعْضُهُمْ لِبَعْضٍ ظَهِيرًا﴾ (الإسراء:٨٨)

**ഈ ഖുർആനിനു തുല്യമായ ഒരു ഗ്രന്ഥം കൊണ്ടുവരുവാൻ മനുഷ്യരും ജിന്നുകളും അന്യോന്യം സഹകരിച്ചു സംഘടിച്ചാലും അതുപോലുള്ളത് കൊണ്ടുവരുവാൻ അവർക്കു കഴിയുകയില്ല എന്ന് പ്രഖ്യാപിക്കുക.** [വി.ഖു. 17:88]

നബി ﷺ പറയുന്നു:

عَنْ أَبِي هُرَيْرَةَ (ر) قَالَ، قَالَ رَسُولُ اللَّهِ :(( مَا مِنَ الأَنْبِيَاءِ مِنْ نَبِيٍّ إِلاَّ قَدْ أُعْطِيَ مِنَ الآيَاتِ مَا مِثْلَهُ آمَنَ عَلَيْهِ الْبَشَرُ وَإِنَّمَا كَانَ الَّذِي أُوتِيتُهُ وَحْيًا أَوْحَاهُ اللَّهُ إِلَيَّ فَأَرْجُو أَنْ أَكُونَ أَكْثَرَهُمْ تَابِعًا يَوْمَ الْقِيَامَةِ)) (متفق عليه)

**അബൂഹുറയ്റ ؓ യിൽ നിന്നും ഉദ്ധരിക്കപ്പെടുന്നു, അദ്ദേഹം പറഞ്ഞു; അല്ലാഹുവിൻെറ ദൂതൻ പറഞ്ഞിരിക്കുന്നു: ഏതൊരു ദൃഷ്ടാന്തത്തെ അടിസ്ഥാനമാക്കി ജനങ്ങൾക്ക് വിശ്വസിക്കാമോ അങ്ങിനെയുള്ള ദൃഷ്ടാന്തങ്ങൾ പ്രവാചകന്മാരിൽ ഓരോരുത്തർക്കും നൽകപ്പെട്ടിട്ടുണ്ട്. എനിക്കു ദൃഷ്ടാന്തമായി നൽകപ്പെട്ടിരിക്കുന്നത് അല്ലാഹു എനിക്കു നൽകിയ ദിവ്യസന്ദേശമായ ഖുർആനാണ്. അതുകൊണ്ട് പ്രവാചകന്മാരിൽ കൂടുതൽ അനുയായികളുള്ളവൻ, അന്ത്യദിനത്തിൽ ഞാനായിരിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.** [ബുഖാരി, മുസ്ലിം]

ചുരുക്കത്തിൽ ദൃഷ്ടാന്തങ്ങൾ-ദൃഷ്ടിക്ക് ഗോചരമാകുന്ന അമാനുഷിക സംഭവങ്ങൾ- സംഭവ്യമാണ്. പ്രവാചകന്മാർ മുഖേന അല്ലാഹു അത് വെളിപ്പെടുത്തി എന്നത് ഒരു പരമാർത്ഥവുമാണ്. പരിശുദ്ധ

ഖുർആനിൽ വിശ്വസിക്കുന്ന ഒരൊറ്റ വ്യക്തിക്കും അവ നിഷേധിക്കുക സാധ്യമല്ല. അവയുടെ രഹസ്യവും യുക്തിയും മനുഷ്യനറിയാൻ കഴിയാത്ത, അല്ലാഹുവിന് മാത്രം അറിയാവുന്ന പ്രപഞ്ച രഹസ്യങ്ങളിൽ പെട്ടതാണ്. അനന്ത വിസ്തൃതമായ ഈ പ്രപഞ്ചത്തെയും അതിലെ സൃഷ്ടി ചരാചരങ്ങളെയും മുൻമാതൃക കൂടാതെ സൃഷ്ടിച്ച സർവ്വശക്തനാണ് അല്ലാഹു. അവനെ സംബന്ധിച്ചിടത്തോളം അതൊരു വലിയ കാര്യമല്ല.

﴿.....إِنَّ اللَّهَ عَلَى كُلِّ شَيْءٍ قَدِيرٌ﴾ (النحل:٧٧)

**അല്ലാഹു സർവ്വ കാര്യങ്ങൾക്കും കഴിവുള്ളവനാണ്; തീർച്ച.** [വി.ഖു. 16:77]

യുക്തിവാദികളുടെ ജൽപനങ്ങൾക്കോ അൽപജ്ഞനായ മനുഷ്യൻെറ ശാസ്ത്രീയ നിഗമനങ്ങൾക്കോ അവ നിഷേധിക്കുവാനോ അവയുടെ സംഭവ്യത തള്ളിക്കളയുവാനോ ഒരിക്കലും സാധ്യമല്ല. എന്നാൽ മുഅ്ജിസതുകൾ വെളിപ്പെടുത്തൽ പ്രവാചകന്മാരുടെ അധികാരത്തിലും കഴിവിലും സ്വാതന്ത്ര്യത്തിലും പെട്ട കാര്യമാണെന്ന് ധരിക്കുന്നതും തീർത്തും തെറ്റുതന്നെ. അല്ലാഹു അവനുദ്ദേശിക്കുന്ന ദൃഷ്ടാന്തങ്ങൾ അവനിച്ഛിക്കുന്ന സന്ദർഭങ്ങളിൽ, പ്രവാചകന്മാർ മുഖേന വെളിപ്പെടുത്തുന്നു എന്നത് മാത്രമാണ് സത്യം. സത്യം ഗ്രഹിച്ചു അത് പിൻപറ്റുവാൻ സർവ്വശക്തനായ അല്ലാഹു നമുക്കെല്ലാം തൗഫീഖ് നൽകുമാറാകട്ടെ. آمين

# സൃഷ്ടികളുടെ വിലായത്ത്

'ഉമർ ﷺ അല്ലാഹുവിൻെറ ഒരു വലിയ്യായിരുന്നു'. ഈ പ്രസ്താവനയിലെ وَلِيٌّ എന്നപദം وِلاَيَـةٌ എന്ന ക്രിയാധാതുവിൽ നിന്ന് ഉള്ളതാണ്. വിലായത്ത് എന്നപദം عَـدَاوَةٌ [ശത്രുത] എന്ന പദത്തിൻെറ വിപരീത ഗുണങ്ങളെ കുറിക്കുന്നു. വെറുപ്പ്, അകൽച്ച, ഉപദ്രവം എന്നിവ عَـدَاوَةٌ ൻെറ അനിവാര്യ ഫലങ്ങളായതു പോലെ, സ്നേഹം, അടുപ്പം, സഹായം എന്നിവ വിലായത്തിൻെറ അനിവാര്യ ഗുണങ്ങളാണ്. അപ്പോൾ وَلِيُّ اللَّـهِ (അല്ലാഹുവിൻെറ വലിയ്യ്) എന്ന പ്രയോഗത്തിന് അല്ലാഹുവിനു പ്രിയപ്പെട്ടവൻ, അല്ലാഹുവിനോടടുത്തവൻ, അല്ലാഹുവിൻെറ-അവൻെറ ദീനിൻെറ- സഹായി എന്നും, അതിൻെറ ബഹു

വചനമായ أَوْلِيَاءُ اللَّـهِ എന്നതിനു അല്ലാഹുവിന്ന് പ്രിയപ്പെട്ടവർ, അല്ലാഹുവിനോടടുത്തവർ, അല്ലാഹുവിൻെറ സഹായികൾ എന്നും അർത്ഥം കൽപിക്കപ്പെടാം.

## ആരാണ് ഔലിയാക്കൾ?

എന്നാൽ പരിശുദ്ധ ഖുർആനിലും തിരുസുന്നത്തിലും ഈ പ്രയോഗം കൊണ്ടു വിവക്ഷിക്കപ്പെടുന്നതാരാണ്? ആർക്കാണ് അല്ലാഹുവിൻെറ ഔലിയാഅ് എന്ന് പറയുന്നത്? ഖുർആൻ തന്നെ മറുപടി പറയുന്നു:

﴿أَلاَ إِنَّ أَوْلِيَاءَ اللَّهِ لاَخَوْفٌ عَلَيْهِمْ وَلاَهُمْ يَحْزَنُونَ، الَّذِينَ آمَنُوا وَكَانُوا يَتَّقُونَ، لَهُمُ الْبُشْرَى فِي الْحَيَاةِ الدُّنْيَا وَفِي الآخِرَةِ لاَ تَبْدِيلَ لِكَلِمَاتِ اللَّهِ ذَلِكَ هُوَ الْفَوْزُ الْعَظِيمُ﴾ (يونس:٦٢-٦٤)

**അറിയുക; അല്ലാഹുവിൻെറ ഔലിയാഅ്, അവർക്ക് യാതൊരു ഭയവുമില്ല. അവർ ദുഃഖിക്കുന്നവരുമല്ല. അവർ ആരാണെന്നു വച്ചാൽ സത്യവിശ്വാസം സ്വീകരിക്കുകയും (അല്ലാഹുവിനെ) സൂക്ഷിക്കുകയും ചെയ്യുന്നവരാണ്. അവർക്ക് ഇഹത്തിലും പരത്തിലും സുവിശേഷമുണ്ട്. അല്ലാഹുവിൻെറ വചനങ്ങൾക്കു മാറ്റമില്ല. അതത്രെ മഹത്തായ വിജയം.** [വി.ഖു.10:62-64]

അല്ലാഹു ഈ വചനങ്ങളിലൂടെ 'അല്ലാഹുവിൻെറ ഔലിയാഅ്' എന്ന പ്രയോഗത്തിനു നിർവ്വചനം നൽകുന്നു. അതെ, സത്യവിശ്വാസം സ്വീകരിക്കുകയും ഭയഭക്തി കാണിക്കുകയും ചെയ്യുന്നവരാണ് അവൻെറ ഔലിയാഅ്. അതായത് അല്ലാഹുവിൻെറ ഔലിയാഅ് അവൻെറ വിധിവിലക്കുകൾക്ക് വിധേയരായി ജീവിക്കുന്ന സത്യവിശ്വാസികളാകുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഇസ്ലാം വിശ്വസിക്കാൻ കൽപിച്ച കാര്യങ്ങളിൽ വിശ്വസിക്കുകയും പ്രവർത്തിക്കാൻ നിർദ്ദേശിച്ച കാര്യങ്ങൾ പ്രവൃത്തിപഥത്തിൽ കൊണ്ടുവരികയും ചെയ്യുന്നവരാരോ അവരാണ് അല്ലാഹുവിൻെറ ഔലിയാഅ്. ഈ നിർവ്വചനം നോക്കുക. ആദം عليه السلام മുതൽ ഈ സമുദായത്തിലെ അവസാനത്തെ മുസ്ലിം വരെ അതിലുൾപ്പെടുന്നു. സത്യവിശ്വാസികളിൽ ചിലർ അല്ലാഹുവിൻെറ ഔലിയാ ആണെന്നും മറ്റുചിലർ അവൻെറ ഔ

ലിയാ അല്ലെന്നുമുള്ള വിവേചനത്തിനു യാതൊരു പഴുതും ഈ നിർ വ്വചനത്തിലില്ല.

ഈ വചനങ്ങളുടെ വിവരണമദ്ധ്യേ ഔലിയാഇനെ സംബന്ധിച്ച ച ർച്ചയിൽ സുപ്രസിദ്ധ ഖുർആൻ വ്യാഖ്യാതാവായ ഇബ്നുജരീരി ത്വ ബ്രി (ابن جرير الطبري) പറയുന്നത് കാണുക:

**وَالصَّوَابُ مِنَ الْقَوْلِ فِي ذَلِكَ أَنْ يُقَالَ، الْوَلِيُّ (أَعْنِي وَلِيَّ اللَّـهِ) مَـنْ كَانَ بِالصِّفَةِ الَّتِي وَصَفَهُ اللَّهُ بِهَا، هُوَ الَّذِي آمَنَ وَاتَّقَى كَمَا قَالَ اللَّـهُ "الَّذِينَ آمَنُوا وَكَانُوا يَتَّقُونَ"... يَقُولُ تَعَالَى الَّذِينَ صَدَّقُوا اللَّهَ وَرَسُولَهُ وَمَا جَاءَ بِهِ مِنْ عِنْدِ اللَّهِ وَكَانُوا يَتَّقُونَ اللَّهَ بِأَدَاءِ فَرَائِضِهِ وَاجْتِنَـابِ مَعَاصِيهِ** (تفسير الطبري جزء ١٥)

ആ വിഷയത്തിലുള്ള ശരിയായ അഭിപ്രായം ഇങ്ങനെ പ്രസ്താവി ക്കാം: വലിയ്യ്, അതെ, അല്ലാഹുവിൻെറ വലിയ്യ് അല്ലാഹു വിശേഷി പ്പിച്ച ഗുണമുള്ളവനാണ്. (തൻെറ ഔലിയാഅ് വിശ്വസിക്കുകയും ദോഷബാധയെ സൂക്ഷിക്കുകയും ചെയ്യുന്നവരാണ് എന്ന് അല്ലാഹു പറഞ്ഞപോലെ, സത്യവിശ്വാസം സ്വീകരിക്കുകയും (അല്ലാഹുവിനെ) സൂക്ഷിക്കുകയും ചെയ്യുന്നവനാണ് വലിയ്യ്......ഉന്നതനായ അല്ലാഹു പറയുന്നു: (തൻെറ ഔലിയാഅ്) തന്നിലും തൻെറ റസൂലിലും അ ദ്ദേഹം തൻെറപക്കൽ നിന്ന് കൊണ്ടുവന്നതിലും വിശ്വസിക്കുന്നവ രാണ്. താൻ നിർബന്ധമാക്കിയ കാര്യങ്ങൾ നിർവ്വഹിക്കുകയും നി രോധിച്ച കാര്യങ്ങൾ ഉപേക്ഷിക്കുകയും ചെയ്തുകൊണ്ട് തന്നെ സൂ ക്ഷിക്കുന്നവരുമാണ് അവർ.

മറ്റൊരു ഖുർആൻ വ്യാഖ്യാതാവായ ഇമാം ഇബ്നുകഥീർ (ابن كثير رحمه الله) പറയുന്നു:

**فَكُلُّ مَنْ كَانَ تَقِيًّا كَانَ لِلَّهِ وَلِيًّا**

തഖ്വയുള്ള ഓരോരുത്തരും അല്ലാഹുവിൻെറ വലിയ്യാണ്.

പ്രസിദ്ധ ഖുർആൻ വ്യാഖ്യാതാവായ ഇമാം റാസീ (فخر الدين الرازي رحمه الله) യുടെ ഉദ്ധരണി കാണുക:

قَالَ الإِمَامُ الرَّازِي، قَالَ الْمُتَكَلِّمُونَ: وَلِيُّ اللَّهِ مَنْ يَكُونُ آتِيًا بِالاِعْتِقَادِ الصَّحِيحِ الْمَبْنِيِّ عَلَى الدَّلِيلِ وَيَكُونُ آتِيًا بِالأَعْمَالِ الصَّحِيحَةِ عَلَى وِفْقِ مَا وَرَدَتْ بِهِ الشَّرِيعَةُ (تفسير الرازي جزء:١٧)

ഇമാം റാസീ (റഹി) പറയുന്നു: വേദസൂത്രസിദ്ധാന്ത ശാസ്ത്രപണ്ഡിതന്മാർ പ്രസ്താവിച്ചിരിക്കുന്നു. തെളിവിനടിസ്ഥാനമാക്കിയുള്ള ശരിയായ വിശ്വാസവും മതം നിർദ്ദേശിക്കുന്ന പ്രകാരമുള്ള സൽകർമ്മങ്ങളും പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നവനാണ് അല്ലാഹുവിൻെറ വലിയ്യ്. [തഫ്സീർ റാസീ. ഭാഗം:17]

ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ്യഃ (شيخ الإسلام أحمد بن عبد الحليم بن عبد السلام بن تيمية الحراني الدمشقي رحمه الله) പറയുന്നത് നോക്കുക:

وَأَوْلِيَاءُ اللَّهِ هُمُ الْمُؤْمِنُونَ الْمُتَّقُونَ سَوَاءٌ سُمِّيَ أَحَدُهُمْ فَقِيرًا أَوْ صُوفِيًّا أَوْ فَقِيهًا أَوْ عَالِمًا أَوْ تَاجِرًا أَوْ جُنْدِيًّا أَوْ صَانِعًا أَوْ أَمِيرًا أَوْ حَاكِمًا أَوْ غَيْرَ ذَلِكَ (الصوفية والفقراء/ صفحة:٢٨)

അല്ലാഹുവിൻെറ ഔലിയാക്കൾ സത്യവിശ്വാസം സ്വീകരിക്കുകയും അവൻെറ വിധിവിലക്കുകൾക്കു വിധേയരായി ജീവിക്കുകയും ചെയ്യുന്നവരത്രെ. അവർ, സാധു, സൂഫി, പണ്ഡിതൻ, ശാസ്ത്രജ്ഞൻ, കച്ചവടക്കാരൻ, പട്ടാളക്കാരൻ, തൊഴിലാളി, നേതാവ്, ഭരണകർത്താവ് എന്നിങ്ങനെ ഏത് പേരിലറിയപ്പെട്ടാലും കാര്യം ഒന്നുതന്നെ.

അപ്പോൾ അല്ലാഹുവിൻെറ ഔലിയാഅ് എന്നത് സത്യവിശ്വാസികൾ എന്നതിനുള്ള മറ്റൊരു പ്രയോഗം മാത്രമാണ്.

ഇതിൻെറ വിപരീത പ്രയോഗമാണ് أَوْلِيَاءُ الشَّيْطَانِ എന്നത്. അല്ലാഹു പറയുന്നു:

﴿ الَّذِينَ آمَنُوا يُقَاتِلُونَ فِي سَبِيلِ اللَّهِ وَالَّذِينَ كَفَرُوا يُقَاتِلُونَ فِي سَبِيلِ الطَّاغُوتِ فَقَاتِلُوا أَوْلِيَاءَ الشَّيْطَانِ إِنَّ كَيْدَ الشَّيْطَانِ كَانَ ضَعِيفًا ﴾
(النساء:٧٦)

**സത്യവിശ്വാസികൾ അല്ലാഹുവിൻെറ മാർഗ്ഗത്തിൽ യുദ്ധംചെയ്യുന്നു. സത്യനിഷേധികളാകട്ടെ താഗൂത്തിൻെറ മാർഗ്ഗത്തിലാണ് യുദ്ധംചെയ്യുന്നത്. അതുകൊണ്ട് പിശാചിൻെറ ഔലിയാ**

**ക്കളോട് നിങ്ങൾ യുദ്ധം ചെയ്യുക. പിശാചിൻെറ കുതന്ത്രം ദുർബ്ബലമാണ്, നിശ്ചയം.** [വി.ഖു. 4:76]

﴿ وَلاَتَأْكُلُوا مِمَّا لَمْ يُذْكَرِ اسْمُ اللَّهِ عَلَيْهِ وَإِنَّهُ لَفِسْقٌ وَإِنَّ الشَّيَاطِينَ لَيُوحُونَ إِلَى أَوْلِيَائِهِمْ لِيُجَادِلُوكُمْ وَإِنْ أَطَعْتُمُوهُمْ إِنَّكُمْ لَمُشْرِكُونَ ﴾
(الأنعام: ١٢١)

**അല്ലാഹുവിൻെറ പേരിൽ അറുക്കപ്പെടാത്തത് നിങ്ങൾ ഭക്ഷിക്കരുത്. തീർച്ചയായും അത് അധർമ്മമാണ്. പിശാചുക്കൾ, തങ്ങളുടെ ഔലിയാക്കൾക്ക്, നിങ്ങളോട് തർക്കിക്കാനായി തീർച്ചയായും ദുർബോധനം ചെയ്തു കൊണ്ടിരിക്കും. നിങ്ങൾ അവരെ അനുസരിച്ചു (അത്തരം കാര്യങ്ങൾ ചെയ്തു) പോയാൽ നിശ്ചയമായും നിങ്ങൾ ശിർക്ക് ചെയ്തവരായിത്തീരും.** [വി. ഖു. 6:121]

ഇപ്രകാരം ഖുർആനിൽ വന്ന മറ്റൊരു പ്രയോഗമാണ് حِزْبُ اللَّـهِ [അല്ലാഹുവിൻെറ പാർട്ടി] എന്നും حزب الشيطان [പിശാചിൻെറ പാർട്ടി] എന്നും. അല്ലാഹു പറയുന്നു:

﴿...رَضِيَ اللَّهُ عَنْهُمْ وَرَضُوا عَنْهُ أُولَئِكَ حِزْبُ اللَّهِ أَلآ إِنَّ حِزْبَ اللَّهِ هُمُ الْمُفْلِحونَ ﴾ (المجادلة: ١٢)

**അല്ലാഹു അവരെ കുറിച്ചും അവർ അല്ലാഹുവിനെ കുറിച്ചും തൃപ്തിയടഞ്ഞിരിക്കുന്നു. അവർ അല്ലാഹുവിൻെറ പാർട്ടിയാണ്. അറിയുക; അല്ലാഹുവിൻെറ പാർട്ടി തന്നെയാണ് വിജയികൾ.** [വി.ഖു. 58:22]

﴿اسْتَحْوَذَ عَلَيْهِمُ الشَّيْطَانُ فَأَنْسَاهُمْ ذِكْرَ اللهِ أُولَئِكَ حِزْبُ الشَّيْطَانِ أَلآ إِنَّ حِزْبَ الشَّيْطَانِ هُمُ الْخَاسِرُونَ ﴾ (المجادلة: ١٩)

**പിശാച് അവരെ കീഴടക്കുകയും അല്ലാഹുവിനെ കുറിച്ചുള്ള ഓർമ്മ അവരെ അവൻ മറപ്പിച്ചു കളയുകയും ചെയ്തിരിക്കുന്നു. അവർ പിശാചിൻെറ പാർട്ടിയാണ്. അറിയുക; പിശാചിൻെറ പാർട്ടി തന്നെയാണ് നഷ്ടക്കാർ.** [വി.ഖു 58:19]

അല്ലാഹുവിൻെറ സത്യദീനിനോട് കാലാകാലങ്ങളിലുള്ള മനുഷ്യമക്കളുടെ പ്രതികരണത്തിൻെറ അടിസ്ഥാനത്തിൽ അവരെ വിഭജിക്കുക മാത്രമാണ് ഇത്തരം പ്രയോഗങ്ങൾ കൊണ്ട് പരിശുദ്ധ ഖുർആൻ വിവക്ഷിക്കുന്നത്. ഭൂമുഖത്തുള്ള മനുഷ്യവർഗ്ഗത്തിൽ പല വിധത്തിലുള്ള ആശയക്കാരും നിരവധി ആദർശക്കാരുമുണ്ട്. എങ്കിലും ഖുർആനാകുന്ന കണ്ണാടിയിലൂടെ നോക്കുമ്പോൾ മനുഷ്യർ രണ്ടേരണ്ടു വിഭാഗം മാത്രമാണെന്ന് കാണാം. ഒന്ന്, സത്യം സത്യമായി അംഗീകരിച്ചു സ്വീകരിച്ചവർ. രണ്ട്, സത്യം അസത്യമായി ഗണിച്ചു തള്ളിക്കളഞ്ഞവർ. പരലോകത്ത് ആദ്യവിഭാഗം സ്വർഗ്ഗത്തിലും രണ്ടാം വിഭാഗം നരകത്തിലും ചെന്നെത്തുന്നു.

അപ്പോൾ പ്രപഞ്ചത്തിൻെറയും മനുഷ്യൻെറയും പ്രകൃതിക്കനുയോജ്യമായ ആ പച്ചപ്പരമാർത്ഥം കണ്ടെത്തുകയും അതിൽ വിശ്വാസമർപ്പിക്കുകയും ചെയ്തവർ എന്ന നിലക്ക് ഒന്നാം വിഭാഗത്തിന് المُؤْمِنُـــونَ (സത്യവിശ്വാസികൾ) എന്നും, അതിൽ അവിശ്വസിച്ചു എന്ന നിലക്ക് രണ്ടാം വിഭാഗത്തിനു الكَافِرُونَ (സത്യനിഷേധികൾ) എന്നും പറയപ്പെടുന്നു. അല്ലാഹു ഇഷ്ടപ്പെട്ട ജീവിതരീതി തെരഞ്ഞെടുക്കുകയും അതിൻെറ പ്രബോധകന്മാരായി അവൻെറ സാമീപ്യവും തൃപ്തിയും നേടുകയും ചെയ്തു എന്നനിലയിൽ ഒന്നാം വിഭാഗത്തിനു أولياء الله (അല്ലാഹുവിൻെറ ആളുകൾ) എന്നും, സത്യനിഷേധികളായി, സത്യത്തിൻെറ ബദ്ധവൈരിയായ പിശാചിനെ സഹായിച്ചു എന്ന നിലക്ക് രണ്ടാം വിഭാഗത്തിനു أولياء الشــيطان (പിശാചിൻെറ ആളുകൾ) എന്നും പറയുന്നു. ആദർശപരമായ ചേരിതിരിവിൽ അല്ലാഹുവിൻെറ നന്ദിയുടെ മാർഗ്ഗമവലംബിച്ചു കൊണ്ട്, ഭൂമുഖത്ത് അവന് സാക്ഷികളായി നിലകൊള്ളുന്നവർ എന്ന നിലയിൽ ഒന്നാം വിഭാഗത്തിനു حزب الله (അല്ലാഹുവിൻെറ പാർട്ടി) എന്നും, പിശാചിൻെറ ചതിയിൽ പെട്ടു നന്ദികേടിൻെറ മാർഗ്ഗമവലംബിച്ചു കൊണ്ട് അവന് അനുയായികളെ വർദ്ധിപ്പിക്കുന്നവരെന്ന നിലയിൽ രണ്ടാം വിഭാഗത്തിന് حزب الشيطان (പിശാചിൻെറ പാർട്ടി) എന്നും പറയുന്നു. അപ്പോൾ അല്ലാഹുവിൻെറ ദീനനുസരിച്ചു ജീവിക്കുന്ന എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പ്രയോഗമാണ് 'ഔലിയാഅ്' എന്നത്.

## പദവി വ്യത്യാസം

എന്നാൽ വിശ്വാസത്തിൻെറ ദൃഢതയിലും സൽകർമ്മങ്ങളുടെ അളവിലും സത്യവിശ്വാസികൾ പലരും പല പദവിക്കാരായിരിക്കുമെന്നത് തീർച്ചയാണ്. ഇഹലോകത്ത് വച്ച് ഓരോരുത്തർക്കും സ്വായത്തമാക്കാൻ കഴിയുന്ന വിശ്വാസ കർമ്മങ്ങളുടെ ന്യായപ്രതിഫലമായിരിക്കും നാളെ പരലോകത്ത് വെച്ച് ലഭിക്കുക എന്നതു കൊണ്ട് അവിടെയും സത്യവിശ്വാസികൾ ഭിന്നപദവിക്കാരായിരിക്കുമെന്നത് തീർച്ചയാണല്ലോ. തൻെറ ഔലിയാഇന്നിടയിലുണ്ടാകുന്ന ഈ അന്തരമാണ് അല്ലാഹു ചൂണ്ടിക്കാണിക്കുന്നത്:

﴿ ثُمَّ أَوْرَثْنَا الْكِتَابَ الَّذِينَ اصْطَفَيْنَا مِنْ عِبَادِنَا فَمِنْهُمْ ظَالِمٌ لِّنَفْسِهِ وَمِنْهُم مُّقْتَصِدٌ وَمِنْهُمْ سَابِقٌ بِالْخَيْرَاتِ بِإِذْنِ اللَّهِ ذَٰلِكَ هُوَ الْفَضْلُ الْكَبِيرُ ﴾ (فاطر:٣٢)

**തുടർന്ന് നാം തിരഞ്ഞെടുത്ത നമ്മുടെ ദാസന്മാർക്ക് ഈ വേദഗ്രന്ഥം നാം അനന്തരമായി നൽകി. അപ്പോൾ സ്വശരീരത്തോട് അതിക്രമം പ്രവർത്തിക്കുന്നവരും അവരിലുണ്ട്. മിതമായി പ്രവർത്തിക്കുന്നവരും അവരിലുണ്ട്. അല്ലാഹുവിൻെറ അനുമതിയോടെ സൽകർമ്മങ്ങളുമായി മുന്നേറുന്നവരും അവരിലുണ്ട്. അതത്രെ മഹത്തായ അനുഗ്രഹം.** [വി.ഖു. 35:32]

ഈ വചനത്തിൽ അല്ലാഹുവിൻെറ ഔലിയാഇനെ മൂന്ന് വിഭാഗമായി തരംതിരിച്ചിരിക്കുന്നു. നിർബന്ധ കടമകളുടെ നിർവ്വഹണത്തിൽ കുറെയെല്ലാം വീഴ്ചവരുത്തുകയും നിഷിദ്ധമായ ചിലകാര്യങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് ഒന്നാംവിഭാഗം. രണ്ടാം വിഭാഗം നിർബന്ധ കാര്യങ്ങളെല്ലാം നിർവ്വഹിക്കുകയും നിഷിദ്ധ കാര്യങ്ങളെല്ലാം ഉപേക്ഷിക്കുകയും ചെയ്യുന്നവരാണ്. പക്ഷെ അവർ ഐഛികമായ പുണ്യകർമ്മങ്ങളുപേക്ഷിക്കുകയും തൃപ്തികരമല്ലാത്ത കാര്യങ്ങൾ പ്രവർത്തിക്കുകയും ചെയ്തേക്കും. മൂന്നാം വിഭാഗം നിർബന്ധമായും ഐഛികമായ പുണ്യകർമ്മങ്ങളെല്ലാം ചെയ്യുകയും നിഷിദ്ധവും തൃപ്തികരമല്ലാത്തതുമായ എല്ലാ കാര്യങ്ങളും ഉപേക്ഷിക്കുകയും ചെയ്യുന്നവരാണ്. മറ്റൊരു വചനം കാണുക:

﴿ وَمَنْ يُطِعِ اللَّهَ وَالرَّسُولَ فَأُولَئِكَ مَعَ الَّذِينَ أَنْعَمَ اللَّهُ عَلَيْهِمْ مِّنَ النَّبِيِّينَ وَالصِّدِّيقِينَ وَالشُّهَدَاءِ وَالصَّالِحِينَ وَحَسُنَ أُولَئِكَ رَفِيقًا﴾ (النساء:٦٩)

**ആർ അല്ലാഹുവിനെയും തിരുദൂതനെയും അനുസരിച്ചുവോ അവർ, അല്ലാഹു അനുഗ്രഹിച്ച പ്രവാചകന്മാർ, സിദ്ദീഖുകൾ, ശുഹദാഅ്, സ്വാലിഹുകൾ, എന്നിവരോടൊപ്പമാണ്. അവർ എത്രനല്ല കൂട്ടുകാരാണ്!** [വി.ഖു. 4:69]

ഈ വചപനത്തിൽ അല്ലാഹു തൻെറ ഔലിയാഇനെ വിശ്വാസത്തിലും അവനുമായുള്ള അടുപ്പത്തിലും അവർ തമ്മിലുള്ള അന്തരം പരിഗണിച്ചു നാലു വിഭാഗമായി തരംതിരിച്ചിരിക്കുന്നു. പക്ഷെ ആദ്യ വിഭാഗത്തെ (പ്രവാചകന്മാരെ) മറ്റുള്ളവരിൽ നിന്ന് വേർതിരിച്ചു മനസ്സിലാക്കാനായി, അവരെ സംബന്ധിച്ചു നബിമാർ എന്നുതന്നെ ഉപയോഗിച്ചു വരുന്നു എന്ന്മാത്രം.

## ഭയവും ദുഃഖവുമില്ലാത്തവർ

സത്യവിശ്വാസികൾക്കെല്ലാം ഐഹികജീവിതത്തിൽ ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ ഭയവും ദുഃഖവും അനുഭവപ്പെടുന്നു എന്നത് ഒരു വസ്തുതയാണ്. **ഭയംകൊണ്ടും വിശപ്പുകൊണ്ടും... നാം നിങ്ങളെ പരീക്ഷിക്കുക തന്നെ ചെയ്യും** [2:155] എന്നാണല്ലോ അല്ലാഹു പറഞ്ഞിരിക്കുന്നത്. എന്നിരിക്കെ അല്ലാഹുവിൻെറ ഔലിയാഇന് '**യാതൊന്നും ഭയപ്പെടാനില്ല, അവർ ദുഃഖിക്കുന്നവരുമല്ല**' എന്നു പറയുമ്പോൾ സത്യവിശ്വാസികളിൽ ഭയവും ദുഃഖവുമില്ലാത്ത ഒരുവിഭാഗവുമുണ്ട് എന്ന ധാരണയും ശരിയല്ല. കാരണം, വിശുദ്ധഖുർആനിൽ ഈ പ്രയോഗം പതിനാലു സ്ഥലങ്ങളിൽ വന്നിട്ടുണ്ട്. അതിൽ ഔലിയാഅ് എന്ന പദത്തിനു ശേഷം വന്നത് ഈ വചനത്തിൽ മാത്രമാണ്. ബാക്കി പതിമൂന്നു തവണയും ഒന്നുകിൽ ശാശ്വത രക്ഷക്കാധാരമായ സന്മാർഗ്ഗം പരാമർശിക്കപ്പെട്ട ശേഷമോ അല്ലെങ്കിൽ സൽകർമ്മങ്ങളുടെ പരാമർശത്തിനു ശേഷമോ ആണ് വന്നിട്ടുള്ളത്. ഉദാഹരണം കാണുക:

﴿ قُلْنَا اهْبِطُوا مِنْهَا جَمِيعًا فَإِمَّا يَأْتِيَنَّكُمْ مِنِّي هُدًى فَمَنْ تَبِعَ هُدَايَ فَلاَ خَوْفٌ عَلَيْهِمْ وَلاَهُمْ يَحْزَنُونَ ﴾ (البقرة:٣٨)

**നാം പറഞ്ഞു: നിങ്ങളെല്ലാവരും അതിൽ നിന്ന് ഇറങ്ങിപ്പോകുക. എന്നിട്ട് എൻെറ പക്കൽ നിന്നുള്ള വല്ലസന്മാർഗ്ഗവും നിങ്ങ**

**ൾക്കു വന്നുകിട്ടുകയും, എൻെറ സന്മാർഗ്ഗം പിൻപറ്റുകയും ചെയ്യുന്നവർക്ക് യാതൊന്നും ഭയപ്പെടാനില്ല, അവർ ദുഃഖിക്കു ന്നവരുമല്ല.** [വി.ഖു. 2:38]

﴿ يَا بَنِي آدَمَ إِمَّا يَأْتِيَنَّكُمْ رُسُلٌ مِّنْكُمْ يَقُصُّونَ عَلَيْكُمْ آيَاتِي فَمَنِ اتَّقَى وَأَصْلَحَ فَلاَ خَوْفٌ عَلَيْهِمْ وَلاَ هُمْ يَحْزَنُونَ ﴾ (الأعراف:٣٥)

**മനുഷ്യരെ, എൻെറ വചനങ്ങൾ നിങ്ങൾക്കു വിവരിച്ചു തരു ന്ന, നിങ്ങളിൽ നിന്നു തന്നെയുള്ള ദൂതന്മാർ നിങ്ങളുടെയടു ത്തു വരുമ്പോൾ ആർ ഭയഭക്തി കാണിക്കുകയും സൽകർമ്മ ങ്ങൾ ചെയ്യുകയും ചെയ്തുവോ അവർക്ക് യാതൊന്നും ഭയ പ്പെടാനില്ല, അവർ ദുഃഖിക്കുന്നതുമല്ല.** [വി.ഖു. 7:35]

അപ്പോൾ സത്യവിശ്വാസികളിൽ ഒരാളും ഭയപ്പെടുകയോ ദുഃഖി ക്കുകയോ ചെയ്യേണ്ടതില്ല. പക്ഷെ അങ്ങിനെയുള്ള ഒരവസ്ഥയുടെ സന്ദർഭം പരലോകത്തിൽ വെച്ചാണെന്ന് മാത്രമെയുള്ളൂ. ഈ വചന ത്തിൻെറ വിവരണത്തിൽ ത്വബ്രീ പറയുന്നത് കാണുക:

اَلاَ إِنَّ أَنْصَارَ اللَّهِ لاَ خَوْفٌ عَلَيْهِمْ فِي الآخِرَةِ مِنْ عِقَابِ اللَّهِ لأَنَّ اللَّهَ رَضِيَ عَنْهُمْ فَآمَنَهُمْ مِنْ عِقَابِهِ وَلاَهُمْ يَحْزَنُونَ عَلَى مَا فَاتَهُمْ مِنَ الدُّنْيَا

അറിയുക; അല്ലാഹുവിൻെറ സഹായികൾക്ക് പരലോകത്തു വെച്ച് തൻെറ ശിക്ഷയെ കുറിച്ച് തീരെ ഭയപ്പെട്ടേണ്ടതില്ല. കാരണം, അവ ൻ അവരെ സംബന്ധിച്ചു തൃപ്തിയടയുകയും അതുകൊണ്ട് ത ൻെറ ശിക്ഷയെ കുറിച്ച് അവൻ അവരെ നിർഭയരാക്കുകയും ചെയ് തിരിക്കുന്നു. ഇഹലോകത്തിൽ നിന്ന് തങ്ങൾക്ക് നഷ്ടപ്പെട്ടതിനെ സംബന്ധിച്ച് അവർ ദുഃഖിക്കുന്നവരുമല്ല.

അല്ലാഹു പറയുന്നത് നോക്കുക:

﴿ يَا عِبَادِ لَا خَوْفٌ عَلَيْكُمُ الْيَوْمَ وَلَا أَنْتُمْ تَحْزَنُونَ، الَّذِينَ آمَنُوا بِآيَاتِنَا وَكَانُوا مُسْلِمِينَ، ادْخُلُوا الْجَنَّةَ أَنْتُمْ وَأَزْوَاجُكُمْ تُحْبَرُونَ﴾ (الزحرف:٦٨-٧٠)

**നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയും മുസ്ലിംകളായി ത്തീരുകയും ചെയ്തിട്ടുള്ള എൻെറ അടിമകളേ, നിങ്ങൾക്ക് ഇന്ന് (അന്ത്യദിനത്തിൽ) യാതൊരു ഭയമോ ദുഃഖമോ ഉണ്ടാകേ**

**ണ്ടതില്ല. നിങ്ങളും നിങ്ങളുടെ ഇണകളും സന്തോഷഭരിതരായി സ്വർഗ്ഗത്തിൽ പ്രവേശിച്ചു കൊള്ളുക.** [വി.ഖു. 43:68-70]

അപ്പോൾ സത്യനിഷേധികളായ പിശാചിന്റെ ഔലിയാഅ് മഹ്ശറിൽ വെച്ച് അല്ലാഹുവിന്റെ കഠിന കഠോരമായ ശിക്ഷ ഭയപ്പെട്ടു കൊണ്ടിരിക്കുമ്പോൾ, സത്യവിശ്വാസികളായ അല്ലാഹുവിന്റെ ഔലിയാഅ് അങ്ങിനെ ഭയപ്പെടേണ്ടതില്ല. പ്രവാചകന്മാരുടെ മാർഗ്ഗദർശനം തള്ളിക്കളയുക വഴി അനുഗ്രഹ സമ്പൂർണ്ണമായ സ്വർഗ്ഗം തങ്ങൾക്കു വിനഷ്ടമായല്ലോ എന്ന് പിശാചിന്റെ ഔലിയാഅ് കഠിനമായി ദുഃഖിക്കുമ്പോൾ അല്ലാഹുവിന്റെ ഔലിയാഇന് അങ്ങിനെ യാതൊരു ദുഃഖത്തിനുമിടയില്ല. ഇതാണ് പ്രസ്തുത പ്രയോഗം കൊണ്ട് വിവക്ഷിക്കപ്പെടുന്നത്. ചുരുക്കത്തിൽ 'അല്ലാഹുവിന്റെ ഔലിയാഅ്' എന്ന പ്രയോഗം കൊണ്ട് ഖുർആനിൽ ഉദ്ദേശിക്കപ്പെടുന്നത് സത്യവിശ്വാസികൾ എന്നാണ്. അല്ലാതെ ചിലർ ധരിക്കുന്ന പോലെ സത്യവിശ്വാസികളിലുള്ള ഒരു പ്രത്യേക വിഭാഗമെന്നല്ല.

## അല്ലാഹു അല്ലാതെ വലിയ്യില്ല

വിലായത്ത് എന്ന പദത്തിന് തന്നെ രക്ഷാശിക്ഷകളുടെ അധികാരമെന്നർത്ഥമുണ്ട്. ഈ അധികാരത്തിന്റെ ബാഹ്യവശമാണ് ഭരണകർത്താക്കളിലും നിയമപാലന ഉദ്യോഗസ്ഥന്മാരിലും നാം സങ്കൽപിക്കുന്നത്. ഭൗതിക നിയമങ്ങളുടെയും കാര്യകാരണ ബന്ധങ്ങളുടെയും അടിസ്ഥാനത്തിലാണത്. എന്നാൽ ആന്തരികവും യഥാർത്ഥവുമായ രക്ഷാശിക്ഷകളുടെ അധികാരത്തിൽ മനുഷ്യർക്കും പ്രവേശനമോ പങ്കോ ഇല്ല. അങ്ങനെയുള്ള അധികാരം അല്ലാഹുവിന് മാത്രമെയുള്ളൂ. അതുകൊണ്ട് തന്നെ പ്രപഞ്ചത്തിൽ ഇലാഹും റബ്ബുമായി അല്ലാഹു മാത്രമേയുള്ളൂവെന്ന പോലെ രക്ഷാശിക്ഷകളുടെ അധികാരി, ഗുണദോഷങ്ങളുടെ അധിപൻ, യഥാർത്ഥമായ കൈകാര്യകർത്താവ്, സർവ്വരുടെയും രക്ഷകൻ എന്ന അർത്ഥത്തിലുള്ള وَلِـيٌّ (വലിയ്യ്) അവൻ മാത്രമേയുള്ളൂ. ഖുർആൻ പറയുന്നത് കാണുക:

﴿ أَلَمْ تَعْلَمْ أَنَّ اللَّهَ لَهُ مُلْكُ السَّمَوَاتِ وَالأَرْضِ وَمَا لَكُمْ مِّنْ دُونِ اللَّهِ مِنْ وَّلِيٍّ وَّلاَ نَصِيرٍ ﴾ (البقرة:١٠٧)

**ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം അല്ലാഹുവിനു മാത്രമാണ് എന്ന് നിനക്കറിഞ്ഞുകൂടേ? അല്ലാഹുവിനെ കൂടാതെ നിങ്ങൾക്ക് യാതൊരു വലിയ്യുമില്ല, ഒരു സഹായിയുമില്ല.** [വി.ഖു. 2:107]

﴿ إِنَّ اللَّهَ لَهُ مُلْكُ السَّمَوَاتِ وَالأَرْضِ يُحْيِي وَيُمِيتُ وَمَا لَكُمْ مِّنْ دُونِ اللَّهِ مِنْ وَّلِيٍّ وَّلاَ نَصِيرٍ ﴾ (التوبة:١١٦)

**നിശ്ചയമായും അല്ലാഹുവിന് മാത്രമാണ് ആകാശഭൂമികളുടെ ഭരണം. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അവനല്ലാതെ നിങ്ങൾക്ക് യാതൊരു വലിയ്യുമില്ല, സഹായിയുമില്ല.** [വി.ഖു. 9:116]

ഇവ്വിധത്തിൽ നിരവധി വചനങ്ങളിൽ അല്ലാഹു മാത്രമാണ് സർവ്വസൃഷ്ടികളുടെയും വലിയ്യെന്നും അവനല്ലാതെ ഒരാൾക്കും മറ്റൊരു വലിയ്യില്ലെന്നും ഖുർആൻ ഉറപ്പിച്ചും തറപ്പിച്ചും പ്രസ്താവിച്ചിരിക്കുന്നു. കാരണം, അവനാണ് അഖിലവസ്തുക്കളെയും സ്രഷ്ടിച്ചു സംരക്ഷിച്ചു പരിപാലിച്ചു വരുന്നത്. അവനാണ് സൃഷ്ടികൾക്കെല്ലാം അവരുടെ നിലനിൽപിന്നാവശ്യമായ അവയവങ്ങളും ഉപകരണങ്ങളും വിഭവങ്ങളും അവ ഉപയോഗപ്പെടുത്താനുള്ള കഴിവും നൽകി, അവരെ സദാ സഹായിച്ചു കൊണ്ടിരിക്കുന്നത്. അതുകൊണ്ട് സൃഷ്ടികളുടെ കഴിവിന്നതീതമായ കാര്യങ്ങൾ, കാര്യകാരണ ബന്ധങ്ങൾക്കുപരിയായുള്ള വിഷയങ്ങൾ അവനോട് മാത്രമേ അർത്ഥിക്കാൻ പാടുള്ളൂ. അഥവാ അത്തരം കാര്യങ്ങൾ അവൻെറ സൃഷ്ടികളോടർത്ഥിക്കുന്നത് അവരെ ഔലിയാആയി (രക്ഷാകർത്താക്കളായി) സ്വീകരിക്കലാണ്. അതാകട്ടെ ശിർക്കും കുഫ്റുമാണ്. വിശുദ്ധ ഖുർആൻ പറയുന്നു:

﴿ قُلْ أَغَيْرَ اللَّهِ أَتَّخِذُ وَلِيًّا فَاطِرَ السَّمَوَاتِ وَالأَرْضِ وَهُوَ يُطْعِمُ وَلاَ يُطْعَمُ قُلْ إِنِّي أُمِرْتُ أَنْ أَكُونَ أَوَّلَ مَنْ أَسْلَمَ وَلاَتَكُونَنّ مِنَ الْمُشْرِكِينَ﴾ (الأنعام:١٤)

**ചോദിക്കുക; ആകാശങ്ങളുടെയും ഭൂമിയുടെയും സ്രഷ്ടാവായ അല്ലാഹു അല്ലാത്തവരെ ഞാൻ വലിയ്യായി (രക്ഷകനായി) സ്വീകരിക്കുകയോ? അവനാകട്ടെ (എല്ലാവർക്കും) ഭക്ഷണം ന**

**ൽകുന്നു, അവന് (ആരാലും) ഭക്ഷണം നൽകപ്പെടുന്നില്ല. നിശ്ചയമായും മുസ്‌ലിമായവരിൽ ഒന്നാമനായിരിക്കുവാൻ ഞാൻ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു എന്ന് പ്രഖ്യാപിക്കുക. ഒരിക്കലും നീ ശിർക് ചെയ്യുന്നവരിൽ പെട്ടുപോകരുത്.** [വി.ഖു. 6:14]

﴿ أَمِ اتَّخَذُوا مِنْ دُونِهِ أَوْلِيَآءَ فَاللَّهُ هُوَ الْوَلِيُّ وَهُوَ يُحْيِي الْمَوْتَى وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ ﴾ (الشورى:٩)

**അല്ല, അവർ അവനെ കൂടാതെ മറ്റു ഔലിയാഇനെ (രക്ഷകരെ) സ്വീകരിച്ചിരിക്കുകയാണോ? എന്നാൽ (യഥാർത്ഥത്തിൽ) അല്ലാഹു മാത്രമാണ് വലിയ്യ്. അവൻ മരിച്ചവരെ ജീവിപ്പിക്കുന്നു. അവൻ സർവ്വകാര്യങ്ങൾക്കും കഴിവുള്ളവനാണ്.** [വി.ഖു. 42:9]

﴿ وَأَنْذِرْ بِهِ الَّذِينَ يَخَافُونَ أَنْ يُحْشَرُوا إِلَى رَبِّهِمْ لَيْسَ لَهُمْ مِّنْ دُونِهِ وَلِيٌّ وَّلَا شَفِيعٌ لَّعَلَّهُمْ يَتَّقُونَ ﴾ (الأنعام:٥١)

**തങ്ങളുടെ രക്ഷിതാവിങ്കലേക്ക് ഒരുമിച്ചു കൂട്ടപ്പെടുമെന്ന് ഭയപ്പെടുന്നവർക്ക് ഈ ഖുർആൻ മുഖേന മുന്നറിയിപ്പു നൽകുക. (അന്ന്) അവർക്ക് അവനെ കൂടാതെ യാതൊരു വലിയ്യും ഒരു ശുപാർശകനും ഉണ്ടായിരിക്കുന്നതല്ല. (മുന്നറിയിപ്പു കൊണ്ട്) അവർ ഭയഭക്തിയുള്ളവരായിരിക്കാൻ വേണ്ടി.**[വി.ഖു. 6:51]

ഈ വചനങ്ങളിലെല്ലാം ഇഹലോകത്തും പരലോകത്തും രക്ഷാശിക്ഷകളുടെ ഉടമസ്ഥൻ അല്ലാഹു മാത്രമാണെന്നും അവനല്ലാതെ ഒരാൾക്കും യാതൊരു വലിയ്യുമില്ലെന്നും പരിശുദ്ധ ഖുർആൻ വ്യക്തമാക്കിയിരിക്കുന്നു. ഇതാണ് ഈ വിഷയത്തിൽ വിണ്ണിൽ നിന്ന് മണ്ണിലേക്ക് അവതരിച്ച പരമാർത്ഥം. അതുകൊണ്ട്

﴿ اتَّبِعُوا مَا أُنْزِلَ إِلَيْكُمْ مِنْ رَبِّكُمْ وَلَا تَتَّبِعُوا مِنْ دُونِهِ أَوْلِيَاءَ قَلِيلًا مَا تَذَكَّرُونَ﴾ (الأعراف:٣)

**നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് നിങ്ങൾക്കവതരിപ്പിക്കപ്പെട്ടത് (ഖുർആൻ) നിങ്ങൾ പിൻപറ്റുക. അവനെ കൂടാതെ ചില ഔലിയാഇനെ നിങ്ങൾ പിൻപറ്റരുത്. വളരെ കുറച്ചേ നിങ്ങൾ ചിന്തിക്കുന്നുള്ളൂ.** [വി.ഖു. 7:3]

ഈ പരമാർത്ഥത്തിനു വിപരീതമായുള്ള പ്രവണതകളെല്ലാം ദുർ മാർഗ്ഗവും അല്ലാഹുവിന് പകരം പിശാചിനെ വലിയ്യായി സ്വീകരിക്ക ലും മാത്രമാണ്. അല്ലാഹു പറയുന്നത് നോക്കുക:

﴿ تَاللَّهِ لَقَدْ أَرْسَلْنَا إِلَى أُمَمٍ مِّنْ قَبْلِكَ فَزَيَّنَ لَهُمُ الشَّيْطَانُ أَعْمَالَهُمْ فَهُوَ وَلِيُّهُمُ الْيَوْمَ وَلَهُمْ عَذَابٌ أَلِيمٌ ﴾ (النحل:٦٣)

**അല്ലാഹു തന്നെയാണ് സത്യം, നിൻെറ മുമ്പുള്ള സമുദായങ്ങ ളിലേക്ക് നിശ്ചയമായും നാം (പ്രവാചകന്മാരെ) നിയോഗിച്ചു. എന്നാൽ പിശാച് അവർക്ക് അവരുടെ (ദുഷ്) ചെയ്തികൾ ഭം ഗിയായി ചിത്രീകരിച്ചു കൊടുത്തു. ഇപ്പോൾ അവനാണ് അവ രുടെ വലിയ്യ്. അവർക്ക് വേദനാജനകമായ ശിക്ഷയുണ്ട്.** [വി. ഖു. 16:63]

﴿....وَمَنْ يَتَّخِذِ الشَّيْطَانَ وَلِيًّا مِّنْ دُونِ اللَّهِ فَقَدْ خَسِرَ خُسْرَانًا مُّبِينًا﴾ (النساء:١١٩)

**വല്ലവനും അല്ലാഹുവിനെ വിട്ടു പിശാചിനെ വലിയ്യായി സ്വീക രിക്കുന്നുവെങ്കിൽ വ്യക്തമായ നഷ്ടത്തിലാണവർ പെട്ടുപോ യിരിക്കുന്നത്.** [വി.ഖു. 4:119]

## പരസ്പരമുള്ള വിലായത്ത്

അല്ലാഹു പറയുന്നു:

﴿وَالْمُؤْمِنُونَ وَالْمُؤْمِنَاتُ بَعْضُهُمْ أَوْلِيَاءُ بَعْضٍ يَأْمُرُونَ بِالْمَعْرُوفِ وَيَنْهَوْنَ عَنِ الْمُنْكَرِ ...﴾ (التوبة:٧١)

**സത്യവിശ്വാസികളും സത്യവിശ്വാസിനികളും പരസ്പരം ഔലി യാആണ് (മിത്രങ്ങളാണ്). അവർ (അന്യോന്യം) നന്മ കൽപി ക്കുകയും തിന്മവിരോധിക്കുകയും ചെയ്യുന്നു.** [വി.ഖു. 9:71]

ഈ പ്രയോഗം കൊണ്ട് വിവക്ഷിക്കപ്പെടുന്നത്, ഭൂമുഖത്ത് സത്യ ദീനിൻെറ വക്താക്കളും അല്ലാഹുവിൻെറ പാർട്ടിയുമായ സത്യവി ശ്വാസികൾ എല്ലാകാര്യങ്ങളിലും മതനിഷ്ഠയോടെ അന്യോന്യം സ ഹായിച്ചും സഹകരിച്ചും ഏകോദര സഹോദരന്മാരെന്ന നിലയിൽ

നിലകൊള്ളുമെന്നാണ്. ഒരു സത്യവിശ്വാസി മറ്റൊരു സത്യവിശ്വാസിയുടെ വലിയ്യാണെന്ന് പറയുന്നതു കൊണ്ട് ഇതിലുപരിയായ ഒരർത്ഥം ഉദ്ദേശിക്കപ്പെട്ടിട്ടില്ല തന്നെ. ഇപ്രകാരം സത്യനിഷേധികൾ അന്യോന്യം ഔലിയാഅ് ആണെന്നും ഖുർആൻ പ്രസ്താവിച്ചിട്ടുണ്ട്.

﴿ وَالَّذِينَ كَفَرُوا بَعْضُهُمْ أَوْلِيَاءُ بَعْضٍ .... ﴾ (الأنفال:٧٣)

**സത്യനിഷേധികളാകട്ടെ, അവരന്യോന്യം ഔലിയാഅ് ആണ്** ... [വി.ഖു. 8:73]

സത്യനിഷേധം ഒരാദർശമായി സ്വീകരിച്ചു കൊണ്ട്, സത്യത്തെ എതിർക്കുന്ന വിഷയത്തിൽ അവരന്യോന്യം സഹായിക്കുകയും സഹകരിക്കുകയും ചെയ്യുന്നു.

## സംഗ്രഹം

ചുരുക്കത്തിൽ വലിയ്യ, ഔലിയാഅ് എന്നീ പദങ്ങളുടേതായി വിശുദ്ധ ഖുർആനിൽ വന്നിട്ടുള്ള പ്രയോഗങ്ങൾ ഇവ്വിധത്തിൽ സംഗ്രഹിക്കാം.

1-അല്ലാഹു മാത്രമാണ് വലിയ്യ്. അവനല്ലാതെ മറ്റു യാതൊരു വലിയ്യുമില്ല. [വി.ഖു. 42:9, 32:4]
2-അല്ലാഹു സത്യവിശ്വാസികളുടെ വലിയ്യാണ്. [വി.ഖു. 2:257]
3-സത്യവിശ്വാസികൾ അല്ലാഹുവിൻെറ ഔലിയാഅ് ആണ്. [വി.ഖു. 10:62]
4-സത്യവിശ്വാസികൾ പരസ്പരം ഔലിയാഅ് ആണ്. [വി.ഖു. 9:71]
5-പിശാച് സത്യനിഷേധികളുടെ വലിയ്യാണ്. [വി.ഖു. 16:63]
6-സത്യനിഷേധികൾ പിശാചിൻെറ ഔലിയാഅ്ആണ്. [വി.ഖു. 4:76]
7-സത്യനിഷേധികൾ പരസ്പരം ഔലിയാഅ്ആണ്. [വി.ഖു. 8:73].

ഈ പ്രയോഗങ്ങളിൽ നിന്ന് ഗ്രാഹ്യമാകുന്ന സത്യമിതാണ്. സൗഭാഗ്യങ്ങളും ദുരിതങ്ങളിൽ നിന്ന് രക്ഷയും നൽകുന്ന കൈകാര്യ കർത്താവ് പ്രപഞ്ചത്തിൽ അല്ലാഹു മാത്രമാണ്. ഈ വസ്തുത അംഗീകരിച്ചു വിശ്വസിക്കുന്ന സത്യവിശ്വാസികളുടെ നേരെ അവൻെറ പ്രത്യേക കരുണാ കടാക്ഷമുണ്ടായിരിക്കുന്നതാണ്. കാരണം, അവരാണ് ഭൂമുഖത്ത് അവന് പ്രിയപ്പെട്ടവർ. ഈ സത്യം പ്രചരിപ്പിക്കുന്നതിൽ അവർ അന്യോന്യം സഹായികളായിരിക്കും. ഇതാണ് അല്ലാ

ഹുവിൻെറ പ്രവാചകന്മാർ പ്രബോധനം ചെയ്തിട്ടുള്ള സത്യവിശ്വാസം. ഇതിനു വിപരീതമായി, വല്ലവനും സൃഷ്ടികളുടെ കഴിവിന്നതീതമായ, ഒരു സൗഭാഗ്യ ലബ്ധിക്കോ ദുരിതനിവാരണത്തിനോ സൃഷ്ടികളെ സമീപിച്ചാൽ, അവൻ അറിഞ്ഞോ അറിയാതെയോ പ്രവാചകന്മാരുടെ ശത്രുവായ പിശാചിനെ വലിയ്യാക്കുകയാണ് ചെയ്യുന്നത്. തന്നിമിത്തം അത്തരക്കാർ പിശാചിൻെറ കൂട്ടുകാരും ദുർമാർഗ്ഗ പ്രചരണത്തിൽ അന്യോന്യം സഹായികളുമായിത്തിരുന്നു. അതുകൊണ്ട് അല്ലാഹുവിനെ മാത്രം വലിയ്യായി സ്വീകരിക്കുന്ന അവൻെറ ഔലിയാഇൽ, അവൻ നാമെല്ലാവരെയും ഉൾപ്പെടുത്തുമാറാകട്ടെ. آمين

# കറാമത്ത്

കറാമത്ത് എന്ന പദത്തിന് ഭാഷയിൽ ആദരവ്, ബഹുമാനം എന്നീ അർത്ഥങ്ങളാണുള്ളത്. ഏതെങ്കിലും ഒരു സത്യവിശ്വാസി മുഖേന അല്ലാഹു വെളിപ്പെടുത്തുന്ന അത്ഭുത സംഭവത്തിനാണ് സാങ്കേതികഭാഷയിൽ കറാമത്ത് എന്ന് പറയപ്പെടുന്നത്. അങ്ങനെ ഒരു അത്ഭുത സംഭവം വെളിപ്പെടുത്തുക വഴി അല്ലാഹു ആ സത്യവിശ്വാസിയെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു എന്ന പരിഗണനയിലാണ് ഇങ്ങനെയുള്ള അത്ഭുത സംഭവത്തിന് കറാമത്ത് എന്ന പേർ പ്രചാരത്തിൽ വന്നത്. ഒരു സത്യവിശ്വാസി മുഖേന അല്ലാഹു ഒരു അത്ഭുത സംഭവം വെളിപ്പെടുത്തൽ സംഭവ്യമാണ് എന്നാണ് ഇസ്ലാമിക വിശ്വാസം. അതായത് സർവ്വശക്തനായ അല്ലാഹു അവൻെറ ഏതെങ്കിലും ഒരടിമ മുഖേന വല്ല സന്ദർഭത്തിലും ഒരസാധാരണ സംഭവം വെളിപ്പെടുത്താനുള്ള സാധ്യത നിഷേധിക്കാവതല്ല. ഖുർആനിലും ഹദീഥിലും വസ്തുനിഷ്ഠമായ ചരിത്ര സംഭവങ്ങളിലും അങ്ങനെ സംഭവിച്ചതിന് തെളിവുകളുണ്ട്. ഖുർആനിൽ സൂറത്തുൽ കഹ്ഫിൽ പ്രസ്താവിക്കപ്പെട്ട ഗുഹാവാസികളുടെ സംഭവം ഇതിന് ഉദാഹരണമാണ്. ബഹുദൈവാരാധനക്കും ശിർക്കിനുമെതിരെ പോരാടിയതിൻെറ ഫലമായി, സ്വന്തംനാട്ടിൽ ഇരിക്കപ്പൊറുതിയില്ലാതെ വന്ന ഒരുപിടി യുവാക്കൾ, സർവ്വസ്വവും ത്യജിച്ചു തങ്ങളുടെ തൗഹീദ് സംരക്ഷിക്കാനായി ഒരു ഗുഹയിൽ അഭയം പ്രാപിച്ചു. മൂന്നു നൂറ്റാണ്ടു കാലം അല്ലാഹു അവരെ അവിടെ ഉറക്കിക്കിടത്തുകയും പിന്നീട് അവൻ അവരെ എഴുന്നേൽപിക്കുകയും ചെയ്തു.

നബി ﷺയുടെ രണ്ട് അനുയായികളായ ഉസൈദ് (أَسَيْدُ بْنُ حُضَيْرٍ), അബ്ബാദ് (عَبَّادُ بْـنُ بِشْـرٍ) (റ) എന്നിവരെ സംബന്ധിച്ച് ഉദ്ധരിക്കപ്പെടുന്ന ഒരു സംഭവം കാണുക:

**عن أنس أن رجلين من أصحاب النبي خرجا من عند النبي في ليلة مظلمة، ومعهما مثل المصباحين يُضِيئَانِ بين أيديهما، فلما افترقا صار مع كل واحد منهما واحد، حتى أتى أهله.** (البخاري:٤٦٥)

**അനസ് ﷺ പറയുന്നു: നബി ﷺ യുടെ രണ്ട് അനുയായികൾ ഒരു ഇരുളടഞ്ഞ രാത്രി അദ്ദേഹത്തിൻെറ അടുത്തു നിന്ന് പുറപ്പെട്ടപ്പോൾ, അവരുടെ മുന്നിൽ രണ്ടു വിളക്കുകൾ പോലെയുള്ള പ്രകാശം കാണപ്പെട്ടു. അങ്ങനെ ഇരുവരും വേർപിരിഞ്ഞപ്പോൾ ഓരോ പ്രകാശവും ഓരോരുത്തരുടെ കൂടെയായി. അവർ വീട്ടിലെത്തുന്നതു വരെ.** [ബുഖാരി: 465]

## മരണ ശേഷം

സത്യവിശ്വാസികളുടെ നേരെയുള്ള അല്ലാഹുവിൻെറ ആദരവ് അവരുടെ മരണത്തോടെ അവസാനിക്കുന്നില്ലല്ലോ. അതുകൊണ്ട് ഒരു സത്യവിശ്വാസിയുടെ ജീവിതകാലത്ത് അദ്ദേഹത്തെ ആദരിച്ചു കൊണ്ട് വല്ല അത്ഭുത സംഭവവും അല്ലാഹു വെളിപ്പെടുത്താനുള്ള ഈ സാദ്ധ്യത അദ്ദേഹത്തിൻെറ മരണത്തോടു കൂടി അവസാനിക്കുന്നില്ല എന്നാണ് ഭൂരിപക്ഷാഭിപ്രായം. ഇമാം ബുഖാരീ ഉദ്ധരിച്ച ഒരു സംഭവം നോക്കുക:

ഒരു ചാരസംഘത്തിൻെറ നേതാവായി, നബി ﷺ നിയോഗിച്ചയച്ച ആസിം ﷺ ശത്രുക്കളാൽ വധിക്കപ്പെടുകയുണ്ടായി. അദ്ദേഹം ഒരു ഖുറൈശി നേതാവിനെ വധിച്ചിട്ടുണ്ടായിരുന്നു. അതുകൊണ്ട് ആസിം തന്നെയാണോ വധിക്കപ്പെട്ടതെന്ന് ഉറപ്പു വരുത്താനായി തൻെറ ശരീരത്തിൽ നിന്ന് ഒരു ഭാഗം മുറിച്ചു കൊണ്ടുവരുവാൻ ഖുറൈശികൾ ആളുകളെ അയച്ചു. ഈ അവസരത്തിൽ അദ്ദേഹത്തിൻെറ ജഡം സംരക്ഷിക്കുന്നതിനു വേണ്ടി അല്ലാഹു ഒരു തേനീച്ചക്കൂട്ടത്തെ നിയോഗിച്ചു. അതു കാരണം ഖുറൈശി ദൂതന്മാർക്ക് അദ്ദേഹത്തിൻെറ ജഡത്തിൽ നിന്ന് യാതൊന്നും മുറിച്ചെടുക്കാൻ കഴിഞ്ഞില്ല.

ആസിം ﷺ വിൻെറ മരണശേഷം അല്ലാഹു അദ്ദേഹത്തെ ആദരിച്ചു കൊണ്ട് പ്രകടമാക്കിയ ഒരു കറാമത്തായിട്ടാണ് ഈ സംഭവം വ്യാഖ്യാനിക്കപ്പെടേണ്ടത്. അപ്പോൾ ഒരു സത്യവിശ്വാസിയുടെ മരണശേഷവും അദ്ദേഹത്തോട് ബന്ധപ്പെട്ട ഏതെങ്കിലും ഒരു വിഷയത്തിൽ അല്ലാഹുവിൻെറ ഒരു ആദരവ് പ്രകടമാകാനുള്ള സാധ്യത തള്ളിക്കളയാവതല്ല.

# സത്യവിശ്വാസികൾക്ക്

ഔലിയാഅ് എന്ന പദം സത്യവിശ്വാസികളെ ആകമാനം ഉൾപെടുത്തുന്ന ഒരു പ്രയോഗമാണെന്ന് പറഞ്ഞുവല്ലോ. അതുകൊണ്ട് ഔലിയാഇനെല്ലാം കറാമത്തുണ്ടാകണമെന്നോ കറാമത്തുണ്ടായാലേ ഒരാൾ വലിയ്യാകുകയുള്ളുവെന്നോ ഉള്ള ധാരണകളൊന്നും ശരിയല്ല. മർയം (റ) യുടെ വളർത്തു പിതാവ് അവരുടെ അരികിൽ കടന്നു ചെന്നപ്പോഴെല്ലാം അവരുടെ അടുത്ത് ഭക്ഷണം കണ്ടു എന്നത് ഖുർആനിൽ എടുത്തു പറയുന്ന സംഭവം അല്ലാഹു അവരെ ആദരിച്ചു കൊണ്ട് വെളിപ്പെടുത്തിയ ഒരു കറാമത്താണല്ലോ. അവരെ സംബന്ധിച്ചു ഖുർആൻ വിശേഷിപ്പിച്ചത് صِدِّيقَةٌ എന്നാണ്. [വി.ഖു. 5:75]

മൂസാ-ഖിള്ർ عليهما السلام മിൻെറ കഥാവിവരണത്തിൽ ഖിള്ർ അനാഥകളുടെ ഒരു മതിൽ റിപ്പയർ ചെയ്ത സംഭവം വിവരിക്കുകയുണ്ടായി. അതിന്ന് ഖിള്ർ നൽകിയ വിശദീകരണം; അവരുടെ പിതാവ് ഒരു നല്ല മനുഷ്യനായിരുന്നു എന്നാണ്. അപ്പോൾ ഈ സംഭവം അദ്ദേഹത്തിൻെറ മരണശേഷം അദ്ദേഹത്തെ ആദരിച്ചു കൊണ്ട് അല്ലാഹു വെളിപ്പെടുത്തിയ ഒരു കറാമത്തായി വ്യാഖ്യാനിക്കപ്പെടാവുന്നതാണ്. അദ്ദേഹത്തെ സംബന്ധിച്ചു ഖുർആൻ വിശേഷിപ്പിച്ചത് صَالِحٌ (നല്ലമനുഷ്യൻ) എന്നാണ്. [വി.ഖു. 18:13].

അതെ, സത്യവിശ്വാസികളെ അവരുടെ പദവിയനുസരിച്ച് തിരിക്കുമ്പോൾ രണ്ടാമത്തെയും നാലാമത്തെയും വിഭാഗങ്ങളിൽ പെട്ടവർ ദീർഘകാലം ഉറങ്ങിക്കിടക്കുക എന്ന കറാമത്ത് പ്രകടമായ ഗുഹാവാസികളെ സംബന്ധിച്ചു ഖുർആൻ ഉപയോഗിച്ച വാക്ക് [വി.ഖു. 18:13] آمَنُوا بِرَبِّهِمْ [തങ്ങളുടെ നാഥനിൽ വിശ്വസിച്ചവർ] അതെ, മുഅ്മിനൂന എന്നാണ്. അപ്പോൾ സത്യവിശ്വാസികളിൽ ഒരു പ്രത്യേക വി

ഭാഗമാണ് ഔലിയാഅ് എന്നും ആ വിഭാഗം മുഖേന മാത്രമേ കറാമ ത്ത് പ്രകടമാകുകയുള്ളുവെന്നുമുള്ള ധാരണ തെറ്റാണ്.

## മുഅ്ജിസതും കറാമതും

ഒരു പ്രവാചകൻ മുഖേന പ്രകടമാകുന്ന ഒരത്ഭുത സംഭവത്തെ സംബന്ധിച്ചു അത് അല്ലാഹുവിങ്കൽ നിന്നുള്ള മുഅ്ജിസത്താണ് എന്ന് അദ്ദേഹത്തിനു ബോധ്യമാകുകയും അദ്ദേഹമത് തുറന്നു പറയുകയും ചെയ്യേണ്ടത് അനിവാര്യമാണ്. കാരണം, തദടിസ്ഥാനത്തിലാണ് അദ്ദേഹം ജനങ്ങളെ സത്യദീനിലേക്ക് ക്ഷണിക്കേണ്ടത്.

എന്നാൽ ഒരുസത്യവിശ്വാസി മുഖേന വെളിപ്പെടുന്ന ഒരത്ഭുത സംഭവം അദ്ദേഹം മറ്റൊരാളെ അറിയിക്കേണ്ടതില്ല. മാത്രമല്ല, തനിക്കനുഭവപ്പെട്ട കാര്യം തന്നെ ആദരിച്ചു കൊണ്ട് അല്ലാഹു വെളിപ്പെടുത്തിയ കറാമത്താണോ അതോ തന്നെ പരീക്ഷിക്കാനായി അവനിറക്കിയ ഫിത്നയാണോ എന്ന് വിവേചിച്ചു ഗ്രഹിക്കാൻ തന്നെ പലപ്പോഴും അദ്ദേഹത്തിനോ മറ്റുള്ളവർക്കോ കഴിഞ്ഞെന്നു വരില്ല. ഒരു നല്ലമനുഷ്യന് അവിചാരിതമായി ഒരു സാമ്പത്തിക നേട്ടം കൈവന്നു എന്ന് വിചാരിക്കുക. തന്റെ സൽകർമ്മങ്ങളെ ആദരിച്ചു കൊണ്ട് അല്ലാഹു തനിക്കു നൽകിയ ഒരു സമ്മാനമാണോ അത്, അതോ സമ്പത്ത് ലഭിക്കുമ്പോൾ തന്റെ നിലപാട് മാറുന്നുണ്ടോ എന്ന് പരിശോധിക്കാനായി അവൻ ഏർപ്പെടുത്തിയ ഒരു പരീക്ഷണമാണോ അത് എന്ന് വ്യക്തമായി മനസ്സിലാക്കാൻ അദ്ദേഹത്തിനു കഴിയുകയില്ല.

അതിനും പുറമെ ഒരേ സ്വഭാവത്തിലുള്ള സംഭവങ്ങൾ തന്നെ സജ്ജനങ്ങൾക്ക് ആദരവായും ദുർജനങ്ങൾക്ക് പരിക്ഷണമായും ഈ ലോകത്ത് പ്രകടമായിക്കൊണ്ടിരിക്കുന്നു എന്നത് ഒരു പരമാർത്ഥമാണ്. ഉദാഹരണമായി: അസത്യജടിലമായ ആരോപണങ്ങൾ ഉന്നയിച്ചു കൊണ്ട് ഒരു സത്യവിശ്വാസിയെ കുരുക്കിലകപ്പെടുത്തുവാൻ അദ്ദേഹത്തിന്റെ ശത്രുക്കൾ കൊണ്ടുപിടിച്ചു ശ്രമം നടത്തുന്നു. തൽഫലമായി പലവിധത്തിലുള്ള ചാർജ്ജുകളിൽ പെട്ട് അദ്ദേഹം വലയുന്നു. ഈയവസരത്തിൽ അദ്ദേഹം മനംനൊന്ത് അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പ്രാർത്ഥന സ്വീകരിച്ച്,

എല്ലാ കുടുക്കുകളിൽ നിന്നും അത്ഭുതകരമായി അദ്ദേഹത്തെ രക്ഷിക്കുന്നു. അവിടെ തന്നെ ഒരുവലിയ റൗഡി ധാരാളം ക്രിമിനൽ കുറ്റങ്ങൾ ചെയ്തു, അതിനനുസരിച്ചുള്ള ചാർജ്ജുകളും വന്നു. പക്ഷെ അവസാനം അവനും എല്ലാ കേസുകളിൽ നിന്നും രക്ഷപ്പെടുന്നു. ഇവിടെ ആദ്യത്തേത് അല്ലാഹു അവന്റെ വലിയ്യിന് നൽകിയ ഒരാദരവാണ് (കറാമത്താണ്). രണ്ടാമത്തേത് ഇനിയും കുറ്റങ്ങൾ ചെയ്യാനുള്ള സന്ദർഭം നൽകിക്കൊണ്ട് കുറ്റവാളിക്ക് അല്ലാഹു ഏർപ്പെടുത്തിയ ഒരു പരീക്ഷണവുമാണ്. പക്ഷെ, സാധാരണക്കാർ ഈ രണ്ടു സംഭവങ്ങളെയും ഒരേവിധത്തിൽ വിലയിരുത്തുന്നു. ഹേഫിദ് ഇബ്നുഹെജർ (റ) (الحافظ ابن حجر العسقلاني) വിന്റെ ഒരു ഉദ്ധരണി കാണുക:

**وَقَالَ أَبُوبَكَرِ بْنُ فَوْرَكٍ : اَلأَنْبِيَاءُ مَأْمُورُونَ بِإِظْهَارِهَا وَالْوَلِيُّ يَجِبُ عَلَيْهِ إِخْفَاؤُهَا وَالنَّبِيُّ يَدَّعِي ذَلِكَ بِمَا يَطْلَعُ بِهِ بِخِلاَفِ الْوَلِيِّ، فَإِنَّهُ لاَ يَأْمَنُ الاِسْتِدْرَاجَ** (فتح الباري جزء ١٣ صفحة ٣١)

അബൂബകറുബ്നു ഫൗറക് പ്രസ്താവിച്ചിരിക്കുന്നു: പ്രവാചകന്മാർ അത് (മുഅ്ജിസത്) വെളിപ്പെടുത്താൻ ആജ്ഞാപിക്കപ്പെട്ടവരാണ്. വലിയ്യാകട്ടെ അത് (കറാമത്ത്) മറച്ചു വക്കൽ അദ്ദേഹത്തിന് നിർബന്ധമാണ്. താൻ മുഖേന വെളിപ്പെടുന്ന കാര്യം മുഅ്ജിസതാണെന്ന് പ്രവാചകൻ വാദിക്കുകയും ചെയ്യേണ്ടതുണ്ട്. വലിയ്യിന്റെ സ്ഥിതി അങ്ങിനെയല്ല. അദ്ദേഹം പരീക്ഷണ വിധേയനാകുന്നതിൽ നിന്ന് നിർഭയനല്ലല്ലോ. [ഫത്ഹുൽബാരി]

## സ്വാധീനത്തിനു പങ്കില്ല

മുഅ്ജിസത് വെളിപ്പെടുത്തുന്നതിൽ പ്രവാചകന്മാരുടെ കഴിവിനോ സ്വാതന്ത്ര്യത്തിനോ യാതൊരു സ്വാധീനവുമില്ലെന്ന് നാം ഗ്രഹിച്ചുവല്ലോ. അപ്രകാരം തന്നെ കറാമത് വെളിപ്പെടുത്തുന്നതിൽ സത്യവിശ്വാസിയുടെ ഇംഗിതത്തിനോ കഴിവിനോ യാതൊരു സ്വാധീനവുമില്ല എന്ന് നാം പ്രത്യേകം ഗ്രഹിച്ചിരിക്കേണ്ടതാണ്. അല്ലാഹു ഇച്ഛിക്കുന്ന കറാമത്ത് അവൻ ആഗ്രഹിക്കുന്ന സമയത്ത് വെളിപ്പെടുത്തിക്കൊണ്ട് അവനുദ്ദേശിക്കുന്ന സത്യവിശ്വാസിയെ അവനാദരിക്കുന്നു എന്നുമാത്രം. പലപ്പോഴും ആ സത്യവിശ്വാസി ആ സംഭവം തന്നെ അറിയേണമെന്നില്ല. ഗുഹാവാസികളുടെ സ്ഥിതി തന്നെ നോക്കുക. മുന്നൂറ് വർഷത്തെ ഉറക്കത്തിനു ശേഷം അവർ എഴുന്നേറ്റ്

'നാം എത്രസമയമാണ് ഉറങ്ങിക്കിടന്നിട്ടുണ്ടാകുക' എന്ന് അന്യോന്യം ചോദിക്കുന്നു. 'നാം ഒരുദിവസം അല്ലെങ്കിൽ ഒരുദിവസത്തിൽ കുറെസമയം ഉറങ്ങിക്കിടന്നിട്ടുണ്ടാകു'മെന്ന് അവർ തന്നെ മറുപടി പറയുന്നു [വി.ഖു. 18:19]. പിന്നീടവർ തങ്ങളുടെ കൈവശമുള്ള പഴയനാണയങ്ങളുമായി ഒരാളെ ഭക്ഷണം കൊണ്ടുവരുവാനായി പട്ടണത്തിലേക്കയക്കുന്നു. 'എന്നാൽ അയാൾ കരുതലോടെ പെരുമാറേണ്ടതാണ്, നമ്മെപറ്റി ഒരാളും അറിയാൻ ഇടവരരുത്, അവർക്കെങ്ങാനും നമ്മെ പിടികിട്ടിയാൽ നിശ്ചയമായും അവർ നമ്മെ എറിഞ്ഞുകൊല്ലും, അല്ലെങ്കിൽ അവർ നമ്മെ അവരുടെ മതത്തിലേക്കു തിരിച്ചു കൊണ്ടുപോകും, എന്നാൽ പിന്നെ ഒരിക്കലും നാം വിജയം വരിക്കുകയില്ല. [വി.ഖു. 18:19,20] എന്നാണ് ഭക്ഷണത്തിനുപോകുന്നവനെ അവർ ഉപദേശിക്കുന്നത്. യാഥാർത്ഥ്യമോ, അവിടെ രാജാവും പ്രജകളും മതവുമെല്ലാം മാറിയിരിക്കുന്നു. തങ്ങളെ എറിഞ്ഞു കൊല്ലാൻ നടന്നിരുന്നവർക്കു പകരം ഇരുകൈകളും നീട്ടി തങ്ങളെ സ്വീകരിക്കാൻ തയ്യാറുള്ളവരാണ് അന്നുള്ളത്.

ചുരുക്കത്തിൽ അല്ലാഹുവിൻെറ യുക്തിക്കനുസരിച്ചു, തൻെറ ഒരുദാസനെ സഹായിക്കാനും ആദരിക്കാനുമായി, അവൻ ആ ദാസൻ മുഖേന ഒരു അസാധാരണ സംഭവം വെളിപ്പെടുത്തുക എന്നത് സംഭവ്യമാണ്. പക്ഷെ, ആ ദാസൻെറ കഴിവിനോ സ്വാതന്ത്ര്യത്തിനോ അതിൽ യാതൊരു പങ്കുമില്ല. ഒരു മേജിക്കുകാരൻ തൻെറ മേജിക്കു കല പ്രകടിപ്പിക്കുന്ന പോലെ ഒരുസത്യവിശ്വാസിക്ക് താനിഷ്ടപ്പെടുമ്പോൾ കറാമത്ത് പ്രകടിപ്പിക്കുവാൻ കഴിയുകയില്ല. ഈ വിവരണത്തിൽ നിന്ന് വിലായത്-കറാമത്തിലെ പ്രശ്നം വളരെ ലളിതമാണെന്നും അപകടരഹിതമാണെന്നും ഗ്രഹിക്കാവുന്നതാണ്. ഒരുസത്യവിശ്വാസിക്ക് ഒരു കറാമത്ത് വെളിപ്പെടുകയോ, അങ്ങിനെയല്ലാത്തവന് കറാമത്ത് വെളിപ്പെട്ടതായി പ്രചരണം നടക്കുകയോ ചെയ്താൽ മറ്റുള്ളവർ അതിൻെറ പേരിൽ അയാളുടെ പിന്നിൽ കൂടുന്ന പ്രശ്നമേയില്ല എന്ന് മനസ്സിലാക്കാവുന്നതുമാണ്.

## വ്യതിയാനം

എന്നാൽ മുസ്ലിംകളിൽ അള്ളിപ്പിടിച്ചിരിക്കുന്ന അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും തൊണ്ണൂറു ശതമാനത്തിൻെറയും മൂലകാരണം വിലായത്ത്-കറാമത്ത് എന്നീ പദങ്ങളെ സംബന്

ധിച്ചുള്ള തെറ്റിദ്ധാരണകളാണ് എന്നത് ഒരു സത്യം മാത്രമാണ്. ചിന്തിക്കുന്ന ഏവർക്കും ഈ വസ്തുത ക്ഷണത്തിൽ ഗ്രഹിക്കാവുന്നതേയുള്ളൂ. ഈ രണ്ടുപദങ്ങളെ സംബന്ധിച്ചുള്ള തെറ്റായ ധാരണകൾ മാത്രമാണ് സൃഷ്ടികൾ പരസ്പരമുള്ള ബന്ധങ്ങൾക്ക് ഇസ്‌ലാം നിശ്ചയിച്ചിട്ടുള്ള പരിധികൾ അതിലംഘിക്കാൻ സാധാരണക്കാർക്ക് പ്രചോദനം നൽകിയത്. അത് കാരണം സൃഷ്ടികളിൽ ചിലരെ, ഗുണങ്ങളിലും അധികാരാവകാശങ്ങളിലും സ്രഷ്ടാവിൻെറ സ്ഥാനത്തേക്ക് ഉയർത്തപ്പെടാനിടയായി.

ഈ രണ്ടു പദങ്ങളുടെയും പേരിലുള്ള ഊഹാപോഹങ്ങളാണ് മൺമറഞ്ഞവർ അന്ത്യവിശ്രമം കൊള്ളുന്ന ഖബ്റുകൾ, മഖാമുകളായും ദർഗ്ഗകളായും ഉയർന്നു വരാൻ സഹായിച്ചത്. ഈ രണ്ടു പദങ്ങളാണ് കെട്ടിഉയർത്തപ്പെട്ട ഖബ്റുകളുടെ പരിസരങ്ങളിൽ വച്ചു 'കൊടികുത്തു നേർച്ച' എന്ന പേരിൽ ഹെറാമിൻെറ ചന്തകൾ നടത്താൻ പൊതുജനങ്ങളെ പ്രേരിപ്പിച്ചത്. ഈ രണ്ടുപദങ്ങൾ തന്നെയാണ് നേട്ടങ്ങൾ കൈവരിക്കാനും കോട്ടങ്ങളിൽ നിന്ന് മുക്തി നേടാനുമായി തങ്ങളുടെ ഭവനങ്ങളിൽ നിന്ന് ഇറങ്ങിത്തിരിച്ചു മഖ്ബറകൾ തോറും ചുറ്റിനടക്കാൻ പൊതുജനങ്ങൾക്ക് പ്രോത്സാഹനം നൽകിയത്. ആപൽഘട്ടങ്ങളിൽ മൺമറഞ്ഞവരെ വിളിച്ചട്ടഹസിക്കാൻ മുസ്‌ലിം നാമധാരികളായ സ്ത്രീ പുരുഷന്മാർക്ക് ഉത്തേജനം നൽകിയതും ഈ രണ്ടു പദങ്ങളല്ലാതെ മറ്റൊന്നുമല്ല. അല്ലാഹു അല്ലാത്തവർക്കുള്ള നേർച്ചയാടുകളെ 'മുസ്‌ലിം' ഭവനങ്ങളിൽ വളർത്തുന്നതും ഈ രണ്ടു പദങ്ങൾ തന്നെ.

## നാരായ വേര്

അല്ലാഹുവിൻെറ വിലായത്തിൻെറ അർത്ഥം സൃഷ്ടികളുടെ വിലായത്തിനു കൽപിക്കപ്പെട്ടു എന്നതാണ് ഈ വിഷയത്തിൽ വന്നുപോയിട്ടുള്ള തെദ്ധിദ്ധാരണകളുടെ നാരായ വേര്. അതെ, 'ഒരാൾ അല്ലാഹുവിൻെറ വലിയ്യാണ്' എന്ന് പറയുമ്പോൾ ആ പ്രസ്താവനയിലെ വലിയ്യ് എന്ന വിശേഷണത്തിൻെറ ക്രിയാധാതുവായ വിലായത്തിന് 'രക്ഷാശിക്ഷകളുടെ അധികാരം' എന്നർത്ഥമാണെന്ന തെറ്റിദ്ധാരണ പ്രചരിച്ചു. അതനുസരിച്ച് അല്ലാഹുവിൻെറ വലിയ്യ് എന്നാൽ അല്ലാഹുവിനാൽ രക്ഷാശിക്ഷകളുടെ അധികാരം നൽകപ്പെട്ട വ്യക്തി എന്നർത്ഥം കൽപിക്കപ്പെട്ടു. അതിനെ തുടർന്നു പ്രപഞ്ചത്തിൽ

ക്രയവിക്രയം നടത്താൻ കറാമത്ത് എന്ന നിലയിൽ അല്ലാഹുവിനാൽ അധികാരം നൽകപ്പെട്ടവരാണ് ഔലിയാക്കൾ എന്ന സങ്കൽപം വളർന്നു. എന്നാൽ ഇവ്വിധത്തിലുള്ള അധികാരം സത്യവിശ്വാസികളിൽ ഒരാൾക്കുമില്ലെന്ന പരമാർത്ഥം സൂര്യപ്രകാശം പോലെ വ്യക്തമായിരുന്നു. അതുകൊണ്ടു ഔലിയാക്കൾ സത്യവിശ്വാസികളിൽ ഒരു പ്രത്യേക വിഭാഗമാണ് എന്ന അയഥാർത്ഥമായ ധാരണ പ്രചരിക്കാനിടയായി. ഇതോടൊപ്പം കറാമത്തിൻെറ നിർവ്വചനത്തിലും വ്യതിയാനം സംഭവിച്ചു. കറാമത്തുകൾ ഔലിയാക്കൾക്ക് യഥേഷ്ടം പ്രകടിപ്പിക്കാൻ കഴിയും, പ്രവാചകന്മാർക്ക് മുഅ്ജിസത്തുകളുണ്ടായ എല്ലാ കാര്യങ്ങളും ഔലിയാക്കൾക്കു കറാമത്തായി വെളിപ്പെടാം എന്നിങ്ങനെയുള്ള ഊഹാപോഹങ്ങൾ വ്യാപിച്ചു. മാത്രമല്ല, പ്രവാചകന്മാർക്കെല്ലാം കൂടിയുണ്ടായ മുഅ്ജിസത്തുകൾ ഒരേ വലിയ്യിനു തന്നെ കറാമത്തുകളായി വെളിപ്പെടാമെന്നു വരെ എത്തി.

മുസ്‌ലിംകളിൽ വളർന്നു വലുതായിട്ടുള്ള ഇത്തരം അനാശാസ്യ പ്രവണതകളുടെ പ്രായത്തെ സംബന്ധിച്ചു ചിന്തിക്കുമ്പോൾ അവയുടെ ജനനം ഉത്തമമെന്ന് നബി ﷺ സാക്ഷ്യംവഹിച്ച നൂറ്റാണ്ടുകൾക്കു ശേഷമാണെന്ന് കാണാം. സ്വയം പിഴക്കുകയും മറ്റുള്ളവരെ വഴിപിഴപ്പിക്കുകയും ചെയ്ത സ്വൂഫീത്വരീഖത്തുകാരും ശീഅഃ തീവ്രവാദികളുമാണ് ഇതിനു ജന്മം നൽകിയത്. മനുഷ്യൻ മനുഷ്യന് നൽകാവുന്ന സ്നേഹത്തിനും ബഹുമാനത്തിനും ഇസ്‌ലാം നിശ്ചയിച്ചിരുന്ന അതിരും പരിധിയും ലംഘിക്കുന്നതിന് തുടക്കം കുറിച്ചത് അവരാണ്. ഒരു ശിഷ്യന് അല്ലാഹുവിനെ സ്മരിക്കേണമെങ്കിൽ അതിനു മുമ്പായി അവൻ തൻെറ ശൈഖിനെ മനസ്സിൽ ഹാജറാക്കേണ്ടതുണ്ടെന്ന് അവർ നിർദ്ദേശിച്ചിരുന്നു. ശൈഖ് ജീവിച്ചിരിക്കുമ്പോഴും മരിച്ച ശേഷവും അദ്ദേഹത്തിന് തൻെറ ശിഷ്യനറിയാതെ അവൻെറ മനസ്സിൽ കടന്ന്, വിചാര വികാരങ്ങളറിയാൻ കഴിയും എന്ന് അവർ പഠിപ്പിച്ചിരുന്നു. അല്ലാഹുവിനെയും റസൂലിനെയും ധിക്കരിച്ചു കൊണ്ട് അവർ പടച്ചുണ്ടാക്കിയ ദിക്റുകളുടെ (സ്വലാത്തുൽ ഫാതിഹ്) സദസ്സിൽ റസൂലും ഖുലഫാഉർ റാഷിദുകളും ഹാജറാകുന്നതായി പൊതുജനങ്ങളെ അവർ തെറ്റിദ്ധരിപ്പിച്ചിരുന്നു. അവർക്ക് ഇരിക്കാനെന്ന പേരിൽ ആ സദസ്സുകളിൽ അവർ വെള്ളവസ്ത്രങ്ങൾ വിരിച്ചിരുന്നു. [ശഅ്റാനീയുടെയും തീജാനീ ത്വരീഖത്തിൻെറയും കിതാബുകൾ കാണുക]

# കുട്ടകൊണ്ട് വിളമ്പുന്നു

ഈ ഊഹാപോഹങ്ങൾക്കനുയോജ്യമായ 'കറാമത്തുകൾ' ആ കാലഘട്ടത്തിൽ കുട്ടകൊണ്ടു തന്നെ വിളമ്പിയിരുന്നതായി പ്രചരിച്ചിരിക്കുന്നു. ഇത്തരം കറാമത്തുകളൊന്നും തന്നെ വസ്തുനിഷ്ഠമായ റിപ്പോർട്ടു പരമ്പരയോടെ ഉത്തമ നൂറ്റാണ്ടുകാരിൽ നിന്നും ഉദ്ധരിക്കപ്പെട്ടു കാണുന്നില്ല. നാം ജീവിക്കുന്ന ഇക്കാലത്തും നല്ല ഒരുവിഭാഗം സത്യവിശ്വാസികളുണ്ട് എന്നത് ഒരു സത്യമാണ്. പക്ഷെ അവരിൽ നിന്നും അത്തരം കറാമത്തുകൾ ഉദ്ധരിക്കപ്പെടുന്നില്ല.

എന്നാൽ അക്കാലത്തെ ഔലിയാക്കൾ "കുപ്പിഅകത്തുള്ള വസ്തുവിനെ"പ്പോലെ ജനഹൃദയങ്ങളിലുള്ളത് അറിയുന്നു. 'ലൗഹുൽ മഹ്ഫൂദ്' നോക്കി അവർ ജനങ്ങൾക്കു ക്ലാസെടുക്കുന്നു. സമുദ്രങ്ങളിലെ ജലമെല്ലാം അവർ ചെറിയ പാത്രത്തിൽ ഒതുക്കുന്നു. വിദൂര സ്ഥലങ്ങളിൽ നിന്ന് അവരെ വിളിച്ചു സഹായമർത്ഥിച്ചവരെ അവർ സഹായിക്കുന്നു. അവർ ഒരിടത്തു നിന്ന് മറ്റൊരിടത്തേക്ക് പറക്കുന്നു. അവരുടെ ദർശനം കൊണ്ട് തന്നെ മാറാവ്യാധികൾ സുഖപ്പെടുന്നു. അവർക്ക് ഇഷ്ടപ്പെട്ടവർക്ക് അവർ 'നിലനെ കൊടുക്കുന്നു'. അവർ വെറുക്കുന്നവരുടെ 'നിലനെ അവർ കളയുന്നു'. അവർ ഒരുവസ്തുവിനെ ഉദ്ദേശിച്ചു 'ഉണ്ടാകൂ' എന്ന് കൽപിച്ചാൽ, അല്ലാഹുവിൻെറ കൽപന കണക്കെ, അതുണ്ടാകുന്നു. 'എനിക്ക് തുണയായിട്ടാണ് ഞാൻ നിന്നെ പടച്ചതെന്ന്' അല്ലാഹു പറയുന്നതായി അവർ കേൾക്കുന്നു. അവരുടെ മുരീദുകളുടെ ഭാവിയെ സംബന്ധിച്ചു അല്ലാഹുവും മലക്കുകളും അവർക്ക് ഉറപ്പു നൽകുന്നു. ചിലർ ശൈശവത്തിലേ സ്വർഗ്ഗം നേടുന്നു. എന്നാൽ മറ്റുചിലർ ഗർഭസ്ഥ ശിശുക്കളായിരിക്കുമ്പോൾ തന്നെ, തനിക്കും തൻെറ മുരീദുകൾക്കും സ്വർഗ്ഗം നൽകിയാലേ പുറത്തിറങ്ങുകയുള്ളൂ എന്നു ശഠിച്ചു കൊണ്ട് നാലു സ്വർഗ്ഗം നേടുന്നു,[രിഫാഈ മാല, മുഹ്യുദ്ദീൻമാല]. എല്ലാവരും ശവങ്ങൾക്കു ജീവൻ നൽകുന്നു.

ചത്ത ചകത്തിന് ജീവനിടീച്ചോവർ
ചാകും കിലശത്തെ നന്നാക്കി വിട്ടോവർ

(മുഹ്യുദ്ദീൻമാല)

ചത്ത ചകത്തിന് ജീവനിടീച്ചോവർ

ചാർച്ചാ മുറിച്ചോരെ ചേർത്തി അയച്ചോവർ
(രിഫാഈമാല)

തരുളരിൽ നേശം കവിന്തെ മൗലവിൻെറ
തേവിയാൾ പെറ്റുടൻ മൗത്തായി ത്വിഫൽതായും
തായാരും കുട്ടിയും വേണം ഹയാത്തെന്ന്
ചൊല്ലെവെ രണ്ടെയും ജീവൻ അണൈത്തോവർ
(മഞ്ഞക്കുളം)

ചുരുക്കത്തിൽ വിലായത്ത്-കറാമത്തിൻെറ പേരിൽ അല്ലാഹുവിൻെറ സൃഷ്ടികളിൽ ചിലരെ അവൻെറ ഇണകളും തുണകളും തുല്യരുമായി ചിത്രീകരിച്ചിരിക്കുന്നു. ഈ 'കറാമത്തുക'ളെല്ലാം മൂന്നു അച്ചുതണ്ടിൽ കറങ്ങുന്നതായി കാണാം.

1-അല്ലാഹുവിൻെറ ജ്ഞാനം അവർക്കുണ്ട്.
2-അല്ലാഹുവിൻെറ കഴിവും അവർക്കുണ്ട്.
3-കറാമത്ത് എന്ന നിലയിൽ പ്രപഞ്ചത്തിൽ ക്രയവിക്രയം നടത്താനുള്ള അധികാരം അല്ലാഹു അവർക്കു നൽകിയിരിക്കുന്നു

എന്നാൽ ഇസ്‌ലാമിൻെറ അടിസ്ഥാന പ്രമാണങ്ങളായ പരിശുദ്ധ ഖുർആനും തിരുസുന്നത്തും പരിശോധിച്ചാൽ മേൽ പ്രസ്താവിച്ച 'കറാമത്തുകളും' അവക്കടിസ്ഥാനമായുള്ള ധാരണകളും അബദ്ധജടിലവും അസത്യപൂർണ്ണവുമായ സങ്കൽപ കഥകൾ മാത്രമാണെന്നു കാണാം. അത്തരം ധാരണകളെല്ലാം, മനുഷ്യമക്കളെ വഴിതെറ്റിക്കും എന്ന് അല്ലാഹുവിൻെറ പ്രതാപത്തെ പിടിച്ചു ആണയിട്ട് പറഞ്ഞ ഇബ്ലീസിൻെറ ദുർബോധനങ്ങളിൽ പെട്ടവ മാത്രമാണെന്നും ഗ്രഹിക്കാം.

## അല്ലാഹുവിൻെറ ജ്ഞാനം

അദൃശ്യ കാര്യങ്ങളും മനുഷ്യ മനസ്സുകളിലുള്ള വിചാരങ്ങളും അറിയുക എന്നത് അല്ലാഹുവിന് മാത്രമുള്ള കഴിവിലും ഗുണത്തിലുമുൾപെട്ട കാര്യമാണ്. ഖുർആൻ പറയുന്നത് കാണുക:

﴿ قُلْ لاَ يَعْلَمُ مَنْ فِي السَّمَوَاتِ وَالأَرْضِ الْغَيْبَ إِلاَّ اللَّهُ وَمَا يَشْعُرُونَ أَيَّانَ يُبْعَثُونَ ﴾ (النمل:٦٥)

**പറയുക; അല്ലാഹു അല്ലാതെ ആകാശങ്ങളിലും ഭൂമിയിലുമു ള്ളവർ അദൃശ്യകാര്യങ്ങൾ അറിയുകയില്ല. എപ്പോഴാണ് അവ ർ ഉയിർത്തെഴുന്നേൽപിക്കപ്പെടുക എന്നും അവർക്ക് അറിഞ്ഞു കൂടാ.** [വി.ഖു. 27:65]

ഈ വചനത്തിൽ ആകാശത്തുള്ള മലക്കുകളോ ഭൂമിയിലുള്ള പ്രവാച കന്മാരോ സത്യവിശ്വാസികളായ മറ്റു ഔലിയാക്കളോ ജിന്നുകളോ മ റഞ്ഞ കാര്യങ്ങളറിയുകയില്ലെന്ന് സംശയത്തിനിടയില്ലാത്ത വിധത്തിൽ അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു.

﴿...وَاتَّقُوا اللَّهَ إِنَّ اللَّهَ عَلِيمٌ بِذَاتِ الصُّدُورِ ﴾ (المائدة:٧)

**നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. തീർച്ചയായും അല്ലാ ഹു ഹൃദയങ്ങളിലുള്ളത് അറിയുന്നവനത്രെ.** [വി.ഖു. 5:7]

﴿ قُلْ لاَّ أَمْلِكُ لِنَفْسِي نَفْعاً وَّلاَ ضَرًّا إِلاَّ مَا شَاءَ اللَّهُ وَلَوْ كُنْتُ أَعْلَمُ الْغَيْبَ لاَسْتَكْثَرْتُ مِنَ الْخَيْرِ وَمَا مَسَّنِي السُّوءُ إِنْ أَنَا إِلاَّ نَذِيرٌ وَّ بَشِيرٌ لِّقَوْمٍ يُّؤْمِنُونَ ﴾ (الأعراف:١٨٨)

**അല്ലാഹു ഉദ്ദേശിച്ചതു മാത്രമല്ലാതെ, എൻെറ സ്വന്തം ദേഹ ത്തിനു തന്നെ ഒരുപകാരമോ ഒരുപദ്രവമോ ചെയ്യാൻ ഞാൻ അധികാരമുള്ളവനല്ല. എനിക്ക് മറഞ്ഞകാര്യങ്ങൾ അറിയുമാ യിരുന്നുവെങ്കിൽ ഞാൻ കൂടുതൽ നന്മ ചെയ്യുമായിരുന്നു. തിന്മ എന്നെ ബാധിക്കുകയുമില്ലായിരുന്നു. ഞാൻ (സത്യനിഷേ ധികൾക്ക്) താക്കീതു നൽകുന്നവനും വിശ്വസിച്ചവർക്ക് സു വിശേഷമറിയിക്കുന്നവനും മാത്രമാണ്.** [വി.ഖു. 7:188]

നോക്കുക; മനുഷ്യ വർഗ്ഗത്തിൽ വെച്ച് അല്ലാഹുവിനോട് ഏറ്റ വും അടുത്ത വലിയ്യായ മുഹമ്മദ് മുസ്ത്വഫാ ﷺ അദൃശ്യകാര്യങ്ങൾ അറിയുകയില്ല എന്ന് സമുദായത്തോട് ഉറക്കെ പ്രഖ്യാപിക്കുവാനാ ണ് അല്ലാഹു അദ്ദേഹത്തോട് കൽപിക്കുന്നത്. അദ്ദേഹം പ്രവാചക ശ്രേഷ്ഠനായിരുന്നിട്ടു പോലും പരോക്ഷകാര്യങ്ങളറിയുക എന്ന അ ല്ലാഹുവിന് മാത്രമുള്ള കഴിവ് അവൻ അദ്ദേഹത്തിന് നൽകിയിട്ടില്ല. പ്രവാചകനെന്ന നിലയിൽ അല്ലാഹു അറിയിച്ചു കൊടുക്കുന്ന കാ ര്യങ്ങൾ അദ്ദേഹം ജനങ്ങൾക്കെത്തിച്ചു കൊടുക്കുന്നു എന്നു മാത്രം.

മനുഷ്യരിലുത്തമരായ പ്രവാചകന്മാർക്കു പോലും മറഞ്ഞകാര്യ ങ്ങളറിയാനുള്ള കഴിവ് നൽകിയിട്ടില്ലെന്ന് ഖുർആൻ ആവർത്തിച്ചുറ പ്പിക്കുന്നു. അവരുടെ ജീവിത ചരിത്രങ്ങൾ ഇതിന് സാക്ഷ്യം വഹിക്കു കയും ചെയ്യുന്നു.

യൂസുഫ് ﷺ മിനെ കിണറ്റിലിടാമെന്ന് തീരുമാനിച്ചുറച്ചു കൊണ്ട്

﴿ أَرْسِلْهُ مَعَنَا غَدًا يَرْتَعْ وَيَلْعَبْ... ﴾ (يوسف:١٢)

**'കളിച്ചുല്ലസിച്ചു നടക്കുവാനായി അവനെ (യൂസുഫിനെ) നാ ളെ ഞങ്ങളുടെ കൂടെ അയക്കേണമെന്ന്'** [വി.ഖു. 12:12] ജ്യേഷ്ഠ സഹോദരന്മാർ പിതാവിനോടപേക്ഷിച്ചു. അപ്പോൾ ഒരു പ്രവാചക നായ യഅ്ഖൂബ് ﷺ മിന് അവരുടെ മനസ്സിലിരുപ്പ് അറിയാൻ കഴി ഞ്ഞില്ല.

﴿...وَأَخَافُ أَنْ يَأْكُلَهُ الذِّئْبُ وَأَنْتُمْ عَنْهُ غَافِلُونَ ﴾ (يوسف:١٣)

**നിങ്ങൾ അശ്രദ്ധരായിരിക്കുമ്പോൾ അവനെ ചെന്നായ പിടിച്ചു തിന്നുമെന്ന് ഞാൻ ഭയപ്പെടുന്നു.** [വി.ഖു. 12:13]

എന്നാണ് അദ്ദേഹം മറുപടി പറയുന്നത്. യൂസുഫിനെ കിണറ്റിലിട്ട ശേഷം അദ്ദേഹത്തിൻെറ ഷർട്ടിൽ കള്ളരക്തം പുരട്ടി കൊണ്ടുവന്ന സഹോദരന്മാർ

﴿ فَأَكَلَهُ الذِّئْبُ وَمَا أَنْتَ بِمُؤْمِنٍ لَنَا وَلَوْ كُنَّا صَادِقِينَ ﴾ (يوسف:١٧)

**അവനെ ചെന്നായ തിന്നു, ഞങ്ങൾ സത്യം പറഞ്ഞാലും അ ങ്ങ് ഞങ്ങളെ വിശ്വസിക്കുകയില്ല.** [വി.ഖു. 12:17] എന്ന് പറഞ്ഞ പ്പോഴും 'അല്ല, അവനെ നിങ്ങൾ കിണറ്റിലിട്ടതാണ്' എന്നു പറയാൻ യഅ്ഖൂബ് ﷺ മിന് കഴിഞ്ഞില്ല. തുടർന്ന് യൂസുഫ് ﷺ അടുത്ത നാട്ടി ൽ വർഷങ്ങൾ കഴിച്ചുകൂട്ടി, അവിടുത്തെ ധനകാര്യ വകുപ്പിൻെറ അ ധിപനായി. അദ്ദേഹം രണ്ടു തവണയായി കൊടുത്തയച്ച ഭക്ഷണ സാ ധനങ്ങൾ യഅ്ഖൂബ് ﷺ മാസങ്ങളോളം കഴിച്ചു. എന്നിട്ടും യൂസു ഫ് ﷺ മിനെ ഓർത്തു, കരഞ്ഞു കണ്ണിൻെറ കാഴ്ച നഷ്ടപ്പെട്ടു എന്ന ല്ലാതെ തൻെറ നഷ്ടപ്പെട്ട മകനാണ് തൊട്ടടുത്ത ഈജിപ്തിലെ ധ നകാര്യ വകുപ്പിൻെറ അധിപനായിത്തീർന്നിരിക്കുന്നത് എന്നോ, അ

വൻ കൊടുത്തയച്ച ഭക്ഷണമാണ് താൻ കഴിക്കുന്നത് എന്നോ മന സ്സിലാക്കാൻ ഒരു പ്രവാചകനായ യഅ്ഖൂബ് ﷺ മിന് കഴിഞ്ഞില്ല.

മലക്കുകൾ മനുഷ്യരൂപത്തിൽ ഇബ്രാഹീം ﷺ ൻെറ അടുത്ത് ചെ ന്നപ്പോൾ ഉലുൽഅസ്മി (أولو العـــزم)ൽ പെട്ട, അല്ലാഹുവിൻെറ ഖലീ ലായ അദ്ദേഹത്തിനു ആഗതർ മലക്കുകളാണെന്ന് ഗ്രഹിക്കുവാൻ കഴിഞ്ഞില്ല.

﴿فَرَاغَ إِلَى أَهْلِهِ فَجَاءَ بِعِجْلٍ سَمِينٍ، فَقَرَّبَهُ إِلَيْهِمْ قَالَ أَلاَ تَأْكُلُونَ﴾
(الذاريات:٢٦-٢٧)

**ഉടനെ അദ്ദേഹം തൻെറ ഭാര്യയുടെ അടുത്തേക്കു പതുങ്ങി ച്ചെന്നു, എന്നിട്ട് ഒരു കൊഴുത്ത കുട്ടനെ (ശരിപ്പെടുത്തി) കൊ ണ്ടുവന്നു. അങ്ങനെ അത് അവരുടെ അടുത്ത് വച്ചു കൊടു ത്തു. 'കഴിക്കുകയല്ലേ' തുടർന്ന് അദ്ദേഹം ചോദിച്ചു.** [വി.ഖു. 51: 26-27]

﴿فَلَمَّا رَآى أَيْدِيَهُمْ لاَ تَصِلُ إِلَيْهِ نَكِرَهُمْ وَأَوْجَسَ مِنْهُمْ خِيفَةً ...﴾
(هود: ٧٠)

**എന്നാൽ അവരുടെ കൈകൾ അതിലേക്കു നീളുന്നില്ല എന്നു കണ്ടപ്പോൾ അവരെ സംബന്ധിച്ചു അപരിചിതഭാവം തോന്നു കയും അദ്ദേഹത്തിനു ഭയം ജനിക്കുകയും ചെയ്തു....** [വി.ഖു. 11:70]

അപ്പോഴാണ് തങ്ങൾ അല്ലാഹുവിൻെറ ദൂതന്മാരാണെന്ന് മല ക്കുകൾ പറയുന്നത്. ഈ മലക്കുകൾ സുന്ദരന്മാരായ മനുഷ്യരുടെ രൂപത്തിൽ ലൂത്വ് ﷺ നെ സമീപിച്ചപ്പോഴും ഇപ്രകാരം തന്നെ സംഭ വിച്ചു.

﴿ وَلَمَّا جَاءَتْ رُسُلُنَا لُوطًا سِيءَ بِهِمْ وَضَاقَ بِهِمْ ذَرْعًا وَقَالَ هَذَا يَوْمٌ عَصِيبٌ، وَجَاءَهُ قَوْمُهُ يُهْرَعُونَ إِلَيْهِ وَمِنْ قَبْلُ كَانُوا يَعْمَلُونَ السَّيِّئَاتِ قَالَ يَا قَوْمِ هَؤُلَاءِ بَنَاتِي هُنَّ أَطْهَرُ لَكُمْ فَاتَّقُوا اللَّهَ وَلَا تُخْزُونِ فِي ضَيْفِي أَلَيْسَ مِنْكُمْ رَجُلٌ رَشِيدٌ، قَالُوا لَقَدْ عَلِمْتَ مَا لَنَا فِي بَنَاتِكَ مِنْ

حَقٍّ وَإِنَّكَ لَتَعْلَمُ مَا نُرِيدُ، قَالَ لَوْ أَنَّ لِي بِكُمْ قُوَّةً أَوْ آوِي إِلَى رُكْنٍ شَدِيدٍ ﴾ (هود:٧٧-٨٠)

**അദ്ദേഹം അവരെ കണ്ടപ്പോൾ വളരെയധികം ദുഃഖിച്ചു. അദ്ദേഹത്തിനു മനോവിഷമം തോന്നി, വളരെ പ്രയാസകരമായ ഒരുദിനമാണ് ഇതെന്ന് അദ്ദേഹം പറയുകയും ചെയ്തു. അദ്ദേഹത്തിൻെറ ജനത ഓടിവന്നു. അവർ മുമ്പേ നീചവൃത്തികൾ ചെയ്യുന്നവരായിരുന്നു. (ആ സമുദായത്തിൽ പ്രചരിച്ചിരുന്ന ഗുദമൈഥുനമാണ് വിവക്ഷിക്കപ്പെടുന്നത്. അതിനു വേണ്ടിയാണ് ലൂത്വ് നബിയുടെ അതിഥികളുടെ അടുത്തേക്ക് അവർ ഓടിവന്നത്.) അദ്ദേഹം പറഞ്ഞു: എൻെറ സമുദായമേ, എൻെറ പെൺമക്കളിതാ, ഇവരാണ് നിങ്ങൾക്ക് കൂടുതൽ പരിശുദ്ധകളായിട്ടുള്ളത്. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. എൻെറ അതിഥികളുടെ കാര്യത്തിൽ നിങ്ങൾ എന്നെ അപമാനിക്കരുത്. നിങ്ങളിൽ വിവേകമുള്ള ഒരാളുമില്ലേ? അവർ പറഞ്ഞു: നിൻെറ പെൺമക്കളെ ഞങ്ങൾക്ക് ആവശ്യമില്ലെന്ന് നിനക്കറിയാവുന്ന കാര്യമാണല്ലോ. ഞങ്ങൾക്കു വേണ്ടത് എന്താണെന്നും തീർച്ചയായും നിനക്കറിയാം. അദ്ദേഹം മറുപടി നൽകി: നിങ്ങളെ (നേരിടാനുള്ള) ശക്തിയോ അല്ലെങ്കിൽ ശക്തമായ ഒരു കുടുംബത്തിൻെറ പിൻബലമോ എനിക്കുണ്ടായിരുന്നുവെങ്കിൽ!** [വി.ഖു. 11:77-80]

ഈ ഘട്ടത്തിലാണ് തങ്ങൾ ദൈവദൂതന്മാരാണെന്ന് മലക്കുകൾ ലൂത്വ് നബി عليه السلام നെ അറിയിക്കുന്നത്.

സമുദായത്തിൻെറ കാര്യങ്ങൾ ഹാറൂൻ നബി عليه السلام മിനെ ഏൽപിച്ചു കൊണ്ട്, മൂസാ عليه السلام തൗറാത്ത് സ്വീകരിക്കാനായി സീനാ താഴ്വരയിലേക്കു പോയി. ഈയവസരത്തിൽ ഇസ്രാഈല്യർ, സാമിരി നിർമ്മിച്ച ഒരു പശുക്കുട്ടിയെ ആരാധിക്കുക വഴി ദുർമാർഗ്ഗത്തിലകപ്പെട്ടു. എന്നാൽ ഉലുൽ അസ്മിൽ പെട്ട മൂസാനബി عليه السلام മിന് ഈ വിവരം അറിയാൻ കഴിഞ്ഞില്ല. [വി.ഖു. 20:84-85]

നബി ﷺ യുടെ പ്രിയപത്നിയായ ആഇശഃ (റ) യെ സംബന്ധിച്ചുണ്ടായ കള്ള ആരോപണ സംഭവം ചരിത്രത്തിൽ പ്രസിദ്ധമാണല്ലോ. ബ

നൂമുസ്ത്വലിഖ് യുദ്ധം കഴിഞ്ഞുള്ള യാത്രയിൽ ഒരുതാവളത്തിൽ നിന്ന് രാത്രി പുറപ്പെടുവാൻ നബി ﷺ സൈന്യത്തിന് കൽപ്പന കൊടുത്തു. നബി ﷺ യോടൊപ്പം യാത്ര ചെയ്തിരുന്ന ആഇശഃ (റ) വെളിക്കിരിക്കാൻ പോയിരുന്നു. അവർ ദോലിയിലുണ്ടായിരിക്കുമെന്ന് കരുതി, അതിൻെറ ചുമതല വഹിച്ചിരുന്നവർ അതെടുത്ത് ഒട്ടകപ്പുറത്ത് കയറ്റിവച്ചു. ആഇശഃ (റ) അറ്റുപോയ മാല അന്വേഷിച്ചു അൽപം വൈകി. തിരിച്ചു വന്നപ്പോൾ എല്ലാവരും സ്ഥലം വിട്ടിരുന്നു. ചിന്തിച്ചു നോക്കുക: അൽപം അകലെയായിരുന്നതു കൊണ്ട്, വലിയ്യത്തായ ആഇശഃ (റ) ക്ക് സൈന്യം പുറപ്പെട്ട വിവരമറിയാൻ കഴിഞ്ഞില്ല. ദോലി കയറ്റിവച്ച ഔലിയാക്കൾക്കോ സംഘത്തിലുണ്ടായിരുന്ന മറ്റു ഔലിയാക്കൾക്കോ, അശ്റഫുൽ ഖൽഖായ മുഹമ്മദ് മുസ്ത്വഫാ ﷺ ക്ക് തന്നെയോ ആഇശഃ (റ) ദോലിയിലില്ലെന്ന് അറിയാൻ കഴിഞ്ഞില്ല.

തുടർന്ന് സൈന്യത്തിൻെറ പിന്നിൽ ഗമിച്ചിരുന്ന സ്വഫ്വാനോടൊത്ത് അവർ അടുത്ത താവളത്തിൽ വിശ്രമിച്ചിരുന്ന സംഘത്തോടൊപ്പമെത്തി. അപ്പോഴേക്കും ആഇശഃ (റ) യും സ്വഫ്വാൻ ﵁ വും തമ്മിൽ അവിഹിതബന്ധം പുലർത്തി എന്ന് കപടവിശ്വാസികൾ പറഞ്ഞു പരത്തി. വളരെയൊന്നും ചിന്തിക്കാതെ അല്ലാഹുവിൻെറ ഔലിയാക്കളായ സ്വഹാബിവര്യന്മാരിൽ ചിലരും അത് പറഞ്ഞു നടന്നു. മദീനയിൽ ആകെ സംസാര വിഷയമായി. ദിവ്യസന്ദേശം വന്നുകിട്ടാൻ വൈകി. അപ്പോഴേക്ക് ദിവസങ്ങളല്ല, മാസം തന്നെ കഴിഞ്ഞു. യാത്രയെ തുടർന്ന് രോഗം പിടിപെട്ടു കിടപ്പിലായിരുന്ന ആഇശഃ (റ) ക്ക്, അവർ വലിയ്യത്തായിരുന്നിട്ടു പോലും, തന്നെപ്പറ്റി ഒരുമാസക്കാലം നടന്ന ആരോപണങ്ങൾ അറിയാൻ കഴിഞ്ഞില്ല. ശുശ്രൂഷിച്ചിരുന്ന ഒരു സ്ത്രീ പറഞ്ഞാണ് അവർ വിവരം അറിയുന്നത്. അതു കേട്ടപ്പോൾ അവരുടെ രോഗം മൂർച്ഛിച്ചു. അവർ സ്വന്തം വീട്ടിലേക്കു മാറി. ഊണും ഉറക്കവുമില്ലാതെ രാപ്പകൽ കരഞ്ഞുകൊണ്ടിരുന്നു. സത്യാവസ്ഥ ഉറപ്പുവരുത്താൻ കഴിയാതെ നബി ﷺ വളരെ വിഷമിച്ചു. അദ്ദേഹം ബന്ധപ്പെട്ടവരോടെല്ലാം കൂടിയാലോചിച്ചു. പലരും ആഇശഃ (റ) യുടെ പാതിവ്രത്യത്തെ പ്രകീർത്തിച്ചു. ചിലർ നബി ﷺ അവരെ വിവാഹമോചനം നടത്തേണമെന്നുപദേശിച്ചു. അങ്ങനെ ഈ സംഭവം മുസ്ലിംകളെ ഒരു ആഭ്യന്തര കലഹത്തിൻെറ വക്കോളമെത്തിച്ചു.

അവസാനം നബി ﷺ, ആഇശഃ (റ) യുടെ വീട്ടിൽ പോയി, അവരുടെ കട്ടിലിൽ ഇരുന്നു കൊണ്ട് അവരോട് മുഖാമുഖമായി പറഞ്ഞു: ആഇശേ; നിന്നെ സംബന്ധിച്ചു ഉന്നയിക്കുന്ന വിവരങ്ങളെല്ലാം ഞാൻ കേട്ടു. നീ നിരപരാധിനിയാണെങ്കിൽ അല്ലാഹു നിൻെറ നിരപരാധിത്വം വെളിപ്പെടുത്തും. അഥവാ, നീ വല്ലതെറ്റും ചെയ്തു പോയിട്ടുണ്ടെങ്കിൽ നീ അല്ലാഹുവിനോട് പൊറുത്തു തരാനപേക്ഷിക്കുകയും അവങ്കലേക്കു ഖേദിച്ചു മടങ്ങുകയും ചെയ്യുക. കാരണം, മനുഷ്യൻ താൻ ചെയ്തുപോയ കുറ്റം സമ്മതിക്കുകയും ഖേദിച്ചു മടങ്ങുകയും ചെയ്താൽ അല്ലാഹു അവൻെറ പശ്ചാത്താപം സ്വീകരിക്കുക തന്നെ ചെയ്യും. ആഇശഃ (റ) പറയുന്നു: ഞാൻ പറഞ്ഞു; അല്ലാഹു തന്നെയാണ സത്യം, ജനങ്ങൾ പറഞ്ഞു പരത്തുന്നത് അങ്ങയുടെ ചെവിയിലെത്തുകയും അത് ഗൗരവമുള്ളതായി അങ്ങേക്ക് തോന്നുകയും അത് സത്യമാണെന്ന് അങ്ങ് വിശ്വസിക്കുകയും ചെയ്തിട്ടുണ്ട് എന്ന് തീർച്ചയായും എനിക്കറിയാം. ഞാൻ അതിൽ നിരപരാധിയാണെന്ന് ഞാൻ അങ്ങയോട് പറഞ്ഞാൽ-ഞാനതിൽ നിരപരാധിയാണെന്ന് അല്ലാഹുവിന്ന് അറിയാവുന്ന കാര്യമാണ്- അങ്ങ് എന്നെ വിശ്വസിക്കുകയില്ല. ഞാൻ ചെയ്തിട്ടില്ലെന്ന് അല്ലാഹു അറിയുന്ന ഒരു കാര്യം ഞാൻ ചെയ്തിട്ടുണ്ടെന്ന് സമ്മതിച്ചാൽ അങ്ങെന്നെ വിശ്വസിക്കുകയും ചെയ്യും. ഈ സന്ദർഭത്തിലാണ്.

﴿إِنَّ الَّذِينَ جَاءُوا بِالإِفْكِ عُصْبَةٌ مِّنْكُمْ....﴾ (النور:١١)

**തീർച്ചയായും ആ കള്ളആരോപണം കൊണ്ടുവന്നത് നിങ്ങളിൽ ഒരുവിഭാഗം തന്നെയാണ്.** [വി.ഖു. 24:11] എന്ന് ആരംഭിക്കുന്ന വചനങ്ങൾ, അവരുടെ നിരപരാധിത്വം വെളിപ്പെടുത്തിക്കൊണ്ട് അവതരിച്ചത്. ആഇശഃ (റ) തുടരുന്നു: എൻെറ നിരപരാധിത്വം അല്ലാഹു വെളിപ്പെടുത്തുമെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നു. പക്ഷെ, അല്ലാഹു തന്നെയാണ സത്യം, (എന്നെന്നും) വായിക്കപ്പെടുന്ന ഒരു ദിവ്യസന്ദേശം എന്നെ സംബന്ധിച്ചു അവതരിപ്പിക്കപ്പെടുമെന്ന് ഞാൻ വിചാരിച്ചിരുന്നില്ല. എൻെറ കാര്യത്തിൽ ഖുർആൻ വചനങ്ങൾ അവതരിപ്പിക്കപ്പെടാൻ മാത്രം വലിയവളല്ലല്ലോ ഞാൻ. പക്ഷെ എൻെറ നിരപരാധിത്വം വെളിപ്പെടുത്തുന്ന ഒരുസ്വപ്നം നബി ﷺ കാണുമെന്നായിരുന്നു ഞാൻ കരുതിയിരുന്നത്. [ബുഖാരി]

ചിന്തിച്ചു നോക്കുക; മനുഷ്യ വർഗ്ഗത്തിൽ ഏറ്റവും പരിശുദ്ധനായ വലിയ്യും പ്രവാചക ശ്രേഷ്ഠനുമായ മുഹമ്മദ് മുസ്ത്വഫാ ﷺ, ആഇശഃ (റ) ക്ക് അഭിമുഖമായി ഒരേ കട്ടിലിൽ ഇരുന്നപ്പോഴെങ്കിലും അവരുടെ മനസ്സിലുള്ള വികാരം അദ്ദേഹത്തിനു അറിയാൻ കഴിഞ്ഞിരുന്നുവെങ്കിൽ ഈ ചോദ്യങ്ങൾക്കും കുഴപ്പങ്ങൾക്കുമെല്ലാം അവസരമുണ്ടാകുമായിരുന്നോ? നബി ﷺ പറയുന്നു:

عَنْ أُمِّ سَلَمَةَ رضي الله عنها قَالَتْ ، قَالَ رَسُولُ اللَّهِ ﷺ: ((إِنَّمَا أَنَا بَشَرٌ وَإِنَّكُمْ تَخْتَصِمُونَ إِلَيَّ وَلَعَلَّ بَعْضَكُمْ أَلْحَنُ بِحُجَّتِهِ مِنْ بَعْضٍ فَأَقْضِي لَهُ بِنَحْوِ مَا أَسْمَعُ فَمَنْ قَضَيْتُ لَهُ بِحَقِّ أَخِيهِ فَإِنَّمَا أَقْطَعُ لَهُ قِطْعَةً مِنَ النَّارِ (متفق عليه)

**ഉമ്മുസലമഃ (റ) യിൽ നിന്ന് ഉദ്ധരിക്കപ്പെടുന്നു: അവർ പറഞ്ഞു: അല്ലാഹുവിൻെറ ദൂതൻ അരുളിയിരിക്കുന്നു: ഞാനൊരു മനുഷ്യൻ മാത്രമാണ്. നിങ്ങൾ എന്നോട് കേസുകൾ ബോധിപ്പിക്കുന്നു. നിങ്ങളിൽ ചിലർ മറ്റുചിലരെക്കാൾ തങ്ങളുടെ വാദം സമർത്ഥിക്കാൻ കഴിവുള്ളവരായിരിക്കും. അങ്ങനെ ഞാൻ കേട്ടതനുസരിച്ചു വിധി കൽപിക്കുന്നു. അതുകൊണ്ട് ആരെങ്കിലും തൻെറ സഹോദരൻെറ അവകാശം എൻെറവിധിയിലൂടെ നേടിയെടുത്താൽ നരകത്തിൻെറ ഒരു കഷ്ണമാണ് ഞാൻ അവന് ചാർത്തിക്കൊടുക്കുന്നത് എന്ന് അവൻ ഗ്രഹിച്ചു കൊള്ളട്ടെ.** [ബുഖാരീ-മുസ്ലിം]

മുഅ്ജിസതുകളും ദിവ്യസന്ദേശങ്ങളും നൽകപ്പെടുന്ന ദേഹമാണെങ്കിലും മറ്റൊരാളുടെ മനസ്സിലുള്ള വിചാരങ്ങളും ദൃഷ്ടിക്കപ്പുറമുള്ള കാര്യങ്ങളും അറിയുകയില്ല എന്ന വിഷയത്തിൽ ഒരു പ്രവാചകൻ സാധാരണ മനുഷ്യനെപ്പോലെയാണ് എന്ന് പഠിപ്പിക്കുകയാണ് നബി ﷺ ചെയ്യുന്നത്. അതുകൊണ്ട് ഒരു കള്ളക്കേസ് വാചാലമായി വാദിച്ചാൽ നബി ﷺ അതുകേട്ടു വിധിച്ചേക്കും. പക്ഷെ പരലോകത്തു വച്ച് അത്തരക്കാർ നരകശിക്ഷ അനുഭവിക്കേണ്ടി വരും എന്നു ധരിച്ചിരിക്കേണ്ടതുണ്ട്. ചുരുക്കത്തിൽ മുഅ്ജിസതുകൾ നൽകപ്പെട്ട, ദിവ്യസന്ദേശങ്ങൾ ലഭിച്ചു കൊണ്ടിരിക്കുന്ന, മനുഷ്യരിലുത്തമരായ പ്രവാചകന്മാർ പോലും മറഞ്ഞകാര്യങ്ങളോ മനസ്സിലുള്ള വിചാരങ്ങളോ അറിയുകയില്ലെന്ന് പരിശുദ്ധ ഖുർആനും തിരുസുന്നത്തും അസന്ദിഗ്ദമായി പ്രഖ്യാപിച്ച കാര്യമാണ്. അവരുടെ ജീവിതചരിത്രം ഈ പരമാർത്ഥത്തിന് സാക്ഷ്യംവഹിക്കുകയും ചെയ്യുന്നു.

# സർവ്വജ്ഞനായ മനുഷ്യൻ

എന്നാൽ പ്രവാചകന്മാരുടെയും ഉത്തമ ഔലിയാക്കളുടെയും നില ഇതായിരിക്കെ നൂറ്റാണ്ടുകൾ പിന്നിട്ടപ്പോൾ അദൃശ്യങ്ങൾ അറിയുന്നവർ മാത്രമല്ല അല്ലാഹുവിൻെറ ജ്ഞാനം മുഴുവനും സ്വായത്തമാക്കിയവർ തന്നെ ജീവിച്ചിരുന്നതായി പറയപ്പെടുന്നു.

وَأَعْلَمُ عِلْمَ اللَّهِ أُحْصِي حُرُوفَهُا وَ أَعْلَمُ مَوْج الْبَحْرِ كَمْ هُوَ مَوْجَةِ

അല്ലാഹുവിൻെറ അറിവ് എനിക്കുണ്ട്, അതിൻെറ അക്ഷരങ്ങൾ ഞാൻ തിട്ടപ്പെടുത്തിയിരിക്കുന്നു. കടലിൽ എത്ര തിരകളുണ്ടെന്നും എനിക്കറിയാം.

മുഹ്‌യുദ്ദീൻശൈഖിൻെറ അവർ ചൊന്ന ബൈത്തിലെ ഒരുവരിയാണിത്. അല്ലാഹുവിൻെറ അറിവ് മുഴുവനും അദ്ദേഹത്തിനുണ്ടെന്നും, അതുൾക്കൊള്ളാൻ എത്ര അക്ഷരങ്ങൾ വേണ്ടിവരുമെന്നുവരെ അദ്ദേഹത്തിനു അറിയാമെന്നുമാണ് പറയുന്നത്! ഇതനുസരിച്ചു പരിശുദ്ധ ഖുർആനിലെ എത്ര വചനങ്ങൾ നിഷ്ഫലമായി!

﴿....وَمَا أُوتِيتُمْ مِنَ الْعِلْمِ إِلاَّ قَلِيلاً ﴾ (الإسراء:٨٥)

**(മനുഷ്യരായ) നിങ്ങൾക്ക് അൽപജ്ഞാനം മാത്രമേ നൽകപ്പെട്ടിട്ടുള്ളൂ.** [വി.ഖു. 17:85]

﴿....وَاللَّهُ يَعْلَمُ وَأَنْتُمْ لاَ تَعْلَمُونَ ﴾ (البقرة:٢١٦)

**അല്ലാഹു അറിയുന്നു, (മനുഷ്യരായ) നിങ്ങൾ അറിയുന്നില്ല.** [വി. ഖു. 2:216]

﴿...إِنَّ اللَّهَ يَعْلَمُ وَأَنْتُمْ لاَ تَعْلَمُونَ﴾ (النحل: ٧٤)

**തീർച്ചയായും അല്ലാഹു അറിയുന്നു, (മനുഷ്യരായ) നിങ്ങൾ അറിയുന്നില്ല.** [വി.ഖു. 16:74]

﴿...تَعْلَمُ مَا فِي نَفْسِي وَلاَ أَعْلَمُ مَا فِي نَفْسِكَ إِنَّكَ أَنْتَ عَلاَّمُ الْغُيُوبِ ﴾ (المائدة:١١٦)

**എൻെറ മനസ്സിലുള്ളത് നീ (അല്ലാഹു) അറിയുന്നു, നിൻെറ മനസ്സിലുള്ളത് ഞാൻ (ഈസാ) അറിയുന്നില്ല. നീ മാത്രമാണ് അദൃശ്യങ്ങളെല്ലാം അറിയുന്നവൻ, തീർച്ച.** [വി.ഖു. 5:116]

﴿....وَفَوْقَ كُلِّ ذِي عِلْمٍ عَلِيمٌ ﴾ (يوسف: ٧٦)

**ഏതൊരു ജ്ഞാനിയുടെയുമുപരിയായി സർവ്വജ്ഞനുണ്ട്.** [വി. ഖു. 12:76]

എന്ന് തുടങ്ങി മനുഷ്യൻ അൽപജ്ഞനാണെന്നും അല്ലാഹു മാത്രമാണ് സർവ്വജ്ഞനെന്നും പഠിപ്പിക്കുന്ന ഖുർആൻ വചനങ്ങളെല്ലാം നിഷ്പ്രഭമായി !
വാസ്തവത്തിൽ അല്ലാഹുവിൻെറ ജ്ഞാനവ്യാപ്തി മനുഷ്യമനസ്സിന് വിഭാവനം ചെയ്യാൻ പോലും കഴിയാത്തതാണ്. അതുകൊണ്ടാണ് പരിശുദ്ധഖുർആൻ ഒരു ഉദാഹരണത്തിലൂടെ അത് ചിത്രീകരിച്ചിരിക്കുന്നത്. നാം നിവസിക്കുന്ന ഭൂമിയുടെ അഞ്ചിൽ നാലുഭാഗവും ജലമാണല്ലോ. ഈ ജലത്തോടൊപ്പം അതിൻെറ ഏഴിരട്ടി ജലവും കൂടി കൊണ്ടുവരപ്പെട്ടു എന്ന് സങ്കൽപിക്കുക. ഇത്രയും ജലം മഷിയായി ഉപയോഗിച്ചു കൊണ്ട് അല്ലാഹുവിൻെറ ജ്ഞാനം രേഖപ്പെടുത്താൻ ഒരുങ്ങിയാൽ അവൻെറ ജ്ഞാനം രേഖപ്പെടുത്തി തീരുന്നതിനു മുമ്പായി മഷി തീർന്നു പോകും. [ലുഖ്മാൻ]. അല്ലാഹുവിൻെറ ജ്ഞാനവൈപുല്യത്തെ സംബന്ധിച്ചു ഇവ്വിധത്തിൽ മനസ്സിലാക്കുവാനേ മനുഷ്യ മസ്തിഷ്കത്തിനു കഴിയുകയുള്ളൂവെന്നർത്ഥം.

എന്നിരിക്കെ മുഹ്യുദ്ദീൻ ശൈഖ് അങ്ങനെ ചൊല്ലിയിരിക്കാൻ സാധ്യതയുണ്ടോ? സാധ്യതയുടെ അതിർ വരമ്പുകൾ സാധ്യമായത്ര വലിച്ചു നീട്ടിയാലും അദ്ദേഹം അങ്ങനെ ചൊല്ലിയിരിക്കാൻ സാധ്യതയില്ലെന്നാണ് പറയേണ്ടത്. അഥവാ അദ്ദേഹം അങ്ങനെ പറഞ്ഞിട്ടുണ്ടെന്നാണ് തെളിയുന്നതെങ്കിൽ പിന്നെ അദ്ദേഹത്തിനെ സംബന്ധിച്ചു നൽകാനുള്ളത് 'ഹെല്ലാജിനെ' സംബന്ധിച്ച് അദ്ദേഹം നൽകിയ വിശദീകരണം തന്നെയാണ്. താൻ ദൈവമാണെന്ന് വാദിച്ച വ്യക്തിയാണ് ഹെല്ലാജ്. അങ്ങനെ അയാൾ പൊതുജനങ്ങളെ വഴിപിഴപ്പിക്കുന്നു എന്നതിൻെറ പേരിൽ ജയിലിടക്കപ്പെടുകയും തുടർന്നു കൊല്ലപ്പെടുകയും ചെയ്തു. ഹെല്ലാജിനെ സംബന്ധിച്ചു മുഹ്യുദ്ദീൻ ശൈഖ് നൽകിയ വിശദീകരണം അദ്ദേഹം ഒരു ഉത്തമ വലിയ്യായിരുന്നു എന്നാണ്. അല്ലാഹുവിനോടുള്ള അതിരറ്റ സ്നേഹത്തിൽ

അദ്ദേഹത്തിൻെറ ഹൃദയം ലയിച്ചു പോയതു കൊണ്ട് അദ്ദേഹത്തിനു ബുദ്ധിഭ്രമം നേരിട്ടിരുന്നു. അതുകൊണ്ടാണ് അദ്ദേഹം താൻ ദൈവമാണെന്ന് വാദിച്ചതത്രെ. (الفتاوى الحديثية لابن حجر الهيتمي)

അയാളെ സംബന്ധിച്ചു ഇതാണ് ശരിയെങ്കിൽ അതിനാണ് സാധാരണ ഭാഷയിൽ ഭ്രാന്ത് എന്ന് പറയുന്നത്. കാരണം, അല്ലാഹുവിനോടുള്ള അടുപ്പം, സ്നേഹം, ഭക്തി എന്നീ ഗുണങ്ങളിൽ മനുഷ്യവർഗ്ഗത്തിൽ ഏറ്റവും മുൻപന്തിയിൽ നിലകൊള്ളുന്ന അവൻെറ പ്രവാചകന്മാരിലൊരാളുടെ പോലും ഹൃദയം അവനോടുള്ള സ്നേഹത്തിൽ ലയിച്ചു അദ്ദേഹത്തിനു ബുദ്ധിഭ്രംശം ബാധിച്ചില്ല. പ്രവാചകന്മാരെല്ലാം അവർക്ക് പ്രവാചകത്വം ലഭിച്ചതു മുതൽ അന്തരിക്കുന്നതു വരെ അവരുടെ ജീവിതത്തിലെ ഓരോ നിമിഷവും ബോധമുള്ളവരും വിവേകം നഷ്ടപ്പെടാത്തവരുമായിരുന്നു. എന്നിരിക്കെ പിൽകാലത്ത് ചിലർക്ക് ദൈവസ്നേഹത്തിൻെറ ആധിക്യത്താൽ താൻ തന്നെയാണ് ആ സ്നേഹിക്കപ്പെടുന്ന ദൈവമെന്നോ, ദൈവത്തിൻെറ ജ്ഞാനമെല്ലാം തനിക്കുണ്ടെന്നോ തോന്നിപ്പൊയെങ്കിൽ ഒന്നുകിൽ അയാൾ പിശാചിൻെറ വലയിൽ പെട്ടതു, അല്ലെങ്കിൽ അയാൾക്ക് ഭ്രാന്ത് പിടിപെട്ടത് എന്നീ രണ്ടാലൊരു നിഗമനത്തിലെത്തിച്ചേരാനേ നിർവ്വാഹമുള്ളൂ.

## പണ്ഢിത ധർമ്മം

പരമാർത്ഥമിതാണെങ്കിലും സന്മാർഗ്ഗരേഖക്ക് സമാന്തരമായി ചലിക്കുന്ന ചില പണ്ഢിതന്മാർ ഇത്തരം പ്രസ്താവനകളെല്ലാം വളരെ വിചിത്രമായി ന്യായീകരിക്കുന്നു. അവരെല്ലാം ചില അത്ഭുത മനുഷ്യരും അതിമാനുഷരുമായിരുന്നുവെന്ന് അവകാശപ്പെടുകയും ചെയ്യുന്നു. അങ്ങനെ പൊതുജനങ്ങളകപ്പെട്ടിരിക്കുന്ന അന്ധവിശ്വാസത്തിലും അനാചാരത്തിലും അവരെ ഊട്ടിയുറപ്പിക്കാൻ ആ പണ്ഢിതന്മാരുടെ മുഴുവൻ കഴിവുകളും അവർ വിനിയോഗിച്ചു കൊണ്ടിരിക്കുന്നു. പൊതുജനങ്ങളെ സത്യത്തിലേക്കു നയിക്കുക എന്ന പണ്ഢിത ധർമ്മത്തിനു പകരം അവർ പോകുന്നേടത്തേക്ക് പണ്ഢിതന്മാർ അവരെ തെളിക്കുന്നു. തന്മൂലം അവരുടെ നേതൃത്വവും അവരിൽ നിന്നുള്ള കാര്യലാഭവും കൈപ്പറ്റുക എന്നതിൽ കവിഞ്ഞു മറ്റൊന്നും തന്നെ ഇത്തരം പണ്ഢിതന്മാർ കാംക്ഷിക്കുന്നില്ലെന്ന് തോന്നിപ്പോകുന്നു.

﴿وَمِنْهُمْ أُمِّيُّونَ لاَ يَعْلَمُونَ الْكِتَابَ إِلاَّ أَمَانِيَّ وَإِنْ هُمْ إِلاَّ يَظُنُّونَ، فَوَيْلٌ لِّلَّذِينَ يَكْتُبُونَ الْكِتَابَ بِأَيْدِيهِمْ ثُمَّ يَقُولُونَ هَذَا مِنْ عِنْدِ اللَّهِ لِيَشْتَرُوا بِهِ ثَمَنًا قَلِيلاً فَوَيْلٌ لَّهُمْ مِّمَّا كَتَبَتْ أَيْدِيهِمْ وَوَيْلٌ لَّهُمْ مِّمَّا يَكْسِبُونَ﴾
(البقرة:٧٨-٧٩)

**അവരിൽ അക്ഷരജ്ഞാനമില്ലാത്ത ഒരു വിഭാഗമുണ്ട്. ചില വ്യാമോഹങ്ങൾ വച്ചുപുലർത്തുകയല്ലാതെ വേദഗ്രന്ഥത്തെ കുറിച്ച് യാതൊന്നും അവർക്കറിഞ്ഞു കൂടാ. ഊഹങ്ങൾ വച്ചുപുലർത്തുക മാത്രമാണവർ ചെയ്യുന്നത്. അതിനാൽ സ്വന്തം കൈകൾ കൊണ്ട് മതരേഖകൾ എഴുതിയുണ്ടാക്കുകയും എന്നിട്ടത് തുച്ഛമായ വിലവാങ്ങാനായി അല്ലാഹുവിങ്കൽ നിന്നുള്ളതാണ് അതെന്ന് പറയുകയും ചെയ്യുന്നവർക്കു നാശം. അതെ, അവരുടെ കൈകൾ എഴുതി വച്ചതു നിമിത്തം അവർക്ക് നാശം. അവർ സമ്പാദിക്കുന്നതു നിമിത്തവും അവർക്കു നാശം.** [വി.ഖു. 2:78-79]

മുൻസമുദായങ്ങളിൽ പൊതുജനങ്ങളെയും പണ്ഡിതന്മാരെയും സംബന്ധിച്ചു ഖുർആനിൽ വന്നിട്ടുള്ള ഇത്തരം കർശനമായ താക്കീതുകളൊന്നും തന്നെ നമ്മുടെ പണ്ഡിതന്മാരുടെ കണ്ണു തുറപ്പിക്കുവാൻ പര്യാപ്തമാകുന്നതായി കാണുന്നില്ല.

## മൂസാ - ഖിള്ർ عليه السلام സംഭവം

ഇത്തരം പണ്ഡിതന്മാർ അവരുടെ വഴിപിഴച്ച സമർത്ഥനങ്ങൾക്ക് പലപ്പോഴും തെളിവായുദ്ധരിക്കാറുള്ളത് പരിശുദ്ധ ഖുർആനിൽ പ്രസ്താവിക്കപ്പെട്ട മൂസാ-ഖിള്ർ സംഭവമാണ്. വാസ്തവത്തിൽ ആ സംഭവം സംബന്ധിച്ച് അവതരിച്ച ദിവ്യവചനങ്ങളും തദ്വിഷയകമായി വന്ന നബിവചനങ്ങളും അല്ലാഹുവിൻെറ ഹിദായത്ത് ലഭിച്ച കണ്ണുകൾ കൊണ്ട് പരിശോധിക്കാൻ അവർക്കു തൗഫീഖു ലഭിച്ചിരുന്നുവെങ്കിൽ അതെല്ലാം തങ്ങളുടെ സമർത്ഥനങ്ങൾക്കുള്ള വിപരീത തെളിവുകളാണെന്ന് ഗ്രഹിക്കാൻ അവർക്കു പ്രയാസമുണ്ടാകുമായിരുന്നില്ല.

# സംഭവ കാരണം

മൂസാ عليه السلام സ്വസമുദായ മദ്ധ്യെ പ്രസംഗിച്ചു കൊണ്ടിരിക്കുമ്പോൾ, 'മനുഷ്യരിൽ ഏറ്റവുമധികം അറിവുള്ളവൻ ആരാണ്?' ഒരനുയായി ചോദിച്ചു. 'ഞാൻ' എന്ന് മൂസാ عليه السلام മറുപടി പറഞ്ഞു. (الله أعلم) 'അല്ലാഹുവിന്നറിയാം' എന്നായിരുന്നു ഒരു പ്രവാചകനായ അദ്ദേഹം പറയേണ്ടിയിരുന്നത്. 'അതിനാൽ രണ്ടു സമുദ്രങ്ങളുടെ സംഗമ സ്ഥലത്ത് നിന്നെക്കാൾ അറിവുള്ള എൻെറ ഒരടിമയുണ്ട്. ആ അടിമയെ പോയി കാണുക' എന്ന് മൂസാ عليه السلام മിന് അല്ലാഹു ദിവ്യസന്ദേശം നൽകി. ഈ അടിമയുടെ പേർ ഖിള്ർ എന്നാണ്. അദ്ദേഹം മൂസാ عليه السلام മിനെ കണ്ടപ്പോൾ 'താങ്കൾ ആരാണ്?' 'എന്തിനാണ് വന്നത്?' എന്നു ചോദിച്ചു. താങ്കൾക്കു പഠിപ്പിക്കപ്പെട്ട സന്മാർഗ്ഗജ്ഞാനം താങ്കൾ എനിക്കും പഠിപ്പിച്ചു തരും എന്ന നിശ്ചയത്തിൽ താങ്കളുടെ കൂടെ വരട്ടെയോ? മൂസാ عليه السلام ചോദിച്ചു. എൻെറ കൂടെ ക്ഷമിച്ചു കഴിയാൻ താങ്കൾക്കു കഴിയുകയില്ല. അദ്ദേഹം മറുപടി പറഞ്ഞു. അല്ലാഹു ഉദ്ദേശിച്ചാൽ ക്ഷമാവലംബിയായി താങ്കൾക്കു എന്നെ കാണാം. ഞാൻ താങ്കളുടെ ഒരുകൽപനക്കും വിപരീതം പ്രവർത്തിക്കുകയില്ല; മൂസാ عليه السلام മറുപടി പറഞ്ഞു. അങ്ങനെ താങ്കളെന്നെ അനുഗമിക്കുകയാണെങ്കിൽ ഞാൻ വിശദീകരിച്ചു തരുന്നതു വരെ ഒരു കാര്യത്തെ കുറിച്ചും താങ്കളെന്നോട് ചോദിക്കരുത്. ഖിള്ർ عليه السلام പറഞ്ഞു. ഇവ്വിധത്തിലാണ് ഖുർആനിൻെറയും സുന്നത്തിൻെറയും അടിസ്ഥാനത്തിൽ കഥ ആരംഭിക്കുന്നത്.

തുടർന്ന് അവർ സഞ്ചരിച്ചിരുന്ന കപ്പൽ ഖിള്ർ ഓട്ടയാക്കി. വഴിയിൽ കണ്ട ഒരുകുട്ടിയെ അദ്ദേഹം കൊന്നു. അവരെ സൽകരിക്കാൻ വിസമ്മതിച്ച പട്ടണവാസികളുടെ ഒരു മതിൽ അദ്ദേഹം റിപ്പേർ ചെയ്തു കൊടുത്തു. ഈ കാര്യങ്ങൾക്ക് അദ്ദേഹം വിശദീകരണം നൽകിയത് ഇപ്രകാരമാണ്: ആ കപ്പൽ ഏതാനും സാധു തൊഴിലാളികളുടേതായിരുന്നു. കുറച്ചപ്പുറം നല്ല കപ്പലുകളുമെല്ലാം കൊള്ളചെയ്യുന്ന ഒരു രാജാവുണ്ട്. അയാളിൽ നിന്ന് ഈ കപ്പൽ രക്ഷപ്പെടാൻ വേണ്ടിയാണ് അതു കേടുവരുത്തിയത്. ആ കുട്ടിയുടെ മാതാപിതാക്കൾ സത്യവിശ്വാസികളായിരുന്നു. അവൻ വളർന്നു വന്നാൽ അവരെ സത്യനിഷേധത്തിനു നിർബന്ധിക്കുമെന്ന് ഭയന്ന് അവനെ കൊന്നു. അവരുടെ രക്ഷിതാവ് അവനെക്കാൾ ഉത്തമനായ ഒരു സ

ന്താനത്തെ അവർക്കു പകരം നൽകുമെന്ന് ഞാൻ പ്രത്യാശിച്ചു. മതിൽ രണ്ടു അനാഥകളുടേതായിരുന്നു. അതിന്നടിയിൽ അവർക്കായുള്ള ഒരു നിധിയുണ്ട്. അവരുടെ പിതാവ് ഒരു നല്ലമനുഷ്യനായിരുന്നു. അതുകൊണ്ട് അവർ പ്രായപൂർത്തിയെത്തി ആ നിധി കണ്ടെടുക്കണം. അതുവരെ ആ മതിൽ നിലനിൽക്കേണമെന്ന് താങ്കളുടെ നാഥൻ തീരുമാനിച്ചു.

# സമർത്ഥന രീതി

ഈ സംഭവത്തിൽ നല്ല കപ്പലുകൾ കൊള്ളചെയ്യുന്ന ഒരു രാജാവ് അപ്പുറത്തുണ്ട്; എന്ന് ഇപ്പുറത്തിരുന്നു കൊണ്ട് ഖിള്ർ അറിഞ്ഞു. കുട്ടി വളർന്നു വന്നാൽ തൻെറ മാതാപിതാക്കളെ സത്യനിഷേധത്തിനു നിർബന്ധിക്കും; എന്നകാര്യവും അദ്ദേഹം മുൻകൂട്ടി അറിഞ്ഞു. മതിലിൻെറ വിവരവും അദ്ദേഹം കാലേക്കൂട്ടി മനസ്സിലാക്കി. ഇതെല്ലാം മറഞ്ഞ കാര്യങ്ങളാണ്. എന്നിട്ട് ഖിള്ർ(عليه السلام)മിന് അത് അറിയാൻ കഴിഞ്ഞു. അതുകൊണ്ട് ഔലിയാക്കൾ മറഞ്ഞ കാര്യങ്ങൾ അറിയും. അവരെ എവിടെനിന്ന് വിളിച്ചാലും അവർക്കത് കേൾക്കാനും അറിയാനും ഉത്തരം നൽകാനും കഴിയും. കാരണം;

﴿...إِنَّ اللَّهَ عَلَى كُلِّ شَيْءٍ قَدِيرٌ﴾ (البقرة:٢٠)

**അല്ലാഹു സർവ്വകാര്യങ്ങൾക്കും കഴിവുള്ളവനാണ്. തീർച്ച.** [വി.ഖു. 2:20]. ഇങ്ങനെയാണ് ചിലരുടെ സമർത്ഥന രീതി.

# ഖിള്റിൻെറ പ്രത്യേകത

നമുക്ക് ഒരിക്കൽ കൂടി സംഭവ വിവരണത്തിലേക്ക് തന്നെ മടങ്ങാം. ഈ ഖിള്ർ ആരായിരുന്നു? ഈ വിഷയത്തിൽ പണ്ഢിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. ഭൂരിപക്ഷം പണ്ഢിതന്മാരും അദ്ദേഹം ഒരു പ്രവാചകനായിരുന്നു എന്ന പക്ഷക്കാരാണ്. പക്ഷെ അദ്ദേഹം ആരായിരുന്നാലും അല്ലാഹു നമുക്ക് പരിചയപ്പെടുത്തിയത് നോക്കുക:

﴿...آتَيْنَاهُ رَحْمَةً مِّنْ عِنْدِنَا وَعَلَّمْنَاهُ مِنْ لَّدُنَّا عِلْمًا ﴾ (الكهف:٦٥)

**അദ്ദേഹത്തിനു നാം നമ്മുടെ പക്കൽ നിന്നുള്ള (മഹത്തായ) കാരുണ്യം നൽകിയിരിക്കുന്നു. നമ്മുടെ അടുക്കൽ നിന്നുള്ള (സവിശേഷമായ) ഒരു ജ്ഞാനവും നാം അദ്ദേഹത്തിനു പഠിപ്പിക്കുകയും ചെയ്തിരിക്കുന്നു.** [വി.ഖു. 18:65]

സംഭവ വിവരണം അവസാനിക്കുന്നതു നോക്കുക:

﴿...رَحْمَةً مِّنْ رَّبِّكَ وَمَا فَعَلْتُهُ عَنْ أَمْرِي ذَلِكَ تَأْوِيلُ مَالَمْ تَسْطِعْ عَّلَيْهِ صَبْرًا ﴾ (الكهف:٨٢)

**എല്ലാം താങ്കളുടെ രക്ഷിതാവിന്റെ കാരുണ്യമാണ്. ഞാൻ അത് (ഒന്നും) എന്റെ അഭിപ്രായപ്രകാരം ചെയ്തിട്ടുള്ളതല്ല. ഇതത്രെ താങ്കൾക്കു ക്ഷമിക്കാൻ കഴിയാതിരുന്ന കാര്യങ്ങളുടെ യാഥാർത്ഥ്യം.** [വി.ഖു. 18:82]

# അല്ലാഹുവിന്റെ കൽപന പ്രകാരം

അപ്പോൾ അല്ലാഹു ഖിള്ർ(عليه السلام)മിന് ഒരു പ്രത്യേക കാരുണ്യം നൽകിയിരുന്നു. അവൻ അദ്ദേഹത്തിനു സവിശേഷമായ ഒരു ജ്ഞാനം പഠിപ്പിക്കുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് അദ്ദേഹം ഈ കാര്യങ്ങൾ ചെയ്തത്. തന്റെ സ്വന്തം അഭിപ്രായ പ്രകാരം യാതൊന്നും ചെയ്തിട്ടില്ല എന്ന് അദ്ദേഹം തന്നെ തുറന്നു പറയുകയും ചെയ്തിരിക്കുന്നു. അങ്ങനെ തന്റെ പ്രത്യേക കാരുണ്യത്തിന്റെയും താൻ പഠിപ്പിച്ച സവിശേഷ ജ്ഞാനത്തിന്റെയും അടിസ്ഥാനത്തിൽ, തന്റെ കൽപനയനുസരിച്ചാണ് ഖിള്ർ പ്രവർത്തിച്ചത് എന്ന് അല്ലാഹു തന്നെ സത്യപ്പെടുത്തി പ്രസ്താവിക്കുകയും ചെയ്തിരിക്കുന്നു. ഇങ്ങനെ എന്റെ കൽപന പ്രകാരം നടന്നതെന്ന് അല്ലാഹു സത്യസാക്ഷ്യം വഹിച്ച ഒരു സംഭവമാണിത്. ഇത് ഉദാഹരണവും തെളിവുമായെടുത്ത് കൊണ്ട് നമ്മുടെ ചില പണ്ഢിതന്മാർ സ്ഥാപിക്കാനൊരുങ്ങുന്നതെന്താണ്? ഇബ്ലീസിന്റെ വഹ്യനുസരിച്ചു, പരിശുദ്ധ ഖുർആനിനും തിരുസുന്നത്തിനും ഉത്തമ നൂറ്റാണ്ടുകാരുടെ ചര്യക്കുമെതിരായി പ്രചരിച്ചിട്ടുള്ള ഒരന്ധവിശ്വാസം! എത്രവലിയ വങ്കത്തം! എന്തൊരജ്ഞത! ചിന്തിച്ചു നോക്കുക. ഈ

സാ ﷺമിനെ പിതാവില്ലാതെ, മാതാവിൽ നിന്നു മാത്രമായാണ് അല്ലാഹു സൃഷ്ടിച്ചത്, എന്ന് മുഹമ്മദ് നബി ﷺ ക്ക് അവൻ ദിവ്യസന്ദേശം നൽകിയതു കൊണ്ട് നാം വിശ്വസിക്കുന്നു. അതെയവസരത്തിൽ വിവാഹിതയായിട്ടില്ലാത്ത ഏതെങ്കിലും ഒരുയുവതിക്ക് ഒരു കുട്ടി ജനിച്ചു വളർന്നു, അങ്ങനെ അവനെ സംബന്ധിച്ചു അവൻ തന്നെയോ മറ്റുള്ളവരോ അതൊരു അത്ഭുത മനുഷ്യനാണ്, ഈസാ ﷺമിനെ അല്ലാഹു മുമ്പ് അങ്ങനെ സൃഷ്ടിച്ചിട്ടുണ്ട്,

﴿...إِنَّ اللَّهَ عَلَى كُلِّ شَيْءٍ قَدِيرٌ﴾ (العنكبوت:٢٠)

**അല്ലാഹു സർവ്വകാര്യങ്ങൾക്കും കഴിവുള്ളവനാണ്** [വി.ഖു.29:20] എന്ന് വാദിച്ചാൽ ആ വാദത്തിനു എത്രകണ്ടു ഔചിത്യമുണ്ടായിരിക്കും!

ബുഖാരിയും മുസ്ലിമും ഉദ്ധരിച്ച ഒരു ഹെദീഥിൽ വന്നപ്രകാരം മൂസാ ﷺഖിള്ർ ﷺമിനെ സമീപിച്ചപ്പോൾ അദ്ദേഹം ചോദിക്കുന്നത്؟ مَنْ أَنْتَ (താങ്കൾ ആരാണ്?), ؟فَمَا شَأْنُكَ (വന്ന കാര്യമെന്താണ്?) എന്നാണ്. അപ്പോൾ അല്ലാഹു പ്രത്യേകജ്ഞാനം നൽകിയിട്ടുള്ള ഖിള്ർ ﷺ മിന് തന്നെ മൂസാ ﷺ വരുന്നുണ്ടെന്നോ, അദ്ദേഹം വരാനുണ്ടായ കാരണമെന്താണെന്നോ- അല്ലാഹു അറിയിച്ചു കൊടുക്കാത്തതു കൊണ്ട്- അറിയാൻ കഴിഞ്ഞിട്ടില്ല.

# മൂസാനബി അറിഞ്ഞില്ല

അതിനെല്ലാം പുറമെ ഈ സംഭവത്തിലെ കാതലായ ഭാഗം ഈ മൂന്ന് കാര്യങ്ങളുടെ പരോക്ഷവശം ഖിള്ർ ﷺമിന് അറിയാൻ കഴിഞ്ഞു എന്നുള്ളതാണ്. ഇത് ഉദാഹരണവും തെളിവുമായെടുത്തു കൊണ്ട്, ഔലിയാക്കൾക്ക് പരോക്ഷമായ കാര്യങ്ങളും പ്രപഞ്ച രഹസ്യങ്ങളും അറിയാൻ കഴിയും എന്ന് തെളിയിക്കാൻ തുനിയുകയാണ് നമ്മുടെ പണ്ഢിതന്മാർ ചെയ്യുന്നത്. എന്നാൽ ഈ കഥയിൽ ഒരു മറുകക്ഷി കൂടിയുണ്ടല്ലോ. അദ്ദേഹം കൂടെ തന്നെയുണ്ടായിരുന്നു. എന്നിട്ടും തനിക്ക് ഈ കാര്യങ്ങളുടെ പരോക്ഷമായ വശം അറിയാൻ കഴിഞ്ഞില്ല, എന്നുമാത്രമല്ല, ഈ കാര്യങ്ങൾ കണ്ടു സഹിക്കാനും കൂടി കഴിഞ്ഞില്ല. ആരാണിദ്ദേഹം? അല്ലാഹുവിൻെറ പ്രവാചകനായ-മൂ

സാ ﷺ തന്നെ. അതെ, മനുഷ്യവർഗ്ഗത്തിൽ ഉത്തമരായ പ്രവാചകന്മാരിൽ ശ്രേഷ്ഠരായ മുർസലുകളിൽ ഉത്തമരായ ഉലുൽ അസ്മിൽ (أولـــــو العـــــــزم) പ്രധാനിയായ സാക്ഷാൽ മൂസാ ﷺ. അല്ലാഹുവുമായി അഭിമുഖസംഭാഷണം നടത്തുക എന്ന അസുലഭ ബഹുമതിക്കർഹനായ 'കലീമുല്ലാഹി' (كَلِيمُ اللَّهِ) മൂസാ ﷺ, തൗറാത്ത് എന്ന മഹാവേദഗ്രന്ഥം നൽകപ്പെട്ട മൂസാ ﷺ. ഈ അടിസ്ഥാനത്തിൽ നമ്മുടെ ആളുകൾ സ്ഥാപിക്കാനൊരുങ്ങുന്ന വാദമൊന്ന് ചേർത്തു വായിച്ചു നോക്കുക. 'പ്രവാചക ശ്രേഷ്ഠനായ മൂസാ ﷺ മിന് അറിയാൻ കഴിയാത്ത കാര്യങ്ങൾ ഈ സമുദായത്തിലെ മദ്ധ്യനൂറ്റാണ്ടുകളിൽ ജീവിച്ചു മരിച്ചു പോയ ചിലർക്കു അറിയാൻ കഴിയും'. എത്ര വിചിത്രം !

അതിനും പുറമെ ഈ സംഭവം വിവരിച്ച ശേഷം നബി ﷺ പറയുന്നത് കാണുക:

((....وَدِدْنَا أَنَّ مُوسَى كَانَ صَبَرَ حَتَّى يَقُصَّ اللَّهُ عَلَيْنَا مِنْ خَبَرِهِمَا))
البخاري: ٤٧٢٥

മൂസാ ﷺ ക്ഷമിച്ചിരുന്നെങ്കിൽ അവരിരുവരുടെയും കൂടുതൽ വാർത്തകൾ അല്ലാഹു നമുക്ക് വിവരിച്ചു തരുമായിരുന്നു എന്ന് നാം ആഗ്രഹിച്ചു പോകുകയാണ്. [ബുഖാരി: 4725]

ഇതിൽ നിന്ന് പിന്നീട് ഖിള്ർ ﷺ ചെയ്ത കാര്യം -അല്ലാഹു അറിയിച്ചു കൊടുക്കാത്തതു കൊണ്ട്- നബി ﷺ ക്കും അറിയുകയില്ലെന്ന് വ്യക്തമാണല്ലോ. അല്ലെങ്കിൽ ഖിള്ർ ﷺ നാലാമതായി ചെയ്ത കാര്യവും അതിന്റെ രഹസ്യവശവും വിവരിക്കുകയായരിക്കുമല്ലോ നബി ﷺ ചെയ്യുക. അപ്പോൾ അല്ലാഹുവിൽ നിന്ന് ദിവ്യസന്ദേശം ലഭിച്ചു കൊണ്ടിരിക്കുന്ന, നിരവധി കറാമത്തുകളും മുഅ്ജിസതുകളും നൽകപ്പെട്ട അശ്റഫുൽ ഖൽഖായ മുഹമ്മദ് മുസ്ത്വഫാ ﷺ യും കലീമുല്ലാഹി മൂസാ ﷺ യും ഗ്രഹിച്ചിട്ടില്ല എന്ന് സാക്ഷ്യം വഹിക്കുന്ന ഒരു സംഭവമാണിത്. അങ്ങനെയുള്ള ഒരു സംഭവം, കറാമത്തായി മറ്റുള്ളവർ ഗ്രഹിക്കുമെന്നതിന് തെളിവായി ഉദ്ധരിക്കുന്നത് ഏറ്റവും മിതമായ ഭാഷയിൽ പറഞ്ഞാൽ ശുദ്ധവങ്കത്തമാണ്. ഈ സംഭവ വിവരണത്തിൽ വന്ന ഒരു ഹദീഥിൽ ഇപ്രകാരം കാണാം:

((...فَجَاءَ عُصْفُورٌ فَوَقَعَ عَلَى حَرْفِ السَّفِينَةِ فَنَقَرَ نَقْرَةً أَوْ نَقْرَتَيْنِ فِي الْبَحْرِ، فَقَالَ الْخَضِرُ: يَا مُوسَى مَا نَقَصَ عِلْمِي وَعِلْمُكَ مِنْ عِلْمِ اللَّهِ إِلاَّ كَنَقْرَةِ هَذَا الْعُصْفُورِ فِي الْبَحْرِ ...))الحديث (البخاري:١٢٢)

(അവർ ഇരുവരും കപ്പലിൽ സഞ്ചരിക്കുമ്പോൾ) ഒരു കുരുവി വന്ന് കപ്പലിൻെറ ഒരു ഭാഗത്തിരുന്നു, അത് സമുദ്രത്തിലൊന്നു കൊത്തി. അപ്പോൾ ഖിള്ർ അദ്ദേഹത്തോട് പറഞ്ഞു: അല്ലാഹുവിൻെറ അറിവിനെ അപേക്ഷിച്ചു എൻെറയും താങ്കളുടെയും അറിവ് സമുത്രത്തിൽ നിന്ന് ഈ കുരുവിയുടെ കൊക്കിൽ പറ്റിയ ജലത്തിനു തുല്യമേ വരികയുള്ളൂ. [ബുഖാരി:122].

നോക്കുക: മനുഷ്യരിൽ അധികം അറിവുള്ളവൻ ആരാണ് എന്ന അറിവു കൂടി അല്ലാഹുവിനു മാത്രമേയുള്ളൂ എന്നായിരുന്നു മൂസാ ﷺ പറയേണ്ടിയിരുന്നത്. അദ്ദേഹം അങ്ങനെ മറുപടി പറയാതിരുന്നതാണ് ഈ സംഭവത്തിനു തന്നെ കാരണമായത്. അല്ലാഹുവിൻെറ ജ്ഞാനത്തെ അപേക്ഷിച്ച്, ദിവ്യസന്ദേശവും വേദഗ്രന്ഥവും ലഭിച്ച മൂസാ ﷺ മിൻെറയും അല്ലാഹു പ്രത്യേകജ്ഞാനം നൽകിയ ഖിള്ർ ﷺ ൻെറയും ജ്ഞാനം, സമുദ്രത്തിൽ നിന്ന് ഒരു കുരുവിയുടെ കൊക്കിൽ പറ്റുന്ന ജലത്തിനു തുല്യമെ വരികയുള്ളൂ എന്നാണ്. ഈ സംഭവം തെളിവായി ഉദ്ധരിച്ചു കൊണ്ട് 'അല്ലാഹുവിൻെറ ജ്ഞാനം എനിക്കുണ്ട്, അതുൾക്കൊള്ളാൻ എത്ര അക്ഷരങ്ങൾ വേണ്ടിവരുമെന്ന് ഞാൻ കണക്കാക്കിയിരിക്കുന്നു' എന്ന് മുഹ്‌യുദ്ദീൻ ശൈഖിൻെറതായി പറയപ്പെടുന്ന വാദം ശരിയാണ് എന്ന് തെളിയിക്കാൻ നടക്കുന്ന പണ്ഡിതന്മാരെ സംബന്ധിച്ചു എന്തു പറയാനാണ്? അല്ലാഹു അവർക്ക് വിവേകം നൽകട്ടെ. അല്ലാഹു സർവ്വകാര്യങ്ങൾക്കും കഴിവുള്ളവനാണ്, തീർച്ച. [വി.ഖു. 2:20]

## ഗുണപാഠം

ഈ സംഭവത്തെ സംബന്ധിച്ച പരാമർശം അവസാനിപ്പിക്കുന്നതിന് മുമ്പായി, അതിൻെറ യാഥാർത്ഥ്യത്തെ സംബന്ധിച്ചു ഒരു കാര്യം കൂടി ഉണർത്തിക്കൊള്ളട്ടെ. അല്ലാഹുവിൻെറ യുക്തിയും ഇച്ഛയുമനുസരിച്ചു ഈ പ്രപഞ്ചത്തിൽ നിമിഷാ നിമിഷങ്ങളിൽ നടന്നു കൊണ്ടിരിക്കുന്ന പ്രതിഭാസങ്ങളുടെയും അതിൻെറ നേരെ അൽപജ്ഞനായ മനുഷ്യൻ വെച്ചുപുലർത്തിയേക്കാവുന്ന പ്രതികരണങ്ങ

ളുടെയും ഒരുദാഹരണം മാത്രമാണ് ഈ സംഭവം. ഈ പ്രപഞ്ചത്തിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന ഓരോ കാര്യത്തിനും പ്രത്യക്ഷ്യമായും താൽക്കാലികമായും പ്രകടമാകുന്ന നേട്ടകോട്ടങ്ങൾക്കുപരിയായി പരോക്ഷവും കൂടുതൽ സ്ഥിരവുമായ സൽഫലങ്ങളുണ്ടായിരിക്കും. പക്ഷെ പരിമിതമായ ജ്ഞാനം മാത്രം നൽകപ്പെട്ട മനുഷ്യന് ഈ ലോകത്ത് സംഭവിക്കുന്ന കാര്യങ്ങളുടെ പ്രത്യക്ഷവശം ഗ്രഹിക്കാൻ മാത്രമേ കഴിയികയുള്ളൂ. ഓരോ കാര്യത്തിൽ നിന്നും താൽക്കാലിക മായി പ്രകടമാകുന്ന ഗുണാഗുണങ്ങളുടെ അടിസ്ഥാനത്തിൽ മാത്ര മേ അവന് അതിനെ വിലയിരുത്താനും കഴിയുകയുള്ളൂ. പ്രവാചക ന്മാരുടെ സ്ഥിതിയും ഇതു തന്നെ. അത് കൊണ്ടാണ് നബി ﷺ പറ ഞ്ഞത്:

((...نَحْنُ نَحْكُمُ بِالظَّوَاهِرِ وَاللَّهُ يَتَوَلَّى السَّرَائِرَ ))

ഞങ്ങൾ പ്രത്യക്ഷ വശമനുസരിച്ചു വിധി കൽപിക്കുന്നു. രഹസ്യങ്ങ ൾ അല്ലാഹു ഏറ്റെടുക്കുന്നു.

അതുകൊണ്ട് തന്നെയാണ് മൂസാ عليه السلام മിന് -അദ്ദേഹം വാക്കു പാ ലിക്കേണമെന്ന് നിർബന്ധമുള്ള ഒരു പ്രവാചകനായിരുന്നിട്ടു കൂടി മൂന്നു തവണയും വാക്കുപാലിക്കാൻ കഴിയാതെ പോയത്. എന്നിട്ട് നാമിപ്പോൾ ഏടുകളിലും പാട്ടുകളിലും കുറിക്കപ്പെട്ട കെട്ടുകഥകൾ ശരിയാണെന്ന് തെളിയിക്കാൻ ഈ സംഭവം ഉദ്ധരിച്ചു കൊണ്ട് നട ക്കുകയാണ്! അപ്പോൾ മനുഷ്യന് അവൻെറ ജീവിതത്തിൽ നേരിട്ടു കൊണ്ടിരുക്കുന്ന സന്തോഷകരവും സന്താപകരവുമായ ഓരോ കാ ര്യവും പലപ്പോഴും അതിൻെറ വിപരീത സ്ഥിതിയിലേക്കുള്ള ഒരു കാൽവെപ്പ് ആയിരിക്കാം. അതുകൊണ്ട് ഒരു സന്തോഷം കൈവരു മ്പോൾ മനുഷ്യൻ അത്യധികം സന്തോഷിച്ചു അഹങ്കരിക്കേണ്ടതില്ല. ഒരു സന്താപം ബാധിക്കുമ്പോൾ അത്യധികം ദുഃഖിച്ചു തൻെറ ജീവ നൊടുക്കാൻ മുതിരേണ്ടതുമില്ല എന്ന ഗുണപാഠമുൾക്കൊള്ളാൻ വേ ണ്ടിയാണ് പരിശുദ്ധ ഖുർആൻ ഇത്തരം സംഭവങ്ങൾ ഉദ്ധരിക്കുന്നത്.

## ക്രയവിക്രയം അല്ലാഹുവിന്ന്

പ്രപഞ്ചം അല്ലാഹുവിൻെറ സൃഷ്ടിയാണ്. അതിലെ കൈകാര്യ കർത്താവ് അവൻ മാത്രമാണ്. അതിലെ ഒരു അണു അളവിൽ പോ

ലും ക്രയവിക്രയം നടത്താനുള്ള കഴിവോ അധികാരമോ അവൻ തൻെറ സൃഷ്ടികളിൽ ഒരാൾക്കും നൽകിയിട്ടില്ല, ഒരു വിധത്തിലും നൽകിയിട്ടില്ല. പരിശുദ്ധ ഖുർആൻ ആവർത്തിച്ചു പറയുന്ന പരമാർത്ഥമാണിത്. എന്നാൽ ഔലിയാക്കൾക്കും അഖ്ത്വാബുകൾക്കും കറാമത്ത് എന്ന നിലയിൽ പ്രപഞ്ചത്തിൽ ക്രയവിക്രയം നടത്താനുള്ള അധികാരം ലഭിച്ചിട്ടുണ്ട് എന്ന് പൊതുജനങ്ങൾ ധരിക്കുന്നു. തങ്ങൾ ഇഷ്ടപ്പെടുന്നവർക്ക് ഇഹപര നേട്ടങ്ങൾ നൽകുകയും തങ്ങള വെറുക്കുന്നവർക്ക് അവ മുടക്കുകയും ചെയ്ത ഖുത്വ്ബുകളും ഗൗഥുകളും മാലമൗലിദുകളിൽ സ്ഥലം പിടിച്ചിരിക്കുന്നു. ഇതാണ് ഈ ധാരണക്ക് തെളിവായി ഉന്നയിക്കപ്പെടുന്നത്.

കൺകൂട വെട്ടത്തിൽ നിൻെറ മുരീദുകൾ
സ്വർഗ്ഗത്തിൽ പോമെന്ന് അള്ളാകൊടുത്തോവർ
നിലനെ കൊടുപ്പാനും നിലനെ കളവാനും
നായൻ അവക്ക് അനുവാദം കൊടുത്തോവർ

(മുഹ്‌യുദ്ദീൻ മാല)

കോലില്ലാ തീപ്പെട്ടീൽ തീക്കൊള്ളി കാട്ടിനോർ
കോട്ടിയം കൊണ്ടോനെ നുഖ്സാൻ വരുത്തീനോർ
പാലില്ലാ കാലിക്കു വേണ്ടും പ്രകാരത്തിൽ
പാല് അതെപ്പോഴും നൽകീടൈ എന്നോവർ
മാലില്ലാ മിസ്കീന് മൗത്തോളം ഏറ്റത്തിൽ
മാലും ഫറഹിനെ നൽകും അതെന്നോവർ

(മഞ്ഞക്കുളം)

എന്നാൽ ഇതെല്ലാം മനുഷ്യ-ജിൻ പിശാചുക്കളുടെ വ്യാജ നിർമ്മിതി മാത്രമാണ്. ഖുർആനിൽ നിന്ന് മാർഗ്ഗദർശനം സിദ്ധിച്ച ഒരൊറ്റ സത്യവിശ്വാസിയും ആ കാര്യത്തിൽ സംശയിക്കുകയില്ല. ഖുർആൻ പറയുന്നു:

﴿ قُلِ ادْعُوا الَّذِينَ زَعَمْتُمْ مِنْ دُونِ اللَّهِ لَا يَمْلِكُونَ مِثْقَالَ ذَرَّةٍ فِي السَّمَوَاتِ وَلَا فِي الْأَرْضِ وَمَا لَهُمْ فِيهِمَا مِنْ شِرْكٍ وَمَا لَهُ مِنْهُمْ مِنْ ظَهِيرٍ(٢٢)وَلَا تَنْفَعُ الشَّفَاعَةُ عِنْدَهُ إِلَّا لِمَنْ أَذِنَ لَهُ...﴾ (سبأ:٢٢-٢٣)

**പറയുക: അല്ലാഹുവിനു പുറമെ (സഹായികളായി ഉണ്ടെന്ന്) നിങ്ങൾ ജൽപിക്കുന്നവരെ നിങ്ങൾ വിളിച്ചു പ്രാർത്ഥിച്ചു നോ**

**ക്കുക. ആകാശത്തിലാകട്ടെ, ഭൂമിയിലാകട്ടെ ഒരു അണുഅള വും അവരുടെ ഉടമാവകാശത്തിലില്ല. അവ രണ്ടിലും അവർക്ക് യാതൊരു പങ്കുമില്ല. അവരിൽ നിന്ന് അവന്ന് (അല്ലാഹുവിന്ന്) യാതൊരു സഹായിയുമില്ല. അവൻ സമ്മതം കൊടുത്തവർ ക്കല്ലാതെ അവൻെറയടുത്ത് ശുപാർശ ഉപകരിക്കുകയില്ല.** [വി. ഖു. 34:22-23]

ചിന്തിച്ചു നോക്കുക; ഒരാൾക്ക് ഒരുവസ്തുവിൽ ക്രയവിക്രയം നടത്താനും സ്വാധീനം ചെലുത്താനും അധികാരം ലഭിക്കുക നാലു വിധത്തിലാണ്. ഒന്നുകിൽ ആ വസ്തു അയാളുടെ സ്വന്തം ഉടമയിലാ യിരിക്കുക, അല്ലെങ്കിൽ ആ വസ്തുവിൻെറ ഉടമാവകാശത്തിൽ അ യാൾക്കു പങ്കുണ്ടായിരിക്കുക, അതുമല്ലെങ്കിൽ അയാൾ അതിൻെറ ഉടമാവകാശിയുടെ സഹായിയായിരിക്കുക. അങ്ങനെയുമല്ലെങ്കിൽ തൻെറ ശുപാർശ വഴി ഇഷ്ടപ്പെട്ടവർക്ക് അത് നേടിക്കൊടുക്കാൻ അയാൾക്കു കഴിയുക. ഈ പരിശുദ്ധ വചനത്തിൽ പ്രപഞ്ചത്തിൻെറ ഓരോ അണുഅളവിനെ സംബന്ധിച്ചും ആ നാലുവിധത്തിലുള്ള ഏ തൊരു സാദ്ധ്യതയും അല്ലാഹു അസന്ദിഗ്ധമായി നിഷേധിച്ചിരിക്ക യാണ്. പ്രപഞ്ചത്തിൻെറ ഒരണുവിലും മുഖർറബായ മലക്കിനോ, മ അ്സൂമായ പ്രവാചകനോ മറ്റു വലിയ്യിനോ ഉടമാവകാശമില്ല, അവ കാശത്തിൽ പങ്കുമില്ല. അവർ ആ വിധത്തിൽ അല്ലാഹുവിൻെറ സഹാ യികളുമല്ല. ഈ ഇഷ്ടദാസന്മാരുടെ ശുപാർശ അല്ലാഹു സ്വീകരി ക്കും. പക്ഷെ, അവൻ അനുവദിച്ചവക്കു ശുപാർശ പറയാൻ മാത്രമേ അവർക്ക് അധികാരമുണ്ടായിരിക്കുകയുള്ളൂ. ഔലിയാക്കളുടെ സ് നേഹവും ഗുരുത്തവും നേടാനെന്ന പേരിൽ അല്ലാഹുവിനു മാത്രം അർപ്പിക്കേണ്ട കാര്യങ്ങള അവരുടെ പേരിലർപ്പിക്കുന്നത് ശിർക്കാ ണ്. അതുകൊണ്ട് അല്ലാഹുവിൻെറ കോപവും ഔലിയാക്കളുടെ വെറുപ്പും മാത്രമേ നേടാൻ കഴിയുകയുള്ളൂ. അത്തരക്കാർക്കു ശുപാ ർശ ചെയ്യാൻ അല്ലാഹു ഒരിക്കലും അനുവദിക്കുകയില്ല. നബി ﷺ പ റയുന്നു:

((فَهِيَ نَائِلَةٌ إِنْ شَاءَ اللَّهُ مَنْ مَاتَ لاَ يُشْرِكُ بِاللَّهِ شَيْئًا)) مسلم

എൻെറ ശുപാർശ- അല്ലാഹു ഉദ്ദേശിച്ചാൽ- അല്ലാഹുവിൽ യാതൊ ന്നും പങ്കുചേർക്കാതെ മരിക്കാൻ കഴിഞ്ഞവർക്കു ലഭിക്കുന്നതാണ്. [മുസ്ലിം]

അല്ലാഹു പറയുന്നു:

﴿...ذَلِكُمُ اللَّهُ رَبُّكُمْ لَهُ الْمُلْكُ وَالَّذِينَ تَدْعُونَ مِنْ دُونِهِ مَا يَمْلِكُونَ مِنْ قِطْمِيرٍ، إِنْ تَدْعُوهُمْ لَا يَسْمَعُوا دُعَاءَكُمْ وَلَوْ سَمِعُوا مَا اسْتَجَابُوا لَكُمْ وَيَوْمَ الْقِيَامَةِ يَكْفُرُونَ بِشِرْكِكُمْ وَلَا يُنَبِّئُكَ مِثْلُ خَبِيرٍ﴾ (فاطر: ١٣-١٤)

**അങ്ങനെയുള്ളവനാണ് നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അവനാണ് ആധിപത്യം. അവന് പുറമെ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്നവരാകട്ടെ ഒരു ഈത്തപ്പഴക്കുരുവിൻെറ പാടയുടെ അത്രപോലും അവർക്കുടമാവകാശമായിട്ടില്ല. നിങ്ങൾ അവരെ വിളിച്ചു പ്രാർത്ഥിച്ചാൽ നിങ്ങളുടെ പ്രാർത്ഥന അവർ കേൾക്കുകയില്ല. അവർ കേൾക്കുകയാണെങ്കിൽ തന്നെ അവർ നിങ്ങൾക്ക് ഉത്തരം നൽകുകയില്ല. അന്ത്യദിനത്തിലാകട്ടെ നിങ്ങളുടെ ശിർക്കിനെ അവർ നിഷേധിക്കുകയും ചെയ്യും. സൂക്ഷ്മജ്ഞാനിയെ (അല്ലാഹുവിനെ) പ്പോലെ (മറ്റൊരാൾ) നിനക്കു വൃത്താന്തമറിയിക്കാനില്ല.** [വി.ഖു. 35:13-14]

ഈ വചനത്തിലും അല്ലാഹുവിൻെറ ഏതൊരു സൃഷ്ടിക്കും-ഔലിയാക്കൾക്കുണ്ടെന്ന് ആളുകൾ ധരിക്കുന്ന വിധത്തിൽ- പ്രപഞ്ചത്തിൻെറ ഒരു അണുഅളവിൽ ക്രയവിക്രയാധികാരമില്ലെന്ന് വ്യക്തമാക്കിയിരിക്കുന്നു.

സമുദായത്തെ പഠിപ്പിക്കാനായി അല്ലാഹു നബി ﷺ യോട് കൽപിക്കുന്നത് നോക്കുക:

﴿قُلْ مَاكُنْتُ بِدْعًا مِّنَ الرُّسُلِ وَمَا أَدْرِي مَا يُفْعَلُ بِي وَلاَبِكُمْ إِنْ أَتَّبِعُ إِلاَّ مَا يُوحَى إِلَيَّ وَمَا أَنَا إِلاَّ نَذِيرٌ مُّبِينٌ ﴾ (الأحقاف: ٩)

**(നബിയേ,) പറയുക: ഞാൻ പ്രവാചകന്മാരിൽ പുതിയ ഒരാളല്ല. എന്നെക്കൊണ്ടാകട്ടെ നിങ്ങളെക്കൊണ്ടാകട്ടെ എന്ത് ചെയ്യപ്പെടുമെന്ന് എനിക്കറിയുകയില്ല. എനിക്കു നൽകപ്പെട്ട ദിവ്യസന്ദേശം പിൻപറ്റുക മാത്രമാണ് ഞാൻ ചെയ്യുന്നത്. ഞാൻ വ്യക്തമായ ഒരു മുന്നറിയിപ്പുകാരൻ മാത്രമാണ്.** [വി.ഖു. 46:9]

﴿قُلْ إِنِّي لاَ أَمْلِكُ لَكُمْ ضَرًّا وَّلاَ رَشَدًا، قُلْ إِنِّي لَنْ يُجِيرَنِي مِنَ اللَّهِ أَحَدٌ وَّلَنْ أَجِدَ مِنْ دُونِهِ مُلْتَحَدًا ﴾ (الجن:٢١-٢٢)

**(നബിയേ,) പ്രഖ്യാപിക്കുക; നിശ്ചയമായും ഞാൻ നിങ്ങൾക്ക് ഒരു ഉപദ്രവത്തെയോ ഒരു നന്മയെയോ അധീനപ്പെടുത്തുന്നില്ല. പറയുക: നിശ്ചയമായും അല്ലാഹുവിൽ നിന്ന് എന്നെ ഒരാളും രക്ഷിക്കുകയുമില്ല, അവനല്ലാതെ ഒരഭയസ്ഥാനവും ഞാൻ കണ്ടെത്തുന്നതുമല്ല.** [വി.ഖു. 72:21-22]

﴿ قُلْ لاَ أَقُولُ لَكُمْ عِنْدِي خَزَائِنُ اللَّهِ وَلاَ أَعْلَمُ الْغَيْبَ وَلاَ أَقُولُ لَكُمْ إِنِّي مَلَكٌ إِنْ أَتَّبِعُ إِلاَّ مَا يُوحَى إِلَيَّ قُلْ هَلْ يَسْتَوِي الأَعْمَى وَالْبَصِيرُ أَفَلاَ تَتَفَكَّرُونَ ﴾ (الأنعام: ٥٠)

**പറയുക: അല്ലാഹുവിൻെറ ഖജനാവുകൾ എൻെറ കൈവശമുണ്ടെന്ന് ഞാൻ നിങ്ങളോട് പറയുന്നില്ല. മറഞ്ഞകാര്യം ഞാൻ അറിയുകയുമില്ല. ഞാനൊരു മലക്കാണെന്നും ഞാൻ നിങ്ങളോട് പറയുന്നില്ല. എനിക്കു നൽകപ്പെട്ട ദിവ്യസന്ദേശം പിൻപറ്റുക മാത്രമാണ് ഞാൻ ചെയ്യുന്നത്. ചോദിക്കുക; അന്ധനും കാഴ്ചയുള്ളവനും സമമാണോ? നിങ്ങൾ ചിന്തിക്കുന്നില്ലേ?** [വി.ഖു. 6:50]

ഈ മൂന്ന് വചനങ്ങളിലായി, യുക്തിമാനായ അല്ലാഹു, മുഹമ്മദ് നബി(സ)യിലൂടെ മനുഷ്യ വർഗ്ഗത്തെ പഠിപ്പിക്കുന്ന കാര്യങ്ങൾ നോക്കുക: എനിക്കോ നിങ്ങൾക്കോ എന്തൊക്കെ സംഭവിക്കുമെന്ന് അല്ലാഹുവിൻെറ പ്രവാചകനായ എനിക്കു തന്നെ അറിയുകയില്ല. അവനിൽ നിന്നു ലഭിക്കുന്ന ദിവ്യസന്ദേശമനുസരിച്ചു പ്രവർത്തിക്കുക മാത്രമാണ് ഞാൻ ചെയ്യുന്നത്. മനുഷ്യാതീത കഴിവുകളുപയോഗിച്ചു നിങ്ങൾക്കൊരുപകാരം ചെയ്യുവാനോ ഒരു ഉപദ്രവമേൽപിക്കുവാനോ- ഞാനൊരു പ്രവാചകനാണെന്ന് വെച്ച്- എനിക്ക് കഴിയുകയില്ല. എനിക്കു തന്നെയും അല്ലാഹുവിങ്കൽ നിന്ന് വല്ലവിപത്തും വരികയാണെങ്കിൽ അത് തടുക്കുവാൻ ഒരാൾക്കും കഴിയുകയില്ല. അല്ലാഹുവല്ലാതെ എനിക്ക് മറ്റൊരു അഭയസ്ഥാനവുമില്ല. അല്ലാഹുവിൻെറ കഴിവുകളുടെ ഖജനാവിൽ കൈകാര്യം നടത്താനുള്ള അധികാരം അവൻ എനിക്കു നൽകിയിട്ടില്ല. അതുകൊണ്ട് നിങ്ങൾ ആവശ്യപ്പെടുന്ന കാര്യങ്ങളെല്ലാം സാധിപ്പിച്ചു തരുവാൻ എനിക്കു കഴിയുകയില്ല. ഞാൻ അല്ലാഹുവിൻെറ പ്രവാചകനാണ്. പക്ഷെ, അതു

കൊണ്ട് എനിക്ക് മറഞ്ഞ കാര്യങ്ങൾ അറിയുമെന്ന് നിങ്ങൾ ധരിക്ക രുത്. ഞാനൊരു മനുഷ്യനല്ല, മലക്കാണ് എന്ന വാദവും എനിക്കില്ല.

മുഹമ്മദ് മുസ്ത്വഫാ ﷺ മനുഷ്യ വർഗ്ഗത്തിലെ ഏറ്റവും വലിയ വലിയ്യാണ്. പ്രവാചകന്മാരിൽ ഏറ്റവും ശ്രേഷ്ഠനാണ്. സൃഷ്ടികളിൽ ഏറ്റവും ഉത്തമനാണ്. നിരവധി മുഅ്ജിസത്തുകൾ നൽകപ്പെട്ട ദേഹമാണ്. അദ്ദേഹത്തിനു പോലും ഇവ്വിധമുള്ള കഴിവുകളൊന്നും നൽകപ്പെട്ടിട്ടില്ല. അങ്ങനെയുള്ള കഴിവുകളെല്ലാം അല്ലാഹുവിൽ മാത്രം നിക്ഷിപ്തമാണ് എന്ന് മുസ്ലിം സമുദായത്തോട് ഉറക്കെ പ്രഖ്യാപിക്കുവാനാണ് അല്ലാഹു കൽപിക്കുന്നത്. ഈ സത്യം സമുദായത്തെ പഠിപ്പിക്കുവാനും അവരുടെ സത്യവിശ്വാസത്തിൻെറ ഒരു ഭാഗമാക്കുവാനുമാണ് അവൻ നബി ﷺ യോട് ആജ്ഞാപിക്കുന്നത്. മനുഷ്യ മക്കളിൽ ശ്രേഷ്ഠരായ മുഹമ്മദ് മുസ്ത്വഫാ ﷺ ക്കു തന്നെ ഇത്തരം കഴിവുകളൊന്നും നൽകപ്പെട്ടിട്ടില്ല എന്ന് പരിശുദ്ധ ഖുർആൻ സംശയരഹിതമായി പ്രഖ്യാപിച്ചിരിക്കുന്നു. അപ്പോൾ സ്ഥാന പദവിയിൽ അദ്ദേഹത്തെക്കാൾ എത്രയോ താഴെപടിയിലുള്ള ഈ സമുദായാംഗങ്ങളിൽ ഒരാൾക്കും അങ്ങനെയുള്ള കഴിവുകൾ നൽകപ്പെട്ടിട്ടില്ല എന്നത് തർക്കമറ്റ കാര്യമാണല്ലോ. സന്താനമില്ലാത്തവർക്ക് സന്താനവും, സമ്പത്തില്ലാത്തവർക്ക് സമ്പത്തും, രോഗമുള്ളവർക്ക് ആരോഗ്യവും ലഭിക്കുന്നതിന് അശ്റഫുൽ ഖൽഖിനോടപേക്ഷിച്ചാൽ അവയൊന്നും നേടിത്തരുവാൻ അദ്ദേഹത്തിനു കഴിയുകയില്ല. കാരണം, അല്ലാഹുവിൻെറ കഴിവുകളാകുന്ന ഖജനാവ് കൈകാര്യം ചെയ്യാനുള്ള അധികാരം അവൻ അദ്ദേഹത്തിനു നൽകിയിട്ടില്ല. എന്നിരിക്കെ അത്തരം കാര്യങ്ങൾ മറ്റുള്ള ഔലിയാക്കളിൽ നിന്ന് ആശിക്കുന്നതിൽ വല്ല അർത്ഥവുമുണ്ടോ?

മനുഷ്യരിൽ ഉത്തമർ അല്ലാഹുവിൻെറ പ്രവാചകന്മാരാണല്ലോ. എന്നാൽ രക്തബന്ധമുള്ള ഏറ്റവും അടുത്ത കുടുംബാംഗങ്ങളെയെങ്കിലും സന്മാർഗ്ഗത്തിൽ കൂട്ടാനുള്ള അധികാരം വരെ അല്ലാഹു ആ പ്രവാചകന്മാർക്കു പോലും നൽകിയിട്ടില്ല എന്നതാണ് ശരി. ആദ്യത്തെ മുർസലായ നൂഹ് عليه السلام മിൻെറ മകൻ, അല്ലാഹുവിൻെറ ഖലീലായ ഇബ്റാഹീം നബി عليه السلام മിൻെറ പിതാവ്, നൂഹ്, ലൂത്വ് عليه السلام മിൻെറ ഭാര്യമാർ എന്നിവർ ഇതിനുദാഹരണമാണ്. മുഹമ്മദ് മുസ്ത്വഫാ ﷺ യുടെ മക്കയിൽ വച്ചുള്ള ഇസ്ലാമിക പ്രബോധനത്തിൽ

അദ്ദേഹത്തിനു താങ്ങും തണലുമായിരുന്നത് അദ്ദേഹത്തിൻെറ വളർത്തു പിതാവും സ്വന്തം പിതൃവ്യനുമായ അബൂത്വാലിബായിരുന്നു. അദ്ദേഹം സത്യവിശ്വാസം സ്വീകരിച്ചു കാണാൻ നബി ﷺ വളരെയധികം കൊതിക്കുകയുണ്ടായി. അബൂത്വാലിബിന് മരണം ആസന്നമായപ്പോൾ പോലും നബി ﷺ അതിനായി പലതവണ ശ്രമം നടത്തി നോക്കി. ഫലമുണ്ടായില്ല. ആ സംഭവത്തെ സംബന്ധിച്ചാണ് ഈ പരിശുദ്ധ വചനം അവതരിച്ചത്:

﴿ إِنَّكَ لَا تَهْدِي مَنْ أَحْبَبْتَ وَلَكِنَّ اللَّهَ يَهْدِي مَنْ يَشَاءُ ... ﴾ (القصص:٥٦)

**നീ ഇഷ്ടപ്പെട്ടവരെ സന്മാർഗ്ഗത്തിൽ കൂട്ടാൻ നിനക്ക് ഒരിക്കലും കഴിയുകയില്ല. എന്നാൽ അല്ലാഹു അവൻ ഉദ്ദേശിച്ചവരെ സന്മാർഗ്ഗത്തിലേക്ക് നയിക്കുന്നു.** [വി.ഖു. 28:56]

## അന്തരം

പരിശുദ്ധ ഖുർആനിലും സുന്നത്തിലും പ്രസ്താവിക്കപ്പെട്ട أَوْلِيَاءُ എന്ന പദം ഉത്തമ നൂറ്റാണ്ടുകാരുടെ ശക്തിയും കഴിവും ഉൾക്കൊള്ളാൻ മാത്രമേ വിശാലമായിരുന്നുള്ളൂ. തുടർന്നു വന്ന നൂറ്റാണ്ടുകളിൽ അമാനുഷരായി ജീവിച്ചു എന്ന് പറയപ്പെടുന്നവരുടെ ശക്തിയും കഴിവുകളും ഉൾക്കൊള്ളാൻ മാത്രം ആ പദം വിശാലമായിരുന്നില്ല. കാരണം, മുൻഗാമികളുടെയും പിൻഗാമികളുടെയും പ്രവർത്തനങ്ങളും കഴിവുകളും താരതമ്യപ്പെടുത്തിയാൽ അവതമ്മിൽ എലിയും മലയും തമ്മിലുള്ള അന്തരം കാണാം. ഇവിടെ മഞ്ഞക്കുളം ഹുസൈൻ അവർകളെ അത്യധികം സ്നേഹിച്ചിരുന്ന മൗലവിയുടെ മരിച്ച ഭാര്യയെയും കുട്ടിയെയും അയാളുടെ അപേക്ഷയെ തുടർന്ന് അദ്ദേഹം ജീവിപ്പിച്ചതായി കാണുന്നു. അവിടെ തൻെറ ആസന്നമരണനായ കുട്ടിയെ കാണാൻ ഉടനെ വരേണമെന്ന് അവിടുത്തെ ഓമനപുത്രി സൈനബ് (റ) ചൊല്ലിഅയച്ചു. അപ്പോൾ 'അല്ലാഹു നൽകിയതും തിരിച്ചു വാങ്ങുന്നതും അവനുള്ളതാണ്. ഓരോ കാര്യത്തിനും അവൻെറ അടുത്ത് ഒരു നിർണ്ണയമുണ്ട്. അതുകൊണ്ട് മകളോട് ക്ഷമിക്കാൻ പറയുക' എന്നു പറഞ്ഞുകൊണ്ട്, വന്ന ആളെ നബി ﷺ മട

ക്കി അയക്കുന്നതായിട്ടാണ് കാണുന്നത്. നബി ﷺ വരികതന്നെ വേണമെന്ന് വീണ്ടും പറഞ്ഞയച്ചപ്പോൾ അദ്ദേഹം വന്നു കുട്ടിയെ കയ്യിലെടുത്തു കൊണ്ട് കണ്ണുനീർ ഒഴുക്കുകയാണ് ചെയ്തത്. [ബുഖാരി-മുസ്ലിം]

ഇവിടെ തങ്ങൾക്കെതിരായി ഒരു ചെറുവിരലെങ്കിലും ചലിപ്പിച്ചവർ കരിഞ്ഞുപോയതായും അവരുടെ 'വലിപട്ടം' ദുർബലപ്പെടുത്തിയതായും അവരുടെ നാട്ടിൽ തീ നിറച്ചിരിക്കുന്നതായും കാണുന്നു. എന്നാൽ അവിടെ ഈ സമുദായത്തിലെ മൂന്നാമത്തെ വലിയ്യായ ഉമർ ؓ വിനെ നോക്കുക. അദ്ദേഹം മഹത്വത്തിൽ രണ്ടാം സ്ഥാനമുള്ള, നബി ﷺ യുടെ പള്ളിയിൽ, അവിടുത്തെ പാദസ്പർശനമേറ്റ സ്ഥലത്തു വച്ച് ഏറ്റവും ശ്രേഷ്ഠമായ പ്രഭാത നമസ്കാരത്തിൽ ഉത്തമരായ ഔലിയാക്കളുടെ ഇമാമാണ്. പരിശുദ്ധ ഖുർആൻ ഓതിക്കൊണ്ടിരിക്കുന്നു. ഈ സന്ദർഭത്തിൽ ഒരു അമുസ്ലിം അടിമ അദ്ദേഹത്തെ വെട്ടിയപ്പോൾ അവൻ കരിഞ്ഞു പോയതായോ, അവൻെറ കൈ കുഴഞ്ഞു പോയതായോ നാം കാണുന്നില്ല. മറിച്ച് അവനെ പിടിക്കാനുള്ള ശ്രമത്തിൽ മറ്റു പതിമൂന്ന് ഔലിയാക്കൾക്കു കൂടി പരുക്ക് പറ്റിയതായും ആറുപേർ മരിച്ചതായിട്ടുമാണ് നാം കാണുന്നത്. (البداية والنهاية لابن كثير) [ഇബ്നുകഥീർ, അൽബിദായഃ വന്നിഹായഃ]

അവിടെ തൻെറ ഓമനപുത്രൻ അന്തരിച്ചപ്പോൾ 'ഇബ്റാഹീമെ, നിൻെറ വേർപാടിൽ ഞങ്ങൾ ദുഃഖിതരാണ്' എന്നു പറഞ്ഞു കൊണ്ട് കണ്ണുനീർ ഒഴുക്കുന്ന അശ്റഫുൽ ഖൽഖായ മുഹമ്മദ് മുസ്ത്വഫാ ﷺ മിനെയാണ് നാം കാണുന്നത്. [ബുഖാരി-മുസ്ലിം]. എന്നാൽ ഇവിടെ ഖുത്വ്ബിനെ ഇഷ്ടപ്പെട്ട ഒരാളുടെ ആത്മാവിനെ തിരിച്ചു കൊടുപ്പിക്കാനുള്ള ശ്രമത്തിൽ അദ്ദേഹം ആത്മാക്കളുടെ കുട്ട തട്ടുന്നു. അങ്ങനെ എല്ലാ ആത്മാക്കളും ഓടി തങ്ങളുടെ ശരീരങ്ങളിൽ ചേരുന്നു. തൽഫലമായി അന്നെടുത്ത ജോലി നിഷ്ഫലമായതോർത്ത് ദുഃഖിക്കുന്ന മലകുൽ മൗത്തിനെയാണ് നാം കാണുന്നത്.

അവിടെ സ്വർഗ്ഗം ലഭിക്കുമെന്ന് തിരുദൂതരുടെ വാമൊഴിയാൽ സൂചന ലഭിച്ച വ്യക്തിയാണ് ഉമർ ؓ. അദ്ദേഹത്തിനു മരണം ആസന്നമായപ്പൊൾ 'സ്വർഗ്ഗത്തിലേക്കോ നരകത്തിലേക്കോ തൻെറ പര്യവസാനമെന്ന് തനിക്കുറപ്പില്ലല്ലോ' എന്നു പറഞ്ഞു അദ്ദേഹം കരഞ്ഞതായിട്ടാണ് നാം കാണുന്നത്. അതിനു പകരം ഇവിടെ തങ്ങൾക്കും തങ്ങളുടെ മുരീദുകളായി ജനിച്ചു വളർന്നേക്കാവുന്നവർക്കും സ്വർഗ്ഗം

നേടിക്കൊണ്ട് ഖുത്വ്ബുകൾ മാതാക്കളുടെ ഗർഭാശയങ്ങളിൽ നിന്ന് പുറത്തു വരുന്നതായിട്ടാണ് നാം കാണുന്നത്.

അവിടെ നബി ﷺ ഹിജ്റക്കൊരുങ്ങിയപ്പോൾ മനുഷ്യസാദ്ധ്യമായ എല്ലാ രക്ഷാനടപടികളും സ്വീകരിച്ചതായിട്ടാണ് നാം കാണുന്നത്. അലി ﷺ വിനെ അവിടുത്തെ വിരിപ്പിൽ കിടത്തി, പുതച്ചു രാത്രി തന്നെ ഗുഹയിലൊളിച്ചു. മൂന്നു ദിവസം അതിൽ കഴിച്ചു കൂട്ടി. രാത്രി അവർക്ക് പാലിനായി കൊണ്ടുവന്നിരുന്ന കാലികളുടെ കാൽപാടുകൾ മായ്ച്ചു കളഞ്ഞു. തുടർന്ന് ഒരു അമുസ്ലിം വഴികാട്ടിയുടെ സഹായത്തോടെ മണിക്കൂറിൽ നാഴികകൾ മാത്രം സഞ്ചരിക്കുന്ന മൃഗത്തിൻെറ പുറത്തു കയറി, അസാധാരണമായ ഒരു വഴിക്ക് മദീനയിലേക്കു പുറപ്പെട്ടു. അല്ലാഹുവിൻെറ ഔലിയാക്കളായ സ്വഹാബികൾ ശിർക്കിനെതിരെയുള്ള ധർമ്മയുദ്ധത്തിനു പോകാൻ വാഹനങ്ങളില്ലാത്തതു കൊണ്ട് കാൽനടയായി പോകുന്നു. അങ്ങനെ അവരുടെ കാലുകൾ തേയുന്നു, നഖങ്ങൾ കൊഴിയുന്നു. തുടർന്നു നടക്കാൻ കഴിയാതെ വന്നപ്പോൾ അവർ കാലുകളിൽ തുണിക്കഷ്ണങ്ങൾ വെച്ചുകെട്ടിക്കൊണ്ട് യുദ്ധഭൂമിയിലേക്കുള്ള യാത്ര തുടരുന്നു. അതു കാരണം ആ യുദ്ധത്തിനു غزوة ذات الرقاع (തുണിക്കഷ്ണങ്ങളുടെ യുദ്ധം) എന്ന് പേര് വീഴുന്നു. നോക്കുക; അവർക്കെല്ലാം പറക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ അതെത്ര സഹായകമായിരിക്കും!

ആദം ﷵ മിന് സുജൂദ് ചെയ്യാനുള്ള അല്ലാഹുവിൻെറ കൽപന ഇബ്ലീസ് ധിക്കരിച്ചു. അതു കൊണ്ട് അല്ലാഹു അവനെ ശപിച്ചു. അവൻെറ അനുഗ്രഹത്തിൽ നിന്ന് ഇബ്ലീസിനെ അവൻ അകറ്റി. മനുഷ്യ വർഗ്ഗത്തെ വഴിതെറ്റിക്കാനായി, അന്ത്യദിനം വരെ അവൻ ഇട ചോദിച്ചു. അല്ലാഹു അവന് ഇട നൽകി. നിന്നെയും നിന്നെ പിമ്പറ്റിയവരെയും കൊണ്ട് നരകം നിറക്കുമെന്ന് അല്ലാഹു പ്രഖ്യാപിച്ചു. അതുകൊണ്ട് മുൻകഴിഞ്ഞ ഓരോ പ്രവാചകനും തൻെറ സമുദായത്തെ ഇബ്ലീസിൻെറ ചതിയെ സംബന്ധിച്ചു താക്കീതു നൽകിപ്പോന്നു. ഈ പരമാർത്ഥങ്ങൾ പരിശുദ്ധ ഖുർആൻ ആവർത്തിച്ചു പറയുന്നു. അവൻെറയും അവൻെറ പാർട്ടിയുടെയും ചതിയിൽ പെട്ടുപോകരുതെന്ന് ഖുർആൻ സത്യവിശ്വാസികളോട് അതിൻെറ ഓരോ പേജിലെന്ന പോലെ താക്കീതു നൽകുകയും ചെയ്യുന്നു. മനുഷ്യർക്ക് അവരെ കാണാൻ കഴിയില്ലെങ്കിലും അവർക്ക് മനുഷ്യരെ കാണാൻ കഴിയുമെന്ന് ഖുർആൻ വ്യക്തമാക്കുന്നു. എന്നാൽ ഇവിടെ നമ്മുടെ

ഖുത്വ്ബുകൾ ഇബ്ലീസ് ചതിക്കാൻ ചെന്നപ്പോൾ ചിലർ അവനെ ചെരിച്ചു കിടത്തി അപമാനിച്ചു വിട്ടിരിക്കുന്നു! മറ്റു ചിലർ ഇബ്ലീസിനെ അവൻെറ ആദ്യസ്ഥിതിയിലേക്കെത്തിക്കാൻ ശ്രമം നടത്തിയിരിക്കുന്നു! അതിനായി തൻെറ പ്രത്യേക ത്വരീഖത്തിൽ ചേരാൻ അവനെ ക്ഷണിച്ചിരിക്കയാണ്!

അവരെ ചതിക്കാനായി ഇബ്ലീസ് വന്നാരെ
നീ ഇപ്പോൾ എന്നെ തുടരെന്ന് ചെന്നോവർ
എങ്കിലോ നിന്നെ ഞാൻ അവ്വൽ മഖാമതിൽ
ആക്കുവാൻ എന്ന് കരുതി പറഞ്ഞോവർ
(രിഫാഈ മാല)

അന്തരം നോക്കുക. ഇബ്ലീസിനെ സന്മാർഗ്ഗത്തിൽ ചേർക്കാനായി അവനെ ത്വരീഖത്തിലെക്ക് ക്ഷണിച്ചു എന്നാണ് പറയുന്നത്. യാഥാർത്ഥ്യമെന്താണ്? സത്യവിശ്വാസികൾക്ക് മുഹമ്മദ് മുസ്ത്വഫാ ﷺ കാണിച്ചു തന്ന ഒരു ത്വരീഖത്തേയുള്ളൂ. അതിൻെറ പേര് സ്വിറാതുൽ മുസ്തഖീം എന്നാണ്. മറ്റെല്ലാ ത്വരീഖത്തുകളും ഇബ്ലീസിൻേറത് തന്നെ. അവനും പാർട്ടിയും മനുഷ്യനെ അതിലേക്കു ക്ഷണിച്ചു കൊണ്ടിരിക്കുന്നു. പക്ഷെ, ഇതിനെല്ലാം പ്രേരണ നൽകുന്നത് ഇബ്ലീസാണോ എന്ന് ചിലരെങ്കിലും സംശയിച്ചേക്കും. ആ സംശയം അകറ്റാനാണ് അവനെ അപമാനിച്ചു വിട്ടു എന്നും അവനെ ത്വരീഖത്തിലേക്ക് ക്ഷണിച്ചു എന്നും ഇബ്ലീസിൻെറ തന്നെ പ്രേരണയാൽ എഴുതപ്പെട്ടിരിക്കുന്നത്.

## ഖുത്വ്ബുൽ അഖ്ത്വാബ്

ഇങ്ങനെ നോക്കുമ്പോൾ മുൻഗാമികളെ ഉൾകൊണ്ട ഔലിയാഅ് എന്ന പദം പിൻഗാമികളെ ഉൾകൊള്ളാൻ മാത്രം വിശാലമല്ലെന്ന് കാണാം. അതുകൊണ്ടാണ് പിൻഗാമികൾക്ക് ഖുർആനിലൊ തിരുസുന്നത്തിലോ കാണാൻ കഴിയാത്ത ചില പേരുകൾ നൽകപ്പെടേണ്ടി വന്നത്. അങ്ങനെ ചിലർക്ക് ഖുത്വുബ് എന്ന പേർ നൽകി. അച്ചുതണ്ട്, മുഖ്യൻ എന്നീ അർത്ഥങ്ങൾ വരുന്ന ഈ പദം കൊണ്ട് വിവക്ഷിക്കപ്പെട്ടിരുന്നത് പ്രപഞ്ചകാര്യങ്ങൾ ആരെ കേന്ദ്രീകരിച്ചു കറങ്ങിക്കൊണ്ടിരിക്കുന്നുവോ അങ്ങനെയുള്ള വ്യക്തി എന്നായിരുന്നു. ഫലത്തിലത് വിലായത്ത്-കറാമത്ത് എന്നീ പദങ്ങളുടെ പേരിൽ ഉണ്ടായിത്തീർന്ന മുഴുവൻ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ആരെ

കേന്ദ്രീകരിച്ചു കറങ്ങിക്കൊണ്ടിരിക്കുന്നുവോ അങ്ങനെയുള്ള വ്യക്തി എന്നായിത്തീർന്നു. തുടർന്ന് ഒന്നിലധികം ഖുത്വ്ബുകൾ സങ്കൽപിക്കപ്പെട്ടപ്പോൾ അവരിൽ മുഖ്യന് قُطْبُ الأَقْطَابِ (ഖുത്വ്ബുൽ അഖ്ത്വാബ്) എന്ന പ്രയോഗം വന്നു. അപ്രകാരം തന്നെ الْغَوْثُ الأَعْظَمُ (ഗൗഥുൽ അഅ്ളം) എന്നും, سُلْطَانُ الأَوْلِيَاءِ (സുൽത്വാനുൽ ഔലിയാ) എന്നും, سُلْطَانُ الْعَارِفِينَ (സുൽത്വാനുൽ ആരിഫീൻ) എന്നും മറ്റുമുള്ള നാമങ്ങളും നൽകപ്പെട്ടു. അതിനെ തുടർന്ന് ഈ പേരുകൾ നൽകപ്പെട്ടവരുടെ പദവിയെയും അധികാരത്തെയും സംബന്ധിച്ച ചർച്ചയായി. അങ്ങനെ ഖുത്വ്ബുൽ അഖ്ത്വാബിന് كُنْ (ഉണ്ടാകുക) എന്ന പദം നൽകപ്പെട്ടിരിക്കുന്നു എന്ന തീരുമാനത്തിലെത്തി. അതെ, ഖുത്വ്ബുൽ അഖ്ത്വാബ് ഒരു വസ്തുവിനെ ഉദ്ദേശിച്ചു 'ഉണ്ടാകുക' എന്ന് കൽപിച്ചാൽ, അല്ലാഹുവിൻെറ കൽപന കണക്കെ അതുണ്ടാകുമെന്നർത്ഥം!

സത്യത്തിൽ ചിലമനുഷ്യർ, അല്ലാഹുവിൻെറ അനുവാദമില്ലാതെ, മറ്റു ചില മനുഷ്യർക്ക് സങ്കൽപിച്ച ചില നാമങ്ങൾ മാത്രമാണിവ. അവർ തന്നെ ആ നാമങ്ങൾ നൽകപ്പെട്ടവരുടെ കഴിവുകളും അധികാരങ്ങളും നിർണ്ണയിച്ചു കൊടുക്കുകയും ചെയ്തിരിക്കുന്നു. ലാത്ത, ഉസ്സ തുടങ്ങിയ ദൈവങ്ങളെയും അവര അല്ലാഹുവിങ്കൽ ശുപാർശ പറയുമെന്ന അറബികളുടെ വിശ്വാസത്തെയും ഖണ്ഡിച്ചു കൊണ്ട് ഖുർആൻ പറയുന്നു:

﴿إِنْ هِيَ إِلاَّ أَسْمَاءٌ سَمَّيْتُمُوهَا أَنْتُمْ وَآبَاؤُكُمْ مَّا أَنْزَلَ اللَّهُ بِهَا مِنْ سُلْطَانٍ إِنْ يَتَّبِعُونَ إِلاَّ الظَّنَّ وَمَا تَهْوَى الأَنْفُسُ وَلَقَدْ جَاءَهُمْ مِّنْ رَّبِّهِمُ الْهُدَى ﴾
(النجم:٢٣)

**അവ നിങ്ങളും നിങ്ങളുടെ പൂർവ്വപിതാക്കളും വിളിച്ച ചില നാമങ്ങൾ മാത്രമാണ്. അവയെ സംബന്ധിച്ച് അല്ലാഹു ഒരു തെളിവും ഇറക്കിയിട്ടില്ല. അവർ ഊഹത്തെയും ശരീരേച്ഛകളെയും മാത്രമാണ് പിന്തുടരുന്നത്. അവരുടെ രക്ഷിതാവിങ്കൽ നിന്നുള്ള സന്മാർഗ്ഗം തീർച്ചയായും അവർക്ക് വന്നുകിട്ടിയിട്ടുണ്ട്.** [വി.ഖു. 53:23]

﴿...قُلْ أَتُنَبِّؤُونَ اللَّهَ بِمَا لاَ يَعْلَمُ فِي السَّمَاوَاتِ وَلاَ فِي الأَرْضِ سُبْحَانَهُ وَتَعَالَى عَمَّا يُشْرِكُونَ ﴾ (يونس:١٨)

**(നബിയേ,) ചോദിക്കുക; ആകാശങ്ങളിലോ ഭൂമിയിലോ അല്ലാഹുവിന് അറിഞ്ഞു കൂടാത്ത കാര്യം നിങ്ങൾ അവനെ ധരിപ്പിക്കയാണോ? അവർ പങ്കുചേർക്കുന്നതിൽ നിന്ന് അവൻ എത്രയോ പരിശുദ്ധനും ഉന്നതനുമാകുന്നു.** [വി.ഖു. 10:18]

ഈ മറുപടി തന്നെയാണ് ഈ നാമങ്ങളെ സംബന്ധിച്ചും പറയുവാനുള്ളത്. പ്രപഞ്ചത്തിൻെറ ഒരു തരിമ്പിൽ പോലും ഒരു വിധത്തിലുള്ള കൈകാര്യ കർതൃത്വവും അല്ലാഹു അവൻെറ സൃഷ്ടികളിൽ ഒരാൾക്കും നൽകിയിട്ടില്ല എന്ന് ഖുർആൻ സംശയരഹിതമായി പ്രഖ്യാപിക്കുന്നു. വാസ്തവമിതാണെങ്കിൽ നാം ഈ ഭൂമിയുടെ ഒരു മൂലയിലിരുന്നു കൊണ്ട് ചില പേരുകൾ സങ്കൽപിച്ചുണ്ടാക്കി നാം തന്നെ ആ പേരുകൾ ചില ആളുകൾക്ക് നൽകി. നാം തന്നെ അവരുടെ കഴിവുകൾ നിർണ്ണയിക്കുകയും ചെയ്തു. എങ്കിൽ അല്ലാഹുവിൻെറ പ്രപഞ്ചത്തിൽ അതിന് വല്ല സ്വാധീനവും ചെലുത്താൻ കഴിയുമോ?

## വളരുന്ന കറാമത്തുകൾ

എന്നാൽ ഇത്തരം 'കറാമത്തുകൾ' ഇവ്വിധത്തിൽ എങ്ങനെ പെരുകുകയും വളരുകയും ചെയ്തു? തുടർന്ന് അവ നമ്മുടെ ഏടുകളിലും പാട്ടുകളിലും കഥകളിലും കയറിപ്പറ്റുകയും ചെയ്തതെങ്ങനെ? ഈ വിഷയത്തെ സംബന്ധിച്ചു ചിന്തിക്കുമ്പോൾ ആളുകൾ എക്കാലത്തും ഇത്തരം കൗതുകവാർത്തകൾ മുഖാമുഖം ഉദ്ധരിക്കുന്നതിലും അവ പെരുപ്പിച്ചു കാണിക്കുന്നതിലും ഉത്സുകരായിരുന്നു എന്ന് കാണാം. ഇത്തരം ഒരു വാർത്ത ഒരാളിൽ നിന്ന് ഒരു മൂന്നാമൻെറ കയ്യിലെത്തുമ്പോഴേക്കും ഒരുപക്ഷെ അതിൻെറ അടിസ്ഥാനം തന്നെ മാറിപ്പോയിരിക്കും. അല്ലെങ്കിൽ ചുരിങ്ങിയപക്ഷം അത് പത്തുശതമാനം വളരുകയെങ്കിലും ചെയ്തിരിക്കും. അങ്ങനെ ഒരു പത്തു കിലോമീറ്റർ അകലെയുള്ള ഒരു പത്താമൻെറ കയ്യിലെത്തുമ്പോഴേക്ക് 'അറക്കലെ രാജ ആന തുപ്പി' എന്ന കഥ പോലെ, വെള്ളം ചേർന്ന തേങ്ങാപിണ്ണാക്ക് കണക്കെ അത് കുതിർന്നു, വളർന്നു വികസിച്ചിരിക്കും. 'അറക്കലെ രാജ ആന തുപ്പി' കോഴിക്കോട്ടെല്ലാം പ്രചരിച്ചിരിക്കുന്നു. അത് പ്രസിദ്ധമായ ഒരു സംഭവമല്ലേ? അതിലെന്താണ് സംശയിക്കാൻ? എന്നാണ് സംശയമുന്നയിച്ചവനു ലഭിച്ച മറുപടി. അവൻ അന്വേഷിച്ചറിയാനായി പുറപ്പെട്ടു. കൊയിലാണ്ടിയിലെത്തിയപ്പോൾ അവി

ടുത്തെ പ്രചരണം അറക്കലെ രാജ പോത്ത് തുപ്പി എന്നാണ്. അല്ല, കോഴിക്കോട്ട് കേൾക്കുന്നത് ആന തുപ്പി എന്നാണല്ലോ? തുപ്പിയത് പോത്തിനെയാണ്. പക്ഷെ, അതൊരു ആനയോളം വരും. വടകരയിൽ കേൾക്കുന്നത് ആടു തുപ്പി എന്നാണ്. കറുത്ത ഒരാട്. ഒരു പോത്തിനോളം വലിപ്പം വരും. തലശ്ശേരിയിലെത്തിയപ്പോൾ കാക്ക തുപ്പി എന്നേയുള്ളൂ. കണ്ണൂരിലെ പ്രചരണം അറക്കലെ രാജ ഈച്ച തുപ്പി എന്നാണ്. ആശ്വാസമായി. ഏതായാലും ഇവിടംവരെ വന്ന സ്ഥിതിക്കു നേരിട്ടൊന്നന്വേഷിക്കാം. ഓ, രാജ ഊണുകഴിക്കുമ്പോൾ ഒരു കറുത്ത വറ്റ് വായിൽ പെട്ടു. അതങ്ങ് തുപ്പിക്കളഞ്ഞു. അതിലെന്താണ് അന്വേഷിക്കാനുള്ളത്? എന്നാണ് അരിവെപ്പുകാരൻെറ പ്രതികരണം. ജനങ്ങൾ മുഖാമുഖമുദ്ധരിക്കുന്ന വാർത്തകൾ വളരുകയും പെരുകുകയും ചെയ്യുന്നത് ഇവ്വിധമാണ്.

കുറെ കൊല്ലങ്ങൾക്കു മുമ്പ് വള്ളിക്കുന്ന് എന്ന സ്ഥലത്ത് അത്ഭുത സിദ്ധിയുള്ള ഒരു വെള്ളമുണ്ടായ കഥ ഒരുപക്ഷെ ചിലരെങ്കിലും ഓർമ്മിക്കുന്നുണ്ടായിരിക്കും. 'ഒരു കുരുടൻ അവിടത്തെ കിണറ്റിലെ വെള്ളം കൊണ്ട് മുഖം കഴുകിയപ്പോൾ അവനു കാഴ്ച തിരിച്ചു കിട്ടി' എന്ന ഒരു മനുഷ്യൻെറ പ്രചരണമായിരുന്നു ആ സംഭവത്തിൻെറ അടിത്തറ. കേട്ടവർ കേട്ടവർ ഉദാരമായ 'സംഭാവന' അവരുടെ വകയായും ചേർത്തു കൊണ്ട് ആ വാർത്ത ഏറ്റുപാടി. മണിക്കൂറുകൾ കൊണ്ട് ആ അത്ഭുത വാർത്ത നാടെങ്ങും പ്രചരിച്ചു. ആ വെള്ളം കൊണ്ടുവന്ന് സൂക്ഷിക്കാനായി സ്ത്രീ പുരുഷന്മാർ തപ്പുകളും ചെപ്പുകളുമായി തിങ്ങിക്കൂടി. കാഴ്ച തിരിച്ചു കിട്ടിയ കുരുടന്മാർ ഉപേക്ഷിക്കുന്ന വടികളുടെ കൂമ്പാരങ്ങൾ ലോറി മാർഗ്ഗം മാറ്റിക്കൊണ്ടിരിക്കയാണെന്ന് വരെ പ്രചരണം നടന്നു. നമ്മുടെ ചുറ്റുഭാഗത്തും ഇടക്കിടെ പ്രത്യക്ഷപ്പെടാറുള്ള 'ജിന്ന് കൂടിയ ബീവികൾ' ഇതിനൊരു ഉദാഹരണമാണ്. ഒരു സുപ്രഭാതത്തിൽ 'ഇന്ന സ്ത്രീക്ക് ജിന്ന് ഹേളിറാത്തുണ്ട്' എന്നൊരു വാർത്ത പ്രചരിക്കുന്നു. തുടർന്ന് അവർ മറഞ്ഞ കാര്യം പറയുന്നു, കളവ് തെളിയിക്കുന്നു, തുടങ്ങി നിരവധി കറാമത്തുകളുടെ പ്രചരണം വരുന്നു. അതിനെ തുടർന്ന് ആളുകൾ അവിടേക്ക് ഒഴുകുകയായി. ഒന്നോ രണ്ടോ മാസം കഴിയുമ്പോഴേക്ക് കൂടിയ ജിന്ന് അപ്രത്യക്ഷമാകുന്നു. എല്ലാം പഴയപടി അവശേഷിക്കുന്നു. പക്ഷെ, അപ്പോഴേക്ക് ബീവിയുടെ കുടുംബം ജീവിക്കാനുള്ള വക നേടിക്കഴിഞ്ഞിരിക്കും.

ഇത്തരം ഊഹാപോഹങ്ങളിലധിഷ്ഠിതമായ വാർത്തകളിൽ നിന്ന് രേഖപ്പെടുത്തപ്പെടുന്നവ അവശേഷിക്കുന്നു. മറ്റുള്ളവ ക്രമേണ ജനഹൃദയങ്ങളിൽ നിന്ന് അപ്രത്യക്ഷമാവുകയും ചെയ്യുന്നു. 'വള്ളിക്കുന്നിലെ വെള്ളം' തന്നെ അതിന്റെ പ്രചരണ കാലത്ത് രേഖപ്പെടുത്തിയിരുന്നുവെങ്കിൽ പിൽകാലക്കാർ അവിടെ അങ്ങനെ ഒരദ്ഭുത സിദ്ധിയുള്ള വെള്ളമുണ്ടായിരുന്നു, എന്നു തന്നെ വിശ്വസിക്കും. അവരോടതു നിഷേധിക്കാനൊരുങ്ങിയാൽ 'കിതാബിലുണ്ട്' എന്നായിരിക്കും അവരുടെ ന്യായം. പൂർവ്വീകരുടെ ചരിത്ര സംഭവങ്ങൾ രേഖപ്പെടുത്തുന്നതിൽ മുസ്ലിം സമുദായം ദീക്ഷിച്ചു പോന്ന സൂക്ഷ്മത ഇത്തരം സംഭവങ്ങൾ ഉദ്ധരിക്കുന്നതിലും ദീക്ഷിക്കപ്പെടുകയും പാലിക്കപ്പെടുകയും ചെയ്തിരുന്നുവെങ്കിൽ ഇത്തരം പ്രചരണങ്ങൾ ജനഹൃദയങ്ങളെ ദൂഷിപ്പിക്കുവാൻ ഇടവരുമായിരുന്നില്ല. ഈ അത്ഭുതങ്ങളിലോരോന്നിന്റെയും അടിത്തറയിലേക്ക് കൂലങ്കഷമായി അന്വേഷിച്ചിറങ്ങിച്ചെല്ലുകയാണെങ്കിൽ അവ ഓരോന്നും, അറക്കലെ രാജ ആന തുപ്പി എന്ന കഥ പോലെ തന്നെയായിരിക്കുമെന്നതിൽ സംശയമില്ല.

ഗുരുവരെ മഖ്ബറൻററികിൽ തീവണ്ടിക്ക്
കുറ്റിതറച്ചോന്റെ കുതിരയെ കൊന്നോവർ

[മഞ്ഞക്കുളം]

എന്ന് പറയുമ്പോൾ ആരാണീ ഗുരുനാഥൻ? അദ്ദേഹത്തിന്റെ മഖ്ബറയുടെ അടുത്തു കൂടി തീവണ്ടിക്ക് കുറ്റി തറച്ചിരുന്നോ? തറച്ചവൻ കുതിരപ്പുറത്തു തന്നെയാണോ വന്നത്? എങ്കിൽ എന്തിനേ നിരപരാധിയായ കുതിരയെ കൊന്നത്? സായിപ്പിനെ തന്നെ കൊന്നുകൂടായിരുന്നോ? എന്നീ ചോദ്യങ്ങൾ തൊടുത്തുവിട്ടാൽ അതിനൊന്നും ഉത്തരമുണ്ടാകുകയില്ല. ആ മനുഷ്യൻ തന്റെ കാതിലെത്തിയത് രേഖപ്പെടുത്തി എന്നേ ഉണ്ടായിരിക്കയുള്ളൂ.

# ലാഭവും നഷ്ടവും ഇല്ല.

ഖുർആനിന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ ഒരാൾക്ക് ഒരു കറാമത്തുണ്ടായതു കൊണ്ട് മറ്റൊരാൾക്ക് യാതൊരു ലാഭവും നഷ്ടവുമില്ല. ഓരോരുത്തർക്കുമുണ്ടായ കറാമത്തുകളുടെ എണ്ണവും വണ്ണവും കണക്കാക്കി അതിൽ വിശ്വസിക്കുവാനോ അവിശ്വസിക്കുവാനോ ഇസ്ലാമിൽ ഒരാളോടും കൽപി

ച്ചിട്ടില്ല. ഈ കറാമത്തുകളെല്ലാം ആരെ സംബന്ധിച്ചു പറയപ്പെടുന്നുവോ അവരെല്ലാം മൺമറഞ്ഞു പോയിരിക്കയാണ്. അവരുടെ കർമ്മങ്ങളെ സംബന്ധിച്ച് നാമോ, നമ്മുടെ കർമ്മങ്ങളെ സംബന്ധിച്ച് അവരോ നാളെ മഹ്ശറിൽ വച്ചു ചോദ്യം ചെയ്യപ്പെടുകയില്ല.

﴿ تِلْكَ أُمَّةٌ قَدْ خَلَتْ لَهَا مَا كَسَبَتْ وَلَكُمْ مَّا كَسَبْتُمْ وَلاَ تُسْئَلُونَ عَمَّا كَانُوا يَعْمَلُونَ ﴾البقرة: ١٤١

**അത് കഴിഞ്ഞു പോയ ഒരു സമുദായമാണ്. അവർ ചെയ്തു വച്ചത് അവർക്കുണ്ട്. നിങ്ങൾ ചെയ്തത് നിങ്ങൾക്കുമുണ്ട്. അവർ പ്രവർത്തിച്ചതിനെ കുറിച്ച് നിങ്ങളോട് ചോദിക്കുന്നതല്ല.** [വി.ഖു. 2:141]

ഓരോരുത്തർക്കും ഇഹത്തിലും പരത്തിലും വെച്ച് ലഭിക്കുന്ന നേട്ടങ്ങളും കോട്ടങ്ങളും അവനവൻെറ വിശ്വാസ കർമ്മഫലമായി അല്ലാഹു നൽകുന്നവയാണ്. ഓരോരുത്തരും ഇഹലോകത്തു വച്ച് ചെയ്ത കർമ്മത്തിൻെറ ഫലം മാത്രമാണ് പരലോകത്ത് വച്ച് അവന് ലഭിക്കുക.

﴿ أَمْ لَمْ يُنَبَّأْ بِمَا فِي صُحُفِ مُوسَى(٣٦) وَإِبْرَاهِيمَ الَّذِي وَفَّى(٣٧) أَلَّا تَزِرُ وَازِرَةٌ وِزْرَ أُخْرَى(٣٨) وَأَنْ لَيْسَ لِلْإِنْسَانِ إِلَّا مَا سَعَى﴾ النجم:٣٦-٣٩

**അതല്ല, ഒരു ഭാരം ചുമക്കുന്നവനും മറ്റൊരാളുടെ കുറ്റം വഹിക്കുകയില്ല എന്നും, മനുഷ്യന് അവൻ (സ്വയം) പ്രവർത്തിച്ചതല്ലാതെ മറ്റൊന്നുമില്ല എന്നുമുള്ള മൂസായുടെയും (കടമകൾ) പൂർത്തിയാക്കിയ ഇബ്റാഹീമിൻെറയും ഏടുകളിലുള്ള പരമാർത്ഥം അവൻ അറിയിക്കപ്പെട്ടിട്ടില്ലേ?** [വി.ഖു. 53:36-39]

ഈ അടിസ്ഥാനത്തിലാണ് ഉത്തമ നൂറ്റാണ്ടുകാർ ഈ പ്രശ്നം കയ്യാളിയത്. പിൻഗാമികളും ഈ വസ്തുത മനസ്സിലാക്കുകയും ഈ പ്രശ്നത്തിൽ മുൻഗാമികളുടെ നയം തന്നെ സ്വീകരിക്കുകയും ചെയ്തിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു. എങ്കിൽ കറാമത്തിനെ സംബന്ധിച്ചു ചർച്ച ചെയ്യാൻ നമുക്ക് കൂടുതൽ സമയം വിനിയോഗിക്കേണ്ടി വരുമായിരുന്നില്ല. മദ്ധ്യ നൂറ്റാണ്ടുകാരുടേതെന്ന് പറയപ്പെടുന്ന പ്രസ്താവനകളും നടപടികളും നമുക്ക് ചർച്ചാ വിഷയമാക്കേണ്ടതായും വരുമായിരുന്നില്ല. ജനങ്ങളുടെ വിശ്വാസവും കർമ്മവും പിഴച്ചു പോകുകയും ചെയ്യുമായിരുന്നില്ല.

# കുറുക്കു വഴി

പക്ഷെ കാര്യം അവിടം കൊണ്ടവസാനിച്ചില്ല. ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്ന, 'നിലനെ കൊടുക്കാനും നിലനെ കളയാനും' അധികാരമുള്ള, മുരീദുകൾ നല്ലവരല്ലെങ്കിലും ശൈഖ് നന്നായാൽ മതിയാകുന്ന ഖുത്വുബുകളുണ്ട് എന്ന ധാരണ പ്രചരിച്ചു. അതോടെ അലസരും ബോധരഹിതരുമായ ആളുകളുടെ ഹൃദയങ്ങളെല്ലാം ആ വശത്തേക്ക് ആകർഷിക്കപ്പെട്ടു. ബോധമുദിച്ചേടം മുതൽ അവസാന നിമിഷം വരെയുള്ള കാലയളവിൽ സത്യവിശ്വാസം മനസ്സിൽ കുടിയിരുത്തിക്കൊണ്ട് അല്ലാഹുവിൻെറ വിധിവിലക്കുകൾക്കു വിധേയരായി നിലകൊള്ളുക എന്നതാണല്ലോ ഇസ്‌ലാമിക ജീവിതം. ഈ ജീവിതം നയിക്കുവാൻ ദേഹേച്ഛകൾ തടസ്സമായിരുന്ന ആളുകൾക്ക് കുറുക്കു വഴിക്ക് കാര്യങ്ങൾ നേടുവാൻ ഇതൊരു സുവർണ്ണാവസരമായി ഗണിക്കപ്പെട്ടു.

﴿ قَالَ فَبِعِزَّتِكَ لَأُغْوِيَنَّهُمْ أَجْمَعِينَ، إِلاَّ عِبَادَكَ مِنْهُمُ الْمُخْلَصِينَ ﴾ ص:٨٢-٨٣

**അവൻ (ഇബ്‌ലീസ്) പറഞ്ഞു; നിൻെറ പ്രതാപം തന്നെയാണ, സത്യം, അവരെ ഒന്നടങ്കം ഞാൻ വഴിതെറ്റിക്കുക തന്നെ ചെയ്യും. നിൻെറ നിഷ്കളങ്കരായ കുറച്ചടിമകളൊഴികെ.** [വി.ഖു. 38:82-83.]

ഇവ്വിധത്തിൽ സത്യം ചെയ്തു കൊണ്ട് മനുഷ്യനെ വഴിതെറ്റിക്കാൻ തുനിഞ്ഞിറങ്ങിയ ഇബ്‌ലീസിന് തൻെറ ഇംഗിതം പൂർത്തീകരിക്കാൻ ഇതിനെക്കാൾ നല്ലൊരവസരം മറ്റൊന്നുണ്ടായിരുന്നില്ല.

അല്ലാഹു ഏകനാണ് എന്നും, അവന് പങ്കുകാരില്ല എന്നുമുള്ള വിശ്വാസം പാരമ്പര്യമായി ലഭിച്ചവരാണ് മുസ്‌ലിംകൾ. ഈ വിശ്വാസത്തിനു ഇളക്കം തട്ടിച്ചു കൊണ്ട്, അതിനു വിപരീതമായി, ഒന്നിലധികം ദൈവങ്ങളുണ്ട് എന്നോ, അല്ലാഹു അല്ലാത്തവരെ ആരാധിക്കാം എന്നോ ഉള്ള വിശ്വാസം തൽസ്ഥാനത്തു പ്രതിഷ്ഠിച്ചു കൊണ്ട്, മുസ്‌ലിംകളെ വഴിതെറ്റിക്കാൻ പിശാച് അശക്തനായിരുന്നു. എന്നാൽ പ്രപഞ്ചത്തിൽ അല്ലാഹുവിനാൽ കറാമത്ത് എന്ന നിലയിൽ കൈകാര്യ കർതൃത്വം നൽകപ്പെട്ട ചില ആളുകളുണ്ട്, ഇഹലോകത്തിലെ എല്ലാ നേട്ടങ്ങളും പരലോകത്തിലെ സ്വർഗ്ഗവും അവർ മുഖേന എന്ന അന്ധവിശ്വാസം ജനഹൃദയങ്ങളിൽ സ്ഥലം പിടിച്ചു. അതോടെ

അവരുടെ വിശ്വാസാചാരങ്ങൾ പിഴപ്പിക്കാൻ ഉചിതമായ ഒരു സന്ദർഭമാണ് പിശാചിന് കൈവന്നത്. ശരീരേച്ഛയനുസരിച്ചു ജീവിക്കുന്നതോടൊപ്പം തന്നെ, മനസ്സിലുള്ള വ്യാമോഹങ്ങളെല്ലാം നേടാൻ കഴിയുക! ഇതിനെക്കാൾ വലിയ ഭാഗ്യവും സൗകര്യവും മറ്റെന്താണുള്ളത്? അതിന് ആകപ്പാടെ വേണ്ടത് ഒരു ശൈഖിൻെറ ഭക്തനും മുരീദുമാകുക മാത്രമാണ്. പക്ഷെ അതിന് ശൈഖിൻെറ ഗുരുത്വവും തൃപ്തിയും നേടേണ്ടതുണ്ട്. അതിനെന്താണ് മാർഗ്ഗം?

## പേരു മാറ്റം

നല്ല കാര്യങ്ങളെല്ലാം ഇസ്ലാം ആചാരമാക്കിയിരിക്കുന്നു. ആരാധനകളുടെ മുഴുവൻ ഇനങ്ങളും അല്ലാഹുവിന് മാത്രമേ ചെയ്യാൻ പാടുള്ളൂ എന്ന് കൽപിക്കുകയും ചെയ്തിരിക്കുന്നു. മനുഷ്യനെ മനുഷ്യൻ ആദരിക്കുന്നതിനും ബഹുമാനിക്കുന്നതിനും ഇസ്ലാം പരിധി നിശ്ചയിച്ചിരിക്കുന്നു. അങ്ങനെ മനുഷ്യനെ സ്വർഗ്ഗത്തിലേക്കടുപ്പിക്കുന്ന കാര്യങ്ങളെല്ലാം ഇസ്ലാം കൽപിച്ചിരിക്കുന്നു. അവനെ നരകത്തിലേക്കടുപ്പിക്കുന്ന കാര്യങ്ങളെല്ലാം ഇസ്ലാം നിരോധിച്ചിരിക്കുന്നു, നിരുത്സാഹപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അതുകൊണ്ടാണല്ലോ ഇസ്ലാം പൂർത്തിയായ ശേഷമാണ്, മുഹമ്മദ് നബി ﷺ ഈ ലോകത്തോട് യാത്ര പറഞ്ഞത് എന്നു പറയുന്നത്.

ഈ സന്ദർഭത്തിൽ പിശാച് മനുഷ്യൻെറ സഹായത്തിനെത്തി. അങ്ങനെ ഒരുവശത്ത് ഇസ്ലാം ആചാരമാക്കിയിട്ടില്ലാത്ത കുറെ കാര്യങ്ങൾ ആചാരമാക്കപ്പെട്ടു. മറുവശത്ത് അല്ലാഹുവിന് മാത്രം ചെയ്യേണ്ട ആരാധനകളിൽ ഒരു വിഭാഗം ശൈഖുമാരുടെ പേരിലേക്കു തിരിച്ചു വിട്ടു. ഈ പ്രവൃത്തി പൊതുജനങ്ങൾ ചൊല്ലിപ്പഠിച്ച [ഇബാദത്ത് (വണക്കം) ചെയ്യപ്പെടാൻ തരപ്പെട്ടവൻ അല്ലാഹു അല്ലാതെ മറ്റാരുമില്ലെന്ന് ഞാൻ ഖൽബു കൊണ്ട് കരുതിയുറപ്പിച്ചു നാവുകൊണ്ട് വെളിവാക്കിപ്പറയുന്നു എന്ന] ശഹാദത്ത് കലിമ (كلمة الشهادة) ക്ക് എതിരായിരുന്നു. പക്ഷെ, പിശാച് അവിടെയാണ് കുതന്ത്രം പ്രയോഗിച്ചത്. മഹാന്മാർക്ക് ചെയ്യപ്പെടുന്ന ഇബാദത്തിന് (ആരാധനക്ക്) ഇബാദത്ത് എന്ന് പേരു പറയാതിരുന്നാൽ ശിർക്കിൽ നിന്ന് രക്ഷപ്പെടാമെന്ന് ഇബ്ലീസ് ദുർബോധനം ചെയ്തു. മഹാന്മാർക്കു ചെയ്യുന്ന ഇബാദത്തിനു 'ഔലിയാക്കളെ ആദരിക്കൽ' എന്നോ 'ഇസ്തിഗാഥ' എന്നോ പേരു നൽകിയാൽ മതി. കാരണം, ഇബാദത്ത് അല്ലാഹുവിനു മാത്ര

മേ ചെയ്യാൻ പാടുള്ളൂ. അപ്രകാരം തന്നെ ആരാധിക്കപ്പെടുന്ന മഹാന്മാരെ ദൈവങ്ങൾ (آلهة) എന്നോ, അല്ലാഹുവിൻെറ പങ്കുകർ (شركاء) എന്നോ വിളിക്കരുത്. അവരെ ഔലിയാക്കൾ എന്നോ നേർച്ചക്കാർ എന്നോ വിളിച്ചാൽ മതി. കാരണം, അല്ലാഹു അല്ലാതെ ഇലാഹില്ല. അവനു പങ്കുകാരുമില്ല എന്നാണ് നമ്മുടെ അഖീദഃ. ഇബ്ലീസിൻെറ ഈ കുതന്ത്രം ഫലിക്കുക തന്നെ ചെയ്തു.

ഇതിൻെറ ഫലമായി അല്ലാഹുവും റസൂലും ദീനാക്കിയിട്ടില്ലാത്ത കുറേ വിശ്വാസങ്ങളും ആചാരങ്ങളും നിലവിൽ വന്നു. ഇവയിൽ ചിലത് താരതമ്യേന ഉപദ്രവം കുറഞ്ഞ, പ്രവൃത്തിപരമായ അനാചാരങ്ങൾ മാത്രമാണ്. എന്നാൽ അവയിൽ പലതും അല്ലാഹു ഒരിക്കലും പൊറുക്കുകയില്ലെന്ന് ഖുർആൻ ആവർത്തിച്ചു പറഞ്ഞ, അല്ലാഹുവിൻെറ ഗുണങ്ങളിലും അധികാരാവകാശങ്ങളിലും അവൻെറ സൃഷ്ടികളെ പങ്കുചേർക്കുക എന്ന വിശ്വാസപരവും പ്രവൃത്തിപരവുമായ ശിർക്കുകളാണ്.

## തൗഹീദിൻെറ താൽപര്യം

ഇതിൻെറയെല്ലാം ഫലം ഇസ്‌ലാമിൻെറ അടിത്തറയായ തൗഹീദിൽ നിന്നും അതിൻെറ താൽപര്യങ്ങളിൽ നിന്നുമുള്ള ജനങ്ങളുടെ വ്യതിയാനമായിരുന്നു. മനുഷ്യൻ അർപ്പിക്കുന്ന ആരാധനകൾ- അത് വാചികമാകട്ടെ, ശാരീരികമാകട്ടെ, സാമ്പത്തികമാകട്ടെ- അല്ലാഹു കൽപിച്ചരുളിയ വിധത്തിൽ അവനു മാത്രമർപ്പിക്കുക. അതിൽ ഒരു വിധത്തിൽ അവൻെറ ഒരു സൃഷ്ടിയെയും പങ്കുചേർക്കാതിരിക്കുക. മനുഷ്യ കഴിവിനതീതമായ വിധത്തിൽ രക്ഷാശിക്ഷകളേൽപിക്കുവാനുള്ള കഴിവ് ഈ പ്രപഞ്ചത്തിൽ അല്ലാഹുവിനു മാത്രമേ ഉള്ളൂ എന്ന് വിശ്വസിക്കുക. തദടിസ്ഥാനത്തിലുള്ള ഭയവും സ്നേഹവും അല്ലാഹുവിനോട് മാത്രം പുലർത്തുക. കാര്യകാരണ ബന്ധങ്ങൾക്കതീതമായ വിധത്തിൽ ദുരിതങ്ങളിൽ നിന്നുള്ള രക്ഷക്കും സൗഭാഗ്യ ലബ്ധിക്കും അവനോട് മാത്രം അർത്ഥിക്കുക. അവനിൽ നിന്നു മാത്രം പ്രത്യാശിക്കുക. അവനിൽ മാത്രം കാര്യങ്ങൾ ഭരമേൽപിക്കുക. അവൻെറ തൃപ്തിക്കു വേണ്ടി മാത്രം കൊടുക്കുക. അവൻെറ തൃപ്തിക്കു വേണ്ടി മാത്രം കൊടുക്കാതിരിക്കുക. അവനു വേണ്ടി സ്നേഹി

ക്കുക, അവനു വേണ്ടി വെറുക്കുക. ഇതാണ് ഇസ്‌ലാമിൽ തൗഹീദു കൊണ്ട് വിവക്ഷിക്കപ്പെടുന്നത്.

എന്നാൽ പിശാചിൻെറ ദുർബോധന ഫലമായി പ്രപഞ്ചത്തിൽ ക്രയവിക്രയം നടത്താനുള്ള അധികാരം 'കറാമത്ത്' എന്ന നിലയിൽ മഹാന്മാർക്ക് ലഭിച്ചിട്ടുണ്ട് എന്ന ധാരണ പരന്നു. അതോടെ സ്ഥിതി ആകെ മാറി. ജനഹൃദയങ്ങൾ ആ വശത്തേക്കു തിരിഞ്ഞു. അങ്ങനെ മഹാന്മാരുടെ തൃപ്തി നേടാനെന്ന പേരിൽ അവരുടെ ജന്മദിനങ്ങളും ചരമദിനങ്ങളും കൊണ്ടാടുന്ന ആചാരം നിലവിൽ വന്നു. ആ സന്ദർഭങ്ങളിൽ അസത്യങ്ങളും അർദ്ധസത്യങ്ങളും സത്യങ്ങളും കലർത്തി കെട്ടിയുണ്ടാക്കിയ മൗലിദുകളും റാതിബുകളും മാലകളും ബൈത്തുകളും പാരായണം ചെയ്യുന്ന പതിവ് നിലവിൽവന്നു. അവർക്കു നേർച്ചകളും വഴിപാടുകളും നടത്തുന്ന കീഴ്‌വഴക്കമുണ്ടായി. ആപൽഘട്ടങ്ങളിൽ അവരെ വിളിച്ചു സഹായമർത്ഥിക്കുന്ന ശീലം വളർന്നു. അവരിൽ നിന്ന് ബർക്കത്ത് ആശിക്കാൻ തുടങ്ങി. അവരുടെ പേരിൽ സത്യം ചെയ്യുന്ന പതിവുണ്ടായി. അവരുടെ ഖബ്റുകൾ കെട്ടിപ്പടുത്ത് പൂജിക്കാൻ തുടങ്ങി. ക്രമേണ അല്ലാഹുവിനെ സ്നേഹിക്കുന്നതു പോലെ, അഥവാ അതിലുപരിയായി അവരെ സ്നേഹിക്കാനിടയായി. അവനെ ഭയപ്പെടുന്ന പോലെ അവരെ ഭയപ്പെടാനുമിടയായി. ഇതിൻെറ ഫലമായി അല്ലാഹുവിൻെറ വിധിവിലക്കുകൾ സൂക്ഷിക്കുന്നതിലുള്ള ആവേശത്തിനു മങ്ങലേറ്റു. ആ വശത്ത് അലസത കൂടിയിരുന്നു. ജനഹൃദയങ്ങളിൽ അല്ലാഹു അല്ലാത്തവർ നിറഞ്ഞു നിൽക്കുകയും ചെയ്തു. ഈ കഴിവുകളുടെ ഉടമകൾ മരിച്ചാലും അവരുടെ കറാമത്തുകളാകുന്ന കഴിവുകൾ അവസാനിക്കുകയില്ല എന്നാണ് ചൊല്ലിപ്പഠിപ്പിക്കപ്പെട്ടത്. മാത്രമല്ല, മരിക്കുമ്പോൾ, ഗവൺമെൻറ് സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്യുന്ന ഒരുദ്യോഗസ്ഥനെപ്പോലെ ആത്മാവിന് കൂടുതൽ സ്വാതന്ത്ര്യം ലഭിക്കുന്നു എന്നാണ് വിശ്വാസം! ഇതിൻെറ ഫലമായി അവർക്ക് നൽകിവരുന്ന ആരാധനകളും അതിരുകവിഞ്ഞ ഭക്തിബഹുമാനങ്ങളും, അവരുടെ മരണ ശേഷവും കൂടുതൽ വ്യാപകമായി നിലനിന്ന് വരുന്നു.

## ദുആഅ്

ആരാധനയുടെ മജ്ജയും സത്തയുമാണ് പ്രാർത്ഥന (دعاء) എന്ന് നബി ﷺ അരുളിയിരിക്കുന്നു. الدعاء هو العبادة (പ്രാർത്ഥന അതു തന്നെ

യാണ് ആരാധന). അതിനു തെളിവായി നബി ﷺ ഈ പരിശുദ്ധ വചനം ഉദ്ധരിച്ചു. [അബൂദാവൂദ്, അഹ്മദ്, തിർമിദി]

﴿وَقَالَ رَبُّكُمْ ادْعُونِي أَسْتَجِبْ لَكُمْ إِنَّ الَّذِينَ يَسْتَكْبِرُونَ عَنْ عِبَادَتِي سَيَدْخُلُونَ جَهَنَّمَ دَاخِرِينَ﴾ المؤمن : ٦٠

**നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർത്ഥിക്കുവിൻ, ഞാൻ നിങ്ങൾക്ക് ഉത്തരം നൽകും. നിശ്ചയമായും എന്നെ ആരാധിക്കുന്നതിന് അഹംഭാവം നടിക്കുന്നവർ നിന്ദ്യരായി നരകത്തിൽ പ്രവേശിക്കും.** [വി.ഖു. 40:60]

ഇവിടെ ആദ്യം പറഞ്ഞ പ്രാർത്ഥനയെ സംബന്ധിച്ചാണ് രണ്ടാമത് ആരാധന എന്നു പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് പ്രാർത്ഥന ആരാധനയാണെന്ന് ചൂണ്ടിക്കാണിക്കുകയാണ് നബി ﷺ ചെയ്തത്. عبادة ന് സാധാരണ നൽകപ്പെടുന്ന നിർവ്വചനം أقصَى غَايَةُ الْخُضُـوعِ وَالتَّذَلُّلِ (പരമമായ വിനയത്തിൻെറയും താഴ്മയുമടയും പ്രകടനം) എന്നാണ്. ഈ അവസ്ഥാ വിശേഷം മനുഷ്യനിൽ ഏറ്റവുമധികം പ്രകടമാകുന്നത് അവൻെറ പ്രാർത്ഥനാ വേളയിലാണ്. നജീബ് താമരശ്ശേരി ചുരത്തിലൂടെ ഇറങ്ങിവരുന്ന ബസ്സിൽ സഞ്ചരിക്കുന്നു. ആറാമത്തെ വളവിലെത്തിയപ്പോൾ വണ്ടിയുടെ ബ്രേക്ക് പൊട്ടി അത് നിയന്ത്രണാതീതമായിത്തീരുന്നു. ഇടതുവശത്ത് ഉയർന്നു നിൽക്കുന്ന കുന്നുകൾ! വലതു വശത്ത് അത്യഗാധമായ ഗർത്തം! അവൻെറ മുഴുവൻ ശക്തിയും തന്ത്രവും തളർന്നു പോകുന്നു. അവൻ പഠിച്ച പതിനെട്ടടവും നിഷ്ഫലമായിത്തീരുന്നു. ഇനി മനുഷ്യാതീത ശക്തിക്കു മാത്രമേ തന്നെ രക്ഷിക്കാൻ കഴിയുകയുള്ളുവെന്ന് അവനുറപ്പാകുന്നു. ഈ ഘട്ടത്തിൽ തൻെറ ഹൃദയത്തിൻെറ അടിത്തട്ടിൽ നിന്ന് നിഷ്കളങ്കമായി ഒരു പ്രാർത്ഥന ഉയരുന്നു. 'പടച്ചവനേ രക്ഷിക്കണേ', നിൻെറ ഈ അടിമ വളരെ എളിയവനും താഴ്ന്നവനും അങ്ങേയറ്റം നിസ്സഹായനുമാണ്. അവൻെറ ഉടമയായ നീ സർവ്വശക്തനും പ്രതാപശാലിയുമാണ് എന്ന് നിഷ്കളങ്കമായി സമ്മതിച്ചു പറയുകയാണ് മനുഷ്യൻ ഈ ഘട്ടത്തിൽ ചെയ്യുന്നത്. ഈ സന്ദർഭത്തിലാണ് 'പരമമായ വിനയത്തിൻെറയും താഴ്മയുടെയും പ്രകടന'മെന്ന ഇബാദത്തിൻെറ നിർവ്വചനം പരിപൂർണ്ണമായി മനുഷ്യനിൽ പ്രകടമാകുന്നത്. അതുകൊണ്ടാണ് പ്രാർത്ഥന ആരാധനയുടെ മജ്ജയാണെന്ന് നബി ﷺ അരുളിയത്. ഇതേ ബസ്സിലെ അടുത്ത സീറ്റിൽ നി

ന്ന് ഇബ്റാഹീം പ്രാർത്ഥിക്കുന്നു; 'ബദ്രീങ്ങളേ രക്ഷിക്കണേ'. അതേ സീറ്റിൽ നിന്നു തന്നെ അബ്രഹാം പ്രാർത്ഥിക്കുന്നു; 'കർത്താവായ യേശുവേ രക്ഷിക്കണേ'. അടുത്ത സീറ്റിൽ നിന്നു കരുണാകരൻെറ പ്രാർത്ഥന; 'ഗുരുവായൂരപ്പാ രക്ഷിക്കണേ'. കൂട്ടത്തിൽ കൊടുങ്ങല്ലൂർ ക്കാരി തങ്കമണിയുടെ പ്രാർത്ഥനയും കേൾക്കാം. 'കൊടുങ്ങല്ലൂരമ്മേ രക്ഷിക്കണേ'. ഈ പ്രാർത്ഥനകളിൽ ആദ്യത്തേത് അല്ലാഹുവിനുള്ള ആരാധനയാണെന്നതിൽ പക്ഷാന്തരമില്ല. അവസാനത്തെ മൂന്നു പ്രാ ർത്ഥനകളും ആരാധനയാണെന്ന് നാം ധരിക്കുന്നു. അല്ലാഹു അല്ലാ ത്തവർക്കായതു കൊണ്ട് ശിർക്കാണെന്നും നാം മനസ്സിലാക്കുന്നു. എന്നാൽ ഇതേ അടിസ്ഥാനത്തിൽ രണ്ടാമത്തെ പ്രാർത്ഥനയും അല്ലാ ഹു അല്ലാത്തവർക്കുള്ള ആരാധന തന്നെയാണ്. പിശാചിൻെറ ദുർ ബോധന ഫലമായി അതിനു നാം 'ഔലിയാക്കളെ സ്നേഹിക്കൽ' എന്നോ, 'ഇസ്തിഗാഥഃ' എന്നോ പേരു മാറ്റിപ്പറഞ്ഞതു കൊണ്ട് യാ തൊരു ഫലമുമില്ല. ഇത്തരം പ്രാർത്ഥനകളിലൂടെ, അല്ലാഹുവിനു മാ ത്രം ചെയ്യേണ്ട ആരാധനകളുടെ മജ്ജയിൽ അവൻെറ സൃഷ്ടിക ളെ പങ്കുചേർക്കുകയാണ് നാം ചെയ്യുന്നത്.

# ഇസ്തിഗാഥഃ

ആപൽഘട്ടങ്ങളിലും അല്ലാത്തപ്പോഴുമുള്ള പ്രാർത്ഥനക്ക് പൊതു വിൽ الدعاء എന്നു പറയുന്നു. എന്നാൽ ആപൽഘട്ടങ്ങളിലുള്ള സഹാ യാർത്ഥനക്ക് മാത്രമാണ് സാധാരണ ഇസ്തിഗാഥഃ (الاستغاثة) എന്ന് പ്രയോഗിക്കപ്പെടുന്നത്. മനുഷ്യ കഴിവിൽ പെട്ട കാര്യങ്ങളിൽ ജീവി ച്ചിരിക്കുന്ന മനുഷ്യർ അന്യോന്യം സഹായാർത്ഥന നടത്താൻ ഇസ് ലാം അനുവദിച്ചതാണ്. അവരന്യോന്യം സഹായിക്കണമെന്ന് ഇസ് ലാം നിർദ്ദേശിച്ചതുമാണ്. എന്നാൽ മനുഷ്യകഴിവിന്നതീതമായ കാ ര്യങ്ങളിൽ ജീവിച്ചിരിക്കുന്നവരോടോ മരിച്ചവരോടോ സഹായാർത്ഥ ന നടത്തുന്നത് ശിർക്ക് (ബഹുദൈവാരാധന) ആകുന്നു. പരിശുദ്ധ ഖുർആനിൻെറയും തിരുസുന്നത്തിൻെറയും അടിസ്ഥാനത്തിൽ പര മാർത്ഥമായിട്ടുള്ളതും ഉത്തമ നൂറ്റാണ്ടുകളിൽ സത്യവിശ്വാസമായി നി ലവിലുണ്ടായിരുന്നതും ഇതാണ്. ഇബ്നുഅബ്ബാസി ﵁ നോട് നബി ﷺ പറയുന്നു:

((إِذَا سَأَلْتَ فَاسْأَلِ اللَّهَ، وَإِذَا اسْتَعَنْتَ فَاسْتَعِنْ بِاللَّهِ)) (الترمذي)

നീ ചോദിക്കുകയാണെങ്കിൽ അല്ലാഹുവിനോട് ചോദിക്കുക, നീ സഹായം തേടുകയാണെങ്കിൽ അല്ലാഹുവിനോട് സഹായം തേടുക. [തുർമുദി]

എന്നാൽ വിലായത്ത്, കറാമത്ത് എന്നീ പദങ്ങൾ തെറ്റായി വ്യാഖ്യാനിക്കപ്പെട്ടു. തൽഫലമായി ഔലിയാക്കൾക്കു മനുഷ്യ കഴിവിന്നതീതമായി രക്ഷാശിക്ഷകൾ നൽകാൻ കഴിയുമെന്ന ധാരണ വളർന്നു. മരണത്തോടെ അവരുടെ കഴിവുകൾ വർദ്ധിക്കുമെന്ന പ്രചാരണവും വന്നു. അതോടെ എല്ലാ ആപൽഘട്ടങ്ങളിലും മൺമറഞ്ഞവരെ വിളിച്ചു സഹായം തേടുന്ന ഒരു ദുർമാർഗ്ഗം മുസ്ലിംകളിൽ പ്രചരിച്ചു. രോഗങ്ങൾക്ക് അവരിൽ നിന്ന് ശമനം ആശിക്കാൻ തുടങ്ങി. നേട്ടങ്ങൾക്ക് അവരോടർത്ഥിക്കാനും ആരംഭിച്ചു. അങ്ങനെ പുരക്കു തീ പിടിക്കുമ്പോൾ, കുട്ടി കിണറ്റിൽ വീഴുമ്പോൾ, സഞ്ചരിക്കുന്ന തോണി നടുപ്പുഴയിൽ മറിയുമ്പോൾ മൺമറഞ്ഞ ഒരു മഹാനെ വിളിച്ചു സഹായം തേടുക എന്നത് മുസ്ലിം നാമധാരികളിൽ സർവ്വസാധാരണമായി നടന്നു വരുന്ന ഒരു കാര്യമായിത്തീർന്നു. സഹായാർത്ഥനയുടെ ഈയൊരു ശൈലി തലമുറയിൽ നിന്ന് തലമുറയിലേക്കു പകർന്നു കൊണ്ടിരിക്കുന്നു. ശിശു മാതാവിൽ നിന്ന് മുലപ്പാലോടു കൂടി തന്നെ അത് സ്വായത്തമാക്കുന്നു. 'അള്ളള്ളാ, തങ്ങൾപ്പാപ്പ, ബദ്രീങ്ങളേ' എന്ന് പ്രാർത്ഥിച്ചു കൊണ്ട് മാതാവ് കുട്ടിയെ തൊട്ടിലിൽ കിടത്തുന്നു. അപ്പോൾ അല്ലാഹുവിനോടൊപ്പം മാതാവു ചേർത്തു പറഞ്ഞ രണ്ടാളുകൾ അല്ലാഹുവിൻെറ ശേഷക്കാരായിരിക്കും എന്ന് കുട്ടി ധരിച്ചു പോയെങ്കിൽ കുട്ടിയെ പഴിക്കേണ്ട കാര്യമില്ലല്ലോ. ഇത്തരം ശബ്ദങ്ങൾ ഉയർന്നു കേൾക്കുന്ന വീടുകൾ മുസ്ലിംകളുടേതാണ് എന്ന് തീരുമാനിക്കാൻ കഴിയുമാറ് ഈ സഹായാർത്ഥനകൾ മുസ്ലിംകളുടെ ഒരു ചിഹ്നമായി വളർന്നു കഴിഞ്ഞിരിക്കുന്നു.

സത്യത്തിൽ, മൺമറഞ്ഞവരോട് ഇവ്വിധത്തിൽ ഒരു സഹായാർത്ഥന നടത്തുമ്പോൾ, അല്ലാഹുവിൻെറ എത്ര വചനങ്ങളെയാണവർ നിഷേധിക്കുന്നത് എന്നോ, അവൻെറ എത്ര ഗുണങ്ങളെയാണ് അവർ സൃഷ്ടികൾക്ക് വരവു വെച്ചുകൊടുക്കുന്നത് എന്നോ അവർ ചിന്തിക്കുന്നില്ല. ഏതു സ്ഥലത്തു നിന്ന് വിളിച്ചാലും കേൾക്കാൻ കഴിയുക എന്നത് അല്ലാഹുവിന് മാത്രമുള്ള ഗുണമാണ്. അതുകൊണ്ടാണ് അല്ലാഹുവിൻെറ ഔലിയാക്കളായ നബി ﷺ യും ഖുലഫാഉകളും ജീവിച്ചിരിക്കുമ്പോൾ തന്നെ, അവരെ കണ്ടു വിവരമുണർത്തേണ്ടവർ യാ

ത്രാക്ലേശങ്ങൾ സഹിച്ചും അവരുടെ അടുത്ത് തന്നെ വന്നിരുന്നത്. ബദ്‌രിയ്യായ ആസ്വിം ﷺ ൻെറ നേതൃത്വത്തിൽ നബി ﷺ ഒരു ചാരസംഘത്തെ അയച്ചു. അവർ ശത്രുക്കളുടെ പിടിയിൽ പെട്ടു. ശത്രുക്കൾ അവരെ കൊല്ലാനൊരുങ്ങിയപ്പോൾ ആസ്വിം ﷺ അല്ലാഹുവിനെ വിളിച്ചു അപേക്ഷിച്ചു:

**أَللَّهُمَّ أَخْبِرْ عَنَّا نَبِيَّكَ** (البخاري)

അല്ലാഹുവേ, ഞങ്ങൾ അപകടത്തിൽ പെട്ട വിവരം നീ നിൻെറ പ്രവാചകരെ അറിയിക്കേണമേ. [ബുഖാരി]

നാഴികകൾക്കപ്പുറം ജീവനോടെ ഇരിക്കുന്ന, മുഅ്ജിസത്തുകൾ നൽകപ്പെട്ട നബി ﷺ യെ അവിടെ നിന്ന് വിളിച്ചാൽ കേൾക്കുകയില്ല എന്നത് കൊണ്ടാണ് ആസ്വിം ﷺ നേരെ അല്ലാഹുവിനോട് പ്രാർത്ഥിച്ചത്. അല്ലാഹു പ്രാർത്ഥന സ്വീകരിച്ചു, ദിവ്യസന്ദേശം വഴി വിവരം നബി ﷺ യെ അറിയിച്ചു.

ഏതു സമയത്തു വിളിച്ചാലും കേൾക്കാൻ കഴിയുക എന്നത് അല്ലാഹുവിനു മാത്രമുള്ള വിശേഷണമാണ്. മനുഷ്യന് ഉറക്കവും മയക്കവും ബോധക്ഷയവുമുള്ളപ്പോൾ അടുത്ത് നിന്ന് വിളിച്ചാൽ തന്നെ അവൻ കേൾക്കുകയില്ല. അതുകൊണ്ടാണ് അല്ലാഹുവിനെ പരിചയപ്പെടുത്തിയപ്പോൾ

﴿...لَا تَأْخُذُهُۥ سِنَةٌ وَلَا نَوْمٌ ...﴾ البقرة:٢٥٥

**മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല..** [വി.ഖു. 2: 255] എന്ന് ഖുർആൻ പറഞ്ഞിരിക്കുന്നത്. അപ്രകാരം തന്നെ ഏതു ഭാഷയിൽ വിളിച്ചാലും ഗ്രഹിക്കാൻ കഴിയുക എന്നതും അല്ലാഹുവിന് മാത്രമുള്ള കഴിവാണ്. ഇനി ബോധമുള്ള അവസരത്തിൽ ഗ്രഹിക്കാൻ കഴിയുന്ന ഭാഷയിൽ അടുത്തു നിന്ന് വിളിച്ചു പ്രാർത്ഥിച്ചാൽ തന്നെ മനുഷ്യകഴിവിന്നതീതമായ കാര്യങ്ങൾ സാധിപ്പിച്ചു തരാൻ ആ മഹാന്മാർ അശക്തരാണ്. അങ്ങനെയുള്ള കഴിവ് അല്ലാഹുവിനു മാത്രമേയുള്ളൂ. അതുകൊണ്ടാണ് അല്ലാഹുവിൻെറ ഖലീലായ ഇബ്‌റാഹീം عليه السلام വാർദ്ധക്യ കാലത്ത് സന്താനത്തിനു വേണ്ടി അല്ലാഹുവിനോട് തന്നെ പ്രാർത്ഥിച്ചത്. മനുഷ്യരിൽ ഉത്തമരായ പ്രവാചകന്മാർക്കെങ്കിലും അല്ലാഹു ഈ കഴിവ് നൽകിയിട്ടുണ്ടായിരുന്നുവെങ്കിൽ പിന്നെ പ്രാർത്ഥിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ലല്ലോ.

ഒരു മഹാൻ ജീവിച്ചിരിക്കുമ്പോൾ തന്നെ അദ്ദേഹത്തിൻെറ കഴിവുകൾക്ക് ഇവ്വിധമുള്ള പരിമിതികളുണ്ട്. അങ്ങനെയുള്ള മനുഷ്യൻ മരിച്ചാലോ? ഇസ്ലാമിക പ്രമാണത്തിൻെറയും ജീവശാസ്ത്രത്തിൻെറയും അടിസ്ഥാനത്തിൽ പറയുമ്പോൾ ജീവിതത്തിൻെറ വിപരീത അവസ്ഥക്കാണ് മരണം എന്ന് പറയുന്നത്. ബുദ്ധിപരമായി നോക്കുമ്പോഴും അനുഭവ ജ്ഞാനത്തിൻെറ വെളിച്ചത്തിൽ വിധി കൽപിക്കുമ്പോഴും ഈ പ്രസ്താവന ശരി തന്നെയാണ്. ജീവിതാവസ്ഥയിലുണ്ടായിരുന്ന കഴിവുകൾ നഷ്ടപ്പെടുന്നതിനാണ് മരണം എന്ന് പറയുന്നത്. ബോധം, ജ്ഞാനം, ചലനം, കാഴ്ച, കേൾവി, കഴിവ് ഇവയെല്ലാം നഷ്ടപ്പെടുന്ന ഒരവസ്ഥക്കാണ് മരണമെന്നു പറയുന്നത്. അതല്ലാതെ ജീവിതാവസ്ഥയിൽ ഇല്ലാതിരുന്ന കഴിവുകൾ ഉണ്ടാകുന്ന അവസ്ഥക്കല്ല മരണമെന്ന് പറയുന്നത്. നബി ﷺ മരിച്ചു എന്നു കേട്ടപ്പോൾ ഉമർ ؓ വിന് അത് വിശ്വസിക്കാൻ കഴിഞ്ഞില്ല. നബി ﷺ അന്തരിച്ചു എന്നു പറയുന്നവരെ വെട്ടുമെന്ന് പറഞ്ഞു കൊണ്ടദ്ദേഹം വാൾ ഊരിപ്പിടിച്ചു. അബൂബകർ ؓ അദ്ദേഹത്തോട് ഇരിക്കാൻ ആവശ്യപ്പെട്ടുവെങ്കിലും അദ്ദേഹം വഴങ്ങിയില്ല. സന്ദർഭത്തിൻെറ ഗുരുതരാവസ്ഥ മനസ്സിലാക്കിയ അബൂബകർ, നബി ﷺ യുടെ മിമ്പറിൽ ഓടിക്കയറി പ്രസംഗിക്കാൻ തുടങ്ങി.

((مَنْ كَانَ يَعْبُدُ مُحَمَّدًا فَإِنَّهُ قَدْ مَاتَ، وَمَنْ كَانَ يَعْبُدُ اللَّهَ فَإِنَّهُ حَيٌّ لاَ يَمُوتُ ...)) (أحمد)

വല്ലവനും മുഹമ്മദിനെയാണ് ആരാധിച്ചിരുന്നതെങ്കിൽ അദ്ദേഹം മരിച്ചു കഴിഞ്ഞു. മറിച്ച് അല്ലാഹുവിനെയാണ് ആരാധിച്ചിരുന്നതെങ്കിൽ അവൻ മരണമില്ലാത്ത നിത്യജീവിയായി നിലകൊള്ളുന്നു... [അഹ്മദ്]

ഇവിടെ മുഹമ്മദ് നബി ﷺ മിനെ ആരെങ്കിലും ആരാധിച്ചിരുന്നുവെങ്കിൽ ഇനി ആരാധിക്കേണ്ടതില്ല. കാരണം ആ ആരാധന കാണാൻ അദ്ദേഹം ഇവിടെ ജീവിച്ചിരിക്കുന്നില്ല എന്നാണല്ലോ അബൂബകർ ؓ പറയുന്നത്. ഖുർആൻ പറയുന്നു:

﴿ وَمَا يَسْتَوِي الأَعْمَى وَالْبَصِيرُ، وَلاَ الظُّلُمَاتُ وَلاَ النُّورُ، وَلاَ الظِّلُّ وَلاَ الْحَرُورُ، وَمَا يَسْتَوِي الأَحْيَاءُ وَلاَ الأَمْوَاتُ إِنَّ اللَّهَ يُسْمِعُ مَنْ يَّشَاءُ وَمَا أَنْتَ بِمُسْمِعٍ مَّنْ فِي الْقُبُورِ ﴾ فاطر:١٩-٢٢

**അന്ധനും കാഴ്ചയുള്ളവനും സമമാകയില്ല. ഇരുട്ടും വെളിച്ചവും സമമാകയില്ല. തണലും വെയിലും സമമാകയില്ല. ജീവിച്ചിരിക്കുന്നവരും മരണമടഞ്ഞവരും സമമാകയില്ല. നിശ്ചയമായും അല്ലാഹു ഇച്ഛിക്കുന്നവരെ അവൻ കേൾപിക്കുന്നു. ഖബ്റിലുള്ളവരെ നിനക്ക് കേൾപ്പിക്കുവാൻ കഴിയുകയില്ല.** [വി.ഖു. 35:19-22]

ചുരുക്കത്തിൽ ജീവിച്ചിരിക്കുമ്പോഴുള്ള കഴിവുകൾ മരണത്തോടെ നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. മരണ ശേഷം ആത്മാവ് അല്ലാഹുവിൻെറ കസ്റ്റഡിയിലേക്ക് മടങ്ങുന്നു. പിന്നെ ഭൗതിക ലോകവുമായി അതിനു ബന്ധമില്ല.

﴿ وَلاَ تَحْسَبَنَّ الَّذِينَ قُتِلُوا فِي سَبِيلِ اللَّهِ أَمْوَاتًا بَلْ أَحْيَاءٌ عِنْدَ رَبِّهِمْ يُرْزَقُونَ ﴾ آل عمران:١٦٩

**അല്ലാഹുവിൻെറ മാർഗ്ഗത്തിൽ വധിക്കപ്പെട്ടവർ മരിച്ചു പോയവരാണെന്ന് നീ ഒരിക്കലും ധരിക്കരുത്. അവർ തങ്ങളുടെ രക്ഷിതാവിങ്കൽ ജീവിച്ചിരിക്കുന്നവരാണ്. അവർക്ക് ആഹാരം നൽകപ്പെടുന്നു.** [വി.ഖു. 3:169]

ശുഹദാക്കളുടെ ആത്മാക്കൾ മറ്റാത്മാക്കളെ അപേക്ഷിച്ച് തങ്ങളുടെ രക്ഷിതാവിങ്കൽ കൂടുതൽ അനുഗ്രഹീതരായി കഴിഞ്ഞു കൂടുന്നു എന്ന് ഈ വചനം നമ്മെ പഠിപ്പിക്കുന്നു. പക്ഷെ, അത് ഏതു തരത്തിൽ പെട്ട മരണമാകട്ടെ, മരണത്തോടെ മനുഷ്യൻെറ ഭൗതിക ലോകവുമായുള്ള സർവ്വ ബന്ധങ്ങളും അവസാനിച്ചു കഴിഞ്ഞു. അല്ലാഹുവിങ്കൽ നിന്ന് ഈ വചനം ഏറ്റുവാങ്ങിയ നബി ﷺ ശുഹദാക്കളുടെ ഭാര്യമാരെ മറ്റു ജീവിച്ചിരിപ്പുള്ളവർക്കു വിവാഹം ചെയ്തു കൊടുത്തതും അവരുടെ സമ്പത്ത് ജീവിച്ചിരിപ്പുള്ള കുടുംബാംഗങ്ങൾക്ക് ഭാഗിച്ചു കൊടുത്തതും അതുകൊണ്ടാണ്.

ഈ പരമാർത്ഥത്തിൻെറ അടിസ്ഥാനത്തിൽ, ജീവിച്ചിരിക്കുമ്പോൾ തന്നെ ഗ്രഹിക്കാൻ കഴിയാത്ത ഭാഷയിൽ കേൾക്കാൻ കഴിയാത്ത

ദൂരത്തു നിന്ന്, ചെയ്യാൻ കഴിയാത്ത കാര്യം മരണ ശേഷം ഒരാളോട് ആവശ്യപ്പെടുക എന്നത് ഇസ്ലാമിൻെറ അടിസ്ഥാന ശിലയായ തൗഹീദിനു നിരക്കാത്തതാണ്. മനുഷ്യന് അല്ലാഹു നൽകിയ വിശേഷ ബുദ്ധി പൊറുക്കാത്തതുമാണ്. ചിന്തിച്ചു നോക്കുക. നമ്മുടെ ഒരു 'വലിയ്യ്' മരിച്ചാൽ അദ്ദേഹത്തിൻെറ വസ്ത്രം മാറ്റാൻ ജീവിച്ചിരിക്കുന്ന നാം തന്നെ വേണം. ആ ശരീരത്തിൽ ഉറുമ്പും ഈച്ചയും അരിക്കുന്നത് നാം നോക്കിയിരിക്കണം. തുടർന്നു നാം തന്നെ അദ്ദേഹത്തെ കുളിപ്പിച്ചു പുതിയ വസ്ത്രങ്ങളിൽ പൊതിയണം. ജീവനുള്ളവർ തന്നെ ആ ജഢം ചുമന്നു കൊണ്ടുപോകണം. ഈ സന്ദർഭങ്ങളിൽ ഏതെങ്കിലുമൊന്നിൽ അദ്ദേഹത്തിൻെറ കൈ ഒന്ന് ചലിച്ചു എന്ന് സങ്കൽപിക്കുക. അപ്പോൾ അദ്ദേഹം മരിച്ചിട്ടില്ല, ജീവൻെറ ലക്ഷണം കാണുന്നുണ്ട് എന്ന് പറഞ്ഞു നാം സന്തോഷിക്കുകയും അദ്ദേഹത്തെ ചികിത്സക്കായി കൊണ്ടുപോകുകയുമാണ് ചെയ്യുക. അല്ലാതെ കറാമത്ത് കൊണ്ട് കൈ ചലിച്ചതാണ്, അതുകൊണ്ട് സംസ്കരണ പ്രവർത്തനം തുടരാം എന്ന് നാം പറയുകയില്ല. അങ്ങനെ ആ ശരീരം മുന്നിൽ വച്ചു നാം പ്രാർത്ഥിക്കുന്നു: അല്ലാഹുവേ, ഈ ദേഹത്തിനു പൊറുത്തു കൊടുക്കേണമേ, കരുണ കാണിക്കേണമേ, ഇദ്ദേഹത്തെ നരകത്തിൽ നിന്നു രക്ഷിച്ചു സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കേണമേ. എന്തുകൊണ്ടാണ് ജീവിച്ചിരിക്കുന്നവർ ഈ വിധം പ്രാർത്ഥിക്കേണ്ടി വരുന്നത്? അദ്ദേഹത്തിൻെറ പ്രവർത്തനം അവസാനിച്ചിരിക്കുന്നു. ഇനി തൻെറ പ്രവർത്തനങ്ങളിലൂടെ അദ്ദേഹത്തിനു നന്മ ലഭിക്കുക സാദ്ധ്യമല്ല. അദ്ദേഹത്തിന് ഇനി വല്ല നന്മയും ലഭിക്കുമെങ്കിൽ അത് ജീവിച്ചിരിക്കുന്നവരിൽ വല്ലവരുടെയും പ്രാർത്ഥന അല്ലാഹു സ്വീകരിക്കുന്നതിലൂടെ മാത്രമേയുള്ളൂ. തുടർന്ന് നാം അദ്ദേഹത്തെ മറവു ചെയ്യുകയും ചെയ്യുന്നു.

ഇതെല്ലാം കഴിഞ്ഞു നാം വീട്ടിൽ തിരിച്ചെത്തി, വീട്ടിനു തീ പിടിക്കുമ്പോൾ തീ കെടുത്താനായി അദ്ദേഹത്തെ വിളിച്ചു പ്രാർത്ഥിക്കുന്നു! മകന് രോഗം ബാധിക്കുമ്പോൾ സുഖപ്പെടുത്താനായി അദ്ദേഹത്തോടപേക്ഷിക്കുന്നു! (ഒരുപക്ഷെ, അദ്ദേഹം ആ രോഗം ബാധിച്ചായിരിക്കും മരണപ്പെട്ടിരിക്കുക.) മറ്റുചിലർ അങ്ങോട്ടു പോയി അദ്ദേഹത്തോട് സങ്കടം ബോധിപ്പിക്കുന്നു. ചിലർക്ക് ആൺകുട്ടി ജനിച്ചിട്ടില്ല, മറ്റുചിലർക്ക് ലിംഗമേതായാലും കുട്ടി ജനിച്ചാൽ മതി. ചിന്തിച്ചു നോക്കുക എന്തൊരു വിരോധാഭാസമാണിത്. ജീവിച്ചിരിക്കുമ്പോൾ അദ്ദേഹത്തി

ൻെറ കഴിവിൽപെട്ട കാര്യങ്ങളായിരുന്നോ ഇവ? ഇതിനെക്കാൾ വലിയ ദുർമാർഗ്ഗം മറ്റെന്തുണ്ട്? അല്ലാഹു ചോദിക്കുന്നത് നോക്കുക:

﴿ وَمَنْ أَضَلُّ مِمَّنْ يَدْعُوا مِنْ دُونِ اللَّهِ مَنْ لاَّ يَسْتَجِيبُ لَهُ إِلَى يَوْمِ الْقِيَامَةِ وَهُمْ عَنْ دُعَائِهِمْ غَافِلُونَ، وَإِذَا حُشِرَ النَّاسُ كَانُوا لَهُمْ أَعْدَآءً وَكَانُوا بِعِبَادَتِهِمْ كَافِرِينَ ﴾ الأحقاف:٥-٦

**അന്ത്യനാൾ വരേക്ക് ഉത്തരം നൽകാത്തവരെ, അല്ലാഹുവിനു പുറമെ വിളിച്ചു പ്രാർത്ഥിക്കുന്നവരെക്കാൾ വഴിപിഴച്ചവൻ ആരാണുള്ളത്? അവരാകട്ടെ ഇവരുടെ വിളിയെ സംബന്ധിച്ച് അശ്രദ്ധരുമാണ്. മനുഷ്യർ [മഹ്ശറിൽ] ഒരുമിച്ചു കൂട്ടപ്പെടുമ്പോൾ ഇവർക്ക് അവർ ശത്രുക്കളായിത്തീരും. അവർ ഇവരുടെ ആരാധനയെ നിഷേധിക്കുന്നവരുമായിരിക്കും.**[വി.ഖു. 46:5-6]

മൺമറഞ്ഞു പോയവരെയും മറ്റും വിളിച്ചു പ്രാർത്ഥിക്കുന്നവരാണ് ഭൂമിയിൽ ഏറ്റവും വഴിപിഴച്ചവരെന്ന് ഈ പരിശുദ്ധ വചനം വ്യക്തമാക്കുന്നു. കാരണം അവർ മരിച്ചു പോയിരിക്കയാണ്. ഇനി അന്ത്യദിനത്തിലേ അല്ലാഹു അവരെ വീണ്ടും ജീവിപ്പിക്കുകയുള്ളൂ. അതുകൊണ്ട് അന്ത്യദിനം വരെ ഇവരുടെ പ്രാർത്ഥന അവർ കേൾക്കുകയില്ല. അതിന് ഉത്തരം നൽകുകയുമില്ല. അന്ത്യദിനത്തിലാകട്ടെ, അല്ലാഹുവിനോടർത്ഥിക്കേണ്ട കാര്യങ്ങൾ ഇവർ തങ്ങളോടർത്ഥിച്ചു എന്നതു കൊണ്ട് അവർ ഇവരുടെ ശത്രുക്കളായി മാറും. ഇവർ തങ്ങളെ വിളിച്ചു പ്രാർത്ഥിക്കുക വഴി തങ്ങളെ ആരാധിച്ചിരുന്ന വിവരം തങ്ങൾ അറിഞ്ഞിരുന്നില്ല എന്ന് അവർ നിഷേധിച്ചു പറയുകയും ചെയ്യുന്നു. ഖുർആൻ പറയുന്നത് കാണുക:

﴿ وَيَوْمَ نَحْشُرُهُمْ جَمِيعًا ثُمَّ نَقُولُ لِلَّذِينَ أَشْرَكُوا مَكَانَكُمْ أَنْتُمْ وَشُرَكَآؤُكُمْ فَزَيَّلْنَا بَيْنَهُمْ وَقَالَ شُرَكَآؤُهُمْ مَّا كُنْتُمْ إِيَّانَا تَعْبُدُونَ، فَكَفَى بِاللَّهِ شَـــهِيدًا بَيْنَنَا وَ بَيْنَكُمْ إِنْ كُنَّا عَنْ عِبَادَتِكُمْ لَغَافِلِينَ ﴾ يونس:٢٨-٢٩

**അവരെ മുഴുവനും നാം ഒരുമിച്ചു കൂട്ടുന്ന ദിവസം, തുടർന്നു പങ്കുചേർത്തവരോട് നാം പറയും: നിങ്ങളും നിങ്ങളുടെ പങ്കുകാരും സ്വസ്ഥാനത്ത് നിൽക്കുക. അങ്ങനെ അവരെ നാം വേർതിരിക്കും. നിങ്ങൾ ഞങ്ങളെ ആരാധിച്ചിരുന്നില്ലെന്ന് അവരുടെ പങ്കുകാർ പറയും. നമുക്കിടയിൽ സാക്ഷിയായി അല്ലാഹു മ**

**തി. നിങ്ങളുടെ ആരാധനയെ കുറിച്ച് നിശ്ചയമായും ഞങ്ങൾ അശ്രദ്ധരായിരുന്നു.** [വി.ഖു. 10:28-29]

﴿قُلِ ادْعُوا الَّذِينَ زَعَمْتُمْ مِّنْ دُونِهِ فَلاَ يَمْلِكُونَ كَشْفَ الضُّرِّ عَنْكُمْ وَلاَ تَحْوِيلاً ، أُولَئِكَ الَّذِينَ يَدْعُونَ يَبْتَغُونَ إِلَى رَبِّهِمُ الْوَسِيلَةَ أَيُّهُمْ أَقْرَبُ وَيَرْجُونَ رَحْمَتَهُ وَيَخَافُونَ عَذَابَهُ إِنَّ عَذَابَ رَبِّكَ كَانَ مَحْذُورًا ﴾
الإسراء:٥٦-٥٧

**പറയുക: അല്ലാഹുവിനെ കൂടാതെ [സഹായികളുണ്ടെന്ന്] നിങ്ങൾ ജൽപിക്കുന്നവരോട് നിങ്ങൾ പ്രാർത്ഥിച്ചു നോക്കുക: നിങ്ങളുടെ ദുരിതമകറ്റാനോ (അത് മറ്റുവല്ലവരിലേക്കും) തിരിച്ചു വിടാനോ അവർക്കു കഴിയുകയില്ല. അവർ ആരെവിളിച്ചു സഹായം തേടുന്നുവോ അവർ- അവരിൽ (അല്ലാഹുവിങ്കലേക്ക്) ഏറ്റവും അടുത്തവർ തന്നെ- തങ്ങളുടെ രക്ഷിതാവിങ്കലേക്ക് [കൂടുതൽ] അടുക്കാനാഗ്രഹിക്കുന്നവരാണ്, അവൻെറ കാരുണ്യം ആശിക്കുന്നവരും അവൻെറ ശിക്ഷ ഭയപ്പെടുന്നവരുമാണ്. നിശ്ചയമായും താങ്കളുടെ രക്ഷിതാവിൻെറ ശിക്ഷ [മലക്കുകളും പ്രവാചകന്മരുമെല്ലാം] ഭയപ്പെടേണ്ടതു തന്നെ.** [വി.ഖു. 17:56-57]

ഈ പരിശുദ്ധ വചനം ഈസാ, മർയം, ഉസൈർ, മലക്കുകൾ [അ] എന്നീ മഹാന്മാരെ വിളിച്ചു സഹായമർത്ഥിച്ചിരുന്നവരെ സംബന്ധിച്ച് അവതരിച്ചതാണ് എന്നാണ് ഭൂരിപക്ഷം ഖുർആൻ വ്യാഖ്യാതക്കളുടെയും അഭിപ്രായം. അല്ലാഹുവിൻെറ മുഖർറബായ മലക്കുകളോടോ, മഅ്സൂമായ പ്രവാചകന്മാരോടോ സഹായമർത്ഥിച്ചാൽ അർത്ഥിച്ചവൻെറ ദുരിതമകറ്റാനോ, അതിനെന്തെങ്കിലും മാറ്റം വരുത്താനെങ്കിലുമോ അവർക്ക് കഴിയുകയില്ല എന്ന് പറയുമ്പോൾ, അവരെക്കാൾ താഴ്ന്ന പദവിയിലുള്ള, മൺമറഞ്ഞവർക്ക് കഴിയുകയില്ല എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. അല്ലാഹുവിൻെറ സാമീപ്യം നേടിയ മലക്കുകളും പ്രവാചകന്മാരും അവൻ കൽപിച്ച സൽകർമ്മങ്ങൾ കൂടുതൽ ചെയ്തു കൊണ്ട് അവൻെറ സാമീപ്യം കൂടുതൽ നേടാൻ ആഗ്രഹിക്കുന്നവരാണ്. അവൻെറ ശിക്ഷ ഭയപ്പെടുന്നവരുമാണ്. അവരുടെ ദീൻ തൗഹീദാണ്. അവർ ശിർക്കിൻെറ കഠിന ശത്രുക്കളാണ്. എന്നിട്ട് നിങ്ങൾ അവരുടെ പേരിൽ ശിർക്

ചെയ്യുന്നു! ചുരുക്കത്തിൽ മനുഷ്യ കഴിവിന്നതീതമായ, അല്ലാഹുവിൻെറ മാത്രം കഴിവിൽ പെട്ട കാര്യങ്ങൾക്ക് മരിച്ചവരോടെന്നല്ല, ജീവിച്ചിരിക്കുന്നവരോട് തന്നെ അർത്ഥിച്ചതു കൊണ്ട് യാതൊരു ഫലവുമില്ല. അങ്ങനെ ഒരു കഴിവ് ഒരു പ്രവാചകനോ മലക്കിനോ പോലും അല്ലാഹു നൽകിയിട്ടില്ല.

## മുസ്‌ലിമും മുശ്‌രികും

ഇസ്‌ലാമിനു മുമ്പ് ജാഹിലിയ്യാ കാലത്ത് അറേബ്യയിൽ സർവ്വത്ര പ്രചരിച്ചിരുന്ന ഒരു കടുത്ത ദുർമാർഗ്ഗമായിരുന്നു ഇത്. അവരെ എതിർക്കാനും തകർക്കാനും അവരുടെ നിരർത്ഥകമായ വാദങ്ങൾ ഖണ്ഡിക്കാനുമായി ഖുർആൻ അതിൻെറ നിരവധി വചനങ്ങൾ വിനിയോഗിച്ചിട്ടുണ്ട്. അവർ ബിംബങ്ങളെ മാത്രമല്ല, ഈസാ, മർയം, ഉസൈർ, മലക്കുകൾ, ജിന്നുകൾ തുടങ്ങിയവരെയും വിളിച്ചു സഹായമർത്ഥിച്ചിരുന്നു. അവർക്കു നേർച്ചകളും വഴിപാടുകളും നൽകുകയും ചെയ്തിരുന്നു എന്നതിന് ഖുർആൻ സാക്ഷിയാണ്. പക്ഷെ, ഈ സഹായാർത്ഥനകളും നേർച്ചാ വഴിപാടുകളും അവർക്ക് ചെയ്യുന്ന ഇബാദത്ത് (ആരാധന) ആണെന്ന് അവർ മനസ്സിലാക്കുകയും തുറന്നു പറയുകയും ചെയ്തിരുന്നു. അങ്ങനെ ചെയ്യപ്പെടുന്നവരെ ദൈവങ്ങൾ (آلهة) എന്ന് അവർ വിളിക്കുകയും ചെയ്തിരുന്നു. കാരണം, إله ،عبادة എന്നീ പദങ്ങൾ അവരുടെ മാതൃഭാഷയിലുള്ളതാണ്. അവയുടെ നിർവ്വചനവും വ്യാപ്തിയും മറ്റാരെക്കാളും അവർക്കാണല്ലോ അറിയുക. അതേയവസരത്തിൽ അല്ലാഹു ഏകനാണ് എന്നും, അവനാണ് തങ്ങളെയും തങ്ങളുൾപെട്ട ഈപ്രപഞ്ചത്തെയും സൃഷ്ടിച്ചു പരിപാലിക്കുന്നത് എന്നും അവർ ദൃഢമായി വിശ്വസിച്ചിരുന്നു എന്ന് ഖുർആൻ ആവർത്തിച്ചു രേഖപ്പെടുത്തുന്നു. എന്നാൽ പിന്നെ എവ്വിധത്തിലാണ് അവർ അല്ലാഹുവിന് പങ്കുകാരെ സങ്കൽപിച്ചിരുന്നത്? അവർ ഹജ്ജിൽ പറഞ്ഞിരുന്ന തൽബിയ്യത്തിൽ നിന്ന് കാര്യം വ്യക്തമായി മനസ്സിലാക്കാം.

((لاَ شَرِيكَ لَكَ إلاَّ شَرِيكًا هُوَ لَكَ تَمْلِكُهُ وَمَا مَلَكَ)) البخاري

പങ്കുകാരനും അവനുള്ളതും നിനക്കധീനമായ വിധത്തിലുള്ള പങ്കുകാരല്ലാതെ മറ്റു യാതൊരു പങ്കുകാരും നിനക്കില്ല. [ബുഖാരി]

ഇതായിരുന്നു അവരുടെ വിശ്വാസം. ഇങ്ങനെ പങ്കുകാരെ സങ്കൽപിക്കുവാനും അവരോട് സഹായാർത്ഥന എന്ന ആരാധന ചെയ്യുവാനും അവർ പറഞ്ഞിരുന്ന ന്യായങ്ങൾ ഖുർആൻ എടുത്തുദ്ധരിക്കുന്നു:

﴿...وَالَّذِينَ اتَّخَذُوا مِنْ دُونِهِ أَوْلِيَآءَ مَا نَعْبُدُهُمْ إِلاَّ لِيُقَرِّبُونَا إِلَى اللَّهِ زُلْفَى.... إِنَّ اللَّهَ لاَ يَهْدِي مَنْ هُوَ كَاذِبٌ كَفَّارٌ﴾ الزمر:٣

**അല്ലാഹുവിനു പുറമെ ഔലിയാക്കളെ സ്വീകരിച്ചിട്ടുള്ളവർ (പറയുന്നു): അല്ലാഹുവിങ്കലേക്ക് ഞങ്ങളെ കൂടുതൽ അടുപ്പിക്കുവാൻ വേണ്ടി മാത്രമാണ് ഞങ്ങൾ അവരെ ആരാധിക്കുന്നത്... ...നന്ദികെട്ട കള്ളവാദിയെ ഒരിക്കലും അല്ലാഹു സന്മാർഗ്ഗത്തിലേക്ക് നയിക്കുകയില്ല.** [വി.ഖു. 39:3]

﴿ وَيَعْبُدُونَ مِنْ دُونِ اللَّهِ مَا لاَ يَضُرُّهُمْ وَلاَ يَنْفَعُهُمْ وَيَقُولُونَ هَؤُلاَءِ شُفَعَاؤُنَا عِنْدَ اللَّهِ قُلْ أَتُنَبِّؤُنَ اللَّهَ بِمَا لاَ يَعْلَمُ فِي السَّمَوَاتِ وَلاَ فِي الأَرْضِ سُبْحَانَهُ وَتَعَالَى عَمَّا يُشْرِكُونَ ﴾ يونس:١٨

**തങ്ങൾക്ക് ഉപദ്രവമോ ഉപകാരമോ ചെയ്യാത്തവയെ, അല്ലാഹുവിനു പുറമെ അവർ ആരാധിക്കുന്നു. ഇവർ അല്ലാഹുവിങ്കൽ ഞങ്ങളുടെ ശുപാർശക്കാരാണ് എന്ന് അവർ പറയുകയും ചെയ്യുന്നു. ചോദിക്കുക: ആകാശ ഭൂമികളിൽ അല്ലാഹുവിന് അറിഞ്ഞു കൂടാത്ത ഒരു വിവരം നിങ്ങൾ അവനെ ധരിപ്പിക്കുകയാണോ? അവർ പങ്കുചേർക്കുന്നതിൽ നിന്ന് അവൻ എത്രയോ പരിശുദ്ധനും ഉന്നതനുമാണ്.** [വി.ഖു. 10:18]

അപ്പോൾ മക്കാമുശ്‌രികുകൾ തങ്ങളുടെ നടപടിക്ക് രണ്ടു ന്യായങ്ങളാണ് പറഞ്ഞിരുന്നത്. ഒന്ന്: ഞങ്ങളുടെ ഔലിയാക്കൾ ഞങ്ങളെ അല്ലാഹുവിലേക്ക് അടുപ്പിക്കും. രണ്ട്: അല്ലാഹുവിങ്കൽ അവർ ഞങ്ങൾക്കു വേണ്ടി ശുപാർശ പറയും. ഇതിൽ അവരുടെ ഒന്നാമത്തെ ന്യായം ഖണ്ഡിച്ചു കൊണ്ടുള്ള വചനം അവസാനിക്കുന്നത് നോക്കുക: നന്ദിയില്ലാത്ത നുണയന്മാരെ അല്ലാഹു ഒരിക്കലും അവൻെറ സന്മാർഗ്ഗത്തിൻെറ പടികടത്തുകയില്ല. അതെ, അവരുടെ ഈ വാദം ശുദ്ധ കളവാണ്. അല്ലാഹുവിനോടുള്ള തികഞ്ഞ നന്ദികേടാണ് ഈ വാദത്തിലൂടെ അവർ പ്രകടിപ്പിക്കുന്നത്. അത്തരക്കാർ സന്മാർഗ്ഗം ദ

ർശിക്കുകയില്ല എന്ന് ഈ വചനം വ്യക്തമാക്കുന്നു. രണ്ടാമത്തെ വാദം ഖണ്ഡിച്ചു കൊണ്ടുള്ള വചനം അവസാനിക്കുന്നത് കാണുക: പ്രപഞ്ചത്തിൽ അല്ലാഹു അറിയാത്ത ഒരുകാര്യം അവനെ പഠിപ്പിക്കാൻ തുനിയുകയാണോ? എന്നാൽ അവരുടെ ശിർക്കിൽ നിന്ന് അവൻ പരമോന്നതനും പരിശുദ്ധനുമാണ്. അതെ, ആരാധനയിലൂടെ ശുപാർശക്കാരെ സമ്പാദിക്കുകയും അവർ അല്ലാഹുവിങ്കൽ നിന്ന് കാര്യങ്ങൾ നേടിക്കൊടുക്കുകയും ചെയ്യുന്ന ഒരു വ്യവസ്ഥ അവൻെറ പ്രപഞ്ചത്തിൽ അവൻ നിശ്ചയിച്ചിട്ടില്ല. എന്നിരിക്കെ അവരുടെ ന്യായം കേൾക്കുമ്പോൾ പ്രപഞ്ചത്തിൽ അവനറിയാത്ത ഒരു വ്യവസ്ഥ അവനെ പഠിപ്പിക്കുകയാണെന്ന് തോന്നിപ്പോകും. പരമാർത്ഥമോ അവൻ വിരോധിച്ച ശിർക്കാണ് അവർ ചെയ്യുന്നത്.

ഇവിടെ വെച്ചാണ് മുശ്രികുകൾ അതുവരെ അവരുടെ “അൽ അമീനാ”യിരുന്ന നബി ﷺ യുമായി പിണങ്ങിപ്പിരിഞ്ഞത്. അവരുടെ ഈരണ്ട് ന്യായങ്ങളെ എതിർത്തതുകൊണ്ടാണ് സത്യവിശ്വാസികളെ അവർ നിഷ്ഠൂരമായി മർദ്ദിച്ചത്. ആ രണ്ടു ന്യായത്തിൻെറ പേരിലാണ് സത്യവിശ്വാസികൾക്ക് നാടും വീടും വിട്ടോടേണ്ടി വന്നത്. മദീനയിലെത്തിയിട്ടും അവരുടെ നേരെയുള്ള മർദ്ദന മുറകൾ അവസാനിച്ചില്ല. അതുകൊണ്ട് ഈ രണ്ടു ന്യായങ്ങളെയും തകർത്തു തരിപ്പണമാക്കിക്കൊണ്ട് നിഷ്കളങ്കമായ തൗഹീദോടു കൂടി ജീവിക്കാനുള്ള സ്വാതന്ത്ര്യം ലഭിച്ചില്ല. അപ്പോഴാണ് അല്ലാഹുവിൻെറ ഔലിയാക്കൾക്ക് വാളെടുക്കേണ്ടി വന്നത്. അങ്ങനെയാണ് നമ്മുടെ ബദ്രീങ്ങളും ഉഹ്ദീങ്ങളും എല്ലാമുണ്ടായത്. എന്നാൽ നൂറ്റാണ്ടുകൾ കഴിഞ്ഞപ്പോൾ, ഏതൊരു ന്യായങ്ങൾ ഭൂമുഖത്ത് നിന്ന് തുടച്ചുമാറ്റാനാണോ ആ ബദ്രീങ്ങൾ യുദ്ധക്കളത്തിലിറങ്ങി അവരുടെ വിലപ്പെട്ട ജീവൻ ബലിയർപ്പിച്ചത്, അതേ ന്യായങ്ങൾ ഭൂമുഖത്ത് പ്രചരിപ്പിക്കാൻ അവരുടെ പേരു തന്നെ ഉപയോഗപ്പെടുത്തുക! എന്തൊരു വിധിവൈപരീത്യം! എത്ര ക്രൂരമായ നന്ദികേട്! എത്ര അസഹ്യമായ അനാദരവ്! ഇന്ന് ഇഹത്തിലെയും പരത്തിലെയും നേട്ടങ്ങൾ കൈവരുത്തിത്തരാൻ നമുക്ക് ബദ്രീങ്ങൾ വേണം. അല്ലാഹുവിൻെറ കൽപനകളനുസരിച്ചു ജീവിക്കേണമെന്ന ബോധം പോലുമില്ലാത്ത സ്ത്രീ-പുരുഷന്മാരുടെ വായ്കളിൽ നിന്നു ഉയർന്നു കൊണ്ടിരിക്കുന്നു: ‘ബദ്രീങ്ങളേ, ബദ്രീങ്ങളേ’. ഒരു നേരത്തെ നമസ്കാരമെങ്കിലും നിർവ്വഹിക്കാൻ തയ്യാറില്ലാത്ത മനുഷ്യനും ഉരുവിടുന്നു:

ഉണ്ണും വജീനം മുതലും ചുരുക്കാതെ
ഉണ്മാ ബദ്‌രീങ്ങൾ കാവലിലേകള്ളാ

യഥാർത്ഥത്തിൽ ബദ്‌രീങ്ങൾ ആരായിരുന്നു? അവരുടെ മനഃസ്ഥിതി എന്തായിരുന്നു? ചെറിയ ഒരു റിപ്പോർട്ട് കാണുക: ബദർ യുദ്ധ വേളയിൽ നബി ﷺ പറഞ്ഞു:

قال رسول الله ﷺ ((.... قُومُوا إِلَى جَنَّةٍ عَرْضُهَا السَّمَاوَاتُ وَالأَرْضُ، فَقَالَ عُمَيْرُ بْنُ الْحِمَامِ: يَا رَسُولَ اللَّهِ، جَنَّةٌ عَرْضُهَا السَّمَاوَاتُ وَالأَرْضُ؟ قَالَ: نَعَمْ، قَالَ: بَخٍ بَخٍ! فَقَالَ رَسُولُ اللَّهِ ﷺ: مَا يَحْمِلُكَ عَلَى قَوْلِكَ بَخٍ بَخٍ ؟ قَالَ: لاَ يَا رَسُولَ اللَّهِ إِلاَّ رَجَاءَ أَنْ أَكُونَ مِنْ أَهْلِهَا، قَالَ: فَإِنَّكَ مِنْ أَهْلِهَا، فَأَخْرَجَ تَمَرَاتٍ مِنْ قَرَنِهِ فَجَعَلَ يَأْكُلُ مِنْهُنَّ، ثُمَّ قَالَ: لَئِنْ حَيِيتُ حَتَّى آكُلَ تَمَرَاتِي هَذِهِ، إِنَّهَا لَحَيَاةٌ طَوِيلَةٌ، قَالَ: فَرَمَى بِمَا كَانَ مَعَهُ مِنَ التَّمْرِ، ثُمَّ قَاتَلَهُمْ حَتَّى قُتِلَ)) أخرجه مسلم ١٩٠١

ആകാശ ഭൂമി കണക്കെ വിശാലമായ സ്വർഗ്ഗത്തിലേക്കു നിങ്ങൾ എഴുന്നേൽക്കുക. ഒരു സ്വഹാബിയായ ഉമൈർ ചോദിച്ചു: അല്ലാഹുവിൻെറ ദൂതരേ, ആകാശ ഭൂമി കണക്കെ വിശാലമായ സ്വർഗ്ഗമോ? അതെ, അദ്ദേഹം മറുപടി പറഞ്ഞു. ഉമൈർ പറഞ്ഞു: ഭേഷ്, ഭേഷ്. അല്ലാഹുവിൻെറ റസൂൽ ചോദിച്ചു: എന്താണ് നീ ഭേഷ്, ഭേഷ് എന്നു പറഞ്ഞത്? ഉമൈർ പറഞ്ഞു: ഞാൻ അതിൻെറ അവകാശിയായിത്തീരണം എന്നുള്ള ആഗ്രഹം കൊണ്ടു മാത്രം പറഞ്ഞതാണ്. നീ തീർച്ചയായും അതിൻെറ അവകാശികളിൽ പെട്ടവനാണ്. റസൂൽ ﷺ പറഞ്ഞു. തുടർന്ന് അദ്ദേഹം തൻെറ അമ്പിൻ കുറ്റിയിൽ നിന്ന് ഏതാനും കാരക്കകളെടുത്തു തിന്നാൻ തുടങ്ങി. പിന്നെ അദ്ദേഹം തന്നെ പറഞ്ഞു: 'ഈ കാരക്കകൾ തിന്നു തീരുന്നതു വരെ ഞാൻ ജീവിക്കേണ്ടി വരികയാണെങ്കിൽ തീർച്ചയായും അത് ദീർഘമായ ഒരു ജീവിതമായിപ്പോകും'. അങ്ങനെ അദ്ദേഹം ആ കാരക്കകൾ എറിഞ്ഞു. യുദ്ധക്കളത്തിലേക്ക് എടുത്തുചാടി. ശത്രുക്കളോട് യുദ്ധം ചെയ്തു രക്ത സാക്ഷിത്വം വരിച്ചു. [മുസ്‌ലിം-1901]

ഇങ്ങനെയുള്ളവരാണ് ബദ്‌രീങ്ങൾ. അപ്പോൾ അല്ലാഹു അല്ലാത്തവരെ വിളിച്ചു സഹായം തേടുന്നവരോട് യുദ്ധംചെയ്യാൻ ഏതാനും കാരക്കകൾ തിന്നു തീരുന്നതു വരെ വൈകിക്കൂടെന്ന് നിർബന്ധമുള്ളവരാണ് ബദ്‌രീങ്ങൾ. അങ്ങനെയുള്ള ബദ്‌രീങ്ങൾ വന്നു,

നമുക്ക് കഴിക്കാനുള്ള ഊണിനും സുഖിക്കാനുള്ള സമ്പത്തിനും കാവൽ നിൽക്കേണമെന്നാണ് നമ്മുടെ ആവശ്യം!

ഈ ദുർമാർഗ്ഗത്തിനു പ്രേരകമായി വർത്തിക്കുന്ന ന്യായങ്ങളെ സംബന്ധിച്ചു ചിന്തിച്ചാൽ അവ സത്യവുമായി പുലബന്ധം പോലുമില്ലാത്ത ചില തെറ്റിദ്ധാരണകൾ മാത്രമാണെന്ന് കാണാം. ഒന്ന്: ഈ മഹാന്മാർക്ക് കറാമത്ത് എന്ന നിലയിൽ പ്രപഞ്ചത്തിൽ കൈകാര്യ കർതൃത്വാധികാരം ലഭിച്ചിട്ടുണ്ട്. രണ്ട്: അവർ തങ്ങൾക്കു വേണ്ടി അല്ലാഹുവിങ്കൽ ശുപാർശ പറഞ്ഞു കാര്യങ്ങൾ നേടിത്തരും. മൂന്ന്: അവർ തങ്ങളെ അല്ലാഹുവിങ്കലേക്ക് അടുപ്പിക്കും. ഇവയിൽ ഒന്നാമത്തെ തെറ്റിദ്ധാരണ മക്കാമുശ്‌രിക്കുകൾ പോലും വെച്ചുപുലർത്തിയിരുന്നതായി ഉദ്ധരിക്കപ്പെട്ടു കാണുന്നില്ല. പരിശുദ്ധ ഖുർആൻ ശക്തിയുക്തം ഖണ്ഡിച്ച ഒരന്ധവിശ്വാസമാണിത്. മറ്റു രണ്ടു ന്യായങ്ങളും മക്കാ മുശ്‌രുക്കുകൾ ബദ്‌രീങ്ങളോടു പറഞ്ഞ അതേ ന്യായങ്ങൾ തന്നെ. അവർ തങ്ങളുടെ ആരാധ്യരെ സംബന്ധിച്ചു ഔലിയാക്കൾ എന്ന് ഉപയോഗിച്ചിരുന്നതായി ഖുർആൻ പറയുന്നു. ഇക്കാലക്കാരും അതേ വാക്കു തന്നെ ഉപയോഗിക്കുന്നു. അക്കാലത്തുള്ളവർ പറഞ്ഞിരുന്നത് പങ്കുകാരും അവരോടുള്ള സഹായാർത്ഥനകളും അവർക്കുള്ള നേർച്ച വഴിപാടുകളും അല്ലാഹുവിനുള്ളത് തന്നെയാണ് എന്നാണ്. ഇക്കാലക്കാരും ഇതേ ന്യായം തന്നെ പറയുന്നു. പക്ഷെ, തങ്ങൾ നടത്തുന്ന സഹായാർത്ഥനയും മറ്റും ആരാധനയാണെന്നവർ സമ്മതിച്ചിരുന്നു. അങ്ങനെ ചെയ്യപ്പെടുന്നവർ ആരാധ്യർ (آلِهَة) ആണെന്ന് അവർ പറയുകയും ചെയ്തിരുന്നു.

ഇവിടെ സഹായാർത്ഥനക്ക് ഇസ്തിഗാഥഃ എന്നും, അർത്ഥിക്കപ്പെടുന്നവർക്ക് ഔലിയാക്കൾ എന്നും പേർ നൽകപ്പെടുന്നു. കാരണം, അല്ലാഹു അല്ലാതെ ഇലാഹില്ലെന്നും അല്ലാഹു അല്ലാത്തവർക്ക് ഇബാദത്ത് പാടില്ലെന്നുമാണല്ലോ ചൊല്ലിപ്പഠിപ്പിച്ചിരിക്കുന്നത്.

എന്നാൽ ഇക്കാലക്കാർ അക്കാലത്തെ മക്കാമുശ്‌രിക്കുകളെക്കാൾ ഈ വിഷയത്തിൽ ഒരുപടി കൂടി മുന്നോട്ടു പോയിരിക്കയാണ്. മക്കാമുശ്‌രിക്കുകൾ ചെറിയ ബുദ്ധിമുട്ടുകളും ദുരിതങ്ങളും നേരിടുമ്പോൾ മാത്രമേ അവരുടെ ഔലിയാക്കളെ വിളിച്ചു സഹായം തേടിയിരുന്നുള്ളൂ. ഗുരുതരമായ വിപത്തുകളും ബുദ്ധിമുട്ടുകളും നേരിടുമ്പോൾ അവർ അല്ലാഹുവിനോട് മാത്രമേ രക്ഷതേടിയിരുന്നുള്ളൂ. ഖുർആൻ ആവർത്തിച്ചു പ്രസ്താവിച്ച ഒരുകാര്യമാണിത്.

﴿ قُلْ أَرَأَيْتَكُمْ إِنْ أَتَاكُمْ عَذَابُ اللَّهِ أَوْ أَتَتْكُمُ السَّاعَةُ أَغَيْرَ اللَّهِ تَدْعُونَ إِنْ كُنْتُمْ صَادِقِينَ، بَلْ إِيَّاهُ تَدْعُونَ فَيَكْشِفُ مَا تَدْعُونَ إِلَيْهِ إِنْ شَاءَ وَتَنْسَوْنَ مَا تُشْرِكُونَ ﴾ الأنعام: ٤٠ – ٤١

**ചോദിക്കുക; നിങ്ങളെക്കുറിച്ച് നിങ്ങൾ ചിന്തിച്ചു നോക്കൂ. അല്ലാഹുവിൻെറ ശിക്ഷ നിങ്ങൾക്ക് വന്നുഭവിച്ചാൽ, അല്ലെങ്കിൽ അന്ത്യസമയം നിങ്ങൾക്കു വന്നണഞ്ഞാൽ അല്ലാഹു അല്ലാത്തവരെ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുമോ? (പറയൂ) നിങ്ങൾ സത്യവാദികളെങ്കിൽ. ഇല്ല, അവനെ മാത്രമെ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുകയുള്ളൂ. അപ്പോൾ ഏതൊരു വിപത്തിനെ ചൊല്ലി നിങ്ങൾ അവനോട് പ്രാർത്ഥിക്കുന്നുവോ അത്-അവനുദ്ദേശിച്ചെങ്കിൽ-ദൂരീകരിച്ചു തരുന്നു. അപ്പോൾ നിങ്ങൾ പങ്കുചേർക്കുന്ന ദൈവങ്ങളെ നിങ്ങൾ മറക്കുകയും ചെയ്യുന്നു.** [വി.ഖു. 6:40-41]

﴿ فَإِذَا رَكِبُوا فِي الْفُلْكِ دَعَوُا اللَّهَ مُخْلِصِينَ لَهُ الدِّينَ فَلَمَّا نَجَّاهُمْ إِلَى الْبَرِّ إِذَا هُمْ يُشْرِكُونَ ﴾ العنكبوت: ٦٥

**അങ്ങനെ അവർ കപ്പലുകളിൽ സഞ്ചരിക്കുമ്പോൾ കീഴ്വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കിക്കൊണ്ട് അവനോട് പ്രാർത്ഥിക്കുന്നു. അവൻ അവരെ കരയിലേക്കു രക്ഷപ്പെടുത്തിയാൽ അവരതാ (മറ്റുള്ളവരെ) പങ്കുചേർക്കുന്നു.** [വി.ഖു. 29:65]

മക്കാവിജയ കാലത്ത് അബൂജഹ്ലിൻെറ പുത്രൻ ഇക്‌രിമഃ നബി ﷺ യിൽ നിന്ന് രക്ഷപ്പെടുവാനായി അബ്സീനയിലേക്കു കപ്പൽ കയറി. കുറച്ചു കഴിഞ്ഞപ്പോൾ കൊടുങ്കാറ്റ് വീശാൻ തുടങ്ങി. അദ്ദേഹം ഔലിയാക്കളോട് പ്രാർത്ഥിച്ചു. ഇത് ഗുരുതരമായ വിപൽഘട്ടമാണെന്നും ഇത്തരം സന്ദർഭങ്ങളിൽ അല്ലാഹുവിനോട് നിഷ്കളങ്കമായി പ്രാർത്ഥിച്ചാൽ മാത്രമേ രക്ഷ ലഭിക്കുകയുള്ളൂവെന്നും മറ്റുള്ളവർ ഉണർത്തിച്ചു. ഇക്‌രിമഃയുടെ മനസ്സിൽ മാറ്റം വന്നു. 'അല്ലാഹു തന്നെയാണ, സത്യം, കടലിൽ നിഷ്കളങ്കത മാത്രമേ രക്ഷിക്കുകയുള്ളുവെങ്കിൽ കരയിലും അതല്ലാതെ മറ്റൊന്നും രക്ഷിക്കുകയില്ല'. പിന്നെ മറ്റു ദൈവങ്ങളുടെ ആവശ്യമെന്താണ്? ഇതു തന്നെയല്ലേ മുഹെമ്മദ് നബിയും പറയുന്നതും? അദ്ദേഹത്തിൻെറ മനസ്സ് മന്ത്രിച്ചു. അദ്ദേഹം മടങ്ങി വന്നു, നബി ﷺ യിൽ വിശ്വസിച്ചു. [ബൈഹഖി].

എന്നാൽ നമ്മുടെ ആളുകളുടെ നില നേരെ മറിച്ചാണ്. ഉഗ്രവിപത്തുകൾ നേരിടുമ്പോൾ അവർ മരിച്ചു പോയവരെ മാത്രമേ വിളിക്കുകയുള്ളൂ.

## മഖാമുകൾ

വിലായത്ത്, കറാമത്ത് എന്നീ പദങ്ങളുടെ ദുർവ്യാഖ്യാനമാണ് മൺമറഞ്ഞവരുടെ ഖബ്റുകൾ ജാറങ്ങളായും ദർഗ്ഗകളായും ഖുബ്ബകളായും ഉയർന്നു വരാൻ സഹായിച്ചത്. വാസ്തവത്തിൽ ഇസ്‌ലാം കഠിനമായി വിരോധിച്ച കാര്യമാണിത്.

**عن جندب قال سمعت النبي ﷺ قبل أن يموت بخمس وهو يقول:((....ألآ وإن من كان قبلكم كانوا يتخذون قبور أنبيائهم وصالحيهم مساجد، ألا فلا تتخذوا القبور مساجد فإني أنهاكم عن ذلك (مسلم)**

ജുൻദുബ് ﵁ വിൽ നിന്ന് ഉദ്ധരിക്കപ്പെടുന്നു. അദ്ദേഹം പറഞ്ഞു. നബി ﷺ അന്തരിക്കുന്നതിനു അഞ്ചു ദിവസം മുമ്പ് അദ്ദേഹം പറയുന്നത് ഞാൻ കേട്ടു:....അറിയുക: നിങ്ങൾക്കു മുമ്പുണ്ടായിരുന്നവർ അവരുടെ പ്രവാചകന്മാരുടെയും സജ്ജനങ്ങളുടെയും ഖബ്റുകൾ പള്ളികളാക്കിയിരുന്നു. അറിയുക: എന്നാൽ നിങ്ങൾ ഖബ്റുകൾ പള്ളികളാക്കരുത്. ഞാൻ നിങ്ങളോട് അത് വിരോധിക്കുന്നു. [മമുസ്‌ലിം]

ഈ ഹെദിഥിൻെറ വിവരണത്തിൽ ഇമാം നവവീ പറയുന്നത് കാണുക:

**قال العلماء إنما نهى النبي عن اتخاذ قبره وقبر غيره مسجدا خوفا من المبالغة في تعظيمه والافتتان به فربما أدّى ذلك إلى الكفر كما جرى كثير من الأمم الخالية (شرح مسلم)**

പണ്ഡിതന്മാർ പ്രസ്താവിച്ചിരിക്കുന്നു: നബി ﷺ അവിടുത്തെ ഖബ്റും മറ്റുള്ളവരുടെ ഖബ്റുകളും ആരാധനാ സ്ഥലമാക്കുന്നത് വിരോധിച്ചത്, ഖബ്റിനെ ബഹുമാനിക്കുന്നതിൽ അതിർ കടന്നു പോകുമെന്നും അതു നിമിത്തം കുഴപ്പത്തിലകപ്പെട്ടു പോകുമെന്നും ഭയപ്പെട്ടതു കൊണ്ടു മാത്രമാണ്. അത് ചിലപ്പോൾ കുഫ്റിലേക്കു ചെന്നെത്തിച്ചേക്കും. പൂർവ്വീക സമുദായങ്ങളിൽ ഒട്ടനവധി പേർക്ക് സംഭവിച്ച പോലെ. [ശറഹു മുസ്‌ലിം]

**عن جابر قال نهى رسول الله أن يجصّص القبر وأن يقعد عليه وأن يبنــى عليه (مسلم)**

ജാബിർ ﵁ വിൽ നിന്ന് ഉദ്ധരിക്കപ്പെടുന്നു; അദ്ദേഹം പറഞ്ഞു: ഖബ്ർ കുമ്മായമിടുന്നതും, അതിന്മേൽ ഇരിക്കുന്നതും, അതിന്മേൽ കെട്ടിടമുണ്ടാക്കുന്നതും അല്ലാഹുവിൻെറ റസൂൽ വിരോധിച്ചിരിക്കുന്നു. [മുസ്‌ലിം]

**عن ابن عباس قال لعن رسول الله زائــرات القبــور والمتخــذين عليهــا المساجد والسرج (أهل السنن)**

ഇബ്നു അബ്ബാസ് ﵁ യിൽ നിന്ന് ഉദ്ധരിക്കപ്പെടുന്നു, അദ്ദേഹം പറഞ്ഞു: ഖബ്റുകൾ സന്ദർശിക്കുന്ന സ്ത്രീകളെയും അതിന്മേൽ പള്ളികളും വിളക്കുകളും സ്ഥാപിക്കുന്നവരെയും അല്ലാഹുവിൻെറ ദൂതർ ശപിച്ചിരിക്കുന്നു. [അഹ്‌ലുസ്സുനൻ]

**عن حيان بن حصين قال، قال لي علي رضي الله عنه ألآ أبعثك على مــا بعثني عليه رسول الله أن لآ تدع تمثالا إلا طمسته ولا قبــرا مشــرفا إلا سويته (مسلم)**

ഹെയ്യാൻ ﵁ വിൽ നിന്ന് ഉദ്ധരിക്കപ്പെടുന്നു; അദ്ദേഹം പറഞ്ഞു; അലി ﵁ എന്നോട് പറഞ്ഞു: അല്ലാഹുവിൻെറ ദൂതർ ഏതൊരു കാര്യത്തിന് എന്നെ നിയോഗിച്ചയച്ചുവോ അതേ കാര്യത്തിനു ഞാൻ താങ്കളെ നിയോഗിച്ചയക്കട്ടെ. അതെ, താങ്കൾ കാണുന്ന ഒരൊറ്റ പ്രതിമയും തകർക്കാതെയോ ഉയർന്നു നിൽക്കുന്ന ഒരൊറ്റ ഖബ്റും സമനിരപ്പാക്കാതെയോ താങ്കൾ വിട്ടുകളയരുത്. [മുസ്‌ലിം]

ഈ വചനങ്ങളിലും ഇവ്വിധത്തിൽ നബി ﷺ യിൽ നിന്ന് ഉദ്ധരിക്കപ്പെടുന്ന മറ്റു വചനങ്ങളിലും, ജീവിച്ചിരിക്കുന്നവർ മൺമറഞ്ഞവരുടെ ഖബ്റുകളോടനുവർത്തിക്കേണ്ട നിലപാടുകളും മര്യാദകളും നബി ﷺ പഠിപ്പിച്ചിട്ടുണ്ടായിരുന്നു. ഖബ്റുകളിന്മേൽ നിന്നോ, ഖബ്റുകളുടെ നേരെയോ നമസ്കരിക്കാൻ പാടില്ല. ഖബ്ർ ആരാധനാ സ്ഥലമോ ആഘോഷ സ്ഥലമോ ആക്കാൻ പാടില്ല. ഖബ്ർ കെട്ടിപ്പടുക്കാനോ കുമ്മായിടുവാനോ അതിന്മേൽ കെട്ടിടമോ പള്ളിയോ നിർമ്മിക്കാനോ വിളക്കു വക്കാനോ പാടില്ല. ഇത്തരം പ്രവൃത്തികൾ ചെയ്യുന്ന്വരെ നബി ﷺ അവിടുത്തെ തിരുവായിലൂടെ ശപിച്ചു. അതിന് ആദ്യം

മാതൃക കാണിച്ച കൃസ്ത്യാനികളെയും അദ്ദേഹം ശപിക്കുകയുണ്ടായി. നിങ്ങൾ അവരുടെ മാതൃക പിന്തുടരരുത് എന്ന് സമുദായത്തിനു അദ്ദേഹം താക്കീതു നൽകി.

പക്ഷെ, മറ്റുപല കാര്യങ്ങളിലെന്ന പോലെ ഈ വിഷയത്തിലും സമുദായത്തിലെ ഒരുവിഭാഗം നബി ﷺ യുടെ നിരോധാജ്ഞകൾ കാറ്റിൽ പരത്തി. അങ്ങനെ അവർ പിശാചിൻെറ ഇംഗിതം പൂർത്തിയാക്കുക തന്നെ ചെയ്തു. പൊതുമുതൽ ധൂർത്തടിച്ചു സ്ഥാനവും പേരും നിലനിർത്താൻ കൊതിച്ച ചില ഭരണകർത്താക്കൾ ഈ വിഷയത്തിൽ അവരുടെ സഹായത്തിനെത്തുകയും ചെയ്തു. തൽഫലമായി നബി ﷺ ഭയപ്പെട്ടിരുന്നതെന്തോ അത് സംഭവിച്ചു. ഇന്നിപ്പോൾ മുസ്‌ലിം ലോകത്തേക്ക് നാമൊന്ന് കണ്ണോടിച്ചാൽ ഒരു ജാറമെങ്കിലുമില്ലാത്ത ശ്മശാനം വിരളമാണെന്ന് കാണാം. പതിനായിരങ്ങൾ ചെലവഴിച്ചു കണ്ണഞ്ചിക്കുന്ന ഖുബ്ബകളും അത്യാകർഷകമായ ദർഗ്ഗകളും അതിമനോഹരമായ മഖാമുകളും പടുത്തുയർത്തി തേച്ചുമിനുക്കിയിരിക്കുന്നു. പച്ചപ്പട്ടു കൊണ്ടു മൂടി ലോഹക്കൊടിപ്പൂകളുള്ള വർണ്ണക്കില്ലകൾ തൂക്കിയിരിക്കുന്നു! വിലപിടിപ്പുള്ള വിരികൾ ചുമരുകളിൽ താഴ്ത്തി, തറയിൽ പരവതാനികൾ വിരിച്ചു മോടിയാക്കിയിരിക്കുന്നു. വിവിധ വർണ്ണത്തിലുള്ള ദീപങ്ങൾ എരിഞ്ഞു കൊണ്ടിരിക്കുന്നു. ആകപ്പാടെ മഖാമിനെ കേടീശ്വരൻെറ മകളുടെ മണിയറ പോലെ അലങ്കരിച്ചു വച്ചിരിക്കുന്നു. ഓരോ മഖാമിനെയും ചുറ്റിപ്പറ്റി ഒരു സംഘമാളുകൾ മെയ്യനങ്ങാതെ തിന്നും കുടിച്ചും കുടുംബം പുലർത്തിയും 'സേവനം' ചെയ്തു വരുന്നു. ഇവരുടെ വായകളിലൂടെയാണ് മൺമറഞ്ഞവരുടെ 'കറാമത്തുകൾ' വെളിപ്പെട്ടു കൊണ്ടിരിക്കുന്നത്. അവർ ആ കറാമത്തുകളുടെ വിവരങ്ങൾ അവിടെ വന്നണയുന്നവരെ മുഖാമുഖം അറിയിച്ചു കൊണ്ടിരിക്കുന്നു. മറ്റുള്ളവർക്കു വേണ്ടി പത്രങ്ങൾ, നോട്ടീസുകൾ, റേഡിയോ മുതലായ വാർത്താ മാദ്ധ്യമങ്ങൾ മുഖേന പരസ്യം ചെയ്യുകയും ചെയ്യുന്നു. 'എല്ലാ മാറാവ്യാധികൾക്കും ഉടനടി സിദ്ധി' എന്നാണ് പരസ്യത്തിൻെറ ശീർഷകം. അത് വായിക്കുമ്പോൾ ആദ്യമായി തോന്നുക, ഇവിടുത്തെ ആശുപത്രികളെല്ലാം പൊളിച്ചു നീക്കേണ്ടി വരുമെന്നാണ്. പക്ഷെ, അവസാനമെത്തുമ്പോഴേക്ക് കാര്യം ഗ്രാഹ്യമാകും. 'ഈ പരസ്യമാകുന്ന മരീചിക കണ്ട് വ്യാമോഹമെന്ന ദാഹവുമായി വന്നണയുന്ന പാറ്റകളിൽ നിന്ന് പിഴിഞ്ഞെടുക്കുന്ന 'നേർച്ചകൾ' കൊണ്ട് ആധുനിക സൗകര്യങ്ങളോ

ടു കൂടിയ ഒരാശുപത്രിയും നടത്തപ്പെടുന്നു'. അപ്പോൾ മാറാത്ത വ്യാധികൾക്കേ അവിടെ സിദ്ധിയുള്ളൂ. മാറുന്ന വ്യാധികൾ മാറ്റാൻ വേറെ തന്നെ മാർഗ്ഗങ്ങൾ നോക്കേണ്ടതുണ്ടെന്നർത്ഥം! ഇങ്ങനെ 'കറാമത്തുകൾ' പ്രചരിപ്പിക്കുന്നതിൽ മഖാമുകൾ അന്യോന്യം മത്സരം തന്നെ നടത്തിക്കൊണ്ടിരിക്കുന്നു.

# ഖബ്റാരാധന

അലസരായിരുന്നു കൊണ്ട് ഇഹപര നേട്ടങ്ങൾക്ക് കുറുക്കുവഴികൾ അന്വേഷിക്കുന്നവർ ധാരാളമത്രെ. അവർ ഈ ഊഹാപോഹങ്ങളിൽ നിന്ന് പ്രചോദനം നേടിക്കൊണ്ട് മുറാദ് സഫലീകരിക്കാനായി ഇത്തരം മഖാമുകളിലേക്ക് ഒരുങ്ങിപ്പുറപ്പെടുന്നു. ചെന്നടുക്കുമ്പോൾ സേവകന്മാർ ഖുർആൻ പാരായണം ചെയ്യുന്നു. സുഗന്ധദ്രവ്യങ്ങൾ പുകയിക്കപ്പെടുന്നു. കണ്ണഞ്ചിക്കുന്ന വർണ്ണങ്ങൾ! ഭക്തിയും ഭയവും ജനിപ്പിക്കുന്ന ഒരന്തരീക്ഷം! ഭക്തിനിർഭരമായ ഒരനുഭൂതി! കൃത്രിമാലങ്കാരങ്ങളണിഞ്ഞു പച്ചപ്പട്ടു പുതച്ചു തെക്കുവടക്കായി കിടക്കുന്ന തൻെറ 'കൺകണ്ട ദൈവമായ' വലിയ്യിൻെറ മഖ്ബറ കാണുമ്പോൾ അവനുണ്ടാകുന്ന വികാരങ്ങളെന്തായിരിക്കും! അവൻെറ മനസ്സ് വാചാലമാകുന്നു, അവൻ കണ്ണുനീർ വാർക്കുന്നു, സങ്കടം പറയുന്നു. തൊട്ടു മുത്തുന്നു, ചുമർ ചുംബിക്കുന്നു, ത്വവാഫ് ചെയ്യുന്നു. ഖബ്റാരാധന എന്ന പ്രയോഗത്തെ എതിർക്കുകയും നിഷേധിക്കുകയും ചെയ്യുന്ന സഹോദരന്മാർ ദയവായി ഒന്ന് ഇവിടം വരെ വരിക. ഇബാദത്തിൻെറ നമ്മുടെ നിർവ്വചനവും ഒന്ന് കയ്യിൽ കരുതുക. നമുക്ക് അതൊന്ന് യോജിപ്പിച്ചു നോക്കാം. അതെ أقصى غاية الخضوع والتذلل (പരമമായ താഴ്മയുടെയും വിനയത്തിൻെറയും പ്രകടനം.) അതെ, ഈ അവസ്ഥ അവനിൽ കൂടുതൽ പ്രകടമാകുന്നതെപ്പോഴാണ്? അല്ലാഹുവിൻെറ പള്ളിയിൽ വെച്ച് തനിക്കറിഞ്ഞു കൂടാത്ത വാക്കുകൾ ഉരുവിട്ടു കൊണ്ട് ചൊറിഞ്ഞും മാന്തിയും ഇമാമിനോടൊപ്പം അവൻ ചലിക്കുമ്പോഴോ അതോ മേൽ വിവരിച്ച പരിതഃസ്ഥിതിയിൽ തൻെറ വലിയ്യിൻെറ തലഭാഗത്ത് അവൻ നിൽക്കുമ്പോഴോ? മുന്നിൽ വന്നു കൈനീട്ടുന്നവന് പത്തുപൈസ തുട്ട് വെച്ചുകൊടുക്കുമ്പോഴാണൊ അവൻ കൂടുതൽ താഴ്മ കാണിക്കുന്നത് അതോ തൻെറ വലിയ്യിൻെറ തലഭാഗത്തുള്ള പെട്ടിയിൽ നേർച്ച നിക്ഷേപിക്കുമ്പോഴോ? മൊഴികളിൽ അൽപമെങ്കിലും സത്യസന്ധത

പുലർത്തേണമെന്ന് നിർബന്ധമുള്ളവരാണ് നിങ്ങളെങ്കിൽ നമസ്കാരത്തിലും ധർമ്മത്തിലും പുലർത്തുന്നതിനെക്കാൾ നൂറുമടങ്ങ് വിനയവും താഴ്മയും മഖാമിൽ വെച്ച് അവർ പ്രകടിപ്പിക്കുന്നു എന്നായിരിക്കും നിങ്ങളുടെ മറുപടി. ഈ കാര്യത്തിൽ നിങ്ങൾ സംശയാലുക്കളാണെങ്കിൽ പള്ളിയിൽ വെച്ച് അല്ലാഹുവിൻെറ പേരിൽ കള്ളസത്യം ചെയ്യാൻ മടികാണിക്കാത്ത അവനെ മഖാമിൽ കൊണ്ടുപോയി തൻെറ വലിയ്യിൻെറ പേരിൽ ആ കള്ളസത്യം ആവർത്തിക്കാൻ അവനോട് ആവശ്യപ്പെട്ടു നോക്കൂ. അവനൊരിക്കലും അങ്ങനെ ചെയ്യാനിടയില്ല. നമ്മുടെ മഖാമുകളിൽ നടക്കുന്ന കാര്യങ്ങളും ഗുരുവായൂരിൽ നടക്കുന്ന കാര്യങ്ങളും തമ്മിൽ വല്ല അന്തരവുമുണ്ടോ? പൂജിക്കപ്പെടുന്ന വ്യക്തികളുടെ നാമങ്ങളും ബിംബങ്ങളും വ്യത്യസ്തമാണ് എന്നല്ലേയുള്ളൂ?

ഇമാം അശ്ശൗകാനീ (റഹി) (محمد بن علي بن محمد الشـوكاني) പറയുന്നത് കാണുക:

**فصاروا يدْعونهم تارةً مع اللهِ وتارةً استقلالاً ويصرخون بأسمائهم ويعظّمونهم تعظيم ما يملك الضرَّ والنفعَ ويخضعون خضوعا زائدا على خضوعهم عند وقوفهم بين يدي ربهم في الصلاة والدعاء، وهذا إذا لم يكن شركاً فلا ندري ما هو الشرك، وإذا لم يكن كفرا فليس في الدنيا كفر** (الدر النضيد في إخلاص كلمة التوحيد)

അല്ലാഹുവിനോടൊപ്പവും അല്ലാതെയും അവർ അവരെ (മൺമറഞ്ഞവരെ) വിളിച്ചു പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നു. അവർ മൺമറഞ്ഞവരുടെ പേർ വിളിച്ചു അട്ടഹസിക്കുന്നു. ഗുണദോഷങ്ങളുടെ അധിപനെ മഹത്വപ്പെടുത്തുന്ന പോലെ അവർ അവരെ മഹത്വപ്പെടുത്തുന്നു. നമസ്കാരത്തിലും പ്രാർത്ഥനയിലും തങ്ങളുടെ നാഥൻെറ മുമ്പിൽ നിൽക്കുമ്പോൾ പ്രകടിപ്പിക്കുന്നതിലുപരി താഴ്മ അവരുടെ മുന്നിലവർ പ്രകടിപ്പിക്കുന്നു. ഇതെല്ലാം ശിർക് (ബഹുദൈവാരാധന) അല്ലെങ്കിൽ പിന്നെ ശിർകെന്താണെന്ന് നമുക്കറിഞ്ഞുകൂട. ഇത് കുഫ്റല്ലെങ്കിൽ പിന്നെ ഭൂമുഖത്ത് വേറെ കുഫ്റില്ല തന്നെ.

ഇവ്വിധത്തിൽ കണ്ണഞ്ചിപ്പോയ സന്ദർശകർ ഗുരുത്വവും പൊരുത്തവും വാങ്ങി, കയ്യിലുണ്ടായിരുന്നതെല്ലാം നേർച്ചയും വഴിപാടുമായി അവിടെ ചിലവഴിച്ചു മനഃസംതൃപ്തിയോടെ മടങ്ങുന്നു. ഇങ്ങനെ പൊതുജനങ്ങളുടെ വരുമാനത്തിൻെറ നല്ലൊരുഭാഗം പണമായും

സാധനങ്ങളായും ജാറം മൂടാനുള്ള വസ്ത്രങ്ങളായും മഖാമുകളിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്നു. മഖാമു സേവകന്മാർക്ക് മെയ്യനങ്ങാതെ സുഖലോലുപരായി ജീവിക്കുവാനും കൂടുതൽ കറാമത്തുകൾ പ്രചരിപ്പിച്ചു കൂടുതൽ ആളുകളെ ആകർഷിക്കുവാനും ഇത് പ്രചോദനം നൽകുന്നു. യഥാർത്ഥത്തിൽ ഒരുമാസക്കാലമെങ്കിലും ഒരു ജാറം ആരും സന്ദർശിക്കുകയില്ലെന്ന് തീരുമാനിക്കുകയാണെങ്കിൽ അടുത്ത ഒന്നാം തീയതി തന്നെ അവിടുത്തെ സേവകന്മാരെല്ലാം തങ്ങളുടെ പാട്ടിനു പോകുമായിരുന്നു. അവരുടെ അവിടുത്തെ കറാമത്തുകൾ അവസാനിക്കുകയും ചെയ്യുമായിരുന്നു.

ഇങ്ങനെ ഒരു ജാറം സന്ദർശിച്ചിട്ട് 'മുറാദ്' സഫലമായില്ലെന്ന് കാണുന്ന വ്യക്തികൾ മറ്റുപല ജാറങ്ങളും മാറി മാറി സന്ദർശിച്ചു കൊണ്ടിരിക്കുന്നു. അങ്ങനെ മുസ്ലിം നാമധേയത്തിലറിയപ്പെടുന്ന മുഴുവൻ ജാറങ്ങൾ സന്ദർശിച്ചിട്ടും ഉദ്ദേശ്യം സഫലമാകാതെ നിരാശപ്പെടുന്ന വ്യക്തി ആ വൃത്തത്തിനു പുറത്തു പോകുന്നു. തുടർന്ന് അവൻ ക്ഷേത്രത്തിൽ പോയി തുലാഭാരം നടത്തുകയോ, മലകയറുകയോ ചെയ്യുന്നു. അപ്പോഴാണ് അവന് തൻെറ ഉദ്ദേശം സഫലമായതായി തോന്നുന്നത്. അതിനെ തുടർന്ന് തന്നെപ്പോലെ മുസ്ലിം ജാറങ്ങളെല്ലാം സന്ദർശിച്ചു ഉദ്ദേശ്യം സഫലമാകാതെ നിരാശരായിരിക്കുന്ന സഹോദരന്മാരുടെ 'നന്മക്കും ആശ്വാസത്തിനുമായി' ആ വാർത്ത അവൻ പരസ്യപ്പെടുത്തുന്നു. പത്രങ്ങൾ അത് പ്രത്യേക വാർത്തയായി പ്രസിദ്ധപ്പെടുത്തുന്നു. ഈ ഘട്ടത്തിലാണ് നമ്മുടെ 'ശംസുൽ ഉലമാ' ശിർകിൻെറ ഫത്‌വയുമായി, മുറാദ് ഹേസ്വിലാക്കാൻ പോയേടത്തു നിന്ന് എഴുന്നേറ്റു വരുന്നത്. മുസ്ലിം ജാറങ്ങൾക്കു പുറമെയുള്ളവയും സന്ദർശിച്ചപ്പോൾ മാത്രമാണ് അവൻ ശിർക് ചെയ്തു തുടങ്ങിയിട്ടുള്ളുവത്രെ. അതുവരെ അവനും ഇതര സമുദായങ്ങളിൽ നിന്ന് നമ്മുടെ ജാറങ്ങൾ സന്ദർശിക്കുന്നവരും തൗഹീദനുസരിച്ചാണ് പ്രവർത്തിച്ചത് എന്നാണ് പണ്ഡിതൻെറ പക്ഷം.

സത്യത്തിൽ ഉദ്ദേശ്യ സഫലീകരണത്തിനായി ഒരു ജാറം സന്ദർശിക്കേണമെന്ന് കരുതി ഒരുങ്ങി പുറപ്പെട്ടേടം മുതൽ വീട്ടിൽ തിരിച്ചെത്തുന്നതു വരെ അവൻ ചെയ്തത് തെറ്റും ശിർക് പരമായ പ്രവർത്തികളുമാണ്. മനുഷ്യ കഴിവിന്നതീതമായ ഒരുകാര്യം മൺമറഞ്ഞ ഒരാളിൽ നിന്ന് ആശിക്കാൻ തുടങ്ങിയതു മുതൽ അവൻ തെറ്റുകാര

നായി. മാത്രമല്ല, മൂന്നു പള്ളികളിലേക്കു മാത്രമേ ഒരു സത്യവിശ്വാസി പുണ്യം ഉദ്ദേശിച്ചു യാത്ര ചെയ്യാൻ പാടുള്ളൂ.

**عن قزعة قال، أتيت ابن عمر فقلت إني أريد الطور، فقال: إنما تشد الرحال إلى ثلاثة مساجد: المسجد الحرام ومسجد المدينة والمسجد الأقصى، فدع عنك الطور ولا تأته (أحمد)**

ഖസഅഃ ﷺ പറയുന്നു: ഞാൻ ഇബ്നു ഉമർ ﷺ വിൻെറ അടുക്കൽ ചെന്നു. ഞാൻ സീനാപർവ്വതം [മൂസാ ﷺ ന് ആദ്യമായി വഹ്യ് ലഭിച്ച സ്ഥലം] സന്ദർശിക്കാനുദ്ദേശിക്കുന്നു എന്നറിയിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: ഹെറമിലെ പള്ളി, മദീനയിലെ പള്ളി, അൽമസ്ജിദുൽ അഖ്സ്വാ എന്നീ മൂന്നു പള്ളികളിലേക്കു മാത്രമേ പുണ്യയാത്ര പോകാൻ പാടുള്ളൂ. അതുകൊണ്ട് സീനാപർവ്വതം സന്ദർശിക്കാനുള്ള പരിപാടി ഉപേക്ഷിക്കുക. നീ അവിടെ പോകരുത്. [അഹ്മദ്]

ഖബ്ർ കെട്ടിപ്പടുത്തതു മുതൽ അവിടെ കപടഭക്തി സൃഷ്ടിക്കാൻ അലങ്കരിച്ചതു വരേക്കുള്ള ഓരോപ്രവൃത്തിയും ഇസ്ലാം വിരോധിച്ചതാണ്. ഖബ്റിടങ്ങളെ ആഘോഷ സ്ഥലമാക്കുന്ന വിധത്തിൽ അവിടെ സന്ദർശിക്കുന്നതും തെറ്റാണ്.

**عن أبي هريرة قال، قال رسول الله ﷺ ((لا تجعلوا بيوتكم قبورا ولا تجعلوا قبري عيدا، وصلّوا عليّ فإن صلاتكم تبلغني حيث كنتم)) أبوداود**

അബൂഹുറയ്റ ﷺ ൽ നിന്ന് ഉദ്ധരിക്കപ്പെടുന്നു, അദ്ദേഹം പറഞ്ഞു; അല്ലാഹുവിൻെറ ദൂതർ ﷺ അരുളിയിരിക്കുന്നു: നിങ്ങൾ നിങ്ങളുടെ വീടുകൾ ഖബ്റുകളാക്കരുത്. എൻെറ ഖബ്ർ ഒരു ആഘോഷ സ്ഥലമാക്കുകയും ചെയ്യരുത്. എനിക്ക് നിങ്ങൾ സ്വലാത്ത് ചൊല്ലുക. നിങ്ങൾ എവിടെവെച്ച് സ്വലാത്ത് ചൊല്ലിയാലും നിങ്ങളുടെ സ്വലാത്ത് എനിക്കെത്തും. [അബൂദാവൂദ്]

വീടുകൾ ഖബ്റുകളെപ്പോലെയാവരുതെന്നും അവിടെവെച്ച് ഖുർആൻ പാരായണവും സുന്നത്ത് നമസ്കാരവും നടത്തേണമെന്നും നബി ﷺ കൽപിക്കുന്നു. അതെയവസരത്തിൽ നമ്മുടെ മഖാമു സേവകന്മാർ നേരെ വിപരീതമാണ് പ്രവർത്തിക്കുന്നത്. അവർ പ്രഭാതത്തിൽ തന്നെ മുസ്വ്ഹെഫുകളുമായി മഖാമിലേക്കു കയറിയിരിക്കുകയാണ്. നബി ﷺ അവിടുന്ന് അന്ത്യവിശ്രമം കൊള്ളുന്ന ഖബ്ർ ഉത്സവസ്ഥലമാക്കുന്നത് സമുദായത്തോട് വിരോധിക്കുകയാണ് ചെയ്തത്.

എപ്പോഴും ആളുകൾ വന്നു പോയിക്കൊണ്ടിരിക്കുന്ന സ്ഥലം, വർഷത്തിലൊരിക്കലോ പലതവണയോ ആളുകൾ ഒരുമിച്ചു കൂടുന്ന സ്ഥലം ഇതാണ് ആഘോഷസ്ഥലമാക്കുക എന്നതു കൊണ്ട് വിവക്ഷിക്കപ്പെടുന്നത്. നബി ﷺ യുടെ പേരിൽ സ്വലാത് ചൊല്ലുന്നത് പുണ്യകർമ്മമാണ്. പക്ഷെ, സ്വലാത് ചൊല്ലാൻ അദ്ദേഹത്തിൻെറ ഖബ്റിന്നരികെ പോകേണ്ടതില്ല. നാം എവിടെ വെച്ച് സ്വലാത് ചൊല്ലിയാലും അത് അദ്ദേഹത്തിനെത്തും. അപ്പോൾ ഈ സമുദായത്തിൽ, അല്ല മനുഷ്യ വർഗ്ഗത്തിൽ ഏറ്റവും ശ്രേഷ്ഠരായ മുഹമ്മദ് മുസ്ത്വഫാ ﷺ യുടെ ഖബ്ർ തന്നെ ആഘോഷ സ്ഥലമാക്കാൻ പാടില്ലെന്ന് പറയുമ്പോൾ ഈ സമുദായത്തിലെ മറ്റേതൊരാളുടെ ഖബ്റും ആഘോഷസ്ഥലമാക്കാൻ പാടില്ലെന്നതാണ് 'ഓതിമറിയാത്തവരെല്ലാം' ഗ്രഹിച്ചിരിക്കുക. എന്നാൽ ഇന്ന് നമ്മുടെ മഖാമുകളിൽ നടക്കുന്ന കൊടികുത്ത് നേർച്ചകളും ഉറൂസുകളും നോക്കുക. അവിടെ നടക്കുന്ന ഏതെങ്കിലും ഒരുകാര്യം ഇസ്‌ലാമിൽ വിരോധിക്കാത്തതായുണ്ടോ?

യഥാർത്ഥത്തിൽ മനുഷ്യ വർഗ്ഗത്തിൽ നടമാടുന്ന ശിർക്കിൻെറ ഉത്ഭവ കാരണങ്ങളിൽ പ്രധാനമായത്, ജീവിച്ചിരിക്കുന്നവർക്ക് മൺമറഞ്ഞവരോടുള്ള അതിരറ്റ ബഹുമാനമായിരുന്നു. നൂഹ് عليه السلام മിൻെറ ജനത ആരാധിച്ചിരുന്ന വദ്ദ്, സുവാഅ് തുടങ്ങിയ അഞ്ചു ബിംബങ്ങൾ ആ സമുദായത്തിലെ അഞ്ച് ഔലിയാക്കളുടേതായിരുന്നു. അവർ മരിച്ചപ്പോൾ ജനങ്ങൾ അവരുടെ ഖബ്റുകളിന്മേൽ ഭജനമിരുന്നു. അടുത്ത തലമുറ അവരുടെ സ്മരണ നിലനിറുത്താനായി അവരുടെ രൂപങ്ങളുണ്ടാക്കി പ്രതിഷ്ഠിച്ചു. തുടർന്നു വരുന്ന തലമുറ അവരെ ആരാധിച്ചു തുടങ്ങി. ഇങ്ങനെയാണ് ഈ അഞ്ചു ഔലിയാക്കൾ അഞ്ചു ബിംബങ്ങളായി മാറിയതെന്ന് ഇബ്നു അബ്ബാസ് رضي الله عنه പറഞ്ഞതായി ബുഖാരി ഉദ്ധരിക്കുന്നു. തൊള്ളായിരത്തി അമ്പതു വർഷം പ്രബോധനം നടത്തിയിട്ടും നൂഹ് عليه السلام മിൽ വിശ്വസിക്കാൻ അവർക്കു തടസ്സമായി വർത്തിച്ചത് ഈ അഞ്ച് ഔലിയാക്കളുടെ ബിംബങ്ങളായിരുന്നു. ജീവിതകാലം മുഴുവനും ബിംബങ്ങളോടും ബിംബാരാധകരോടും പടവെട്ടാൻ ഉഴിഞ്ഞുവെച്ച ഇബ്റാഹീം عليه السلام ൻെറയും ഇസ്മാഈൽ عليه السلام ൻെറയും ബിംബങ്ങൾ, അവർ അല്ലാഹുവിനെ മാത്രം ആരാധിക്കാനായി നിർമ്മിച്ച കഅ്ബയിൽ വെച്ച് ആരാധിക്കപ്പെട്ടു! അറബികൾ ആരാധിച്ചിരുന്ന 'ലാത്ത' ആ പേരിലറിയപ്പെട്ടിരുന്ന ഒരു വലിയ്യിൻെറ പ്രതിഷ്ഠയായിരുന്നു.

# ബിംബം

ശിർക് എന്നാൽ ബിംബാരാധനയാണെന്നും, ബിംബാരാധന എന്നാൽ ലോഹം, കല്ല്, മരം എന്നിവ കൊണ്ട് രൂപങ്ങളുണ്ടാക്കി പൂജിക്കൽ മാത്രമാണെന്നും ചിലർ തെറ്റിദ്ധരിപ്പിക്കുന്നു. ഇന്നത്തെ മുസ്ലിംകളിൽ ഈ പ്രവണത ഇല്ലെന്നതിൽ അവർ ആശ്വാസം കൊള്ളുകയും ചെയ്യുന്നു. നബി ﷺ യുടെ ഒരു വചനം നോക്കുക:

((اَللَّهُمَّ لاَ تَجْعَلْ قَبْرِي وَثَنًا يُعْبَدُ)) الموطأ

അല്ലാഹുവേ, എൻെറ ഖബ്ർ ആരാധിക്കപ്പെടുന്ന ഒരു ബിംബമാക്കരുതേ. [മുവത്വഅ്].

ഇവിടെ നബി ﷺ യുടെ ഒരു രൂപമുണ്ടാക്കി വെച്ച് അതിനു സുജൂദു ചെയ്യപ്പെടുന്ന ഒരു സ്ഥിതിവിശേഷമുണ്ടാക്കരുതേ എന്നല്ല നബി ﷺ പ്രാർത്ഥിക്കുന്നത്. മറിച്ചു, മക്കാമുശ്രികുകൾ ചെയ്തിരുന്നതു പോലെ, അല്ലാഹുവിൽ നിന്ന് ആശിക്കപ്പെടുകയും അവനോടർത്ഥിക്കപ്പെടുകയും ചെയ്യേണ്ട കാര്യങ്ങൾ ഖബ്റിലുള്ളവരോടർത്ഥിക്കപ്പെടുന്ന ഒരവസ്ഥ ഉണ്ടാക്കരുത്, ഇസ്ലാം നിശ്ചയിച്ച പരിധിവിട്ടു ഖബ്ർ ബഹുമാനിക്കപ്പെടുകയും വന്ദിക്കപ്പെടുകയും ചെയ്യുന്ന ഒരു സ്ഥിയുമുണ്ടാകരുത് എന്നാണ് അദ്ദേഹം പ്രാർത്ഥിക്കുന്നത്. ഈ വചനത്തിൻെറ അടിസ്ഥാനത്തിൽ മുസ്ലിം ലോകത്തേക്കൊന്ന് കണ്ണോടിച്ചു നോക്കുക: കെട്ടിയുയർത്തപ്പെട്ട ഖബ്റുകളെല്ലാം ബിംബങ്ങളായി ആരാധിക്കപ്പെടുകയല്ലേ ചെയ്യുന്നത്. ഏതു ഖബ്റിന്മേലുള്ള കൊടിമരമാണോ കൂടുതൽ വലിപ്പവും ഭംഗിയുമുള്ളത് ആ ഖബ്ർ കൂടുതൽ ആരാധിക്കപ്പെടുന്നു. ഇന്ന് ഈജിപ്തിൽ കൂടുതൽ പൂജിക്കപ്പെടുന്നത് അഹ്മദുൽ ബദ്വീയുടെ ഖബ്റാണ്. അതെയവസരത്തിൽ അവിടങ്ങളിലെല്ലാം നബി ﷺ യുടെ ഉത്തമരാവ സ്വഹേബിവര്യന്മാരുടെ ഖബ്റുകൾ ഈ ദുർമാർഗ്ഗത്തിനിരയാകാതെ നിലകൊള്ളുന്നു. കാരണം, അവ കെട്ടിയുയർത്തപ്പെട്ടിട്ടില്ല എന്നു തന്നെ. ആ സ്വഹേബി വര്യന്മാർ ധരിച്ചിരുന്ന ചെരുപ്പുകൾ പോലും ഇത്തരക്കാരെക്കാൾ നൂറുമടങ്ങ് ഉത്തമമായിരുന്നു എന്നതാണ് പരമാർത്ഥം. മനുഷ്യൻ അല്ലാഹുവിൻെറ ചില ഗുണങ്ങളും അധികാരങ്ങളും ബിംബത്തിനു സങ്കൽപിക്കുന്നു. അല്ലാഹുവിനർപ്പിക്കേണ്ട ആരാധനകൾ അവൻ അതിന് അർപ്പിക്കുകയും ചെയ്യുന്നു. അതു

വഴി അവൻെറ വിശ്വാസവും കർമ്മവും ദുഷിച്ചു പോകുന്നു എന്ന തു കൊണ്ടാണ് ഇസ്ലാം ബിംബത്തെ എതിർക്കുന്നത്. അതല്ലാതെ അല്ലാഹുവിൻെറ തന്നെ സൃഷ്ടികളിൽ പെട്ട കല്ലിനോടോ, ലോഹ ത്തോടോ അവന് പ്രത്യേക കോപമുണ്ടായതു കൊണ്ടല്ല. അതുകൊ ണ്ട് ഈ അവസ്ഥാവിശേഷം അല്ലാഹുവിൻെറ ഏതൊരു സൃഷ്ടി മൂലമുണ്ടായിത്തീർന്നാലും തീർച്ചയായും അത് ശിർക്കു തന്നെയാ ണ്. അതിൽ പക്ഷാന്തരമില്ല.

അല്ലാമഃ മുഹെമ്മദുബ്നു ഇസ്മാഈലുൽ യമാനീ പറയുന്നത് കാ ണുക:

**قد عرفتَ من هذا كلّهِ أن من اعتقد في شجر أو حجر أو قبر أو ملك أو جني أو حي أو ميْتٍ أنه ينفع أو يضرُّ أو أنه يقرِّبُ إلى الله أو يشفع عنده في حاجة من حوائج الدنيا بمجرد التشفّع والتوسُّل إلى الرب تعالى.... فإنه قد أشرك مع الله غيره** (تطهير الاعتقاد عن أدران الإلحاد)

ഇതിൽ നിന്നെല്ലാം ഒരു വസ്തുത നീ ഗ്രഹിച്ചിരിക്കുമല്ലോ, അതെ, ഒ രു വൃക്ഷമോ, ഒരുകല്ലോ, ഒരു ഖബ്റോ, ഒരു മലക്കോ, ഒരു ജിന്നോ, ജീവനുള്ളവനോ മൺമറഞ്ഞവനോ ഉപകാരം ചെയ്യുമെന്നോ ഉപദ്ര വമേൽപിക്കുമെന്നോ വല്ലവനും വിശ്വസിച്ചു, അല്ലെങ്കിൽ ശുപാർശ കനായോ, രക്ഷിതാവിങ്കലേക്കുള്ള മദ്ധ്യവർത്തിയായോ സ്വീകരിക്കു ന്നതു കൊണ്ട് ഏതെങ്കിലുമൊരു കാര്യത്തിൽ അല്ലാഹുവിൻെറ സ ന്നിധിയിൽ ശുപാർശ പറയുമെന്ന് അവൻ കരുതി, എങ്കിൽ തീർച്ച യായും അല്ലാഹുവിൻെറ കൂടെ മറ്റുള്ളവരെ അവൻ പങ്കുചേർത്തു കഴിഞ്ഞു.

അപ്പോൾ മനുഷ്യൻെറ വിശ്വാസത്തിലും കർമ്മത്തിലും വന്നുപോ കുന്ന ശിർകിൻെറ കാരണം ഒരു പ്രവാചകനാകട്ടെ, ഒരു ഖബ്റാക ട്ടെ, ഒരു ബിംബമാകട്ടെ അതിൻെറ വിധിയിൽ മാറ്റം വരുത്തുന്നില്ല. മൂന്നവസരത്തിലും അത് ശിർകു തന്നെ. അല്ലാഹു അത് ഒരിക്കലും പൊറുക്കുകയുമില്ല. ഒരു പശുക്കുട്ടി കാരണം ജൂതന്മാരിൽ ശിർകു വന്നു പോയതും, ക്രിസ്ത്യാനികൾ അവരുടെ പ്രവാചകനായ ഈസാ ﵇ ൻെറ പേരിൽ ശിർകിലകപ്പെട്ടതും ഇതിന് ഉദാഹരണമാണ്. മാത്രമല്ല, ബിംബത്തെ മനുഷ്യൻ തൻെറ സ്വന്തം കൈകൾ കൊണ്ട് നിർമ്മിക്കുന്നതാണ്. അതിനൊരിക്കലും ജീവനുണ്ടാകുകയില്ലെന്ന് അവനറിയുകയും ചെയ്യാം. അങ്ങനെയുള്ള ഒരു ബിംബത്തെക്കാൾ

മനുഷ്യ വികാരത്തെ ദുഷിപ്പിക്കാൻ കഴിയുക അത്ഭുതങ്ങൾ സൃഷ്ടിച്ചു കൊണ്ട് ഒരിക്കൽ ജീവിച്ചു, കൂടുതൽ അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കരുത്താർജ്ജിച്ചു കൊണ്ട് ആത്മാവ് തയ്യാറായിരിക്കുന്നു എന്ന് വിശ്വസിക്കപ്പെടുന്ന ഒരു വലിയ്യിനും അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്ന ഖബ്റിനുമാണ് എന്നതാണ് സത്യം.

هَؤُلَآءِ شُفَعَاؤُنَا عِنْدَ اللَّـهِ (ഇവർ അല്ലാഹുവിങ്കൽ ഞങ്ങളുടെ ശുപാർശക്കാരാണ്) എന്ന ഖുർആൻ വചനത്തിൻെറ വിവരണത്തിൽ പ്രസിദ്ധ ഖുർആൻ വ്യാഖ്യാതാവായ ഇമാം റാസീ (റഹി) യുടെ ഒരു പരാമർശം കാണുക. മുശ്‌രികുകൾ തങ്ങളുടെ ബിംബങ്ങളെ സംബന്ധിച്ച് എന്തുകൊണ്ടാണ് ബുദ്ധിജീവികൾക്കുപയോഗിക്കുന്ന പദപ്രയോഗം കൊണ്ടു വന്നത്? എന്ന ചോദ്യത്തിനുത്തരമായി അദ്ദേഹം പറയുന്നു:

إِنَّهُمْ وَضَعُوا هَذِهِ الأَصْنَامَ وَالأَوْثَانَ عَلَى صُورَةِ أَنْبِيَائِهِمْ وَأَكَابِرِهِمْ وَزَعَمُوا مَتَى اشْتَغَلُوا بِعِبَادَةِ هَذِهِ التَّمَاثِيلِ فَإِنَّ أُولَئِكَ الأَكَابِرَ تَكُونُ شُفَعَاءَ لَهُمْ عِنْدَ اللَّهِ. وَنَظِيرُهُ فِي هَذَا الزَّمَانِ اشْتِغَالُ كَثِيرٍ مِنَ الْخَلْقِ بِتَعْظِيمِ قُبُورِ الأَكَابِرِ عَلَى اعْتِقَادِ أَنَّهُمْ إِذَا عَظَّمُوا قُبُورَهُمْ فَإِنَّهُمْ يَكُونُونَ شُفَعَاءَ لَهُمْ عِنْدَ اللَّهِ تَعَالَى (التفسير الكبير – جزء: ٤)

അവർ ഈ ബിംബങ്ങളേയും പ്രതിമകളേയും അവരുടെ പ്രവാചകന്മാരുടെയും മഹാന്മാരുടെയും രൂപത്തിലാണ് നിർമ്മിച്ചിരുന്നതാണ്. തങ്ങൾ ഈ പ്രതിമകളെ ആരാധിച്ചാൽ ആ മഹാന്മാർ അല്ലാഹുവിങ്കൽ തങ്ങളുടെ ശുപാർശകരായിത്തീരും എന്ന് അവർ ജൽപിക്കുകയും ചെയ്തിരുന്നു. മഹാന്മാരുടെ ഖബ്റുകളെ ബഹുമാനിച്ചാൽ അവർ അല്ലാഹുവിങ്കൽ തങ്ങളുടെ ശുപാർശക്കാരായിത്തീരുമെന്ന് വിശ്വാസത്തിൽ, ധാരാളം പടപ്പുകൾ മഹാന്മാരുടെ ഖബ്റുകൾ ബഹുമാനിക്കുന്നതിൽ വ്യാപൃതരായിരിക്കുന്നു എന്നത് ഇക്കാലത്ത് അതിനോട് തുല്യമായ ഒരു കാര്യമാണ്. [തഫ്സീർ റാസീ, ഭാഗം:4]

ഖബ്റിൽ നിന്ന് ജീവിച്ചിരിക്കുന്നവർക്ക് യാതൊന്നും നേടാനില്ല. അങ്ങനെ ഈ സമുദായത്തിൽ ജീവിച്ചിരിക്കുന്നവർക്ക് ഖബ്റുകളിൽ നിന്ന് വല്ലതും നേടാനുണ്ടായിരുന്നു എങ്കിൽ അതിന് ഏറ്റവും പറ്റിയ ഖബ്ർ മുഹമ്മദ് മുസ്ത്വഫാ ﷺ യുടെ ഖബ്റായിരിക്കും എന്നത് തർക്കമറ്റ കാര്യമാണല്ലോ. അവിടുത്തെ ഖബ്റിൽ നിന്ന് നമുക്ക്

വല്ലതും നേടാനുണ്ടായിരുന്നുവെങ്കിൽ സ്നേഹനിധിയായ നബി ﷺ നമുക്കതിനു സൗകര്യം ചെയ്തു തരുമായിരുന്നു. നബി ﷺ യെ ഖുർആൻ പരിചയപ്പെടുത്തുന്നത് കാണുക:

﴿ لَقَدْ جَاءَكُمْ رَسُولٌ مِّنْ أَنْفُسِكُمْ عَزِيزٌ عَلَيْهِ مَا عَنِتُّمْ حَرِيصٌ عَلَيْكُمْ بِالْمُؤْمِنِينَ رَءُوفٌ رَّحِيمٌ ﴾ (التوبة:١٢٨)

**നിങ്ങളിൽ നിന്നു തന്നെയുള്ള ഒരു ദൂതൻ നിങ്ങൾക്കിതാ വന്നിരിക്കുന്നു. നിങ്ങൾ വിഷമിക്കുന്നത് അദ്ദേഹത്തിനു അസഹ്യമാണ്. നിങ്ങളുടെ (നന്മയുടെ) കാര്യത്തിൽ അദ്ദേഹം അത്യാഗ്രഹമുള്ളവനാണ്. സത്യവിശ്വാസികളോട് അതീവ ദയാലുവും കാരുണ്യമുള്ളവനുമാണ്** [വി.ഖു. 9:128]

ഇവ്വിധത്തിൽ ഖുർആൻ വിശേഷിപ്പിച്ച ദേഹമാണ് നബി ﷺ. അവിടുത്തെ സമുദായത്തിനു നന്മ ചെയ്യുക എന്നത് ജീവിത ലക്ഷ്യമായി സ്വീകരിച്ച വ്യക്തിയുമാണ്. അല്ലാഹു അറിയിക്കുന്നത് സമുദായത്തിനു എത്തിച്ചു കൊടുക്കുന്നതിൽ കഠിനമായ സൂക്ഷ്മത പാലിച്ച മഹാനുമാണ്. അങ്ങനെയുള്ള നബി ﷺ, മൺമറഞ്ഞവരിൽ നിന്ന് നമുക്ക് വല്ലതും നേടാനുണ്ടായിരുന്നു എങ്കിൽ അത് നമ്മെ പഠിപ്പിക്കാതെ പോകുമായിരുന്നില്ല. എന്നാൽ അദ്ദേഹം പോകുമ്പോൾ പറഞ്ഞതെന്താണെന്ന് നോക്കുക:

عن عائشة لما نُزِل برسول الله طَفِقَ يطْرحُ خَمِيصةً لهُ عن وجهِهِ فإذا غمَّ بها كشفها فقال وهو كذلك: ((لعنة الله على اليهود والنصارى اتّخذوا قبور أنبيائهم مساجد يحذِّرُ ما صنعوا ولولا ذلك لأُبْرِزَ قَبْرُهُ غَيْرَ أنَّهُ خَشِيَ أن يُتَّخَذَ مسْجِدًا (متفق عليه)

ആഇശഃ (റ) യിൽ നിന്ന് ഉദ്ധരിക്കപ്പെടുന്നു; അല്ലാഹുവിൻെറ ദൂതർക്ക് മരണം ആസന്നമായപ്പോൾ അദ്ദേഹം അവിടുത്തെ ഒരു പുതപ്പ് മുഖത്തിട്ടു കൊണ്ടിരുന്നു. അതുകൊണ്ടദ്ദേഹത്തിനു വിഷമമുണ്ടാകുമ്പോൾ അത് അദ്ദേഹം നീക്കിവക്കും. അങ്ങനെ അദ്ദേഹം ആ സ്ഥിതിയിൽ പറഞ്ഞു: ജൂതന്മാരെയും ക്രിസ്ത്യാനികളെയും അല്ലാഹു ശപിക്കട്ടെ. അവർ അവരുടെ പ്രവാചകന്മാരുടെ ഖബ്റുകൾ ആരാധനാ സ്ഥലമാക്കി. അവർ ചെയ്തത് സൂക്ഷിക്കേണമെന്ന് [സമുദായത്തെ] ഉണർത്തുകയായിരുന്നു അദ്ദേഹം. അങ്ങനെ ഒരു ഭയമുണ്ടാ

യിരുന്നില്ലെങ്കിൽ അദ്ദേഹത്തിൻെറ ഖബ്ർ വെളിയിൽ സ്ഥാപിക്കപ്പെടുമായിരുന്നു. പക്ഷെ, അത് ആരാധനാ സ്ഥലമാക്കപ്പെടുമെന്ന് അദ്ദേഹം ഭയപ്പെട്ടു. [ബുഖാരി-മുസ്ലിം]

നോക്കുക, ശ്മശാനങ്ങളിൽ പോയി ഖബ്റുകളുടെ ഉടമകളിൽ നിന്ന് ഉദ്ദേശ്യങ്ങൾ സഫലീകരിച്ചോളൂ എന്നല്ല നബി ﷺ അന്ത്യനിമിഷത്തിൽ ഉപദേശിച്ചത്. മറിച്ച് എൻെറ ഖബ്ർ ആരാധിക്കപ്പെടുന്ന ഒരു ബിംബമാക്കരുതേ, എന്ന് അല്ലാഹുവിനോട് പ്രാർത്ഥിക്കുകയാണ് അദ്ദേഹം ചെയ്തത്. എൻെറ ഖബ്ർ ഒരു ആഘോഷസ്ഥലമാക്കരുത് എന്ന് സമുദായത്തിന് വസ്വിയ്യത്ത് നൽകുകയുമാണ് ചെയ്തത്. തുടർന്നു തങ്ങളുടെ പ്രവാചകന്മാരുടെ ഖബ്റുകൾ ആരാധനാസ്ഥലമാക്കിയ ജൂതക്രിസ്ത്യാനികളെ അദ്ദേഹം ശപിച്ചു. നിങ്ങൾ അങ്ങനെ ചെയ്യരുതെന്ന് സമുദായത്തിനു അദ്ദേഹം താക്കീതു നൽകുകയും ചെയ്തു. നബി ﷺ യുടെ ഖബ്ർ മറ്റു സത്യവിശ്വാസികളുടെ ശ്മശാനമായ ബഖീഉൽ ഗ്വർഖദിലോ മറ്റോ സ്ഥാപിക്കാമായിരുന്നു. പക്ഷെ, ബോധമില്ലാത്ത തലമുറ വളർന്നു വരുമ്പോൾ ഈ നിരോധാജ്ഞകളെല്ലാം ലംഘിച്ചു കൊണ്ട് അവിടുത്തെ ഖബ്ർ ആരാധനാ സ്ഥലമാക്കും, അതുവഴി അവർ പിഴച്ചു പോകാനിടയുണ്ട് എന്ന് സമുദായ മക്കളുടെ നന്മയിൽ അത്യാഗ്രഹമുള്ള നബി ﷺ ഭയപ്പെട്ടു. അതുകൊണ്ടാണ് അവിടുത്തെ ഖബ്ർ ആഇശഃ (റ) യുടെ വീട്ടിൽ, മറക്കപ്പെട്ട നിലയിൽ സ്ഥാപിച്ചത്. ഇനി ഈ സമുദായത്തിലെ ഏതെങ്കിലും ഒരാളുടെ ഖബ്ർ മഖാമാക്കി അലങ്കരിച്ചു, ജീവനുള്ളവർ മുറാദ് ഹേസ്വിലാക്കാൻ വേണ്ടി അവിടേക്കു ടിക്കറ്റെടുക്കാനുള്ള വല്ലപഴുതും ഇസ്ലാമിലുണ്ടായിരുന്നോ?

## നേർച്ചകൾ

വിലായത്ത്, കറാമത്ത് എന്നീ പദങ്ങളുടെ ദുർവ്യാഖ്യാന ഫലമായി സ്ഥാനം തെറ്റിപ്പോയ ഒരു ഇബാദത്താണ് നേർച്ച (نذر). ഇസ്ലാമിൽ നിർബന്ധമല്ലാത്ത -ഐച്ഛികമായ- ഒരു പുണ്യകർമ്മം ചെയ്യുമെന്ന ഒരാളുടെ പ്രതിജ്ഞ വഴി അത് നിർബന്ധമായിത്തിരുന്നതിനാണ് 'നേർച്ച' എന്നു പറയുന്നത്. പത്തു സാധുക്കൾക്ക് ഭക്ഷണം കൊടുക്കാമെന്നോ, വരുന്ന തിങ്കളാഴ്ച നോമ്പനുഷ്ഠിക്കുമെന്നോ

ഒരാൾ നേർച്ചയാക്കിയാൽ അത് നിർവ്വഹിക്കൽ അയാൾക്ക് നിർബന്ധമായിത്തിരുന്നു. ഖുർആൻ പറയുന്നു:

﴿ يُوفُونَ بِالنَّذْرِ ﴾ (الدهر:٧)

**അവർ നേർച്ച വീട്ടുകയും ചെയ്യും** [വി.ഖു. 76:7]

ഈ വിവരണത്തിൽ നിന്ന് നേർച്ച എന്നത് നോമ്പ്, നമസ്കാരം പോലെയുള്ള ഒരാരാധനയാണെന്ന് ഗ്രഹിക്കാമല്ലോ. ആരാധനയുടെ മുഴുവൻ ഇനങ്ങളും അല്ലാഹുവിനു മാത്രം-അവൻെറ തൃപ്തിയും പ്രതിഫലവും കാംക്ഷിച്ചു കൊണ്ടു മാത്രം- ചെയ്യാൻ പാടുള്ളൂ എന്നതും ഏതെങ്കിലും ഒരാരാധനയിൽ അവൻെറ സൃഷ്ടികളെക്കൂടി ചേർക്കുന്നത്-അവരുടെ തൃപ്തി കൂടി ഉദ്ദേശിക്കുന്നത്- ശിർകാണ് എന്നതും ഇസ്ലാമിൻെറ അടിത്തറയായ തൗഹീദിൽ ഉൾപെട്ടതാണ്. അപ്പോൾ നേർച്ച എന്ന ഇബാദത്ത് അല്ലാഹുവിനു മാത്രമേ ചെയ്യാൻ പാടുള്ളൂ എന്നും, പ്രപഞ്ചത്തിൽ നേർച്ച സ്വീകരിച്ചു പ്രതിഫലം നൽകുന്നവൻ (قابل النــذر)(നേർച്ചക്കാരൻ) അല്ലാഹു മാത്രമാണ് എന്നും വ്യക്തമാണ്.

എന്നാൽ വലിയ്യിന് കറാമത്ത് എന്ന നിലയിൽ കാര്യങ്ങൾ നേടിത്തരാനുള്ള കഴിവുണ്ട് എന്ന അന്ധവിശ്വാസം പ്രചരിച്ചു. അതോടെ വലിയ്യിനെ 'പിടിക്കേണ്ടത്' അവശ്യമാണ് എന്ന ധാരണ വന്നു. അതിനുള്ള മാർഗ്ഗങ്ങളിലൊന്നായി, പിശാച് ഉപദേശിച്ചത് നേർച്ച എന്ന ആരാധന അല്ലാഹുവിൻെറ ലിസ്റ്റിൽ നിന്ന് വലിയ്യിനു ചെയ്യേണ്ട കാര്യങ്ങളുടെ ലിസ്റ്റിലേക്കു മാറ്റാനായിരുന്നു. തൽഫലമായി പൊതുജനങ്ങളുടെ സമ്പത്തിൻെറ ഇനങ്ങളായ പണം, വസ്ത്രം, കാർഷികോൽപന്നങ്ങൾ, പക്ഷിമൃഗാതികൾ എന്നിവയുടെ ഒരുഭാഗം മൺമറഞ്ഞവരുടെ പേരിൽ നേർച്ചയാക്കി ചിലവഴിക്കപ്പെടുന്നു. അവരുടെ മഖാമുകളിലേക്ക് നൽകപ്പെടുകയും ചെയ്യുന്നു. വ്യക്തികളുടെ അവയവങ്ങൾക്ക് രോഗം ബാധിച്ചാൽ ലോഹങ്ങൾ കൊണ്ടുള്ള അതേ അവയവങ്ങൾ മഖാമുകളിലേക്ക് നേർച്ചയാക്കപ്പെടുന്നു. അങ്ങനെ വെള്ളിക്കണ്ണുകളും പിത്തളക്കൈകളും സ്വർണ്ണക്കാതുകളും അജ്മിരിലും നാഗൂരിലുമെത്തിക്കാൻ 'ഖലീഫമാർ' അലഞ്ഞു നടക്കുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ ഇസ്ലാമിനു മുമ്പ് അറേബ്യൻ മുശ്രികുകളിൽ നടമാടിയിരുന്നതും പരിശുദ്ധ ഖുർആൻ നഖശിഖാന്ധം ഖണ്ഡിച്ചതുമായ ഒരു ദുർമാർഗ്ഗമാണിത്. ഖുർആൻ പറയുന്നു:

﴿ وَجَعَلُوا لِلَّهِ مِمَّا ذَرَأَ مِنَ الْحَرْثِ وَالْأَنْعَامِ نَصِيبًا فَقَالُوا هَذَا لِلَّهِ بِزَعْمِهِمْ وَهَذَا لِشُرَكَائِنَا فَمَا كَانَ لِشُرَكَائِهِمْ فَلَا يَصِلُ إِلَى اللَّهِ وَمَا كَانَ لِلَّهِ فَهُوَ يَصِلُ إِلَى شُرَكَائِهِمْ سَاءَ مَا يَحْكُمُونَ﴾ الأنعام:١٣٦

**അവർ, അല്ലാഹുവിന്, അവനുണ്ടാക്കിയ കൃഷിയിൽ നിന്നും കാലികളിൽ നിന്നും ഒരു ഓഹരി നിശ്ചയിച്ചിരിക്കുന്നു. അങ്ങനെ തങ്ങളുടെ ജൽപനമനുസരിച്ച് 'ഇത് അല്ലാഹുവിനാണെന്നും ഇത് തങ്ങളുടെ പങ്കാളികൾക്കാണെന്നും' അവർ പറയുന്നു. എന്നിട്ട് അവരുടെ പങ്കാളികൾക്കുള്ളതാണെങ്കിൽ അത് അല്ലാഹുവിനെത്തുകയില്ല, അല്ലാഹുവിനുള്ളതാകട്ടെ അവരുടെ പങ്കാളികൾക്കെത്തുകയും ചെയ്യുന്നു. അവർ വിധിക്കുന്നത് എത്രമേൽ നീചമായിരിക്കുന്നു.** [വി.ഖു. 6:136]

മക്കാമുശ്രികുകൾ തങ്ങളുടെ ആരാധ്യരെ പങ്കുകാർ എന്നാണ് വിളിച്ചിരുന്നത്. ഇക്കാലത്തുള്ളവർ നേർച്ചക്കാർ എന്ന് വിളിക്കുന്നു. എന്നാൽ ഔലിയാക്കൾ എന്ന് വിളിക്കുന്നതിൽ ഇരു വിഭാഗവും യോജിച്ചിരിക്കുന്നു.

﴿وَيَجْعَلُونَ لِمَا لاَ يَعْلَمُونَ نَصِيبًا مِّمَّا رَزَقْنَاهُمْ تَا اللَّهِ لَتُسْئَلُنَّ عَمَّا كُنْتُمْ تَفْتَرُونَ ﴾ النحل:٥٦

**അവർക്കു നാം നൽകിയ വിഭവങ്ങളിൽ നിന്ന് ഒരോഹരി അവർക്ക് അറിഞ്ഞു കൂടാത്തതിന് അവർ പങ്കുവെക്കുന്നു. അല്ലാഹു തന്നെയാണ് സത്യം, നിശ്ചയമായും നിങ്ങൾ കെട്ടിച്ചമച്ചതിനെ സംബന്ധിച്ചു (അന്ത്യദിനത്തിൽ) നിങ്ങൾ ചോദ്യം ചെയ്യപ്പെടും.** [വി.ഖു. 16:56]

## ജാറം മൂടൽ

പുതുവസ്ത്രം കൊണ്ട് ജാറം മൂടൽ നേർച്ചയുടെ ഒരു ഇനമാണ്. ഉടുതുണിക്കു മറുതുണിയില്ലാത്ത സാധുക്കൾ അവരുടെ നിത്യക്കൂലിയിൽ നിന്ന് കഷ്ടിച്ചു മിച്ചംവെക്കുന്ന സംഖ്യ സ്വരൂപിച്ചു പുതു വസ്ത്രങ്ങൾ വാങ്ങി മഖാമിൽ പോയി ജാറം മൂടുന്നു. അങ്ങനെ അവരുടെ വിശ്വാസവും കർമ്മവും ദുഷിച്ചു പോകുന്നു. മഖാമിൻെറ അവകാശികൾ ഇങ്ങനെ ലഭിക്കുന്ന വസ്ത്രങ്ങൾ കെട്ടുകളാക്കി ആ

ദായവിലക്കു വിറ്റു കിട്ടുന്ന സംഖ്യ ആധുനിക ഹോട്ടലുകളിൽ 'അന്തിയുറങ്ങി' ധൂർത്തടിക്കുന്നു! എത്ര നിർഭാഗ്യകരമായ കാഴ്ച!! മൺമറഞ്ഞിട്ടു വർഷങ്ങൾ കഴിഞ്ഞു. സംസ്കരിച്ചപ്പോൾ മൂടുകല്ലു വെച്ചു. മുകളിൽ 'നാൽപതുഭാരം' മണ്ണിട്ടു. പോരാത്തതിനു ഖബ്ർ പടുത്തുയർത്തി കുമ്മായമിട്ടു മിനുക്കുകയും ചെയ്തു. എന്നിട്ട് ഇനിയുമെന്തേ മൂടേണ്ട ആവശ്യം നേരിട്ടത്? ഇത് ഒരു പുണ്യ കർമ്മമായിരുന്നെങ്കിൽ നബി ﷺ കൽപിക്കുമായിരുന്നില്ലേ? അദ്ദേഹമങ്ങനെ കൽപിച്ചിട്ടുണ്ടായിരുന്നുവെങ്കിൽ മനുഷ്യ വർഗ്ഗത്തിലെ ഒന്നാമത്തെ വലിയ്യായ നബി ﷺ യുടെ ഖബ്ർ മൂടിക്കൊണ്ട് സ്വഹേബി വര്യന്മാർ നമുക്ക് മാതൃക കാണിച്ചു തരുമായിരുന്നു. മറിച്ച് ഈ സമുദായത്തിലെ രണ്ടാമത്തെ വലിയ്യായ അബൂബകർ ؓ വിന് മരണം ആസന്നമായപ്പോൾ, തന്നെ സംസ്കരിക്കുന്നതിന് പഴയ വസ്ത്രങ്ങൾ കഴുകിവെക്കാൻ നിർദ്ദേശിച്ചതായിട്ടാണ് നാം കാണുന്നത്. പുതിയ വസ്ത്രങ്ങൾ വേണ്ടതില്ലേ? എന്നന്വേഷിച്ചപ്പോൾ പുതിയ വസ്ത്രങ്ങൾ ജീവിച്ചിരിക്കുന്നവർക്കല്ലേ കൂടുതൽ ആവശ്യം എന്ന് അദ്ദേഹം മറുപടി പറയുന്നു.

## മൂന്നാം കക്ഷി മരിച്ചവർ!

പത്ത് സാധുക്കൾക്ക് ഭക്ഷണം നൽകാനുള്ള നേർച്ച നിർവ്വഹിക്കപ്പെടുമ്പോൾ നേർച്ച നൽകുന്നവനും നേർച്ച സ്വീകരിച്ചു പ്രതിഫലം നൽകുന്ന നേർച്ചക്കാരനായ അല്ലാഹുവിനും പുറമെ ഭക്ഷണം വാങ്ങി കഴിക്കുന്ന സാധുക്കൾ എന്ന ഒരു മൂന്നാംകക്ഷി കൂടി അനിവാര്യമാണ്. അപ്രകാരം, മൺമറഞ്ഞവർക്കു സമ്പത്ത് നേർച്ചയാക്കുമ്പോഴും അവരുടെ പേരിൽ മൃഗബലി നടത്തുമ്പോഴും മൺമറഞ്ഞവർ അതിൽ മൂന്നാംകക്ഷിയാണ് എന്ന് ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് ചില പണ്ഡിതന്മാർ ഈ വിഷയത്തിൽ പൊതുജനങ്ങൾക്കു പച്ചക്കൊടി കാണിക്കുന്നു. അല്ലാഹു അല്ലാത്തവർക്ക് ബലിയർപ്പിക്കപ്പെട്ടത് നിങ്ങൾ ഭക്ഷിക്കരുത് എന്ന് നിർദ്ദേശിച്ച ശേഷം പരിശുദ്ധ ഖുർആൻ പറയുകയുണ്ടായി:

﴿ وَإِنَّ الشَّيَاطِينَ لَيُوحُونَ إِلَىٰ أَوْلِيَائِهِمْ لِيُجَادِلُوكُمْ وَإِنْ أَطَعْتُمُوهُمْ إِنَّكُمْ لَمُشْرِكُونَ ﴾ الأنعام:١٢١

**തീർച്ചയായും പിശാചുക്കൾ തങ്ങളുടെ ഔലിയാക്കൾക്ക് നിങ്ങളോട് തർക്കിക്കാനായി (ദുർന്യായങ്ങൾ) ദുർബോധനം ചെയ്തു കൊണ്ടിരിക്കും. നിങ്ങൾ അവരെ അനുസരിച്ചു (അത്തരം കാര്യങ്ങൾ ചെയ്തു) പോയാൽ നിശ്ചയമായും നിങ്ങൾ ശിർക് ചെയ്തവരായിത്തീരും.** [വി.ഖു. 6:121]

ഇവ്വിധത്തിൽ പിശാചിൽ നിന്ന് ലഭിച്ച ഒരു ദുർന്യായമാണിത്. കാരണം ഐഹിക വിഭവങ്ങളുടെ ആസ്വാദനത്തിൻെറ പരിധിയുടെ അറുതിക്കാണ് മരണമെന്ന് പറയുന്നത്. മരിച്ചവരാരും വിഭവങ്ങളാസ്വദിക്കാൻ ഇവിടെ മടങ്ങി വരുന്നില്ല. അതുകൊണ്ടാണ് സകാതും മറ്റു ദാനധർമ്മങ്ങളും നൽകപ്പെടാൻ, പരിശുദ്ധ ഖുർആനും തിരുസുന്നത്തും ജീവനുള്ളവരെ തന്നെ നിർദ്ദേശിച്ചിരിക്കുന്നത്. അതുകൊണ്ടു തന്നെയാണ്, ഞങ്ങളുടെ മൃഗങ്ങൾക്കു തീറ്റ നൽകുന്നതിൽ ഞങ്ങൾക്കു പ്രതിഫലമുണ്ടോ എന്ന് സ്വഹേബിവര്യന്മാർ ചോദിച്ചപ്പോൾ

((فِي كُلِّ كَبْدٍ رَطْبَةٍ أَجْرٌ )) متفق عليه

ജീവനുള്ള ഏതൊന്നിന് നൽകിയാലും പ്രതിഫലമുണ്ട്. [ബു.മു] എന്ന് നബി ﷺ മറുപടി നൽകിയത്.

ദാനധർമ്മങ്ങൾ ഇസ്ലാം നിശ്ചയിച്ച നിബന്ധകളനുസരിച്ചു നിർവ്വഹിക്കപ്പെടുമ്പോഴേ അത് അല്ലാഹുവിങ്കൽ സ്വീകാര്യമാവുകയുള്ളൂ. ഖുർആനിലും സുന്നത്തിലും ആവർത്തിച്ചു പ്രസ്താവിച്ച ഒരടിസ്ഥാന സത്യമാണിത്. അല്ലാഹുവിൻെറ തൃപ്തി മാത്രം കാംക്ഷിച്ചു നൽകുക, സ്വീകരിക്കുന്നവരിൽ നിന്ന് യാതൊരു പ്രത്യുപകാരവും നന്ദിയും പ്രതീക്ഷിക്കാതിരിക്കുക എന്നത് ആ നിബന്ധനകളിൽ പെട്ടതാണ്.

﴿ إِنَّمَا نُطْعِمُكُمْ لِوَجْهِ اللَّهِ لاَ نُرِيدُ مِنْكُمْ جَزَآءً وَّلاَ شُكُورًا ﴾ الإنسان:٩

**ഞങ്ങൾ നിങ്ങൾക്ക് ഭക്ഷണം നൽകുന്നത് അല്ലാഹുവിൻെറ തൃപ്തി മാത്രം ലക്ഷ്യമാക്കിയാണ്. ഞങ്ങൾ (ഭക്ഷണം സ്വീകരിക്കുന്ന) നിങ്ങളിൽ നിന്ന് യാതൊരു പ്രത്യുപകാരമോ നന്ദിയോ പ്രതീക്ഷിക്കുന്നില്ല.** [വി.ഖു. 76:9]

﴿ وَسَيُجَنَّبُهَا الأَتْقَى الَّذِي يُؤْتِي مَالَهُ يَتَزَكَّى وَمَا لِأَحَدٍ عِنْدَهُ مِنْ نِّعْمَةٍ تُجْزَى إِلاَّ ابْتِغَاءَ وَجْهِ رَبِّهِ الأَعْلَى ﴾ الليل:١٧-٢٠

**പരിശുദ്ധി നേടാനായി തൻെറ ധനം ചിലവഴിക്കുന്ന അതിസൂക്ഷ്മതയുള്ളവൻ നരകത്തിൽ നിന്ന് അകറ്റപ്പെടും. പ്രത്യുപകാരം ചെയ്യപ്പെടേണ്ടതായി ഒരനുഗ്രഹവും അവൻെറ പക്കൽ ഒരാൾക്കുമില്ല. അത്യുന്നതനായ തൻെറ നാഥൻെറ പ്രീതി തേടുക എന്നതല്ലാതെ.** [വി.ഖു. 92:17-20]

ഈ നിബന്ധനകൾക്കു വിപരീതമായി, തൻെറ ധർമ്മം കൊണ്ട് സൃഷ്ടികളിൽ നിന്നുള്ള വല്ല നേട്ടവുമാണ് ഒരാളുടെ ലക്ഷ്യമെങ്കിൽ അവൻെറ ധർമ്മം അല്ലാഹുവിങ്കൽ സ്വീകാര്യമല്ല. ഇങ്ങനെ ലക്ഷ്യമാക്കാനിടയുള്ള നേട്ടങ്ങളിൽ ഏറ്റവും താഴ്ന്ന പടിയിലുള്ളതാണ് ആളുകളെ കാണിക്കാൻ (رياء)വേണ്ടി, താനൊതു ധർമ്മിഷ്ഠനാണെന്ന് നാലാളുകൾ പറയാൻ വേണ്ടി, ധർമ്മം ചെയ്യുക എന്നത്. ഈ ഉദ്ദേശ്യത്തോടെ ധർമ്മം ചെയ്താൽ സ്വീകാര്യമല്ല എന്നു മാത്രമല്ല, അതവന് വിപരീത ഫലമുളവാക്കുകയും ചെയ്യും.

എന്നാൽ മൺമറഞ്ഞവർക്ക് സമ്പത്ത് നേരുന്ന വ്യക്തിയെ അതിനു പ്രേരിപ്പിക്കുന്ന ചേതോവികാരമെന്താണ്? ലഘൂകരണത്തിൻെറയും ന്യായീകരണത്തിൻെറയും സാമാന്യ മര്യാദകൾ ആവശ്യത്തിലധികം അതിലംഘിച്ചു പറഞ്ഞാലും, നേർച്ച കൊണ്ട് അവരുടെ തൃപ്തിയും ഗുരുത്വവും നേടുക, അവർ മുഖേന ഇഹപര നേട്ടങ്ങൾ കൈവരിക്കുകയും ചെയ്യുക, ഇതാണ് അവൻെറ ലക്ഷ്യമെന്നു തന്നെ പറയേണ്ടിവരും. അപ്പോൾ മുന്നിൽ വന്നു കൈനീട്ടിയ യാചകന് ഒരു രൂപ വെച്ചു കൊടുക്കുമ്പോൾ 'താനൊരു ധർമ്മിഷ്ഠനാണെന്ന് യാചകൻ കരുതട്ടെ' എന്നു മോഹിക്കുന്നത് അല്ലാഹുവിനോടുള്ള നിഷ്കളങ്കതയിൽ മായം ചേർക്കലാണ്. എങ്കിൽ ധനവ്യയം കൊണ്ട് സൃഷ്ടികളുടെ തൃപ്തി നിഷ്കളങ്കമായി കാംക്ഷിക്കുന്നതിൻെറ പേരെന്താണ്? നബി ﷺ യുടെ ഒരു വചനം കാണുക:

**عن أبي هريرة قال، سمعت رسول الله يقول: ((قَالَ اللَّهُ تَعَالَى أَنَا أَغْنَى الشُّرَكَاءِ عَنِ الشِّرْكِ، مَنْ عَمِلَ عَمَلاً أَشْرَكَ فِيهِ مَعِي غَيْرَهُ تَرَكْتُهُ وَشِرْكَهُ))** [مسلم]

അബൂഹുറയ്റ رضي الله عنه വിൽ നിന്ന് ഉദ്ധരിക്കപ്പെടുന്നു, അദ്ദേഹം പറയുന്നു, അല്ലാഹുവിൻെറ ദൂതൻ പറയുന്നത് ഞാൻ കേട്ടു: ഉന്നതനായ അല്ലാഹു അരുളിയിരിക്കുന്നു. പങ്കുചേർക്കപ്പെടുന്നവരിൽ പങ്കിനു

തീരെ ആവശ്യമില്ലാത്തവനാണ് ഞാൻ. എൻെറ കൂടെ മറ്റുള്ളവരെ പങ്കുചേർത്തു കൊണ്ട് വല്ലവനും വല്ല പ്രവൃത്തിയും ചെയ്തു, എങ്കിൽ അവനെയും അവൻെറ പ്രവൃത്തിയെയും ഞാൻ അവൻെറ പാട്ടിനു വിടുന്നതാണ്. [മുസ്ലിം]

ഇബ്നുഹെജരിൽ മക്കീ (റഹി) പറയുന്നത് കാണുക:

فإن عرف قصده فَالَّذِي يَتَّجِهُ أَنَّهُ يأَتَى فِيهِ قَوْلُ الأَذْرَعِي فِي النَّذْرِ لِلْمَشَاهِدِ الْمَبْنِيَّةِ عَلَى قَبْرِ وَلِيٍّ أَوْ نَحْوِهِ مِنْ أَنَّ النَّاذِرَ إِنْ قَصَدَ تَعْظِيمَ الْبُقْعَةِ اَو الْقَبْرِ أَوِ التَّقَرُّبَ إِلَى مَنْ دُفِنَ فِيهَا أَوْ مَنْ تُنْسَبُ إِلَيْهِ وَهُوَ الْغَالِبُ مِنَ الْعَامَّةِ لأَنَّهُمْ يَعْتَقِدُونَ أَنَّ لِهَذِهِ الأَمَاكِنِ خُصُوصِيَّاتٍ لاَ تُفْهَمُ وَيَرَوْنَ أَنَّ النَّذْرَ لَهَا مِمَّا يُدْفَعُ بِهِ الْبَلاَءُ . فَلاَ يَصِحُّ النَّذْرُ فِي صُورَةٍ مِنء هَذِهِ الصُّوَرِ لأَنَّهُ لَمْ يَقْصِدْ بِهِ التَّقَرُّبَ إِلَى اللَّهِ سُبْحَانَهُ وَتَعَالَى [فتاوى ابن حجر الهيتمي، جزء:٤]

മൺമറഞ്ഞ വലിയ്യിനും മറ്റും നേർച്ചയാക്കുന്നവൻെറ ഉദ്ദേശ്യം ഗ്രാഹ്യമായാൽ, വലിയ്യിൻെറയും മറ്റും ഖബ്റിന്മേൽ നിർമ്മിക്കപ്പെട്ട ജാറങ്ങൾക്ക് നേർച്ചയാക്കുന്നതിനെ സംബന്ധിച്ചു അദ്റഈ പറഞ്ഞിട്ടുള്ള അഭിപ്രായം അതിലും ബാധകമാണ് എന്നതാണ് ന്യായം. അതെ, നേർച്ചയാക്കുന്നവർ തൻെറ നേർച്ചകൊണ്ട് ആ സ്ഥലത്തെയോ ഖബ്റിനെയോ ബഹുമാനിക്കാനാണ് ഉദ്ദേശിച്ചത്, അല്ലെങ്കിൽ അവിടെ മറവു ചെയ്യപ്പെട്ട വ്യക്തിയോടുള്ള സാമീപ്യമാണ് ലക്ഷ്യമാക്കിയത്. ഇവ്വിധത്തിലാണ് സാധാരണ ജനങ്ങളിൽ നിന്ന് ഈ നേർച്ചകൾ ഉണ്ടാകാറുള്ളത്. കാരണം, ഈ സ്ഥലങ്ങൾക്കു, മനസ്സിലാക്കാൻ കഴിയാത്ത ചില പ്രത്യേകതകളുണ്ടെന്ന് അവർ വിശ്വസിക്കുന്നു. അവക്കു നേർച്ചയാക്കുന്നത് വിപത്തുകളിൽ നിന്ന് രക്ഷപ്പെടാനുള്ള മാർഗ്ഗമാണെന്ന് അവർ ധരിക്കുകയും ചെയ്യുന്നു. ഇത്തരം രൂപങ്ങളിലൊന്നിലും നേർച്ച ശരിയാകുകയില്ല. കാരണം ആ നേർച്ച കൊണ്ട് പരിശുദ്ധനും ഉന്നതനുമായ അല്ലാഹുവിൻെറ സാമീപ്യം ലക്ഷ്യമാക്കപ്പെട്ടിട്ടില്ല. [ഫതാവാ ഇബ്നു ഹെജർ അൽ ഹൈതമീ, ഭാഗം:4]

## മൃഗബലി

അല്ലാഹുവിനു മാത്രമർപ്പിക്കേണ്ട ആരാധനകളിൽ അതി വിശിഷ്ടമായ ഒരിനമാണിത്. അല്ലാഹു പറയുന്നു:

﴿ فَصَلِّ لِرَبِّكَ وَانْحَرْ﴾ (الكوثر:٢)

**അതുകൊണ്ട് നിൻെറ നാഥന് നീ നമസ്കരിക്കുകയും (അവന്) നീ ബലിയറുക്കുകയും ചെയ്യുക.** [വി.ഖു. 108:2]

﴿ قُلْ إِنَّ صَلاَتِي وَنُسُكِي وَمَحْيَايَ وَمَمَاتِي لِلَّهِ رَبِّ الْعَالَمِينَ﴾الأنعام:١٦٣

**പ്രഖ്യാപിക്കുക: എൻെറ നമസ്കാരവും എൻെറ മൃഗബലിയും എൻെറ ജീവിതവും എൻെറ മരണവും ലോകരക്ഷിതാവായ അല്ലാഹുവിനു വേണ്ടിയാകുന്നു.** [വി.ഖു. 6:163]

ശാരീരികാരാധനകളിൽ ശ്രേഷ്ഠമായതാണ് നമസ്കാരം. അതുപോലെ സമ്പത്തു കൊണ്ടുള്ള ആരാധനകളിൽ വിശിഷ്ഠമായ ഒരിനമാണ് ബലി അറുക്കൽ. അപ്പോൾ നമസ്കാരം പോലെ തന്നെ അല്ലാഹുവിനു മാത്രം ചെയ്യേണ്ട ഒരാരാധനയാണ് ബലിയും. എന്നാൽ ഇഹലോകത്തു വെച്ച് "ഔലിയാക്ക"ളുടെ "സേവ" പിടിക്കൽ ആവശ്യമാണെന്ന അന്ധവിശ്വാസം വ്യാപിച്ചു. പക്ഷി മൃഗാദികളെ അവരുടെ പേരിൽ "ഉഴിഞ്ഞിട്ടു" വളർത്തി, അറുക്കുക എന്ന ശിർക് പരമായ സമ്പ്രദായം ഔലിയാക്കളുടെ "സേവ" പിടിക്കാനുള്ള മാർഗ്ഗങ്ങളിൽ ഒന്നായി ഗണിക്കപ്പെട്ടു. ഈ പരിപാടി ഇസ്ലാമിനു മുമ്പ് അറേബ്യയിൽ നടപ്പുണ്ടായിരുന്നതാണ്. ഖുർആനും സുന്നത്തും അതിനെ ശക്തിയുക്തം എതിർത്തിരുന്നതുമാണ്. ഇസ്ലാമിൻെറ പ്രചരണത്തോടെ മറ്റെല്ലാ ശിർകുകളോടൊപ്പം അതും അപ്രത്യക്ഷമായതായിരുന്നു. ഖുർആൻ പറയുന്നു:

﴿ إِنَّمَا حَرَّمَ عَلَيْكُمْ الْمَيْتَةَ وَالدَّمَ وَلَحْمَ الْخِنْزِيرِ وَمَا أُهِلَّ بِهِ لِغَيْرِ اللَّهِ ﴾ البقرة:١٧٣

**ശവവും രക്തവും പന്നിമാംസവും അല്ലാഹു അല്ലാത്തവർക്കു വേണ്ടി ശബ്ദം ഉയർത്തപ്പെട്ട (അറുക്കപ്പെട്ട) തും മാത്രമാണ് അവൻ നിങ്ങൾക്ക് നിഷിദ്ധമാക്കിയിട്ടുള്ളത്.** [വി.ഖു. 2:173]

അപ്പോൾ അല്ലാഹു അല്ലാഹവർക്കു വേണ്ടി അറുക്കപ്പെട്ടത് ഒരു സത്യവിശ്വാസിക്ക് ഭക്ഷിക്കാൻ പാടില്ല. അത്തരം അറവുകൾ നടത്തുമ്പോൾ അല്ലാഹുവിൻെറ പേർ ഉച്ചരിച്ചുവോ ഇല്ലയോ എന്നത് ഒരിക്കലും കാതലായ പ്രശ്നമല്ല. ആർക്കു വേണ്ടി, ആരുടെ പ്രിതിക്കു വേണ്ടി അറുക്കപ്പെട്ടു എന്നതു മാത്രമാണ് കാതലായ വശം. അല്ലാ

ഹു അല്ലാത്ത ആരുടെ പ്രീതിക്കോ, ആർക്കു നേർച്ച വഴിപാടായോ അറുക്കപ്പെട്ടാലും അതെല്ലാം നിഷിദ്ധമാണ്. അല്ലാഹു അല്ലാത്തവർ എന്ന പ്രയോഗത്തിൽ അവൻെറ സൃഷ്ടികളെല്ലാം ഉൾപെടുന്നു. അതിൽ പ്രവാചകന്മാരും മറ്റു ഔലിയാക്കളും ദേവീ ദേവന്മാരും പിശാചുക്കളും ബിംബങ്ങളും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. നബി ﷺ യുടെ വചനം കാണുക:

عن عليٍّ حدثني رسولُ اللهﷺ بأربع كلماتٍ:((لَعَنَ اللَّهُ مَنْ ذَبَحَ لِغَيْرِ اللَّهِ ))[مسلم]

അലി رضي الله عنه വിൽ നിന്ന് ഉദ്ധരിക്കപ്പെടുന്നു; അദ്ദേഹം പറഞ്ഞു. അല്ലാഹുവിൻെറ ദൂതർ നാലുകാര്യങ്ങൾ എന്നോട് പറഞ്ഞിട്ടുണ്ട്. (അതിൽ ഒന്നാമത്തേത്) അല്ലാഹു അല്ലാത്തവർക്കു വേണ്ടി അറുത്തവനെ അല്ലാഹു ശപിച്ചിരിക്കുന്നു എന്നാണ്. [മുസ്ലിം]

ഈ ഹെദീഥിൻെറ വിവരണത്തിൽ ഇമാം നവവീ (റഹി) പറയുന്നത് കാണുക:

وَأَمَّا الذَّبْحُ لِغَيْرِ اللَّهِ فَالْمُرَادُ بِهِ أَنْ يُذْبَحَ بِاسْمِ غَيْرِ اللَّهِ تَعَالَى كَمَنْ ذَبَحَ لِلصَّنَمِ أَوْ لِلصَّلِيبِ أَوْ لِمُوسَى أَوْ لِعِيسَى عَلَيْهِمَا السَّلَامُ أَوْ لِلْكَعْبَةِ وَنَحْوِ ذَلِكَ فَكُلُّ هَذَا حَرَامٌ وَلَا تَحِلُّ هَذِهِ الذَّبِيحَةُ سَوَاءً كَانَ الذَّابِحُ مُسْلِمًا أَوْ نَصْرَانِيًّا أَوْ يَهُودِيًّا، نَصَّ عَلَيْهِ الشَّافِعِيُّ وَاتَّفَقَ عَلَيْهِ أَصْحَابُنَا فَإِنْ قَصَدَ مَعَ ذَلِكَ تَعْظِيمَ الْمَذْبُوحِ لَهُ غَيْرِ اللَّهِ تَعَالَى وَالْعِبَادَةَ لَهُ كَانَ ذَلِكَ كُفْرًا فَإِنْ كَانَ الذَّابِحُ مُسْلِمًا قَبْلَ ذَلِكَ صَارَ بِالذَّبْحِ مُرْتَدًّا [شرح مسلم جزء:١٣]

എന്നാൽ അല്ലാഹു അല്ലാത്തവർക്കു വേണ്ടി അറുക്കുക എന്നത് കൊണ്ടുള്ള വിവക്ഷ അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കുക എന്നാകുന്നു. വിഗ്രഹത്തിനോ കുരിശിനോ മൂസാ നബി عليه السلام നോ ഈസാ നബി عليه السلام നോ കഅ്ബഃ മുതലായതിനോ അറുക്കുന്ന പോലെ. ഇത്തരം അറവുകളെല്ലാം ഹെറാമാകുന്നു. അറുക്കുന്നവൻ മുസ്ലിമോ ക്രിസ്ത്യാനിയോ ജൂതനോ ആയിരുന്നാലും ഈ അറുക്കപ്പെട്ടത് (ഭക്ഷിക്കൽ) അനുവദനീയമല്ല. ശാഫീ ഇമാം (റഹി) ഇത് വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. നമ്മുടെ കൂട്ടുകാർ (ശാഫിഈ മദ്ഹബിലെ പണ്ഡിതന്മാർ) അതിനോട് യോജിക്കുകയും ചെയ്തിട്ടുണ്ട്. ഇനി അല്ലാഹു അല്ലാത്ത ആർക്കു വേണ്ടി അറുത്തുവോ, അയാളെ ബഹുമാനിക്കലും ആരാധിക്കലും കൂടി ഉദ്ദേശ്യമുണ്ടെങ്കിൽ അത്

കുഫ്റു (അവിശ്വാസവു) മാണ്. അറുത്തവൻ അതിനു മുമ്പ് മുസ്ലി മായിരുന്നുവെങ്കിൽ ആ അറവ് കാരണം അവനിപ്പോൾ മുർതദ്ദായി (മതഭ്രഷ്ടനായി) കഴിഞ്ഞു. [ശറഹു മുസ്‌ലിം, ഭാഗം:13]

സഹോദരന്മാരേ, നമ്മുടെ അടിസ്ഥാന പ്രമാണങ്ങളിൽ വ്യക്ത മാക്കപ്പെട്ട പരമാർത്ഥമാണിത്. അതനുസരിച്ചു ജീവിക്കേണ്ട നാം ശൈഖിൻെറ കോഴിയെയും മഖാമിലെ ആടിനെയും ശുഹദാക്കളു ടെ കാളയേയും ഖുത്ബിൻെറ പോത്തിനെയും പ്രത്യേകം തീറ്റകൊ ടുത്തു കൊഴുപ്പിച്ചു കൊണ്ടിരിക്കുന്നു. അങ്ങനെ പരിശുദ്ധ ഖുർആനി ൻെറ ആളുകളെന്ന് അവകാശപ്പെടുന്ന നാം, ഖുർആൻ ശക്തിയു ക്തം എതിർത്ത അതേ കാര്യം ചെയ്യുന്നതിൽ വ്യാപൃതരായിരിക്കു ന്നു. പരിശുദ്ധ ഖുർആൻ അവതരിച്ചു കൊണ്ടിരുന്ന ഘട്ടത്തിൽ അറ ബികൾ വിവിധ പരിഗണനകൾ വെച്ചുപുലർത്തിക്കൊണ്ട് അവരുടെ ഔലിയാക്കൾക്ക് മൃഗങ്ങളെ നേർച്ചയാക്കി വിട്ടിരുന്നു. ഈ മൃഗങ്ങ ളെ സവാരിക്ക് ഉപയോഗിക്കുകയോ അവയുടെ പാലും രോമവും ഉ പയോഗപ്പെടുത്തുകയോ ചെയ്തിരുന്നില്ല. അവക്ക് ഏതു വിളയിൽ കയറി തിന്നാനും എവിടെ നിന്ന് വെള്ളം കുടിക്കാനും സ്വാതന്ത്ര്യമു ണ്ടായിരുന്നു. ഈ സമ്പ്രദായത്തെ എതിർത്തു കൊണ്ട് ഖുർആൻ പറ യുന്നു:

﴿ مَا جَعَلَ اللَّهُ مِنْ بَحِيرَةٍ وَّلاَ سَآئِبَةٍ وَّلاَ وَصِيلَةٍ وَّلاَ حَامٍ وَّلَكِنَّ الَّذِينَ كَفَرُوا يَفْتَرُونَ عَلَى اللَّهِ الْكَذِبَ وَأَكْثَرُهُمْ لاَ يَعْقِلُونَ، وَإِذَا قِيلَ لَهُمْ تَعَالَوْا إِلَى مَا أَنْزَلَ اللَّهُ وَإِلَى الرَّسُولِ قَالُوا حَسْبُنَا مَا وَجَدْنَا عَلَيْهِ آبَآءَنَا أَوَ لَوْ كَانَ آبَآؤُهُمْ لاَ يَعْقِلُونَ شَيْئًا وَّلاَ يَهْتَدُونَ ﴾

المائدة:١٠٣-١٠٤

**ബഹീറഃ, സാഇബഃ, വസ്വീലഃ ഹോം എന്നീ (നേർച്ച മൃഗങ്ങളൊ ന്നും തന്നെ) അല്ലാഹു നിശ്ചയിച്ചിട്ടില്ല. പക്ഷെ സത്യനിഷേധി കൾ അല്ലാഹുവിൻെറ പേരിൽ കളവു കെട്ടിച്ചമക്കുകയാണ്. അവരിൽ അധിക പേരും ചിന്തിക്കുന്നില്ല. "അല്ലാഹു അവതരി പ്പിച്ചതിലേക്കും ദൂതരിലേക്കും വരിക" എന്ന് അവരോട് പറ യുമ്പോൾ "ഞങ്ങൾക്കു ഞങ്ങളുടെ പൂർവ്വപിതാക്കൾ നടന്നു വന്നതായി കണ്ടമാർഗ്ഗം മതി" എന്നാണ് അവർ പറയുന്നത്. അവരുടെ പൂർവ്വപിതാക്കൾ യാതൊന്നും അറിയാത്തവരും**

**നേർമാർഗ്ഗം പ്രാപിച്ചിട്ടില്ലാത്തവരുമായിരുന്നാൽ പോലും (അവർ അവരെ പിൻപറ്റുമെന്നോ?)** [വി.ഖു. 5:103-104]

ഇതേ മറുപടി തന്നെയാണ് ഇക്കാലക്കാരോടും പറയാനുള്ളത്. കാരണം, രണ്ടു വിഭാഗത്തിൻെറയും പ്രവൃത്തി ഒരേവിധത്തിലുള്ളതാണ്. നേർച്ചയാക്കുന്നവരും ഔലിയാക്കളും മൃഗങ്ങളും വ്യത്യസ്തമാണെന്നേയുള്ളൂ. അതുകൊണ്ട് വിധി ഒരിക്കലും വ്യത്യാസപ്പെടുന്നില്ല. എല്ലാ ദർസുകളിലും പഠിപ്പിക്കപ്പെടുന്ന "ജലാലൈനി" എന്ന ഖുർആൻ വ്യാഖ്യാന ഗ്രന്ഥത്തിൻെറ വിവരണമെഴുതിയ (صـــاوي) സ്വാവീ ഈ വചനത്തിൻെറ വിവരണത്തിൽ പറഞ്ഞ ഒരുഭാഗം കാണുക:

وَمِثْلُ ذَلِكَ فِي الْحُرْمَةِ مَا يَفْعَلُهُ بَعْضُ سُفَهَاءِ الْعَوَامِّ مِنْ كَوْنِهِمْ يُرْسِلُونَ عِجْلاً أَوْ شَاةً عَلَى اسْمِ وَلِيٍّ مِنَ الأَوْلِيَاءِ تَأْكُلُ أَمْوَالَ النَّاسِ وَلاَ يَتَعَرَّضُ لَها أَحَدٌ فَإِذَا نَصَحَهُمْ إِنْسَانٌ وَقَالَ لَهُمْ إِنَّ ذَلِكَ حَرَامٌ أَسَاؤُا بِهِ الظَّنَّ وَقَالُوا إِنَّهُ لاَ يُحِبُّ الأَوْلِيَاءَ فَإِذَا اعْتَقدوا أَنَّ ذَلِكَ قُرْبَةٌ وَطاعَةٌ فَقَدْ كَفروا وَإِلاَّ فَهُوَ مِنْ جُمْلَةِ الْمُحَرَّمَاتِ وَيَحْسَبُونَ أَنَّهُمْ عَلَى شَيْءٍ أَلاَ إِنَّهُمْ هُمُ الْكَاذِبُونَ [صاوي، جزء:١]

ഏതെങ്കിലും ഒരു വലിയ്യിൻെറ പേരിൽ ഒരു കാളക്കുട്ടിയേയോ ആടിനെയോ നേർച്ചയാക്കി വിടുക എന്ന, പൊതുജനങ്ങളിൽ ചില വിഢ്ഢികളുടെ പ്രവൃത്തി അതു (മക്കാമുശ്‌രികുകളുടെ ബഹീറഃ, സാഇബഃ...) പോലെ നിഷിദ്ധമാണ്. ആ നേർച്ചമൃഗം ജനങ്ങളുടെ സമ്പത്ത് തിന്നു നശിപ്പിക്കുന്നു. അതിൻെറ കാര്യത്തിൽ ഒരാളും ഇടപെടുകയില്ല. ഇനി വല്ലമനുഷ്യനും അവരെ ഉപദേശിക്കുകയും അങ്ങനെ നേർച്ചയാക്കുന്നത് ഹെറാമാണെന്ന് പറയുകയും ചെയ്താൽ അവർ അവനെ തെറ്റിദ്ധരിക്കുന്നു. അവൻ ഔലിയാക്കളോട് സ്നേഹമില്ലാത്തവനാണെന്ന് അവർ പറയുകയും ചെയ്യുന്നു. എന്നാൽ ആ നേർച്ച ഒരു ആരാധനയും പുണ്യ കർമ്മവുമാണെന്ന് അവർ വിശ്വസിക്കുന്നുവെങ്കിൽ തീർച്ചയായും അവർ കാഫിറുകളായിപ്പോയി. അങ്ങനെ അവർ വിശ്വസിക്കുന്നില്ലെങ്കിൽ അവരുടെ നേർച്ച നിഷിദ്ധ കാര്യങ്ങളിൽ പെട്ടതാണ്. തങ്ങൾ ശരിയായ ഒരടിസ്ഥാനത്തിലാണെന്ന് അവർ വിചാരിക്കുന്നു. എന്നാൽ അവർ തന്നെയാണ് കളവു പറയുന്നവർ എന്നു ധരിച്ചു കൊള്ളുക. [തഫ്സീറു സ്വാവീ, വാല്യം:1]

ഇത്തരം നേർച്ചകൾ വഴി തങ്ങൾ ചെയ്യുന്നത് ഏറ്റവും നല്ല പുണ്യകർമ്മമാണെന്ന് പൊതുജനങ്ങൾ ധരിക്കുന്നു. അതുകൊണ്ട് മഹാന്മാരുടെ തൃപ്തിയും അങ്ങനെ സ്വർഗ്ഗവും നേടാമെന്ന് അവർ മോഹിക്കുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ തങ്ങളുടെ പ്രവൃത്തി തങ്ങൾക്കു ശാശ്വത ശിക്ഷ മാത്രമേ നേടിത്തരികയുള്ളൂ എന്ന വസ്തുത അവർ ഗ്രഹിക്കുന്നില്ല. ഖുർആൻ പറയുന്നു:

﴿قُلْ هَلْ نُنَبِّئُكُمْ بِالأَخْسَرِينَ أَعْمَالاً، الَّذِينَ ضَلَّ سَعْيُهُمْ فِي الْحَيَاةِ الدُّنْيَا وَهُمْ يَحْسَبُونَ أَنَّهُمْ يُحْسِنُونَ صُنْعًا﴾ الكهف:١٠٣-١٠٤

**ചോദിക്കുക; കർമ്മങ്ങളിൽ ഏറ്റവും നഷ്ടം സംഭവിച്ച ഹതഭാഗ്യർ ആരെന്ന് നിങ്ങൾക്ക് നാം പറഞ്ഞു തരട്ടെയോ? ഐഹിക ജീവിതത്തിൽ തങ്ങളുടെ പരിശ്രമം വഴിതെറ്റിപ്പൊകുകയും അതേ സമയം തങ്ങൾ സൽകർമ്മം ചെയ്യുകയാണെന്ന് (സ്വയം) കരുതുകയും ചെയ്യുന്നവരാണവർ.** [വി.ഖു.18:103-104]

ഒരുകർമ്മം അല്ലാഹുവിങ്കൽ സ്വീകാര്യമാകേണമെങ്കിൽ അതിനു രണ്ടു ഗുണങ്ങളുണ്ടായിരിക്കണം. ഒന്ന്: അത് തികച്ച് അല്ലാഹുവും റസൂലും കൽപിച്ച പുണ്യകർമ്മമായിരിക്കുക. രണ്ട്: ആ പുണ്യകർമ്മം അല്ലാഹുവിന്റെ തൃപ്തിയും പ്രതിഫലവും മാത്രം കാംക്ഷിച്ചു കൊണ്ട് നിഷ്കളങ്കമായി അവന് അർപ്പിക്കപ്പെടുക. എന്നാൽ ഒരു മൃഗത്തെ ഒരു വലിയ്യിന് നേർച്ചയാക്കി അറുക്കുമ്പോൾ ഈ രണ്ടു ഗുണവും ആ കർമ്മത്തിനില്ല. കാരണം, ഇങ്ങനെ ഒരു പുണ്യകർമ്മം അല്ലാഹുവും അവന്റെ റസൂലും കൽപിച്ചിട്ടില്ല. ആരാധനയിലെ ഒരിനമായ നേർച്ചകൾ സൃഷ്ടികൾക്ക് അർപ്പിക്കുന്നത് വിശ്വാസപരവും പ്രവൃത്തിപരവുമായ ശിർകിൽ പെട്ടതാകുന്നു. നബി ﷺ യുടെ ഒരുവചനം കാണുക:

**عن طارق بن شهاب أن رسول الله قال: ((دخل الجنة رجل في ذباب ودخل النار رجل في ذباب، قالوا: وكيف ذلك يا رسول الله؟ قال: مرّ رجلان على قوم لهم صنم لا يجوزه أحد حتى يقرِّبَ له شيئا فقالوا لأحدهما: قرِّبْ، قال: ليس عندي ما أقرِّبُ ، قالوا: قرِّبْ ولو ذبابا، فقرَّبَ ذبابا فخلَّوا سبيله فدخل النار، وقالوا للآخر: قرِّبْ، فقال: ما كنتُ لأقرِّبَ لأحدٍ شيئا دون الله عزوجلّ فضربوا عنقه فدخل الجنة)) [أحمد]**

ത്വാരിഖ് ﷺ വിൽ നിന്ന് ഉദ്ധരിക്കപ്പെടുന്നു, അല്ലാഹുവിൻെറ ദൂതർ പറഞ്ഞു: ഒരാൾ ഒരു ഈച്ച കാരണം സ്വർഗ്ഗക്കാരനായി. മറ്റൊരാൾ ഒരു ഈച്ച കാരണം നരകക്കാരനുമായി. അതെങ്ങനെയാണ് അല്ലാഹുവിൻെറ ദൂതരേ, അവർ ചോദിച്ചു. അദ്ദേഹം പറഞ്ഞു: രണ്ടാളുകൾ ഒരു ബിംബത്തെ പൂജിക്കുന്ന ഒരു ജനതയുടെ അടുത്തു കൂടി കടന്നു പോകുകയായിരുന്നു. അതുവഴി കടന്നു പോകുന്നവരെല്ലാം ആ ബിംബത്തിന് എന്തെങ്കിലും ബലി അർപ്പിക്കേണ്ടതുണ്ട്. അങ്ങനെ അവരിലൊരാളോട് അവർ ആവശ്യപ്പെട്ടു, “ബലിയർപ്പിക്കൂ”. ബലിയർപ്പിക്കാവുന്ന ഒന്നും എൻെറ പക്കലില്ല, എന്ന് അവൻ അറിയിച്ചു. “ഒരു ഈച്ചയെങ്കിലും ബലിനൽകൂ” അവർ പറഞ്ഞു. അതനുസരിച്ച് അവൻ ഒരു ഈച്ചയെ ബലിയർപ്പിച്ചു. അപ്പോൾ അവനെ അവർ അവൻെറ പാട്ടിനു വിട്ടു. അങ്ങനെ അവൻ നരകക്കാരനായി. “ബലി നൽകൂ” രണ്ടാമനോട് അവർ പറഞ്ഞു. അദ്ദേഹം പറഞ്ഞു: പ്രതാപശാലിയും മഹാനുമായ അല്ലാഹുവിനല്ലാതെ മറ്റു യാതൊന്നിനും ഒരു വസ്തുവും ഞാൻ ബലിയർപ്പിക്കുകയില്ല. അപ്പോൾ അവർ അവൻെറ കഴുത്തു വെട്ടി. അങ്ങനെ അവൻ സ്വർഗ്ഗക്കാരനായി. [അഹ്മദ്]

സഹോദരന്മാരേ, ചിന്തിച്ചു നോക്കാക: അതി നിസ്സാരമായ ഒരീച്ച കാരണം ഒരാൾ ശാശ്വതമായി നരകക്കാരനായി എന്നു പറയുമ്പോൾ ശിർകിൻെറ കാര്യം എത്ര ഗുരുതരമാണ് എന്നു നാം ആലോചിക്കേണ്ടതുണ്ട്. അല്ലാഹു അല്ലാത്തവർ എന്ന പ്രയോഗത്തിൽ അല്ലാഹുവിൻെറ ഇഷ്ടദാസന്മാരായ പ്രവാചകന്മാർ മുതൽ ബിംബങ്ങൾ വരെയുള്ള ആരാധ്യർ ഉൾപെടുന്നു എന്ന സത്യം നാം സദാ ഓർമ്മിച്ചിരിക്കേണ്ടതുണ്ട്. നമുക്ക് അല്ലാഹുവിൻെറ തൃപ്തിയും അവൻെറ സ്വർഗ്ഗവും നേടാനാവശ്യമായ എല്ലാ പുണ്യകർമ്മങ്ങളും പഠിപ്പിച്ചു തന്ന ശേഷമാണ് മുഹമ്മദ് മുസ്ത്വഫാ ﷺ ഈ ലോകത്തോട് യാത്ര പറഞ്ഞിട്ടുള്ളത്.

((مَا بَقِيَ شَيْءٌ يُقَرِّبُ منَ الْجَنَّةِ وَيُبَاعِدُ مِنَ النَّارِ إِلاَّ وَقَدْ بَيَّنْتُهُ لَكُمْ)) [الطبراني]

സ്വർഗ്ഗത്തിലേക്ക് അടുപ്പിക്കുന്നതും നരകത്തിൽ നിന്ന് അകറ്റുന്നതുമായ ഒരു കാര്യവും ഞാൻ നിങ്ങൾക്ക് വിവരിച്ചു തരാതെ അവശേഷിച്ചിട്ടില്ല. [ത്വബ്റാനി]

എന്നാൽ പക്ഷി മൃഗാദികളെ മഹാന്മാർക്ക് നേർച്ചയാക്കുക എന്ന പുണ്യകർമ്മം നബി ﷺ വിവരിച്ചു തന്നിട്ടില്ലെന്നത് തർക്കമറ്റ കാര്യമാണ്. തെറ്റുകൾ തിരുത്താനുള്ള അവസരം ഐഹിക ജീവിതമാണ്. അത് നാം ചെയ്തില്ലെങ്കിൽ നാളെ നാം മഹ്ശറയിലെത്തുമ്പോൾ, നമ്മെ സഹായിക്കാനായി നാം കണ്ടുവെച്ചവർ നമ്മുടെ ശത്രുക്കളായി മാറുമ്പോൾ, നാം കൊഴുപ്പിച്ചു കൊണ്ടിരിക്കുന്ന ബലിഗൃഗങ്ങൾ നമ്മുടെ തിന്മയുടെ തട്ടിലേക്കു നീങ്ങുമ്പോൾ നാം നെടും ഖേദത്താൽ കൈകടിക്കേണ്ടി വരും. അല്ലാഹു നമ്മെ ശിർകിൽ നിന്ന് രക്ഷിക്കുമാറാകട്ടെ. آمين

# കൊടികുത്തു നേർച്ച

നേർച്ച എന്ന പേരിലറിയപ്പെടുന്ന അനാചാരങ്ങളിൽ ഏറ്റവും നിലവാരം താഴ്ന്ന ഒന്നാണിത്. ഇതും ഔലിയാക്കളെയും ശുഹദാക്കളെയും ആദരിക്കാനുള്ളതാണ് എന്നാണ് വയ്പ്. അങ്ങനെ അവരുടെ തൃപ്തിയും അവർ മുഖേന ഇഹപര നേട്ടങ്ങളും കൈവരിക്കാമെന്നാണ് മോഹം. ഫലത്തിൽ കുറ്റങ്ങളിലകപ്പെട്ടു പോയവർക്ക് അതാവർത്തിക്കാനും അതിൽ പെട്ടു പോയിട്ടില്ലാത്ത യുവതീ യുവാക്കൾക്ക് അതിൻെറ ബാലപാഠങ്ങൾ പഠിക്കാനുമുള്ള ഒരു സന്ദർഭമാണിത്. കുടിച്ചു ശീലിച്ചിട്ടില്ലാത്തവർക്ക് അതിനു തുടക്കം കുറിക്കാം. ദുർവ്യയം വശമില്ലാത്തവർക്ക് അതിൽ പരിചയപ്പെടാം. ചൂതുകളി അറിഞ്ഞുകൂടാത്തവർക്ക് അതിൽ പ്രാക്ടീസ് നടത്താം. അങ്ങനെ ഇബ്‌ലീസിനു തേർവാഴ്ച നടത്താനുള്ള ഒരു സുവർണ്ണാവസരം! ഇന്ത്യയിൽ പലസ്ഥലങ്ങളിലും അമുസ്‌ലിംകൾ നമ്മുടെ പള്ളിയുടെ അടുത്തുകൂടി ചെണ്ടമുട്ടി പോകുന്നു. മുസ്‌ലിംകൾ അതു തടയാനുള്ള ശ്രമത്തിൽ സംഘട്ടനങ്ങൾ നടക്കുന്നു. ആ സംഘട്ടനത്തിൽ മുസ്‌ലിംകൾ ശുഹദാക്കളാകുന്നു. എന്നാൽ പള്ളിയുടെ മുറ്റത്ത് മറവു ചെയ്യപ്പെടുന്ന അതേ ശുഹദാക്കളുടെ മഖ്ബറയിൽ വച്ചു അതേ വ്യക്തി  അതേ ചെണ്ട, അതേ കോലു കൊണ്ട് വർഷത്തിലൊരിക്കലെങ്കിലും മുട്ടൽ നിർബന്ധമാകുന്ന അവസ്ഥയാണ് നേർച്ചയിലൂടെ നമുക്ക് കാണാൻ കഴിയുന്നത്. [നേരുക വഴി ചെയ്തു വീട്ടൽ നിർബന്ധമായ കാര്യത്തിനാണല്ലോ നേർച്ച എന്നു പറയുന്നത്.] അപ്പോൾ പള്ളിയുടെ അടുത്തു നിന്നു മുട്ടുന്ന കുന്തളമാരാർക്ക് കൂലി കൊടുക്കുന്നത് അമുസ്‌ലിമാണെങ്കിൽ ആ മുട്ട് ഹറാമാണ്. അത്

തടയാനുള്ള ശ്രമത്തിൽ മരിക്കുന്നവൻ രക്തസാക്ഷിയുമാണ്. അയാൾക്കു കൂലി കൊടുക്കുന്നത് മുസ്ലിമാണെങ്കിലോ? ആ മുട്ട് നിർബന്ധമാണ്. അത് ഉപേക്ഷിച്ചാൽ അല്ലാഹു ശിക്ഷിക്കും! വെടിമരുന്ന് പ്രയോഗം അമുസ്ലിംകളുടെ പൂരത്തിനാണെങ്കിൽ ദുർവ്യയപരമായ ദുർമാർഗ്ഗം! മുസ്ലിംകളുടെ നേർച്ചക്കാണെങ്കിലോ, പുണ്യത്തിൻെറ പൂർത്തീകരണവും. എന്തൊരു "ഫത്വാ"! ഇവ്വിധത്തിൽ കുടിച്ചു ലക്കില്ലാതെ കൂത്താടിക്കൊണ്ട്, ചെണ്ടമുട്ടും കുഴലൂത്തും, കത്തിക്കുത്തും ആർപ്പുവിളിയും കരിമരുന്നുമായി ശുഹദാക്കളെ "ആദരിക്കാനെ"ത്തുന്നു. അപ്പോൾ അവർ യഥാർത്ഥ ശുഹദാക്കളായിരിക്കുകയും ചിലർ തെറ്റിദ്ധരിക്കുന്നതു പോലെ അവർക്ക് കറാമത് കാണിക്കാൻ കഴിയുകയുമായരിന്നു എങ്കിൽ ശത്രുക്കളുടെ നേരെ ഉയർത്തിയ അതേ വാള് ഈ "ഭക്തജനങ്ങ"ളുടെ നേരെയും അവർ ഉയർത്തുമായിരുന്നു. പക്ഷെ...

﴿ وَمَا يَسْتَوِي الأَحْيَاءُ وَلاَ الأَمْوَاتُ ﴾ فاطر:٢٢

**ജീവിച്ചിരിക്കുന്നവരും മരിച്ചവരും സമമല്ലല്ലോ.** [വി.ഖു.35:22]

എന്നാൽ ഹെറാമുകളുടെ ഈ മാലപ്പടക്കത്തിന് ആരാണ് ഇസ്ലാമിലെ ഒരു സാങ്കേതിക പദമായ നേർച്ച എന്ന പേരു നൽകിയത്? അതിൻെറ പിതാക്കളും നമ്മുടെ "ശംസുൽഉലമകൾ" തന്നെ. ഖബ്ർ സന്ദർശനം ഇസ്ലാമിൽ സുന്നത്താണ്. സുന്നത്തായ ഒരുകാര്യം ചെയ്യുമെന്ന ഒരാളുടെ തീരുമാനം കൊണ്ട് നിർബന്ധമായിത്തീരുന്നതിനാണല്ലോ നേർച്ച എന്നു പറയുന്നത്. അതനുസരിച്ച് ഒരു "വലിയ്യി"ൻെറ ഖബ്ർ ഒരേ ദിവസം ഒരേ സമയത്ത് സന്ദർശിക്കുമെന്ന് ആ പ്രദേശത്തുള്ള ആളുകൾ മുഴുവനും നേർച്ചയാക്കുന്നു. അങ്ങനെ ആളുകൾ കൂടുക എന്ന നേർച്ചയുണ്ടായി. ആളുകൾ കൂടുമ്പോൾ രോഗാണുക്കളും കൂടുന്നു. അതുകൊണ്ട് രോഗാണുക്കളെ ഹനിക്കാനായി കരിമരുന്നു പുകയുടെ ആവശ്യം നേരിടുന്നു. പുകലഭിക്കാൻ വേണ്ടി കരിമരുന്ന് കത്തിക്കേണ്ടി വരുന്നു. അപ്പോൾ കരിമരുന്നു നേർച്ചയുണ്ടായി.

കൊടികുത്തു നേർച്ച എന്ന ശീർശകത്തിൽ ചാലിയത്തു നിന്ന് പ്രസിദ്ധീകരിച്ചതും ഒരു മതപണ്ഢിതനാൽ അവതാരിക എഴുതപ്പെട്ടതുമായ ഒരു പുസ്തകത്തിൽ ഇവ്വിധത്തിലാണ് കരിമരുന്നു പ്രയോഗത്തെ ന്യായീകരിച്ചിരിക്കുന്നത്.)

നമ്പൂതിരി തൻെറ അതിഥിയോട് പറഞ്ഞ അതേ ന്യായം തന്നെ. അതിഥിയുമൊത്ത് ഉണ്ണാനിരുന്ന നമ്പൂതിരി മത്സ്യം കഴിക്കുകയും മുള്ളെല്ലാം പൂച്ചക്ക് എറിഞ്ഞു കൊടുക്കുകയും ചെയ്തു. താൻ മത്സ്യം കഴിച്ചത് തൻെറ അതിഥിക്ക് ഇഷ്ടമായില്ല എന്നു മനസ്സിലാക്കിയ നമ്പൂതിരി പറഞ്ഞു: എൻെറ ഈ പൂച്ചക്ക് മത്സ്യത്തിൻെറ മുള്ള് കൂടിയേ കഴിയൂ. അതുകൊണ്ട് മുള്ളിനായി കുറച്ചു മത്സ്യം വാങ്ങും. മുള്ളു കിട്ടാനായി അതിൻെറ കഴമ്പെല്ലാം ഞാൻ എടുത്തു തിന്നും. അത്രയേയുള്ളൂ.

മറ്റെല്ലാ വിഷയങ്ങളിലെന്നപോലെ ഈ വിഷയത്തിലും നബി ﷺ യുടെയും ഉത്തമ നൂറ്റാണ്ടുകാരുടെയും ജീവിത ചര്യകളാണ് നാം മാതൃകയാക്കേണ്ടത്. ഇങ്ങനെ ഒരു പരിപാടി കൂടി മനുഷ്യനെ സ്വർഗ്ഗത്തിലെത്തിക്കുവാൻ സൽകർമ്മങ്ങളുടെ ലിസ്റ്റിൽ ഉണ്ടായിരുന്നു എങ്കിൽ തീർച്ചയായും നബി ﷺ സമുദായത്തോട് കൽപിക്കുമായിരുന്നു. അദ്ദേഹം അങ്ങനെ കൽപിച്ചിരുന്നുവെങ്കിൽ അലി رضي الله عنه വിൻെറ നേതൃത്വത്തിൽ വരുന്ന "വരവ്" റൗദാശരീഫിൻെറ പരിസരത്തുവച്ച് അബൂബകർ رضي الله عنه എതിരേറ്റു കൊണ്ട് നമുക്ക് മാതൃക കാണിച്ചു തരുമായിരുന്നു. ഒരു പ്രമുഖ സ്വഹാബിയായ ഹുദൈഫഃ رضي الله عنه പറയുന്നത് നോക്കുക:

**كُلُّ عِبَادَةٍ لاَ يَتَعَبَّدُهَا أَصْحَابُ رَسُولِ اللَّهِ ﷺ فَلاَ تَعَبَّدْهَا فَإِنَّ الأَوَّلَ لَمْ يَــدَعْ لِلآخِرِ مَقَالاً** [أبوداود]

അല്ലാഹുവിൻെറ ദൂതരുടെ അനുചരന്മാർ അനുഷ്ഠിക്കാത്ത ഒരാരാധനയും (പിൻഗാമിയായ) നീ അനുഷ്ഠിക്കേണ്ടതില്ല. കാരണം, മുൻഗാമിയായ സ്വഹാബി പിൻഗാമിക്ക് ഒരഭിപ്രായത്തിനും ഇടനൽകിയിട്ടില്ല. [അബൂദാവൂദ്]

നബി ﷺ യുടെ ഒരു വചനവും കൂടി ചേർത്തു വായിച്ചു നോക്കുക:

**عن عائشة رضي الله عنها قالت، قال رسول الله ﷺ: ((مَنْ أَحْــدَثَ فِــي أَمْرِنَا هَذَا مَا لَيْسَ مِنْهُ فَهُوَ رَدٌّ)) [متفق عليه]**

ആഇശഃ (റ) യിൽ നിന്ന് ഉദ്ധരിക്കപ്പെടുന്നു, അവർ പറയുന്നു, അല്ലാഹുവിൻെറ ദൂതർ പറഞ്ഞു: നമ്മുടെ ഈ മതകാര്യത്തിൽ അതിലില്ലാതിരുന്നത് ആരെങ്കിലും പിന്നീടുണ്ടാക്കിയാൽ അതു തള്ളപ്പെടേണ്ടതാണ്. [ബുഖാരി-മുസ്‌ലിം]

അപ്പോൾ അവർക്കു പോകേണ്ട സ്വർഗ്ഗത്തിൽ തന്നെയാണ് നമുക്കും പോകേണ്ടതെന്ന് വിശ്വസിക്കുന്നുണ്ടെങ്കിൽ പരിശുദ്ധ ഖുർആനും തിരുസുന്നത്തും നിർദ്ദേശിച്ച കാര്യങ്ങൾ തന്നെ അതിന് തികച്ചും മതിയാകുന്നതാണ്.

## ഖബ്ർ സന്ദർശനം

മൺമറഞ്ഞവരുടെ ഖബ്റുകളെ ചുറ്റിപ്പറ്റിയുള്ള എല്ലാ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും കയറി നിൽക്കുന്നത് ഖബ്ർ സന്ദർശനമെന്ന സുന്നത്തിൻെറ മുകളിലാണ്. പടുകൂറ്റൻ ഖുബ്ബകൾ മുതൽ കൊടികുത്തു നേർച്ച വരെയുള്ള അനാചാരങ്ങൾ ഈ സുന്നത്തിന്മേൽ കയറിപ്പറ്റിയിരിക്കുന്നു. ആകപ്പാടെ "കല്ല്മ്മക്കായ" കൃഷി ചെയ്യാൻ നിക്ഷേപിച്ച കയറിന്മേൽ കല്ല്മ്മക്കായ അട്ടിയായി വളർന്നതു കാരണം കയറു കാണാൻ കഴിയാത്തതു പോലെ ബിദ്അത്തുകളുടെ കൂമ്പാരങ്ങൾ കയറിപ്പറ്റിയതു കാരണം ഈ സുന്നത്ത് ഇന്നു കാണാൻ കഴിയാതെ വന്നിരിക്കയാണ്. ഖബ്ർ സിയാറത് നബി ﷺ സുന്നത്താക്കിയ ഒരു കാര്യമാണ്. നബി ﷺ പറയുന്നു:

عن بريدة قال قال رسول الله :(( كُنْتُ نَهَيْتُكُمْ عَنْ زِيَارَةِ الْقُبُورِ فَزُورُوهَا ))[مسلم]

ബുറയ്ദ ﷺ വിൽ നിന്ന് നിവേദനം, അദ്ദേഹം പറയുന്നു, അല്ലാഹുവിൻെറ ദൂതർ അരുളിയിരിക്കുന്നു: ഞാൻ നിങ്ങളോട് ഖബ്ർ സന്ദർശനം വിരോധിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ഇനി നിങ്ങൾ ഖബ്ർ സന്ദർശനം നടത്തുക. [മുസ്ലിം]

ഇസ്ലാമിൻെറ ആദ്യകാലത്ത് ഖബ്ർ സന്ദർശനം വിരോധിക്കപ്പെട്ടിരുന്നു. ജാഹിലിയ്യാ കാലത്ത് മഖ്ബറയിൽ വെച്ച് പല അനാചാരങ്ങളും നടത്തപ്പെട്ടിരുന്നു. ജനങ്ങൾക്കാണെങ്കിൽ തൗഹീദിലുള്ള വിശ്വാസം അടിയുറച്ചിട്ടുമില്ല. ഈ പരിതസ്ഥിതിയിൽ അവരിൽ നിന്ന് വല്ല അനാവശ്യ സംഭവങ്ങളുമുണ്ടായേക്കുമോ എന്നു ഭയപ്പെട്ടു. അതുകൊണ്ടാണ് നബി ﷺ ആദ്യം ഖബ്ർ സന്ദർശനം വിരോധിച്ചത്. പിന്നീട് തൗഹീദിലുള്ള വിശ്വാസം ജനഹൃദയങ്ങളിൽ രൂഢമൂലമായപ്പോൾ ഖബ്ർ സന്ദർശനം നബി ﷺ അനുവദിച്ചു. അതിൻെറ മര്യാദകളും അതുകൊണ്ടുള്ള ഫലങ്ങളും അദ്ദേഹം അവ

രെ പഠിപ്പിക്കുകയും ചെയ്തു. ഖബ്ർ സന്ദർശനം കൊണ്ടുള്ള ഉദ്ദേശ്യം വിവരിച്ചു കൊണ്ട് നബി ﷺ പറഞ്ഞു:

وفي رواية:(( فَمَنْ أَرَادَ أَنْ يَزُورَ الْقُبُورَ فَلْيَزُرْ فَإِنَّهَا تُذَكِّرُ الآخِرَةَ

മറ്റൊരു റിപ്പോർട്ടിൽ ഇപ്രകാരം വന്നിരിക്കുന്നു, അദ്ദേഹം പറഞ്ഞു: അതുകൊണ്ട് ആരെങ്കിലും ഖബ്ർ സന്ദർശിക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അങ്ങനെ ചെയ്തു കൊള്ളട്ടെ. കാരണം, അത് നമുക്ക് പരലോകത്തെ ഓർമ്മിപ്പിക്കും.

മറ്റുചില റിപ്പോർട്ടുകളിൽ ഇപ്രകാരം വന്നിരിക്കുന്നു:

عن أبي هريرة (( تُذَكِّرُ الْمَوْتَ)) مسلم

അത് മരണത്തെ ഓർമ്മിപ്പിക്കും. [മുസ്ലിം]

عن أبي سعيد:(( فَإِنَّ فِيهَا عِبْرَةً)) أحمد

അതിൽ ഗുണപാഠമുണ്ട്. [അഹ്മദ്]

عن ابن مسعود: (( فَإِنَّهَا تُزْهِدُ فِي الدُّنْيَا)) ابن ماجه

സുഖങ്ങളിൽ വിരക്തി ജനിപ്പിക്കും. [ഇബ്നുമാജഃ]

((يَرِقُّ الْقَلْبُ وَتَدْمَعُ الْعَيْنُ )) أحمد

ഹൃദയം മയപ്പെടും, കണ്ണുനീർ ഒഴുകും. [അഹ്മദ്]

സന്ദർശകൻ മൺമറഞ്ഞവർക്കു വേണ്ടി പ്രാർത്ഥിക്കേണ്ട രൂപവും നബി ﷺ നമുക്ക് പഠിപ്പിച്ചു തന്നിട്ടുണ്ട്.

عن بريدة قال كان رسول الله يعلمهم إذا خرجوا إلى المقابر:(( اَلسَّلاَمُ عَلَيْكُمْ أَهْلَ الدِّيَارِ مِنَ الْمُؤْمِنِينَ وَالْمُسْلِمِينَ وَإِنَّا إِنْ شَاءَ اللَّهُ بِكُمْ لاَحِقُونَ، نَسْأَلُ اللَّهَ لَنَا وَلَكُمْ الْعَافِيَةَ [مسلم]

ബുറയ്ദ ﵁ വിൽ നിന്ന് ഉദ്ധരിക്കപ്പെടുന്നു, അദ്ദേഹം പറഞ്ഞു: സ്വഹാബികൾ ഖബ്ർ സന്ദർശനത്തിനു പുറപ്പെടുമ്പോൾ, ഇപ്രകാരം പറയേണമെന്ന് അല്ലാഹുവിൻെറ ദൂതർ അവരെ പഠിപ്പിച്ചിരുന്നു: മുഅ്മിനുകളും മുസ്ലിംകളുമായ ഖബ്ർ നിവാസികളേ, നിങ്ങൾക്ക് അല്ലാഹുവിൻെറ രക്ഷയുണ്ടാകട്ടെ, തീർച്ചയായും ഞങ്ങളും-അല്ലാഹു ഉദ്ദേശിച്ചാൽ- നിങ്ങളോട് ചേരുന്നതാണ്. ഞങ്ങൾക്കും നിങ്ങൾ

ക്കും ക്ഷേമത്തിനായി ഞങ്ങൾ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു. [മുസ്‌ലിം]

ഈ വചനങ്ങളിൽ നിന്നെല്ലാം ഇസ്‌ലാം സുന്നത്തായി നിർദ്ദേശിച്ച ഖബ്ർ സന്ദർശനത്തിനു രണ്ടേ രണ്ട് ലക്ഷ്യങ്ങളാണുള്ളതെന്ന് ഗ്രഹിക്കാം.

ഒന്ന്: സന്ദർശകന് മരിച്ചവരുടെ ഖബ്റുകൾ കാണുമ്പോൾ മരണത്തെയും പരലോകത്തെയും ഓർമ്മിക്കുക വഴി ഗുണപാഠമുൾക്കൊള്ളാൻ അവസരം ലഭിക്കുന്നു. തൻെറയും സ്ഥിതി ഇതു തന്നെയാണല്ലോ എന്നു ചിന്തിക്കുവാനും അങ്ങനെ കൂടുതൽ ദൈവഭക്തി ആർജ്ജിക്കുവാനും പ്രചോദനം ലഭിക്കുകയും ചെയ്യുന്നു.

രണ്ട്: സന്ദർശകൻെറ പ്രാർത്ഥന അല്ലാഹു സ്വീകരിക്കുന്ന പക്ഷം അതിൻെറ ഫലമായി മരിച്ച വ്യക്തിക്ക് കുറ്റം പൊറുത്തു കിട്ടുന്നു.

ഇസ്‌ലാം പ്രോത്സാഹിപ്പിച്ച ഖബ്ർ സന്ദർശനത്തിനു ഈ രണ്ടു ലക്ഷ്യങ്ങളല്ലാതെ മൂന്നാമതൊരു ലക്ഷ്യമില്ല തന്നെ. ചിന്തിച്ചു നോക്കുക. ഇസ്‌ലാം വിഭാവനം ചെയ്യുന്ന ഈ രണ്ടു ലക്ഷ്യങ്ങളും നേടാൻ മുസ്‌ലിംകളുടേതായ ഏതു ഖബ്ർ സന്ദർശിച്ചാലും മതി. മാത്രമല്ല, കുറ്റം പൊറുത്തു കിട്ടുക എന്ന രണ്ടാമത്തെ ലക്ഷ്യം, തൻെറ മാതാപിതാക്കൾക്കും മറ്റു ബന്ധുക്കൾക്കും നേടിക്കൊടുക്കാനായിരിക്കും സ്വാഭാവികമായും സന്ദർശകൻ ആഗ്രഹിക്കുക. അതുകൊണ്ട് മാതാപിതാക്കളുടെയും മറ്റും ഖബ്റുകൾക്ക് സന്ദർശനത്തിൽ അവൻ മുൻഗണന നൽകേണ്ടതുണ്ട്.

എന്നാൽ ഈ സുന്നത്തിൻെറ മറവിൽ ഇന്നു നടക്കുന്ന അനാചാരങ്ങളെ സംബന്ധിച്ച് ചിന്തിച്ചു നോക്കുക. ജോലിത്തിരക്ക് ഉള്ളതു കൊണ്ടും ദേഹേച്ഛകൾ അനുവദിക്കാത്തതു കൊണ്ടും അല്ലാഹുവിൻെറ കൽപനകൾ അനുസരിച്ചു ജീവിക്കുന്നതിൽ ഇന്ന് മനുഷ്യന് താൽപര്യമില്ല. അവൻ വണ്ടിക്കോ ബസ്സിനോ ടിക്കറ്റെടുത്ത് ഓടിക്കിതച്ച് ഒരു ജാറത്തിലെത്തുന്നു. വലിയ്യിൻെറ മുന്നിൽ അവൻെറ മനസ്സ് വാചാലമാകുന്നു. കാരണം, വലിയ്യ് മനസ്സിലുള്ള മുറാദുകൾ കുപ്പിയിലുള്ള വസ്തുവിനെപ്പോലെ കാണുമെന്ന "ശംസുൽഉലമാ" യുടെ 'ഉപദേശ'ത്തിൽ നിന്ന് പ്രചോദനം നേടിക്കൊണ്ടാണ് അവൻ വന്നിരിക്കുന്നത്. പക്ഷെ, സങ്കടം പറഞ്ഞു പോയാൽ മതിയോ? എന്തെങ്കിലും ഒരു ഹദ്‌യഃ കാഴ്ചയായി വക്കേണ്ടതില്ലേ? അപ്പോഴാണ് "സേവകന്മാർ" യാസീനിൻെറ കെട്ടുകളുമായി സമീപിക്കുന്നത്.

രണ്ടുരൂപാ കൊടുത്ത് യാസീൻെറ ഒരു കെട്ടു വാങ്ങി. അതിൻെറ കൂലി വലിയ്യിന് ഹദ്‌യ ചെയ്തു. അവന് തൃപ്തിയായി, അവൻ മടങ്ങുന്നു. ഇന്നത്തെ ഖബ്ർ സന്ദർശനത്തിൻെറ ഏറ്റവും ലളിതമായ ഒരു രൂപമാണിത്. ഇപ്പോൾ നമ്മുടെ പണ്ഢിതന്മാരുടെ ദുർവ്യാഖ്യാനമനുസരിച്ചു ഈ മനുഷ്യൻ വലിയ്യിൻെറ ഖബ്ർ സിയാറത്ത് ചെയ്തു. ഒരു യാസീനിൻെറ കൂലി അദ്ദേഹത്തിനു ഹദ്‌യ ചെയ്യുകയും ചെയ്തു.

എന്നാൽ സാമ്പത്തിക വിദഗ്ദ്ധനായ ഈ മനുഷ്യൻ പണം ചെലവഴിച്ചു എന്തിനാണ് മഖാമിൽ തന്നെ എത്തിയത്? മുഹമ്മദ് മുസ്ത്വഫാ ﷺ സുന്നത്താക്കിയ ഖബ്ർ സന്ദർശനത്തിൻെറ ലക്ഷ്യം നേടാനാണെങ്കിൽ അവൻെറ ചുറ്റുഭാഗത്തു തന്നെ മഖ്ബറകളും ആയിരക്കണക്കായ ഖബ്റുകളുമുണ്ടായിരുന്നുവല്ലോ. ആ മഖാമിൽ അന്ത്യവിശ്രമം കൊള്ളുന്ന വലിയ്യ് അവൻെറ ധാരണയനുസരിച്ച് വേണ്ടത്ര സൽകർമ്മങ്ങൾ ചെയ്തു പുണ്യം നേടിയ വ്യക്തിയാണല്ലോ? എന്നിട്ടും എന്തേ "ഓതപ്പെടാത്ത യാസീൻെറ ഇല്ലാത്ത കൂലി" അവൻ അദ്ദേഹത്തിനു തന്നെ നൽകിയത്? നോമ്പോ നമസ്കാരമോ ഇല്ലാത്ത തനിക്കു തന്നെയല്ലേ ആ കൂലി വലിയ്യിനെക്കാൾ ആവശ്യമുള്ളത്? ഇനി ധർമ്മം ചെയ്യാനുള്ള ആഗ്രഹം കൊണ്ടാണെങ്കിൽ വലിയ്യിനെക്കാൾ സൽകർമ്മങ്ങൾ കുറഞ്ഞ അവൻെറ മാതാപിതാക്കൾ അവൻെറ അടുത്ത പള്ളിപ്പറമ്പിൽ തന്നെയില്ലേ? ധർമ്മം കൊടുക്കുമ്പോൾ ഇല്ലാത്തവർക്കല്ലേ കൊടുക്കേണ്ടത്? ഈ മനുഷ്യൻ ഒരു വിഢ്ഢിയാണോ? അല്ലേ, അല്ല. അവൻ "അട്ടയുടെ കണ്ണും ഭൂമിയുടെ പൊക്കിളും കണ്ട" മഹാസമർത്ഥനാണ്. അവൻെറ ധാരണയിൽ പറഞ്ഞാൽ അഞ്ചുനേരം നമസ്കരിച്ചു, നോമ്പനുഷ്ഠിച്ചു, സ്വന്തം വായ കൊണ്ട് ഖുർആൻ ഓതി കഴിഞ്ഞു കൂടുന്നവരാണ് വിഢ്ഢികൾ. അവർക്കു മാസങ്ങൾ കൊണ്ട് നേടാൻ കഴിയാത്ത നേട്ടങ്ങൾ ഏതാനും മണിക്കൂർ സമയത്തെ യാത്രകൊണ്ടും ഏതാനും രൂപയുടെ വ്യയം കൊണ്ടും അവൻ നേടിക്കഴിഞ്ഞു. വെറുതെയായിരുന്നോ തനിക്കും തൻെറ മാതാപിതാക്കൾക്കും അത്യാവശ്യമായിരുന്ന കൂലി അവൻ വലിയ്യിന് ഹദ്‌യഃ ചെയ്തത്? ചൂണ്ടക്ക് ഇര കോർത്തിടുന്നതു പോലെ, ആ ഹദ്‌യഃ കൊണ്ട് ഐഹിക നേട്ടങ്ങൾ അവൻ കരസ്ഥമാക്കിക്കഴിഞ്ഞു. അതിനും പുറമെ പരലോകത്ത് അവൻെറ കാര്യം നോക്കാനുള്ള ഒരാളെ അവൻ "പോക്കറ്റിലാക്കു"കയും ചെയ്തു. ഇ

ത്രയും നല്ല കുറുക്കു വഴിയുള്ളപ്പോൾ അതവലംബിക്കാത്തവരല്ലേ വിഢ്ഢികൾ?

﴿ وَاتَّخَذُوا مِنْ دُونِ اللَّهِ آلِهَةً لِّيَكُونُوا لَهُمْ عِزًّا، كَلاَّ سَيَكْفُرُونَ بِعِبَادَتِهِمْ وَيَكُونُونَ عَلَيْهِمْ ضِدًّا ﴾مريم:٨١-٨٢

**സഹായ ശക്തിയാവാൻ വേണ്ടി, അവർ അല്ലാഹുവിനു പുറമെ ചില ആരാധ്യരെ സ്വീകരിച്ചിരിക്കുകയാണ്. എന്നാൽ പരമാർത്ഥം ഇങ്ങനെയല്ല. അവർ ഇവരുടെ ആരാധനയെ നിഷേധിക്കുകയും അവർ ഇവർക്ക് എതിരായിത്തീരുകയും ചെയ്യും.** [വി.ഖു. 19:81-82]

ഇങ്ങനെയാണ് ആ മനുഷ്യൻെറ ധാരണ. ഇതാണ് ഇത്തരം യാത്രകളുടെ ഉദ്ദേശ്യമെന്ന് നമ്മുടെ പണ്ഢിതന്മാർക്കും അറിയാത്തതുകൊണ്ടല്ല. ഖുർആനും സുന്നത്തുമനുസരിച്ച് ഇങ്ങനെയുള്ള ഒരു യാത്രക്ക് ഒരു സത്യവിശ്വാസിക്ക് വകുപ്പില്ല. അതുകൊണ്ട് അവരത് ലഘൂകരിച്ചു ചിത്രീകരിക്കുന്നു. അതുവഴി പൊതുജനങ്ങളെ അവർ പോകുന്നേടത്തേക്ക് തെളിക്കുകയും ചെയ്യുന്നു. എന്നാൽ ഇങ്ങനെയുള്ള ഒരു ഖബ്ർ സന്ദർശനം ഇസ്ലാമിൽ സുന്നത്താക്കിയിട്ടില്ല. ഇസ്ലാമിൽ സുന്നത്തായ ഖബ്ർ സന്ദർശനത്തിൽ, സന്ദർശകൻ തൻെറ പ്രാർത്ഥനയിലൂടെ -അല്ലാഹു അതു സ്വീകരിക്കുന്നതിലൂടെ- മരിച്ച വ്യക്തിക്ക് വല്ലനന്മയും നേടിക്കൊടുക്കുന്ന രൂപം മാത്രമേയുള്ളൂ. മരിച്ച വ്യക്തിയുടെ കർമ്മങ്ങൾ അവസാനിച്ചിരിക്കുന്നു. ഇനി അവനു തന്നെ നേട്ടമുണ്ടാക്കുന്ന ഒരു പ്രവൃത്തി ചെയ്യാൻ അവന് കഴിയുകയില്ല. എന്നിട്ട് വേണ്ടേ, അവനെ സന്ദർശിക്കുന്നവൻെറ കാര്യം നോക്കാൻ, അതുകൊണ്ട് ഇനിയവന് വല്ല നന്മയും കിട്ടാമെങ്കിൽ അത് ജീവിച്ചിരിക്കുന്നവരുടെ പ്രാർത്ഥനയിലൂടെ മാത്രമാണ്. നബി ﷺ പറയുന്നു:

عن ابي هريرة قال، قال رسول الله :(( إِذَا مَاتَ ابْنُ آدَمَ انْقَطَعَ عَنْهُ عَمَلُهُ إِلاَّ مِنْ ثَلاَثٍ: صَدَقَةٍ جَارِيَةٍ أَوْ عِلْمٍ يُنْتَفَعُ بِهِ أَوْ وَلَدٍ صَالِحٍ يَدْعُو لَهُ [مسلم]

അബൂഹുറയ്റ رضي الله عنه വിൽ നിന്ന് ഉദ്ധരിക്കപ്പെടുന്നു, അദ്ദേഹം പറയുന്നു. അല്ലാഹുവിൻെറ ദൂതർ പറഞ്ഞിരിക്കുന്നു: മനുഷ്യൻ മരിച്ചു കഴിഞ്ഞാൽ അവൻെറ പ്രവർത്തനം അവസാനിച്ചു കഴിഞ്ഞു. നിലനിന്നു വരുന്ന ധർമ്മം, ഉപകാരപ്രദമായ ജ്ഞാനം, തനിക്കു വേ

ണ്ടി പ്രാർത്ഥിക്കുന്ന നല്ല സന്താനം എന്നീ മൂന്നു മാർഗ്ഗങ്ങളിൽ നിന്നൊഴികെ. [മുസ്ലിം]

എന്നാൽ ഇന്ന് നടത്തപ്പെടുന്ന ഖബ്ർ സന്ദർശനങ്ങൾ വലിയ്യിൻെറ അല്ലെങ്കിൽ വലിയ്യ് എന്ന് തെറ്റിദ്ധരിക്കപ്പെടുന്നവൻെറ സൽകർമ്മങ്ങളുടെ “കെയറോഫിൽ” അതിൽ പങ്കാളികളായിക്കൊണ്ട് തങ്ങൾക്കും രക്ഷപ്പെടാമെന്ന ഉദ്ദേശ്യത്തിൽ മാത്രം നടത്തപ്പെടുന്നവയാണ്. മൺമറഞ്ഞവനെ ധനികനോടും ജീവിച്ചിരിക്കുന്നവനെ ദരിദ്രനോടും ഉപമിക്കാവുന്ന വിധത്തിലാണ് ഇക്കാലക്കാരുടെ മനഃസ്ഥിതി. ധനികൻ ദരിദ്രൻെറ വീട്ടിൽ ചെന്നാലും ദരിദ്രൻ ധനികൻെറ വീട്ടിൽ പോയാലും ദരിദ്രന് വല്ലതും കിട്ടേണ്ടതുണ്ട്. അപ്രകാരം ജീവിച്ചിരിക്കുന്നവൻ മൺമറഞ്ഞവനെ ആപൽഘട്ടങ്ങളിൽ ഇങ്ങോട്ടു വിളിച്ചാലും, അവൻ മഖാമിൽ പോയി മൺമറഞ്ഞവനെ സന്ദർശിച്ചാലും മൺമറഞ്ഞവൻ അവൻെറ ഉദ്ദേശ്യങ്ങൾ നിറവേറ്റിക്കൊടുക്കേണ്ടതുണ്ട്! എന്നാൽ ഇതെല്ലാം ഊഹത്തിലധിഷ്ഠിതമായ അന്ധവിശ്വാസങ്ങൾ മാത്രമാണ്. ചുരുക്കത്തിൽ ഖബ്ർ സന്ദർശനം കൊണ്ട് വല്ലതും നേടാനുണ്ടെങ്കിൽ അത് മരിച്ചവന് ജീവിച്ചിരിക്കുന്നവനിൽ നിന്നാണ്. ജീവിച്ചിരിക്കുന്നവന് മരിച്ചവനിൽ നിന്ന് യാതൊന്നും നേടാനാവില്ല എന്നതാണ് സത്യം.

## അവർ മൃഗതുല്യർ

പൊതുജനങ്ങൾ ഈ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കുകയും ഈ വിഷയത്തിൽ ഖുർആനിൻെറയും സുന്നത്തിൻെറയും കാഴ്ചപ്പാടിലേക്കു മടങ്ങുകയും ചെയ്തിരുന്നെങ്കിൽ! അല്ലാഹു അവർക്കു നൽകിയ വിശേഷബുദ്ധി ഉപയോഗിച്ചു ഈ വിഷയത്തിൽ നടക്കുന്ന തട്ടിപ്പുകളുടെയും വെട്ടിപ്പുകളുടെയും വാർത്തകളിൽ നിന്ന് അവർ ഗുണപാഠമുൾകൊള്ളുകയും ചെയ്തിരുന്നുവെങ്കിൽ! എങ്കിൽ ഇഹപര നഷ്ടങ്ങളിൽ നിന്ന് ക്ഷണത്തിലവർക്ക് മോചനം നേടാമായിരുന്നു. മഖാമിൽ വലിയ്യിൻെറ തലഭാഗത്ത് സൂക്ഷിക്കപ്പെട്ട ഭണ്ഡാരപ്പെട്ടിയിലെ നിക്ഷേപം കളവു പോകുന്നു. അതിൽ തൻെറ ഭാര്യയുടെ ചെയ്ൻ എടുത്തവനെ തിരിച്ചറിയാൻ നിക്ഷേപിച്ച സംഖയയുമുൾപെടുന്നു. കേസ് തെളിയിക്കാനായി പോലീസ് നിരപരാധികളെ മർദ്ദിക്കുന്നു. മേലിൽ കളവ് ആവർത്തിക്കപ്പെടാതിരിക്കാനായി

മഖാമിൻെറ ജനൽ ഇരുമ്പഴികൾ ചാർത്തി ഭദ്രമാക്കുന്നു. ഈ വാർത്ത അറിയുമ്പോഴെങ്കിലും മരിച്ചവരെ ജീവിച്ചിരിക്കുന്നവരുടെ കളവ് തെളിയിക്കാൻ അല്ലാഹു ഏൽപിച്ചിട്ടില്ല, അതുകൊണ്ടാണ് കളവു തെളിയിക്കാനുള്ള നേർച്ചപ്പണം മഖാമിൽ നിന്ന് കളവു പോയത് എന്ന് ആ മനുഷ്യൻ മനസ്സിലാക്കുകയും അതുകൊണ്ട് മഖാമിലേക്ക് നേർച്ചയാക്കുന്ന പരിപാടി ഇനി വേണ്ട എന്ന് അവൻ തീരുമാനിക്കുകയും ചെയ്തിരുന്നുവെങ്കിൽ അവന് തൻെറ പണത്തിനു നഷ്ടമോ വിശ്വാസത്തിനു ചോർച്ചയോ സംഭവിക്കുമായിരുന്നില്ല. എല്ലാ മാറാവ്യാധികൾക്കും ഉടനടി "സിദ്ധി" എന്ന പരസ്യം കണ്ടു വരുന്നവരിൽ നിന്ന് ലഭിക്കുന്ന "നേർച്ചകൾ" കൊണ്ട് ആധുനിക സജ്ജീകരണങ്ങളോടു കൂടി ഒരാശുപത്രി നടത്തുന്നു എന്നു കേൾക്കുമ്പോൾ, മാറാത്ത രോഗങ്ങൾ തന്നെ ഉടനടി സുഖപ്പെടുത്തുന്ന വലിയ്യിന് മാറുന്ന രോഗങ്ങൾ മാറ്റാനുണ്ടോ വല്ല പ്രയാസവും? പിന്നെ എന്തിനാണ് അവിടെ ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ഒരാശുപത്രി? എന്നു നിങ്ങൾ ചിന്തിച്ചിരുന്നുവെങ്കിൽ അവിടേക്കു പോകാൻ വിനിയോഗിക്കുന്ന പണവും സമയവും നിങ്ങൾക്കു ലാഭിക്കാമായിരുന്നു. നിങ്ങളുടെ തൗഹീദ് നിങ്ങൾക്ക് സുരക്ഷിതമാക്കുകയും ചെയ്യാമായിരുന്നു. "കറാമതിൻെറ" കുട്ടിയെ മോഹിച്ചു, മുറിയിലിരിക്കുന്ന ഇണയുടെ അടുത്ത് മൺമറഞ്ഞ ബീവി പുരുഷനായി പ്രത്യക്ഷപ്പെട്ടു "കറാമത്ത്" ധരിപ്പിച്ചു വിടുന്നു! അപ്പോഴെങ്കിലും തൻെറ ഇണക്കല്ല, തനിക്കാണ് ശാരീരിക വൈകല്യമുള്ളത് എന്ന് ആ ഇരുകാലി മൃഗം മനസ്സിലാക്കിയിരുന്നുവെങ്കിൽ വ്യഭിചാരവും ശിർകും ഒന്നിച്ചു നടക്കുമായിരുന്നോ? തൻെറ കുട്ടിയുടെ രോഗശമനത്തിനായി ഒരു ഏലസ്സ് എഴുതിക്കാൻ ചെന്ന ഉമ്മാത്തയോട് പണ്ഡിതൻെറ തുണ പറയുന്നു: "മൂപ്പര് ഞങ്ങളുടെ സുഖമില്ലാത്ത കുട്ടിയെ ആശുപത്രിയിൽ കൊണ്ടു പോയിരിക്കയാണ്". ഏലസ്സ് രോഗം ശമിപ്പിക്കുമെങ്കിൽ പണ്ഡിതൻ തൻെറ കുട്ടിക്ക് അത് ഉപയോഗിക്കുമായിരുന്നു എന്ന് ഈ അവസരത്തിൽ ഉമ്മാത്ത ചിന്തിച്ചിരുന്നുവെങ്കിൽ അവൾക്ക് ഈ "വെള്ളത്തിലെഴുത്ത്" നിർത്താമായിരുന്നില്ലേ? ഒരു "വലിയ്യി"ൽ നിന്ന് മുറാദ് ഹേസ്വിലാക്കാൻ ചെന്നവനെ എടാ നായേ, കഴുതേ എന്നിങ്ങനെ തെറിവാക്കുകൾ കൊണ്ട് വലിയ്യ് അഭിസംബോധനം ചെയ്യുന്നു. അപ്പോൾ അത് തൻെറ കൂടെയുള്ള പിശാചിനെ വിളിച്ച് ഓടിക്കുകയാണെന്ന് "സേവകന്മാർ" വ്യാഖ്യാനിച്ചു കൊടുക്കുന്നു. അപ്പോഴെങ്കിലും റിക്ഷാക്കാരൻ പറഞ്ഞതു പോലെ, ഇതിന് തൻെറ

നാട്ടിൽ വിലായത്ത് എന്നല്ല, ഭ്രാന്ത് എന്നാണ് പേർ എന്ന് ആ മനുഷ്യപ്പിശാച് പറഞ്ഞു പോകുന്നില്ല. ഇവിടെ മറഞ്ഞ കാര്യമറിയാമെങ്കിൽ നിമിഷ നേരം കൊണ്ട് കോടീശ്വരനാകാം, എന്നിരിക്കെ മറഞ്ഞ കാര്യം പറയാനിരിക്കുന്നവന് നിങ്ങളുടെ രണ്ടുരൂപാ കിട്ടിയിട്ടു വേണം അന്നത്തെ അരി വാങ്ങാൻ എന്നു വരുന്നു. ഈ സ്ഥിതി കാണുമ്പോഴെങ്കിലും അദ്ധ്വാനിക്കാതെ ജീവിക്കാനുള്ള തട്ടിപ്പാണ് അവൻേറതെന്ന് നിങ്ങൾ മനസ്സിലാക്കിയിരുന്നു എങ്കിൽ പരിശുദ്ധ ഖുർആനിനെ നിങ്ങൾ അവിശ്വാസിക്കാതിരിക്കുമായിരുന്നു. പക്ഷെ

﴿ وَ لَقَدْ ذَرَأْنَا لِجَهَنَّمَ كَثِيرًا مِّنَ الْجِنِّ وَ الإِنْسِ لَهُمْ قُلُوبٌ لاَّ يَفْقَهُونَ بِهَا وَلَهُمْ أَعْيُنٌ لاَّ يُبْصِرُونَ بِهَا وَلَهُمْ آذَانٌ لاَّ يَسْمَعُونَ بِهَا أُولَئِكَ كَالأَنْعَامِ بَلْ هُمْ أَضَلُّ أُولَئِكَ هُمُ الْغَافِلُونَ ﴾ الأعراف:١٧٩

**നിശ്ചയമായും കുറെ ജിന്നുകളെയും കുറെ മനുഷ്യരെയും നരകത്തിന് (പാകമായ നിലയിൽ) നാം സൃഷ്ടിച്ചിരിക്കുന്നു. അവർക്ക് ഹൃദയങ്ങളുണ്ട്, അതുകൊണ്ട് അവർ (സത്യം) ഗ്രഹിക്കുകയില്ല, അവർക്ക് കണ്ണുകളുണ്ട്, അതുകൊണ്ട് അവർ (സത്യം) കണ്ടറിയുകയുമില്ല. അവർക്കു കാതുകളുണ്ട്, അതുകൊണ്ട് അവർ (സത്യം) കേട്ടറിയുകയുമില്ല. അവർ മൃഗതുല്യരാണ്, എന്നല്ല അവർ കൂടുതൽ വഴിപിഴച്ചവരാണ്. അവർ തന്നെയാണ് ബോധമില്ലാത്തവർ.** [വി.ഖു. 7:179]

## ഇന്നത്തെ ഔലിയാക്കൾ

ഖുർആനിലും സുന്നത്തിലുമുപയോഗിച്ച ഔലിയാഅ് എന്ന പദം സത്യവിശ്വാസികൾ എന്ന അർത്ഥത്തിലുപയോഗിച്ച മറ്റൊരു പദമായിരുന്നു. എന്നാൽ അതിനു വിപരീതമായി സത്യവിശ്വാസികളിൽ ഒരു പ്രത്യേക വിഭാഗമാണ് ഔലിയാഅ് എന്ന ധാരണ പിൽകാലത്ത് പ്രചരിച്ചു. പക്ഷെ, ഔലിയാക്കൾ ഒരു പ്രത്യേക കാലഘട്ടത്തിൽ മാത്രം ജീവിക്കുന്നവരാണ് എന്ന് ആരും വാദിക്കുന്നുമില്ല. അതുകൊണ്ട് ധാരാളം സത്യവിശ്വാസികൾ ജീവിക്കുന്ന ഇക്കാലത്തും ഔലിയാക്കൾ ഉണ്ടായിരിക്കേണ്ടതാണ് എന്ന് വന്നു. ഈ ആവശ്യം പരിഗണിച്ച് "ഒറ്റയുംതെറ്റ"യുമായ ചില വ്യക്തികൾക്ക് "വിലായത്" കൽപിച്ചു കൊടുക്കുന്നു. അവരെ ഔലിയാക്കളായി ഗണിക്കുന്നു. "കൊണ്ടുനട

ക്കുക"യും ചെയ്യുന്നു. ഇത്തരം ആളുകളിൽ ചിലരെ രാത്രിയും പകലും ഔലിയാക്കളായി പണ്ഡിതന്മാർ ഔദ്യോഗികമായി തന്നെ അംഗീകരിച്ചിരിക്കുന്നു. മറ്റു ചിലരെ പകൽ സമയങ്ങളിൽ ഔലിയാക്കളായി അംഗികരിക്കാൻ പണ്ഡിതന്മാർക്ക് ചില 'സാങ്കേതിക' തടസ്സങ്ങളുണ്ട്. അങ്ങനെ അടുത്ത കാലത്ത് മൺമറഞ്ഞവരോ ഇപ്പോൾ ജീവിച്ചിരിക്കുന്നവരോ ആയ "ഔലിയാക്കളെ" സംബന്ധിച്ചു ചിന്തിച്ചാൽ അവർ രണ്ടുവിഭാഗക്കാരാണെന്നു കാണാം. ഒന്ന്: സൂത്രശാലികളായ തട്ടിപ്പുകാർ. രണ്ട്: ഭ്രാന്തന്മാർ.

# തട്ടിപ്പുകാർ

പൊതുജന മാർക്കറ്റിൽ ഏറ്റവുമധികം ഡിമാൻറുള്ള ഒരു ചരക്കാണ് "വലിയ്യ്". അതുകൊണ്ട് തന്നെ മെയ്യനങ്ങാതെ അൽപം സുഖമായി ജീവിക്കണമെന്ന് ആഗ്രഹിച്ചു, അതെസമയം അതിനുള്ള സാമ്പത്തിക ശേഷി ഇല്ലാതെയും വന്നു. അങ്ങനെയുള്ളവർക്ക് തിരഞ്ഞെടുക്കാൻ പറ്റിയ ഒരു സ്ഥാനമാണ് 'വിലായത്'. കൃത്രിമത്വം സൃഷ്ടിച്ചു പൊതുജനങ്ങളെ ആകർഷിക്കാനായി ഇവർ ഒരു സ്വകാര്യ മുറിയിലിരിക്കുന്നു. അല്ലെങ്കിൽ പള്ളിയിൽ ഒരു പ്രത്യേക സ്ഥലത്ത് അടച്ചിരിക്കുന്നു. ആ മുഹൂർത്തത്തിൽ ബന്ധുക്കളോ മറ്റു ബന്ധപ്പെട്ടവരോ "അദ്ദേഹത്തിനു ഒരു ജിന്നുമായി കൂടിക്കാഴ്ചയുണ്ട്" എന്നോ "വെള്ളിയാഴ്ച ജുമുഅഃയുടെ നേരത്ത് അദ്ദേഹത്തെ തന്റെ മുറിയിൽ കാണാറില്ല" എന്നോ പറഞ്ഞു പരത്തുന്നു. അതോടു കൂടി "കാഴ്ചകളും" നേർച്ചകളുമായി ആളുകൾ തിങ്ങിക്കൂടുകയായി. ജീവിക്കാനുള്ള വരുമാനവുമായി. ഇപ്പോൾ ഈ വലിയ്യും അവന്റെ അയൽവാസിയായ സത്യവിശ്വാസിയും തമ്മിലുള്ള അന്തരമെന്താണ്? സത്യവിശ്വാസി അഞ്ചുസമയത്ത് പള്ളിയിൽ പോകുന്നു, അങ്ങാടിയിലും മറ്റും നടന്നു ആളുകളുമായി ഇടപഴകി ജീവിക്കുകയും ചെയ്യുന്നു. വലിയ്യ് ബാങ്കു കേട്ടാൽ പള്ളിയിൽ പോകുന്നില്ല. ആളുകളുമായി ഇടപഴകി ജീവിക്കുന്നുമില്ല. വെള്ളിയാഴ്ച അവൻ തന്റെ മുറിയിൽ അടച്ചിരിക്കുന്നു. പള്ളിയിൽ പോയാൽ അവന്റെ വിലായത്ത് നഷ്ടപ്പെട്ടുപോകും. അവനും, പള്ളിയിൽ പോകുന്ന തന്റെ അയൽവാസിയെപ്പോലെ വലിയ്യായിത്തീരും! മറ്റുചിലർക്ക് ജീവിതമാർഗ്ഗം മുട്ടിപ്പോയി. അല്ലെങ്കിൽ താൻ ചെയ്തിരുന്ന ബിസിനസ്സിൽ കടംവന്നു സ്ഥലം വിടേണ്ടി വന്നു. അല്ലെങ്കിൽ വൻ കുറ്റങ്ങളിൽ പെട്ടു പോലീ

സിൻെറ നോട്ടപ്പുള്ളികളായി. ഈ സന്ദർഭങ്ങളിലെല്ലാം അവർ മറ്റു സ്ഥലങ്ങളിൽ പോയി "ഔലിയാക്ക"ളായി ജീവിക്കുന്നു. മുസ്ലിം നാമധാരികൾ മാത്രമല്ല, അമുസ്ലിംകളും മുസ്ലിംകളിൽ "ഔലിയാക്ക"ളായി വരുന്നു എന്നത് ഒരു പരമാർത്ഥമാണ്. മതപരമായി പ്രബുദ്ധമായ കേരളത്തിൽ തന്നെ നാട്ടിൻെറ മുക്കുമൂലകളിലായി പ്രത്യക്ഷപ്പെടുന്ന "ഔലിയാ"ക്കളുടെ ഒരുവർഷത്തെ ഒരു സ്ഥിതിവിരക്കണക്ക് എടുത്താൽ ഈ വസ്തുത ബോധ്യപ്പെടും.

## ഭ്രാന്തന്മാർ

ഇന്നത്തെ "ഔലിയാക്ക"ളിൽ രണ്ടാം വിഭാഗം ഭ്രാന്തന്മാരാണ്. ഒരു സത്യവിശ്വാസിക്ക് ഒരുരൂപക്ക് നൂറുപൈസ എന്ന അടിസ്ഥാനത്തിൽ ഈ വിഭാഗം "ഔലിയാക്ക"ളെ താരതമ്യപ്പെടുത്തിയാൽ അവരിൽ തൊണ്ണൂറ്റി ഒമ്പതുകാർ, തൊണ്ണൂറ്റിഎട്ടുകാർ തുടങ്ങി മുഴുവൻ കമ്മിയുള്ളവർ വരെ കാണാം. ഈ വിഭാഗക്കാരെ, അവർ വിശേഷ ബുദ്ധിയില്ലാത്തവരാണെന്നതു കൊണ്ട്, ഒരുവിധത്തിലും കുറ്റപ്പെടുത്താവതല്ല. അവർ കുളിച്ചു വൃത്തിയാകുന്നില്ലെന്നോ, നമസ്കരിക്കുന്നില്ലെന്നോ പറയുന്നതിൽ അർത്ഥമില്ല. കാരണം, ഭ്രാന്തന്മാരോട് 'തക്ലീഫി'ല്ലെന്നത് തർക്കമറ്റ കാര്യമാണ്. വിശേഷബുദ്ധിയുള്ളവരാണ് അവരെ "ഔലിയാക്ക"ളാക്കിയത്. ബോധം തിരിച്ചു കിട്ടുന്ന വല്ല അവസരത്തിലും അവരത് നിഷേധിക്കുകയാണെങ്കിൽ തന്നെ അതും "കറാമത്ത്" പറയുന്നതായെ കണക്കാക്കപ്പെടുകയുള്ളൂ. ഇനി വിശേഷബുദ്ധിയുണ്ടെന്ന് പറയപ്പെടുന്ന പണ്ഢിതന്മാരുടെ സ്ഥിതി നോക്കുമ്പോൾ അവരേയും കുറ്റപ്പെടുത്തേണമെന്നില്ല. അവർ 'ദ്വറൂറത്തിൻെറ ഖാദീ' എന്നെല്ലാം പറയുന്നപോലെ നിർബന്ധിതാവസ്ഥയിൽ ചെയ്യുന്ന കാര്യമാണ്. ഇക്കാലത്തും ഔലിയാക്കൾ വേണ്ടേ? വിശേഷബുദ്ധിയുള്ളവരുടെ പുറത്ത് വിലായത്താകുന്ന ഏണി ചാരിയാൽ അവരത് തട്ടിമാറ്റിക്കളയും. അതിനു പുറമെ കുളിച്ചു വൃത്തിയായി, വൃത്തിയുള്ള വസ്ത്രങ്ങൾ ധരിച്ചു, അഞ്ചുനേരത്തെ നമസ്കാരം നിർവ്വഹിച്ചു നേർക്കു നേരെ സംസാരിക്കുന്ന ഒരു സാധാരണ മനുഷ്യനെ എങ്ങനെ "വലിയ്യാ"യി കൊണ്ടുനടക്കും? ഇനി അവനെ കൊണ്ടുനടക്കാമെന്നു വെച്ചാൽ തന്നെ "കറാമത്തി"ന് എവിടെ പോകും? അവൻെറ മുടിയിൽ നിന്ന് "കറാമത്ത്" ഉതിർന്നു വീഴുകയില്ല. അവൻെറ വാക്കുകളിലോ പ്രവൃത്തികളിലോ "കറാമത്ത്" വെളിപ്പെ

ടുകയില്ല. വിലായത്തിനു ഒരു പ്രത്യേകത വേണ്ടേ? അതുകൊണ്ട് "ക മ്മി"യാകട്ടെ ആ പ്രത്യേകത എന്ന് വെച്ചിരിക്കയാണ്. കറാമത്തി ൻെറ നിലവാരം മാറ്റിയാൽ മതിയാകുമല്ലോ. ഒരുകാലത്ത് ഒരു രാത്രി നാൽപതു തവണ കുളിക്കലായിരുന്നു കറാമത്തെങ്കിൽ, ഇന്ന് ജീവി തത്തിലൊരിക്കലും കുളിക്കാതിരിക്കലാണ് കറാമത്ത്. അന്ന് ഇശാ അ് നമസ്കാരത്തിനെടുത്ത വുദുകൊണ്ട് നാൽപതു വർഷം സുബ് ഹ് നമസ്കരിക്കലായിരുന്നു കറാമത്ത്. ഇന്ന് തീരെ നമസ്കരിക്കാ തിരിക്കലാണ് കറാമത്ത്. ഒരുകാലത്ത് റമദാൻ മാസത്തിൽ മുലകുടി ക്കാതെ ശൈശവത്തിൽ തന്നെ നോമ്പനുഷ്ഠിക്കലായിരുന്നു കറാമ ത്ത്. ഇന്ന് വാർദ്ധക്യ കാലത്തു പോലും റമദാൻ മാസത്തിൽ പകൽ സമയത്ത് പരസ്യമായി കഞ്ചാവ് വലിക്കലാണ് കറാമത്ത്.

നാൽപതുവട്ടം ജനാബത്തുണ്ടായാരേ
നാൽപതുവട്ടം ഒരുരാ കുളിച്ചോവർ.
നലവേറും ഇശാ തൊളുദോരു വുളുവാലെ
നാൽപതിറ്റാണ്ട് സുബ്ഹ് തൊളുദോവർ.
മുതലായ റമളാനിൽ മുപ്പതു നാളിലും
മുലകുടിക്കും കാലം മുലനെ തൊടാദോവർ.

(മുഹ്യിദ്ദീൻ മാല)

## യക്ഷിക്കഥ

ഈ തട്ടിപ്പുകാരെയും ഭ്രാന്തന്മാരെയും ഔലിയാക്കളായി വാഴിക്കാൻ ഏറ്റവുമധികം സഹായിച്ച ഒരു പൈശാചിക ദുർബോധനമായിരു ന്നു മദ്ധ്യകാലത്ത് ചിലർ കെട്ടിച്ചമച്ചു വിട്ട ഒരു യക്ഷിക്കഥ. അതെ

إِنَّ الْوَلِيَّ يَتَشَكَّلُ فِي أَرْبَعِينَ جِسْمًا

വലിയ്യ് നാൽപതു ശരീരങ്ങളായി രൂപമെടുക്കും, എന്ന ആശയം. 360 ശരീരങ്ങളായി വരെ രൂപം പ്രാപിക്കാമെന്നാണ് 'ദബ്ബാഗ്വി'നെപ്പോലെ യുള്ളവരുടെ കെട്ടിച്ചമക്കൽ. യഥാർത്ഥത്തിൽ ഇബ്ലീസിൻെറ വഹ് യിൽ പെട്ട ഈ കള്ളക്കഥ വലിയ്യ് എന്ന് വിശ്വസിക്കപ്പെടുന്നവന് നി ർബന്ധ കടമകൾ തന്നെ നിർവ്വഹിക്കാതിരിക്കാനും വൻകുറ്റങ്ങൾ തന്നെ ചെയ്യാനുമുള്ള ഒരു ലൈസൻസായിത്തീർന്നു. ഇതിൻെറ ഫ ലമായി ഒരുവ്യക്തി ഒരേ സമയത്ത് പലസ്ഥലങ്ങളിലും കാണപ്പെടാമെന്ന അന്ധവിശ്വാസം പ്രചരിച്ചു. തൽഫലമായി ഒരാ

ളുടെ പേരിൽ തന്നെ പലസ്വപ്ന ഖബ്റുകളും സ്ഥാപിക്കപ്പെടാനിടയായി. ഭ്രാന്തനായ ഒരു "വലിയ്യ്" വെള്ളിയാഴ്ച ജുമുഅഃയുടെ സമയം മുഴുവനും പീടികത്തിണ്ണയിലിരിക്കുന്നു. തട്ടിപ്പുകാരനായ മറ്റൊരു "വലിയ്യ്" ആ സമയമത്രയും തൻെറ മുറിയിൽ അടച്ചിരിക്കുന്നു. ഈ കള്ളക്കഥയുടെ ഫലമായി ഈ രണ്ടുപേരും ജുമുഅഃയിൽ പങ്കെടുത്തിട്ടില്ലെന്ന് സമ്മതിക്കാൻ സാധാരണക്കാർ വിസമ്മതിക്കുന്നു. കാരണം, അവരുടെ ഓരോ രൂപങ്ങളാണ് നാം ഇവിടെ കാണുന്നത്. മറ്റൊരു രൂപം വിശുദ്ധ മക്കയിലെ ഹെറമിലോ, നബി ﷺ യുടെ പള്ളിയിലോ പോയിട്ടുണ്ടായിരിക്കുമെന്നാണ് അവർ വിശ്വസിക്കുന്നത്. "വലിയ്യി"നെ കള്ളുഷാപ്പിലോ വ്യഭിചാര ശാലയിലോ കാണപ്പെടുകയാണെങ്കിൽ പോലും അവൻെറ മറ്റൊരു രൂപം ഹെറമിൽ പോയി ഒന്നാമത്തെ സ്വഫ്ഫിലിരുന്ന് ദിക്ർ ചൊല്ലുന്നുണ്ടായിരിക്കും, എന്ന് അവർ ധരിക്കുന്നു.

﴿فَإِنَّهَا لاَ تَعْمَى الأَبْصَارُ وَلَكِنْ تَعْمَى الْقُلُوبُ الَّتِي فِي الصُّدُورِ﴾ الحج:٤٦

**തീർച്ചയായും കണ്ണുകൾക്കല്ല അന്ധത ബാധിക്കുന്നത്, പിന്നെയോ നെഞ്ചുകളിലുള്ള ഹൃദയങ്ങളുടെ ഉൾക്കാഴ്ചയാണ് നഷ്ടപ്പെടുന്നത്.** [വി.ഖു. 22:46]

എന്നാൽ മനുഷ്യവർഗ്ഗത്തിലെ ഏറ്റവും വലിയ വലിയ്യും അശ്റഫുൽ ഖൽഖുമായ മുഹമ്മദ് മുസ്ത്വഫാ ﷺ ക്കും അവിടുത്തെ ഉത്തമരായ സ്വഹേബിവര്യന്മാർക്കും ഓരോ ശരീരം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ട് നബി ﷺ ഹിജ്റക്കായി, രാത്രിസമയം വീട്ടിൽ നിന്ന് ഇറങ്ങിപ്പോയപ്പോൾ മറ്റൊരു വ്യക്തിയായ അലി رضي الله عنه യെ അവിടുത്തെ കട്ടിലിൽ കിടത്തേണ്ടി വന്നത്. നബി ﷺ തബൂക്ക് യുദ്ധത്തിനു പോയപ്പോഴും അലി رضي الله عنه വിനെ കുടുംബകാര്യങ്ങൾ ഏൽപിച്ചു പോകേണ്ടി വന്നത്. അദ്ദേഹത്തിനു തബൂക്കിലേക്കു പുറപ്പെടുന്ന ഒരു ശരീരം മാത്രമേയുള്ളുവെന്നത് കൊണ്ടാണ്. രോഗിണിയായ ഭാര്യയെ ശുശ്രൂഷിക്കേണ്ടിയിരിക്കുന്ന ഉഥ്മാൻ رضي الله عنه വിന് രണ്ടുശരീരങ്ങളിൽ രൂപമെടുക്കാൻ സാധിക്കാതിരുന്നതു കൊണ്ടാണ് ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാൻ കഴിയാതെ പോയത്. ജുമുഅഃക്കു പള്ളിയിൽ വരാത്തവരെ തങ്ങളുടെ ഭവനങ്ങളിലിട്ടു ചുട്ടുകരിക്കാൻ ഞാൻ വിചാരിക്കുകയുണ്ടായി; എന്ന് നബി ﷺ മദീനാ പള്ളിയിൽ വെച്ച് പ്രസംഗിച്ചു. അവ

ർക്ക് അവരുടെ വീടകളിലുള്ള ഓരോ ശരീരം മാത്രമേയുള്ളൂ, എന്ന തു കൊണ്ടും നമസ്കാരം അന്നത്തെ ഔലിയാക്കൾക്കു നിർബന്ധ മായിരുന്നു എന്നതു കൊണ്ടുമാണ് അദ്ദേഹം അങ്ങനെ പറഞ്ഞത്. ഓരോരുത്തർക്കും ഓരോ ശരീരം മാത്രമേയുള്ളൂ, എന്നതു കൊണ്ടാ ണ് നബി ﷺ യും ഖുലഫാഉർ റാഷിദുകളും തങ്ങളുടെ കാലത്ത് ക ക്കുകയും കള്ളുകുടിക്കുകയും വ്യഭിചരിക്കുകയും ചെയ്തവർക്കെ തിരെ ശിക്ഷാനടപടി സ്വീകരിച്ചത്.

## നൂറ്റാണ്ടുകളിലൂടെ

വലിയ്യിനെ സംബന്ധിച്ചുള്ള കാഴ്ചപ്പാടിൽ വന്ന വ്യത്യാസം നോ ക്കുക. അല്ലാഹുവിന്റെ വിധിവിലക്കുകളുടെ സ്വാധീനത്തിനു വിധേ യനായി ജീവിക്കുന്ന വ്യക്തി അതെ, സത്യവിശ്വാസി, എന്നു മാത്രമേ ഉത്തമ നൂറ്റാണ്ടിൽ ആ പദം കൊണ്ട് വിവക്ഷിക്കപ്പെട്ടിരുന്നുള്ളൂ. അത നുസരിച്ചു വീഴ്ച വരുത്തുകയോ അതിരു കവിയുകയോ ചെയ്യാതെ വിധികൾ എടുക്കുന്നവരും വിലക്കുകൾ ഉപേക്ഷിക്കുന്നവരുമായിരു ന്നു അന്നത്തെ ഔലിയാക്കൾ. ചൂടും തണുപ്പും അവരെ ശല്യപ്പെടു ത്തിയിരുന്നു. വിശപ്പിനും ദാഹത്തിനും അവർ ഇരയായിരുന്നു. ഭയ ത്തിനും ദുഃഖത്തിനും അവർ വിധേയരായിരുന്നു. ശത്രുക്കളുമായുള്ള സംഘട്ടനങ്ങളിൽ കൊണ്ടും കൊടുത്തും കഴിഞ്ഞവരും വിജയവും പ രാജയവും പങ്കിട്ടെടുത്തവരുമായിരുന്നു. ഖുർആനിന്റെയും സുന്ന ത്തിന്റെയും അധ്യാപനങ്ങളിൽ നിന്ന് ഒരുവിഭാഗം ആളുകൾ അക ന്നു. സ്വൂഫീ ത്വരീഖത്തുകൾക്ക് പൊതുജന മാർക്കറ്റിൽ പ്രിയംവർദ്ധി ച്ചു. അതോടെ ജനങ്ങളുടെ വിശ്വാസാചാരങ്ങൾ കൊണ്ട് അമ്മാന മാടുവാൻ ഇബ്‌ലീസിന് വേണ്ടത്ര അവസരവും ലഭിച്ചു. ഈ ഘട്ടത്തി ൽ അസാധാരണമായ വ്യക്തിത്വമുള്ള ഒരു പ്രത്യേക വിഭാഗമായി ഔലിയാക്കൾ മാറിക്കഴിഞ്ഞു. വിധികൾ എടുക്കുന്നതിലും വിലക്കുക ൾ ഉപേക്ഷിക്കുന്നതിലും അവർ അതിരുകവിഞ്ഞിരിക്കുന്നു. ഭയവും ദുഃഖവും അവരെ തീണ്ടിയിട്ടില്ല. 'ലൗഹുൽ മഹ്ഫൂളി'ൽ നിന്ന് അവർ കണ്ണെടുത്തിട്ടില്ല. അവരിലൊരാൾക്ക് പലശരീരങ്ങളായി രൂപാന്തര പ്പെടാം. പ്രപഞ്ച കാര്യങ്ങൾ തങ്ങളുടെ വിരലുകളുടെ തുമ്പിൽ അവ ർ കറക്കിയിരിക്കുന്നു. ചുരുക്കത്തിൽ അവരെ സംബന്ധിച്ചുള്ള വാർ ത്തകൾ മുഴുവനും ചേർത്തുവെച്ചു നോക്കിയാൽ ഒരു രണ്ടര വയസ്സുകാരന്റെ കയ്യിൽ കിട്ടിയ കളിക്കോപ്പ് കൊണ്ടെന്ന പോലെ

പ്രപഞ്ചകാര്യങ്ങൾ കൊണ്ടവർ കളിച്ചതായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടു തന്നെ ചിലരുടെ ഭാവനയിൽ മാത്രമേ ഇത്തരം വ്യക്തിത്വങ്ങൾക്ക് അസ്തിത്വമുണ്ടായിട്ടുള്ളൂ എന്നത് വ്യക്തമാണല്ലോ. പ്രപഞ്ചം കുറച്ചു കൂടി അതിൻെറ അന്ത്യഘട്ടത്തിലേക്കടുത്തു. മതാദ്ധ്യാപനങ്ങളിൽ നിന്ന് ജനഹൃദയങ്ങൾ അത്രയും അകലുകയും ചെയ്തു. അപ്പോഴേക്ക് ഔലിയാക്കളുടെ നിർവ്വചനം പിന്നെയും മാറിയിരിക്കയാണ്. ഈ ഘട്ടത്തിലെ ഔലിയാക്കൾ ഇസ്ലാമിൻെറ വിധിവിലക്കുകൾക്ക് വിധേയരല്ലാത്തവരാണ്. ഇസ്ലാമിൻെറ ഫർദുകൾ നിർവ്വഹിക്കാൻ പുറത്തിറങ്ങിയാൽ തങ്ങളുടെ വിലായത്ത് കൊഴിഞ്ഞു പോകുമെന്ന് ഭയപ്പെടുന്നവരാണ് ചിലർ. മറ്റു ചിലർ ഔലിയാആണെന്നതിൻെറ ലക്ഷണം ജടകുത്തിയ മുടിയും മുഷിഞ്ഞ വസ്ത്രവും പന്തിയല്ലാത്ത സംസാരവുമാണ്.

പരമാർത്ഥത്തിൽ അല്ലാഹു നിർബന്ധമാക്കിയ കാര്യങ്ങൾ ക്രമമായി നിർവ്വഹിക്കുന്നതിലൂടെ മാത്രമേ ഒരാൾ വലിയ്യാകുന്ന പ്രശ്നം വരുന്നുള്ളൂ. നബി ﷺ യുടെ ഒരുവചനം കാണുക:

عن أبي هريرة قال، قال رسول الله ﷺ:(( إنَّ اللَّهَ قالَ؛ مَنْ عَادَى لِي وَلِيًّا فَقَدْ آذَنْتُهُ بِالْحَرْبِ، وَمَا تَقَرَّبَ إِلَيَّ عَبْدِي بِشَيْءٍ أَحَبَّ إِلَيَّ مِمَّا افْتَرَضْتُ عَلَيْهِ وَمَا يَزَالُ عَبْدِي يَتَقَرَّبُ إِلَيَّ بِالنَّوَافِلِ حَتَّى أُحِبَّهُ، فَإِذَا أَحْبَبْتُهُ كُنْتُ سَمْعَهُ الَّذِي يَسْمَعُ بِهِ وَبَصَرَهُ الَّذِي يُبْصِرُ بِهِ وَيَدَهُ الَّتِي يَبْطِشُ بِهَا وَرِجْلَهُ الَّتِي يَمْشِي بِهَا، وَإِنْ سَأَلَنِي لأُعْطِيَنَّهُ وَلَئِنْ اسْتَعَاذَنِي لأُعِيذَنَّهُ)) [البخاري]

അബൂഹുറയ്റ ؓ വിൽ നിന്ന് ഉദ്ധരിക്കപ്പെടുന്നു; അല്ലാഹുവിൻെറ ദൂതർ ﷺ അരുളിയതായി അദ്ദേഹം പറയുന്നു; നിശ്ചയമായും അല്ലാഹു പ്രഖ്യാപിച്ചിരിക്കുന്നു: വല്ലവനും എൻെറ വല്ല വലിയ്യിനോടും ശത്രുത പുലർത്തിയാൽ ഞാൻ അവനോട് യുദ്ധം പ്രഖ്യാപിക്കുക തന്നെ ചെയ്യും. ഞാൻ എൻെറ ദാസന് നിർബന്ധമാക്കിയ കാര്യങ്ങളെക്കാൾ എനിക്കിഷ്ടപ്പെട്ട മറ്റൊന്നു കൊണ്ടും അവൻ എന്നിലേക്ക് അടുത്തിട്ടില്ല. എൻെറ സ്നേഹത്തിനർഹനായിത്തീരുവോളം എൻെറ ദാസൻ ഐച്ഛികമായ പുണ്യകർമ്മങ്ങൾ വഴി എന്നിലേക്ക് അടുത്തു കൊണ്ടിരിക്കും. അങ്ങനെ ഞാൻ അവനെ സ്നേഹിച്ചു കഴിഞ്ഞാൽ അവൻ കേൾക്കാനുപയോഗിക്കുന്ന അവൻെറ കാതും, അവൻ കാണാനുപയോഗിക്കുന്ന അവൻെറ കണ്ണും, അവൻ പിടിക്കാനുപയോഗിക്കുന്ന അവൻെറ കയ്യും, അവൻ നടക്കാനുപയോ

ഗിക്കുന്ന അവൻെറ കാലും ഞാനായിത്തീരും. അവൻ എന്നോട് ചോദിച്ചാൽ ഞാൻ അവന് കൊടുക്കുക തന്നെചെയ്യും. അവനെന്നോട് അഭയം തേടിയാൽ നിശ്ചയമായും ഞാൻ അവന് അഭയം നൽകുകയും ചെയ്യും. [ബുഖാരി]

നിർബന്ധകാര്യങ്ങൾ ചെയ്യുകയാണ് അല്ലാഹുവിങ്കലേക്ക് അടുക്കാനുള്ള ഏകമാർഗ്ഗമെന്ന് ഈ വചനം നമ്മെ പഠിപ്പിക്കുന്നു. ഒരാൾ സുന്നത്തായ കാര്യങ്ങൾ കൂടി ചെയ്യുമ്പോൾ അവൻ തൻെറ നാഥങ്കലേക്ക് കൂടുതൽ അടുക്കുന്നു. അവൻെറ സ്നേഹത്തിനു അർഹനായിത്തീരുകയും ചെയ്യുന്നു. അങ്ങനെ തൻെറ സ്നേഹത്തിനർഹരായിത്തീരുന്നവർക്ക് നിഷിദ്ധകാര്യങ്ങളിൽ നിന്ന് അകന്നു നിൽക്കാനുള്ള മനക്കരുത്തും തൗഫീഖും അവൻ പ്രദാനം ചെയ്യുന്നു. അതിൻെറ ഫലമായി അവരുടെ കാതുകൾ കൊണ്ടവർ കേൾക്കാൻ പാടില്ലാത്തത് കേൾക്കുകയില്ല. തങ്ങളുടെ കണ്ണുകൾ കൊണ്ടവർ നിഷിദ്ധമായത് കാണുകയില്ല. അവരുടെ കൈകൾ കൊണ്ട് പിടിച്ചുകൂടാത്തത് പിടിക്കുകയില്ല. ഇതാണ് അല്ലാഹു അവൻെറ കാതും കണ്ണും കയ്യുമാകുമെന്നതിൻെറ സാരം. അങ്ങനെയുള്ളവരുടെ അഭയാർത്ഥനയും പ്രാർത്ഥനയും സ്വീകരിക്കപ്പെടാൻ കൂടുതൽ സാധ്യതയുള്ളതാണ്. ഈ ഹെദീഥിൻെറ വിവരണമദ്ധ്യേ, പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്നതിനെ സംബന്ധിച്ച്, ഇമാം ഹേഫിദ് ഇബ്നുഹെജർ (റ) പറഞ്ഞ ഒരുകാര്യം ഓർമ്മിക്കുന്നത് നന്നായിരിക്കും:

وَقَدْ اسْتَكَلَ بِأَنَّ جَمَاعَةً مِنَ الْعِبَادِ وَالصُّلَحَاءِ دَعَوْا وَبَالَغُوا وَلَمْ يُجَابُوا
وَالْجَوَابُ أَنَّ الإِجَابَةَ تَتَنَوَّعُ فَتَارَةً يَقَعُ الْمَطْلُوبُ بِعَيْنِهِ عَلَى الْفَوْرِ وَتَارَةً يَقَعُ
وَلَكِنْ يَتَأَخَّرُ لِحِكْمَةٍ فِيهِ وَتَارَةً تَقَعُ الإِجَابَةُ وَلَكِنْ بِغَيْرِ عَيْنِ الْمَطْلُوبِ حَيْثُ لاَ
يَكُونُ فِي الْمَطْلُوبِ مَصْلَحَةٌ نَاجِزَةٌ وَفِي الْوَاقِعِ مَصْلَحَةٌ نَاجِزَةٌ أَوْ أَصْلَحُ
مِنْهَا (فتح الباري–١١)

(അല്ലാഹുവിനെ) ആരാധിക്കുന്ന ഉത്തമരായ ഒരുകൂട്ടമാളുകൾ വളരെയധികം പ്രാർത്ഥിച്ചിട്ടും അവർക്ക് ഉത്തരം ലഭിക്കുകയുണ്ടായില്ലല്ലോ, എന്ന സംശയം ഉന്നയിക്കപ്പെടുകയുണ്ടായി. അതിനുള്ള മറുപടി പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്നത് പലതരത്തിലായിരിക്കുമെന്നാണ്. ചിലപ്പോൾ ആവശ്യപ്പെട്ടതു തന്നെ ക്ഷണത്തിൽ സംഭവിച്ചെന്നു വരും. മറ്റു ചിലപ്പോൾ ആവശ്യപ്പെട്ടതു തന്നെ സംഭവിക്കുന്നത്, എന്തെങ്കിലും യുക്തി കാരണം വൈകിയായിരിക്കും. വേറെചിലപ്പോൾ ആവശ്യപ്പെട്ടതല്ലാത്ത മറ്റൊന്നു സംഭവിക്കുന്നതിലൂ

ടെയായിരിക്കും ഉത്തരം ലഭിക്കുക. കാരണം, ആവശ്യപ്പെട്ടതിൽ ആസന്നമായ നന്മയുണ്ടായിരിക്കുകയില്ല. ഉത്തരമായി ലഭിച്ചതിലാകട്ടെ അങ്ങിനെയുള്ളതോ ഒരുപക്ഷെ അതിനെക്കാൾ ഉത്തമമോ ആയ നന്മയുണ്ടായിരിക്കുകയും ചെയ്യും. [ഫത്ഹുൽബാരി. വാ:11]

അപ്പോൾ ഇസ്ലാമിൻെറ ഫർദുകളെങ്കിലും അനുഷ്ഠിക്കാത്തവൻ അല്ലാഹുവിൻെറ വലിയ്യാണോ എന്ന് സംശയിക്കാൻ പോലും പാടുള്ളതല്ല. എന്നാൽ ഇക്കാലത്തെ നില നോക്കുക. മുടി ജടകുത്തിയ, അസാധാരണമായ ഹാവഭാവങ്ങളോടു കൂടിയ ഒരു മനുഷ്യനെ കണ്ടാൽ ആളുകൾ അവൻെറ ചുറ്റും കൂടുകയായി. തുടർന്നു അവൻ മേൽപോട്ടു നോക്കിയാൽ ലൗഹുൽമഹ്ഫൂളിലേക്കായിരിക്കും എന്ന് അവർ ഊഹിക്കുന്നു. അവൻെറ നോട്ടങ്ങളെയും ആംഗ്യങ്ങളെയും അവരുടെ ധാരണക്കനുകൂലമായി അവർ വ്യാഖ്യാനിക്കുന്നു. അവന് കുളിക്കാതിരുന്നിട്ടും നാറ്റമില്ല, എന്ന കറാമത്തുണ്ടെന്നതിൽ അവർ ആശ്വാസം കൊള്ളുകയും ചെയ്യുന്നു. അതേയവസരത്തിൽ അവൻ ബാങ്കു കേട്ടാൽ പള്ളിയിൽ പോകുന്നില്ല, എന്നതോ ഇസ്ലാമിൻെറ മറ്റു ഫർദുകളോ സുന്നത്തുകളോ അവൻ അനുഷ്ഠിക്കുന്നില്ല, എന്നതോ അവർക്കൊരു പ്രശ്നമേ അല്ല. ഇനി ഒരു പ്രഭാതത്തിൽ അവൻ കുളിച്ചു വൃത്തിയായി, മുടിചീകി, ബാങ്കുകേൾക്കുമ്പോൾ പള്ളിയിൽ പോയി എന്നു സങ്കൽപിക്കുക. എന്നാൽ അവരെ സംബന്ധിച്ചേടത്തോളം അവൻെറ വിലായത്തും തുടർന്ന് കറാമത്തും അതോടെ നഷ്ടപ്പെട്ടു എന്നായിരിക്കും അവരുടെ വിചാരം. ഒരു മനുഷ്യനെ അല്ലാഹുവിങ്കലേക്ക് അടുപ്പിക്കുന്നത് കറകളഞ്ഞ വിശ്വാസവും നിഷ്കളങ്കമായ സൽകർമ്മങ്ങളുമാണ്. അപ്പോൾ ഈ രണ്ടുകാര്യങ്ങളും കൂടുതൽ അളവിൽ സ്വായത്തമാക്കുവാൻ കഴിഞ്ഞവൻ കുറഞ്ഞ അളവിൽ സ്വായത്തമാക്കിയവനെക്കാൾ അല്ലാഹുവിങ്കലേക്ക് സാമീപ്യം നേടിയവനായിരിക്കും. അതനുസരിച്ച് വൃത്തിയായി നടക്കുന്നവൻ വൃത്തിഹീനനെക്കാൾ ഉത്തമനാണ്. മുടി വൃത്തിയാക്കി ചീകിവെക്കുന്നവൻ അങ്ങനെ ചെയ്യാത്തവനെക്കാൾ നല്ലവനുമാണ്. പക്ഷെ, വിശ്വാസത്തിൻെറയും നിഷ്കളങ്കതയുടെയും കേന്ദ്രം ഹൃദയമാണ്. ഈ രണ്ടു കാര്യങ്ങളും ഹൃദയത്തിലുള്ളവനേ അടിത്തറയുള്ളൂ. അടിത്തറയില്ലാതെ ബാഹ്യപ്രകടനം കൊണ്ടു മാത്രം യാതൊരു ഫലവുമില്ല. നേരെ മറിച്ചു അടിത്തറയുള്ളവന് ബാഹ്യപ്രകടനത്തിൽ അൽപം വീഴ്ച വന്നുപോയാലും തകരാറില്ല. നബി ﷺ യുടെ ഒരു വചനം കാണുക:

عن أبي هريرة أن رسول الله قال:(( **رُبَّ أَشْعَثَ أَغْبَرَ مَدْفُوعٍ بِالأَبْوَابِ لَــوْ أَقْسَمَ عَلَى اللَّهِ لأَبَرَّهُ**)) مسلم

തലമുടി പാറിപ്പറന്ന, മൺനിറം പൂണ്ട, വാതിലുകളിൽ നിന്ന് വാതിലുകളിലേക്ക് തള്ളപ്പെടുന്ന എത്രയോ പേരുണ്ട്, അവർ അല്ലാഹുവിൻെറ പേരിൽ സത്യംചെയ്ത് ഒരു കാര്യമങ്ങ് പറഞ്ഞാൽ അല്ലാഹു ആ സത്യം പൂർത്തിയാക്കുക തന്നെ ചെയ്യും. [മുസ്‌ലിം]

ഈ വചനം മുഖേന നബി ﷺ അദ്ദേഹത്തിൻെറ തന്നെ മറ്റുവചനങ്ങളിലുള്ള വിധികൾ ദുർബലപ്പെടുത്തുകയല്ല ചെയ്യുന്നത്.

**الطهور شطر الإيمان** (مسلم)

വൃത്തി സത്യവിശ്വാസത്തിൻെറ അർദ്ധഭാഗമാണ്. [മുസ്‌ലിം]

**من كان له شعر فليكرمه** (أبوداود)

മുടിയുള്ളവൻ തൻെറ മുടിയെ ആദരിക്കട്ടെ (വൃത്തിയായി ചീകിവെക്കട്ടെ). [അബൂദാവൂദ്]

ഈ വചനങ്ങളിലും ഇതുപോലെ വൃത്തിയും ഭംഗിയായും നടക്കാൻ നിർദ്ദേശിക്കുന്ന മറ്റുവചനങ്ങളിലുമുള്ള വിധികളെല്ലാം ഇന്നും പ്രബലങ്ങൾ തന്നെയാണ്. മേലെഴുതിയ വചനത്തിൽ നബി ﷺ ചിത്രീകരിക്കുന്നത് ഒരു ദരിദ്രനായ സത്യവിശ്വാസിയുടെ നിലയാണ്. അവന് കലർപ്പില്ലാത്ത തൗഹീദിലുള്ള വിശ്വാസമുണ്ട്. അവൻെറ കഴിവനുസരിച്ച് എല്ലാവിധിവിലക്കുകളും അവൻ മാനിക്കുകയും ചെയ്യുന്നു. പക്ഷെ അവൻെറ ദാരിദ്ര്യവും പരാധീനതയും കാരണം വൃത്തിയായും ഭംഗിയായും നടക്കാനാവശ്യമായ ഉപാധികൾ നേടാൻ അവന് കഴിവില്ല. ഉടുതുണിക്ക് മറുതുണിയുമില്ല. അതുകൊണ്ട് തന്നെ ആളുകൾ അവനെ നിസ്സാരനായി കണക്കാക്കുന്നു. ഒരാളും അവന് ഒരു വിലയും കൽപിക്കുന്നില്ല. ഈ പരിതഃസ്ഥിതിയിൽ ഒരു നേരത്തെ ആഹാരത്തിനു യാചിച്ചു കൊണ്ട്, അവൻ ഒരു വീട്ടിൽ കയറിയാൽ അവനെ അവിടെ നിന്ന് ഓടിച്ചു എന്നുവരും. അടുത്ത വീട്ടിൽ ചെന്നാലും ഒരുപക്ഷെ അതുതന്നെയായിരിക്കും ഗതി. അതെയവസരത്തിൽ തടിച്ചു കൊഴുത്ത ഒരു മനുഷ്യൻ, അലക്കിത്തേച്ച വസ്ത്രങ്ങൾ വെളുത്ത ശരീരത്തിൽ ആവശ്യത്തിലധികം ധരിച്ചു കൊണ്ട്, ചീകിമിനുക്കിയ മുടിയുമായി അതേ വീട്ടിൽ കയറിച്ചെന്നാൽ അവർ അവനെ സ്വീകരിച്ചിരുത്തി സൽകരിക്കും. പക്ഷെ അവന് ബാഹ്യമാ

യ പ്രകടനം മാത്രമേയുള്ളൂ. ഹൃദയത്തിൽ തൗഹീദോ നിഷ്കളങ്ക തയോ ഇല്ല. ഇതാണ് ജനങ്ങളുടെ നില. എന്നാൽ അല്ലാഹുവിൻെറ യടുക്കൽ ആ സാധുമനുഷ്യൻ ഇത്തരം കപടന്മാരെക്കാൾ നൂറുമട ങ്ങ് ഉത്തമനാണ്. ഇതാണ് ഈ വചനം പഠിപ്പിക്കുന്നത്. അല്ലാതെ ജ ടകുത്തിയ മുടിക്കോ, വൃത്തിഹീനതക്കോ ശ്രേഷ്ഠതയുണ്ട് എന്നോ, അത് വിലായത്തിൻെറ ലക്ഷണമാണ് എന്നോ അല്ല. അങ്ങനെ ആ രെങ്കിലും തെറ്റിദ്ധരിച്ചിട്ടുണ്ടെങ്കിൽ നബി ﷺ യുടെ തന്നെ മറ്റൊരു വ ചനം കാണുക:

ثُمَّ ذَكَرَ الرَّجُلَ أَشْعَثَ أَغْبَرَ يَمُدُّ يَدَيْهِ إِلَى السَّمَاءِ يَا رَبِّ يَا رَبِّ، وَمَطْعَمُهُ حَرَامٌ وَمَشْرَبُهُ حَرَامٌ وَمَلْبَسُهُ حَرَامٌ وَغُذِّيَ بِالْحَرَامِ فَأَنَّى يُسْتَجَابُ لِذَلِكَ (مسلم)

തുടർന്നു നബി ﷺ ദീർഘമായി യാത്ര ചെയ്യുന്ന, മുടി പാറിപ്പറന്ന, മ ൺനിറം പൂണ്ട ഒരു മനുഷ്യനെ വർണ്ണിച്ചു. എൻെറ നാഥാ, എൻെറ നാഥാ, എന്നിങ്ങനെ പ്രാർത്ഥിച്ചു കൊണ്ട് അവൻ തൻെറ ഇരുകൈ കളും ആകാശത്തേക്കു നീട്ടുന്നു. (അവൻെറ യാഥാർത്ഥ്യമോ) താൻ കഴിക്കുന്നത് നിഷിദ്ധമായതാണ്, താൻ കുടിക്കുന്നത് നിഷിദ്ധമായ താണ്, താൻ ധരിക്കുന്നതും നിഷിദ്ധമായതു തന്നെ. നിഷിദ്ധമായതു കൊണ്ട് തന്നെ താൻ പോഷിപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു. പി ന്നെ അവന് എങ്ങനെ ഉത്തരം ലഭിക്കാനാണ്? [മുസ്ലിം]

## രക്ഷാമാർഗ്ഗം

ചുരുക്കത്തിൽ സത്യവിശ്വാസം സ്വീകരിച്ചു കൊണ്ട് അല്ലാഹു കൽപി ച്ച കാര്യങ്ങൾ ചെയ്യുകയും അവൻ വിരോധിച്ച കാര്യങ്ങൾ ഉപേക്ഷി ക്കുകയും ചെയ്യുന്ന സാധാരണ മനുഷ്യരാണ് അല്ലാഹുവിൻെറ ഔ ലിയാക്കൾ. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അല്ലാഹുവിനെ മാത്രം വ ലിയ്യായി സ്വീകരിച്ചവരാണ് അല്ലാഹുവിൻെറ ഔലിയാക്കൾ.

﴿ إِنَّ وَلِيِّيَ اللَّهُ الَّذِي نَزَّلَ الْكِتَابَ وَهُوَ يَتَوَلَّى الصَّالِحِينَ ﴾ الأعراف:١٩٦

**നിശ്ചയമായും വേദഗ്രന്ഥം അവതരിപ്പിച്ച അല്ലാഹുവാണ് എൻെറ വലിയ്യ്. അവൻ സജ്ജനങ്ങളെ സംരക്ഷിക്കുന്നു.** [വി. ഖു. 7:196]

തൻെറ ഔലിയാക്കൾ പിശാചിൻെറ വലയിലോ മറ്റു ദുർമാർഗ്ഗങ്ങളിലോ പെട്ടുപോകാതെ അല്ലാഹു അവരെ പ്രത്യേകം സംരക്ഷിക്കുന്നു. തൻെറ ഔലിയാക്കളെ അവരുടെ ജീവിതത്തിലെപ്പോഴെങ്കിലും അപകടങ്ങളിൽ നിന്ന് അസാധാരാണമായ വിധത്തിൽ രക്ഷിക്കുക, അവരുടെ പ്രാർത്ഥനക്ക് ഉടനെ ഉത്തരം നൽകുക തുടങ്ങിയ വിധത്തിൽ അവൻ ആദരിക്കാവുന്നതാണ്. അത്തരം ആദരവിനാണ് കറാമത് എന്ന് പറയുന്നത്. ഇങ്ങനെ അല്ലാഹു അവൻെറ ഏതെങ്കിലുമൊരു ദാസനെ ഒരു കറാമത് മുഖേന ആദരിച്ചെന്ന് നമുക്കുറപ്പായാൽ തന്നെ മറ്റൊരാളുടെ ഇഹപര നേട്ടങ്ങൾക്ക് അദ്ദേഹത്തിൽ നിന്ന് യാതൊന്നും പ്രതീക്ഷിക്കാനില്ല. ഒരാൾ ഒരു നല്ലമനുഷ്യനാണെന്ന് നമുക്ക് ബോധ്യമായാൽ അദ്ദേഹത്തിൻെറ ജിവിതചര്യ നമുക്കു മാതൃകയാക്കാം. നമുക്കു വേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കാൻ അദ്ദേഹത്തോടാവശ്യപ്പെടുകയും ചെയ്യാം. അല്ലാതെ നമ്മുടെ രക്ഷക്കുവേണ്ടി അദ്ദേഹത്തോട് പ്രാർത്ഥിക്കുകയോ, നമ്മുടെ മോക്ഷത്തിൻെറ കാര്യം അദ്ദേഹത്തെ ഭരമേൽപിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. ഇതാണ് വിലായത്ത്-കറാമത്-പ്രശ്നത്തിൽ ഖുർആനിൻെറയും സുന്നത്തിൻെറയും കാഴ്ചപ്പാട്. ഇതിന് അനുയോജ്യമായ ഒരു നിലപാടായിരുന്നു ഉത്തമനൂറ്റാണ്ടുകാർ ഈ വിഷയത്തിൽ സ്വീകരിച്ചിരുന്നത്.

## എട്ടുകാലി വല

ഈ വിഷയത്തിൽ മറിച്ചുള്ള വിശ്വാസങ്ങളെല്ലാം അന്ധവിശ്വാസങ്ങളും ആചാരങ്ങളെല്ലാം അനാചാരങ്ങളുമാണ്. അതനുസരിച്ച് കറാമത് എന്ന നിലയിൽ പ്രപഞ്ചത്തിൽ സ്വാധീനം ചെലുത്താനും കൈകാര്യം നടത്താനും കഴിവുള്ളവനാണ് വലിയ്യ് എന്നൊരാൾ വിശ്വസിച്ചു. അതുകൊണ്ട് വലിയ്യിൻെറ തൃപ്തി നേടേണ്ടത് ഇഹപര രക്ഷക്ക് ആവശ്യമാണെന്നവൻ ധരിച്ചു. അതിനായി അല്ലാഹുവിനു മാത്രം അർപ്പിക്കേണ്ട ആരാധനകളിൽ ചിലയിനങ്ങൾ അവൻ അദ്ദേഹത്തിനർപ്പിച്ചു. എങ്കിലവൻ അതിഗുരുതരമായ ദുർമാർഗ്ഗത്തിലാണ്, അതിദുർബലമായ പൈശാചിക വലയിലുമാണ് ചെന്ന് പെട്ടിരിക്കുന്നത്. അതു വഴി തൻെറ ശാരീരിക ശേഷിയും ധനവും സമയവും തനിക്ക് ശാശ്വതമായ തീരാനഷ്ടം വിളയിക്കാൻ ചിലവഴിക്കുകയാണ് അവൻ ചെയ്യുന്നത്.

﴿ مَثَلُ الَّذِينَ اتَّخَذُوا مِنْ دُونِ اللَّهِ أَوْلِيَآءَ كَمَثَلِ الْعَنْكَبُوتِ اِتَّخَذَتْ بَيْتًا وَإِنَّ أَوْهَنَ الْبُيُوتِ لَبَيْتُ الْعَنْكَبُوتِ لَوْ كَانُوا يَعْلَمُونَ ﴾ العنكبوت:٤١

**അല്ലാഹുവിനു പുറമെ മറ്റു ഔലിയാക്കളെ സ്വീകരിച്ചവർ ഒരു വീടുണ്ടാക്കിയ എട്ടുകാലിയെപ്പോലെയാണ്. വീടുകളിൽ വെച്ച് ഏറ്റവും ദുർബലമായ വീട് എട്ടുകാലിയുടെ വീടാണ്. അവർ മനസ്സിലാക്കിയിരുന്നെങ്കിൽ.** [വി.ഖു. 29:41]

ഇഹപര വിജയത്തിന്, അല്ലാഹുവിൻെറ വിധിവിലക്കുകൾക്ക് വിധേയരായി ജീവിക്കാതെ, ഔലിയാക്കളെ അവലംബമാക്കി സമാധാനിച്ചിരിക്കുന്ന മനുഷ്യൻ, ചൂടോ, തണുപ്പോ, കാറ്റോ, മഴയോ തടുക്കാൻ പര്യാപ്തമല്ലാത്ത തൻെറ വലയുടെ മദ്ധ്യത്തിൽ ഇരിക്കുന്ന എട്ടുകാലിയെപ്പോലെയാണ്! എന്ന ഉപമ എത്ര അർത്ഥവത്താണ്! ചിന്തിച്ചു നോക്കുക. തൻെറ അന്ധവിശ്വാസമാകുന്ന മാറാലകളെല്ലാം മരണം ആസന്നമാകുന്നതോടെ, പരലോകത്തേക്കുള്ള കവാടം തുറക്കപ്പെടുന്നതോടെ മനുഷ്യനിൽ നിന്ന് അപ്രത്യക്ഷമാകും. മേൽ പ്രസ്താവിച്ച വിധത്തിൽ ഔലിയാക്കളെ സ്വീകരിക്കൽ അല്ലാഹുവിൻെറ സൃഷ്ടികളെ അവൻെറ അധികാരാവകാശങ്ങളിൽ പങ്കുചേർക്കലാണ്, ശിർകാണ്. ശിർക് അല്ലാഹു ഒരിക്കലും പൊറുക്കാത്ത കുറ്റമാണ്. അതുകൊണ്ട് ഔലിയാക്കളെ സ്വീകരിക്കുന്നതോടൊപ്പം അവൻ അല്ലാഹുവിനെ ആരാധിച്ചതു കൊണ്ട് യാതൊരു ഫലവുമില്ല. കാരണം, ശിർകാകുന്ന ഒരുതുള്ളി വിഷം അല്ലാഹുവിനുള്ള ഇബാദത്താകുന്ന പാലിൽ വീഴുന്നതോടെ അത് ഫലശൂന്യമായിത്തീരുന്നു. ഈകാര്യം പരിശുദ്ധ ഖുർആനിൽ ആവർത്തിച്ചു പ്രസ്താവിച്ച ഒരു സത്യമാണ്.

﴿ وَلَقَدْ أُوحِيَ إِلَيْكَ وَإِلَى الَّذِينَ مِنْ قَبْلِكَ لَئِنْ أَشْرَكْتَ لَيَحْبَطَنَّ عَمَلُكَ وَلَتَكُونَنَّ مِنَ الْخَاسِرِينَ﴾ الزمر:٦٥

**നീ ശിർക് ചെയ്യുന്ന പക്ഷം നിശ്ചയമായും നിൻെറ കർമ്മം നിഷ്ഫലമാകും, എന്നും തീർച്ചയായും നീ നഷ്ടക്കാരിൽ അകപ്പെട്ടു പോകും എന്നും നിനക്കും നിൻെറ മുമ്പുള്ള പ്രവാചകന്മാർക്കും ദിവ്യസന്ദേശം നൽകപ്പെട്ടിട്ടുണ്ട്.** [വി.ഖു. 39:65]

# ശരിയായ കാഴ്ചപ്പാടുള്ളവർ

പ്രപഞ്ചത്തിൻെറ ഉൽപത്തിയെ സംബന്ധിച്ചും അതിൻെറ പരിണാമത്തെ കുറിച്ചും അതിൽ നടന്നു കൊണ്ടിരിക്കുന്ന സൃഷ്ടി സംഹാര പ്രക്രിയകളെ സംബന്ധിച്ചും ആധികാരികമായ തെളിവിൻെറ അടിസ്ഥാനത്തിൽ തെളിഞ്ഞ ധാരണയും വ്യക്തമായ കാഴ്ചപ്പാടുമുള്ളവനാണ് ഒരു സത്യവിശ്വാസി. താൻ എവിടെ നിന്ന് വന്നുവെന്നും എങ്ങോട്ടു പോകുന്നുവെന്നും തൻെറ ജീവിതസരണി ഏതാണെന്നും രക്ഷാമാർഗ്ഗമെന്താണെന്നും വളരെ വ്യക്തമായി ഗ്രഹിച്ചവനാണവൻ. അങ്ങനെയുള്ള ഒരു സത്യവിശ്വാസി, അത്ഭുതങ്ങളെന്ന് കേൾക്കുമ്പോഴേക്ക്, കണ്ണുമടച്ചുകൊണ്ട് അതിൻെറ പിന്നാലെ ഓടേണ്ടവനല്ല. അവൻ കടപ്പുറത്ത് ഇരുന്ന് സംസാരിക്കുമ്പോൾ ഒരാൾ വന്ന് ഇപ്രകാരം അറിയിച്ചുവെന്ന് സങ്കൽപിക്കുക: “ഒരു വ്യക്തി സമുദ്രത്തിൻെറ മറുകരയിൽ നിന്ന് ജലപ്പരപ്പിലൂടെ കാൽനനയാതെ നടന്നു വരുന്നു”. ഈ സന്ദർഭത്തിൽ തിഫ്രതും അബ്രഹാമും കരുണാകരനും ആ അത്ഭുതം കാണാൻ ഓടിയാലും സത്യവിശ്വാസിയായ മുഹമ്മദ് ഓടേണ്ടതില്ല. കാരണം, “കുനിയൻ മദിച്ചാൽ അമ്മിക്കല്ല് വരെ” എന്ന ആപ്തവാക്യം പോലെ സൃഷ്ടികളുടെ കഴിവുകളെ സംബന്ധിച്ചും അവർക്ക് പ്രകടിപ്പിക്കാൻ കഴിയുന്ന അത്ഭുതങ്ങളെ സംബന്ധിച്ചും അവന് വ്യക്തമായ ധാരണയുണ്ട്. ഇനി പ്രഥമ ദൃഷ്ടിയിൽ വ്യാഖ്യാനിക്കാൻ കഴിയാത്ത ഒരത്ഭുത സംഭവം ഒരാൾ പ്രകടിപ്പിച്ചു എന്നു തന്നെ സങ്കൽപിച്ചാൽ തന്നെ തൻെറ ഐഹിക വിജയത്തിനോ ശാശ്വത രക്ഷക്കോ അവനിൽ നിന്ന് യാതൊന്നും നേടാനില്ലെന്ന് ദൃഢമായി വിശ്വസിക്കുന്നവനാണ് അവൻ. അതുകൊണ്ട് ആ പ്രസ്താവന ശരിയാണെങ്കിലും ആ വ്യക്തി ദജ്ജാലായേക്കുമോ എന്നായിരിക്കും അവൻ സംശയിച്ചു പോകുക. കാരണം ദജ്ജാൽ അത്ഭുതങ്ങൾ പ്രകടിപ്പിക്കാൻ കഴിവുള്ളവനാണ്. അത് മാലകളിൽ പറയപ്പെട്ട കെട്ടുകഥയല്ല. നബി ﷺ പഠിപ്പിച്ച സത്യമാണ്. അവൻ ആകാശത്തു നിന്നു മഴവർഷിപ്പിക്കും. അവൻെറ കൽപന പ്രകാരം നിധികൾ പ്രത്യക്ഷപ്പെടും. അവൻ ഭൂമിയിൽ നിന്ന് വിളവുകൾ ഉൽപാദിപ്പിക്കും. വാളുകൊണ്ട് കഷ്ണങ്ങളാക്കപ്പെട്ട മനുഷ്യനെ അവൻ ജീവിപ്പിക്കും. പക്ഷെ ഇവ്വിധത്തിൽ അത്ഭുതങ്ങൾ പ്രകടിപ്പിക്കാൻ കഴിവുള്ള ദജ്ജ്ാലിൽ നിന്ന്, ഒരു സത്യവിശ്വാസി ഒരു ദിവസം ചുരുങ്ങിയത് അഞ്ചുനേരമെങ്കിലും സർവ്വലോക

രക്ഷിതാവിനോട് അഭയം തേടുന്നു. ഇല്ലാത്ത കാറാമതുകൾ പറഞ്ഞു പരത്തി അതിൻെറ പിന്നിൽ കൂടുന്ന ഈ ആളുകൾ, ദജ്ജാൽ എന്ന പരീക്ഷണം വന്നാൽ അവനെ ഉത്തമനായ ഒരു വലിയ്യായി തന്നെ കണക്കാക്കുകയില്ലേ? അല്ലാഹു രക്ഷിക്കട്ടെ. آمين

## സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട

സഹോദരന്മാരെ, നമുക്ക് ഓരോരുത്തർക്കും അല്ലാഹു വിശേഷബുദ്ധി നൽകിയിട്ടുണ്ട്. അവൻെറ സന്മാർഗ്ഗമുൾകൊള്ളുന്ന വിശുദ്ധഖുർആനും തിരുസുന്നത്തും നമ്മുടെ കൈകളിൽ സ്ഥിതിചെയ്യുകയും ചെയ്യുന്നു. അതുകൊണ്ട് നമ്മുടെ വിശേഷബുദ്ധി ഉപയോഗിച്ചു ഖുർആനും സുന്നത്തും ഉൾകൊള്ളുന്ന സന്മാർഗ്ഗം നാം സ്വായത്തമാക്കേണ്ടതുണ്ട്. അതനുസരിച്ചു നമ്മുടെ വിശ്വാസങ്ങളും കർമ്മങ്ങളും നാം ക്രമപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. അത് നമ്മുടെ ഒഴിച്ചു കൂടാത്ത കർത്തവ്യമാണ്. ഓരോമനുഷ്യനും ഈ ലോകത്തു വച്ച് ചെയ്യുന്ന പ്രവൃത്തികൾക്ക് നാളെ മഹ്ശറിൽ വെച്ച് അതേ മനുഷ്യൻ തന്നെ ഉത്തരം പറയേണ്ടി വരുമെന്ന പരമാർത്ഥം നമുക്ക് ഒരിക്കലും മറന്നുകൂടാ.

﴿ وَكُلُّهُمْ آتِيهِ يَوْمَ الْقِيَامَةِ فَرْدًا ﴾ مريم:٩٥

**അവർ ഓരോരുത്തരായിട്ടാണ് അന്ത്യദിനത്തിൽ അവനെ (അല്ലാഹുവിനെ) സമീപിക്കുക.** [വി.ഖു. 19:95]

﴿ وَلَقَدْ جِئْتُمُونَا فُرَادَى كَمَا خَلَقْنَاكُمْ أَوَّلَ مَرَّةٍ وَتَرَكْتُمْ مَا خَوَّلْنَاكُمْ وَرَاءَ ظُهُورِكُمْ وَمَا نَرَى مَعَكُمْ شُفَعَاءَكُمُ الَّذِينَ زَعَمْتُمْ أَنَّهُمْ فِيكُمْ شُرَكَاءُ لَقَدْ تَقَطَّعَ بَيْنَكُمْ وَضَلَّ عَنْكُمْ مَا كُنْتُمْ تَزْعُمُونَ ﴾ الأنعام:٩٤

**നിങ്ങളിതാ ആദ്യഘട്ടത്തിൽ നിങ്ങളെ നാം സൃഷ്ടിച്ച പോലെ, ഓരോരുത്തരായി നമ്മുടെ സന്നിധിയിൽ വന്നിരിക്കുന്നു. നിങ്ങൾക്കു നാം നൽകിയിരുന്നതെല്ലാം നിങ്ങളുടെ പിന്നിൽ നിങ്ങൾ ഉപേക്ഷിച്ചു പോരുകയും ചെയ്തിരിക്കുന്നു. നിങ്ങളുടെ കാര്യങ്ങളിൽ (അല്ലാഹുവിൻെറ) പങ്കാളികളെന്ന് നിങ്ങൾ വാദിച്ചിരുന്ന നിങ്ങളുടെ ശുപാർശകരെ നിങ്ങളോടൊപ്പം നാം കാണു**

**ന്നില്ല. നിങ്ങളും അവരുമായുള്ള ബന്ധം അറ്റുപോയിരിക്കുന്നു. നിങ്ങൾ ജൽപിച്ചു കൊണ്ടിരുന്നതെല്ലാം നിങ്ങളിൽ നിന്ന് അപ്രത്യക്ഷമാകുകയും ചെയ്തിരിക്കുന്നു.** [വി.ഖു. 6:94]

സഹോദരന്മാരെ, ഈ ഘട്ടത്തിൽ തനിക്കു പഠിക്കാൻ കഴിഞ്ഞില്ലെന്നോ നാട്ടിലെ ആചാരമനുസരിച്ചാണ് താൻ പ്രവർത്തിച്ചതെന്നോ, ഇന്ന പണ്ഡിതൻ അങ്ങനെയാണ് ഉപദേശിച്ചതെന്നോ മറ്റോ ഉള്ള യാതൊരു ഒഴികഴിവും അല്ലാഹുവിങ്കൽ സ്വീകരിക്കപ്പെടുകയില്ല എന്ന സത്യം നാം സദാ ഓർമ്മിച്ചിരിക്കേണ്ടതുണ്ട്. ഇഹലോകത്ത് വെച്ച് തന്നെ നമ്മുടെ തെറ്റുകൾ മനസ്സിലാക്കുവാനും സത്യത്തിലേക്കു മടങ്ങുവാനും നമുക്ക് കഴിഞ്ഞില്ലെങ്കിൽ പരലോകത്ത് വെച്ച് നാം അതികഠിനമായ ദുഃഖത്തിലും കൊടും ഖേദത്തിലും തീരാനഷ്ടത്തിലും അകപ്പെട്ടുപോകും.

﴿ وَقَالُوا رَبَّنَا إِنَّا أَطَعْنَا سَادَتَنَا وَكُبَرَآءَنَا فَأَضَلُّونَا السَّبِيلاَ، رَبَّنَا آتِهِمْ ضِعْفَيْنِ مِنَ الْعَذَابِ وَالْعَنْهُمْ لَعْنًا كَبِيرًا ﴾ الأحزاب:٦٧و٦٨

**ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ സാദത്തുകളെയും ഞങ്ങളുടെ നേതാക്കളെയും ഞങ്ങൾ അനുസരിച്ചു പോയി. അങ്ങനെ അവർ ഞങ്ങളെ വഴിപിഴപ്പിച്ചിരിക്കയാണ്. ഞങ്ങളുടെ രക്ഷിതാവേ, അവർക്കു നീ രണ്ടിരട്ടി ശിക്ഷ നൽകുകയും കൊടും ശാപത്തിന് അവരെ നീ ഇരയാക്കുകയും ചെയ്യേണമേ! എന്നവർ പറയും.** [വി.ഖു. 33:67,68]

﴿قُلْ إِنَّمَا أَنَا بَشَرٌ مِّثْلُكُمْ يُوحَى إِلَيَّ أَنَّمَا إِلَهُكُمْ إِلَهٌ وَّاحِدٌ فَمَنْ كَانَ يَرْجُو لِقَاءَ رَبِّهِ فَلْيَعْمَلْ عَمَلاً صَالِحًا وَّلاَ يُشْرِكْ بِعِبَادَةِ رَبِّهِ أَحَدًا﴾الكهف:١١٠

**(നബിയേ,) പറയുക: ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാണ്. നിങ്ങളുടെ ആരാധ്യൻ ഏകആരാധ്യനാണെന്ന് എനിക്ക് ദിവ്യസന്ദേശം നൽകപ്പെടുന്നു. അതുകൊണ്ട് ആരെങ്കിലും തന്റെ നാഥനുമായി കാണാൻ ആശിക്കുന്നവെങ്കിൽ അവൻ സൽകർമ്മം ചെയ്യുകയും തന്റെ രക്ഷിതാവിനെ ആരാധിക്കുന്നതിൽ ഒരാളെയും (അവനോട്) പങ്കുചേർക്കാതിരിക്കുകയും ചെയ്യട്ടെ.** [വി.ഖു. 18:110]

അല്ലാഹു നമ്മെ വിശുദ്ധഖുർആനിൻെറയും തിരുസുന്നത്തിൻെറയും സന്മാർഗ്ഗമുൾകൊള്ളുകയും അതനുസരിച്ചു ജീവിച്ചു മരിക്കുകയും ചെയ്യുന്ന അവൻെറ ഔലിയാക്കളിൽ ഉൾപെടുത്തുമാറാകട്ടെ.

آمين

**وآخر دعوانا ان الحمد لله رب العالمين.**